# ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യുക്കേഷൻ

# DIPLOMA IN ELEMENTARY EDUCATION D.El.Ed.

**സെമസ്റ്റർ - 2**

## പേപ്പർ - 203 മലയാള ഭാഷാധ്യാപനം - സമീപനവും രീതിയും


യൂണിറ്റ് 1. ഭാഷാപഠനത്തിന്റെ രീതിശാസ്ത്രം - വ്യത്യസ്ത തലങ്ങൾ

യൂണിറ്റ് 2. നമ്മുടെ ഭാഷ– കവിതയും കവിതാബോധനവും

യൂണിറ്റ് 3. നമ്മുടെ ഭാഷ - ഗദ്യവും ഗദ്യബോധനവും

യൂണിറ്റ് 4. കലയും സാഹിത്യവും



സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ

പരിശീലന സമിതി (SCERT)

മലയാളാ ഭാഷാധ്യാപനം - സമീപനവും രീതിയും എന്ന രണ്ടാം സെമസ്റ്ററിലെ ഈ പേപ്പർ ഭാഷാഅധ്യാപനത്തിന്റെ ആധുനിക പ്രവണതകൾ ബോധ്യപ്പെടുത്തുന്നതിനാണ് ഊന്നൽ നൽകുന്നത്. ഭാഷയിലെ പ്രധാന സാഹിത്യശാഖകളായ കവിതാബോധനം ഗദ്യബോധനം എന്നിവയുടെ രീതി പരിചയപ്പെടുത്താനും, കലയും സാഹിത്യവും തമ്മിലുള്ള ബന്ധം തിരിച്ചറിയാനും ഇതിലെ യൂണിറ്റുകൾ സഹായിക്കും. ഭാഷാവിനിമയവുമായി ബന്ധപ്പെട്ട് വിവിധ സമീപനങ്ങളും രീതികുളും ഉണ്ടെന്നും ഭാഷയിലെ അടിസ്ഥാന നൈപുകണികൾ വികസിപ്പിക്കുന്നതിനുള്ള പ്രക്രിയകൾ തിരിച്ചറിയാനും ഒന്നാമത്തെ യൂണിറ്റ് സഹായകമാവും. വിവിധ കാലഘട്ടങ്ങളിലെ മലയാള കവിതകളുടെ പ്രമേയം, ഭാഷ, ആവിഷ്കാരരീതി, ആശ്വാദനാംശങ്ങൾ. കവിതാ ബോധനത്തിന്റെ സമീപനങ്ങൾ എന്നിവ രണ്ടാം യൂണിറ്റ് പ്രതിപാദിക്കുന്നു. ഗദ്യസാഹിത്യത്തിന്റെ വൈവിധ്യവും വിനിമയരീതിയും മൂന്നാം യൂണിറ്റിലൂടെ പഠിതാക്കൾക്ക് ലഭ്യമാകും. കലകളും അവയുടെ സാഹിത്യരൂപങ്ങളും ബോധനതന്ത്രമെന്ന നിലക്കുള്ള അവയുടെ പ്രയോജനങ്ങളുമാണ് നാലാമത്തെ യൂണിറ്റ് വിശദമാക്കുന്നത്.

യൂണിറ്റ് 1

# ഭാഷാ പഠനത്തിന്റെ രീതിശാസ്ത്രം വ്യത്യസ്ത തലങ്ങൾ

## ആമുഖം

സംസ്ഥാനത്ത് നടന്ന പാഠ്യപദ്ധതി പരിഷ്കരണങ്ങളുടെ ഭാഗമായി ഭാഷാ പാഠപുസ്തകങ്ങൾ ,പഠനരീതി, മൂല്യനിർണയം എന്നിവയിൽ ഗുണകരമായ ധാരാളം മാറ്റങ്ങൾ വന്നിട്ടുണ്ട്. വിഭിന്ന ചിന്തകളെ ഉണർത്തുന്ന തുറന്ന സമീപനമുള്ള പാഠപുസ്തകങ്ങൾ നിർമ്മിച്ചു. ഭാഷാശേഷികൾക്കൊപ്പം സർഗാത്മകവികസനവും സാധ്യമാക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കി. കുട്ടിയെ നിരന്തരമായി വിലയിരുത്തി കുട്ടിയുടെ സാധ്യതകളും പരിമിതിയും തിരിച്ചറിഞ്ഞ് കൈത്താങ്ങുനൽകി മുന്നോട്ടുനയിക്കുന്ന മൂല്യനിർണയരീതി നടപ്പാക്കി. കുട്ടികൾ, ഭാഷ പഠിക്കുകയല്ല സ്വാഭാവികമായി ആർജ്ജിക്കുകയാണെന്നതിന്റെ അടിസ്ഥാനത്തിലാണ് ഭാഷാപഠനം ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഭാഷ പ്രകടിപ്പിക്കുന്നത് വ്യവഹാരരൂപങ്ങളിലൂടെയാണ് എന്ന് തിരിച്ചറിഞ്ഞ്പ്രവർത്തനങ്ങളൊരുക്കി.ഭാഷാശേഷികൾ നേടാൻ സഹായകമായ ഏത് സാമഗ്രികളും ഭാഷാ ക്ലാസ്സിലെ പഠനസാമഗ്രികളായിമാറി. ആശയങ്ങളിലൂടെ അതിന്റെ ഘടകങ്ങളായ വാക്യങ്ങളി ലേക്കും, പദങ്ങളിലേക്കും,അക്ഷരങ്ങളിലേക്കും പോകുന്ന സമീപനം ഭാഷാ ക്ലാസ്സുകളെ സർഗാത്മകവും ജീവിതഗന്ധിയുമാക്കിത്തീർത്തു. സമഗ്രവും യഥാർത്ഥവും ജീവിതത്തിന് ഉപയുക്തവുമായ സന്ദർഭങ്ങളിലൂന്നിയുള്ള ഭാഷാ പഠന രീതിയാണ് ഇതിന്റെ ഭാഗമായി നടപ്പാക്കാൻ ശ്രമിച്ചത്.സ്വതന്ത്ര വായന , അർത്ഥോൽപ്പാദനം, സ്വതന്ത്രാവിഷ്കാരം എന്നിവക്ക് പ്രാധാന്യം നൽകുന്നതാണ് ഈ രീതി. ഇതിനെല്ലാം ആധാരമായ സമീപനമാണ് ഭാഷാ സമഗ്രതാദർശനം.

## ഈ യൂണിറ്റിലെ പഠനനേട്ടങ്ങൾ

1. ഭാഷാ സമഗ്രതാ ദർശനത്തിന്റെ അടിസ്ഥാന ധാരണ തിരിച്ചറിഞ്ഞ് മാതൃഭാഷാ ബോധനത്തിൽ പ്രയോജനപ്പെടുത്തുന്നു.
2. അർത്ഥപൂർണമായ പുനരനുഭവങ്ങൾ നൽകേണ്ടതുണ്ടെന്ന തിരിച്ചറിവ് ക്ലാസ്സിൽ പ്രയോജനപ്പെടുത്തുന്നു.
3. ഭാഷാ വിനിമയവുമായി ബന്ധപ്പെട്ട് വിവിധ സമീപനങ്ങൾ രീതികൾ എന്നിവ തിരിച്ചറിഞ്ഞ് പ്രയോജനപ്പെടുത്തുന്നു.
4. ഭാഷയിലെ അടിസ്ഥാന നൈപുണികൾ വികസിപ്പിക്കുന്നതിനുള്ള മാർഗങ്ങളെക്കുറിച്ച് ധാരണ രൂപപ്പെടുത്തുന്നതിൽ അനുക്രമീകരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുകയും അതിനനുസൃതമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുന്നു.


## ഈ അധ്യായത്തിലെ പ്രധാന ആശയങ്ങൾ

- സ്വന്തം രീതിയിൽ പഠനപ്രക്രിയയിൽ മുഴുകുമ്പോഴാണ് കുട്ടികളിൽ ഏറ്റവുമധികം പഠനം നടക്കുന്നത്.
- നേരിട്ടുള്ള ബോധനം വഴിയല്ല അധികകാര്യങ്ങളും കുട്ടികൾ പഠിക്കുന്നത്.
- അർത്ഥപൂർണ്ണമായി ഭാഷ ഉപയോഗിക്കുന്നതിനുള്ള ഒട്ടേറെ സന്ദർഭങ്ങൾ കുട്ടികൾക്കുവേണ്ടി ക്ലാസ്സിൽ ഒരുക്കേണ്ടതുണ്ട്.

- സമഗ്രതയിൽ നിന്ന് ഭാഗങ്ങളിലേക്ക് എന്ന രീതിയിലാണ് ഭാഷാർജ്ജനം സാധ്യമാകുന്നത്.
- നിത്യജീവിതവുമായി ബന്ധപ്പെട്ട സന്ദർഭങ്ങളിൽ ഭാഷ ഉപയോഗിക്കുമ്പോഴാണ് ഭാഷ വികസിക്കുന്നത്
- എന്തെങ്കിലും എഴുതേണ്ടതുണ്ടെന്ന ആവശ്യബോധത്തിൽ നിന്നാണ് എഴുത്ത് അർത്ഥപൂർണമാകുന്നത്.
- ചാക്രികരീതി - പുനരനുഭവങ്ങൾ, ആശയങ്ങൾ, അക്ഷരങ്ങൾ എന്നിവ സ്വായത്തമാക്കാൻ അനിവാര്യമാണ്.
- അർത്ഥപൂർണവും ജൈവികവുമായ ലേഖനപ്രവർത്തനങ്ങൾ ക്ലാസ്സിൽ ഒരുക്കണം.
- അക്ഷരാവതരണരീതി, പദാവതരണരീതി ആശയാവതരണരീതി എന്നിങ്ങനെ ഭാഷാ വിനിമയുമായി ബന്ധപ്പെട്ട് വ്യത്യസ്ത സമീപനങ്ങൾ നിലവിലുണ്ട്.
- ശ്രവണം, ഭാഷണം, വായന, ലേഖനം എന്നിവ ഭാഷയിലെ അടിസ്ഥാനശേഷികളാണ്. ഇവ സ്വാംശീകരിക്കുന്നതിൽ അനുക്രമീകരണം പാലിക്കുന്നുണ്ട്.

## അറിവുകളുടെ ഉല്പാദനം

ഒന്നാം ക്ലാസ്സിലെത്തുന്ന കുട്ടിക്ക് മഴയെക്കുറിച്ച് എന്തെല്ലാം അറിയാം?താഴെ കാണുന്ന പദസൂര്യൻ പൂരിപ്പിച്ചു നോക്കു




നിങ്ങൾ പഠിക്കുന്ന സ്ഥാപനത്തിലെ പ്രീ പ്രൈമറി ക്ലാസ്സിലോ, വിടിനടുത്തുള്ള പ്രീപ്രൈമറി കുട്ടിയോടോ മഴയെക്കുറിച്ച് ചില സൂചകങ്ങളുടെ സഹായത്തോടെ ചർച്ച ചെയ്തു നോക്കു . എന്തൊക്കെ സൂചകങ്ങൾ ആവാം?

- മഴയത്ത് കളിക്കാറുണ്ടോ?
- 
- 
- 

അവർ പറയുന്ന കാര്യങ്ങൾ കുറിച്ചെടുത്ത് നേരത്തെ നിങ്ങൾ പദസൂര്യനിൽ കൂട്ടിച്ചേർത്ത അറിവുകളുമായി തട്ടിച്ചുനോക്കു.

കുട്ടികൾ പറഞ്ഞ ആശയങ്ങളേയും പദസൂര്യനിൽ നിങ്ങൾ കണ്ടെത്തിയ ആശയങ്ങളേയും വാക്യരൂപത്തിൽ എഴുതുമ്പോൾ എന്തൊക്കെ വാക്യങ്ങൾ ലഭിക്കും? എത്രവാക്യങ്ങൾ?

- മഴപെയ്യുമ്പോൾ തണുപ്പ് ഉണ്ടാവും
- മഴയത്തു നടക്കാൻ കുട വേണം
-
-

ഒരു അഞ്ചുവയസ്സുകാരന് മഴയുമായി ബന്ധപ്പെട്ട് ഒട്ടേറെ കാര്യങ്ങൾ അറിയാമെന്ന് കണ്ടെത്തിയല്ലോ?

ഈ അറിവുകൾ കുട്ടികൾ നേടുന്നതെങ്ങനെയാണ്?മഴയുമായി ബന്ധപ്പെട്ട് ജനിച്ചതു മുതൽ അഞ്ചു വയസ്സുവരെ കുട്ടിക്ക്ഓരോ വർഷവും ലഭിക്കുന്ന അനുഭവങ്ങൾ ചർച്ചചെയ്തു നോക്കു

- മാറ്റിക്കിടത്തൽ, പുതപ്പിക്കൽ ( ഉമ്മറത്ത് കിടത്തിയ കുട്ടിയെ മുറിയിലേക്ക് മാറ്റൽ etc...)

  മഴയത്ത് കുടചൂടിച്ച് കൊണ്ടുപോകൽ etc...
- വീട്ടിലെ ചർച്ചകൾ, പെരുമാറ്റങ്ങൾ ( തുണി,വിറക് ,നനയാതെ എടുത്തു വെക്കാൻ പറയൽ etc...
- മഴയുമായി ബന്ധപ്പെട്ട ശബ്ദങ്ങൾ കേട്ട അനുഭവം ( ഇടി, കാറ്റ്, മഴയുടെ ഇരമ്പം ,വെള്ളം ചാടുന്നശബ്ദം.....etc...)
- മഴകൊള്ളുമ്പോൾ ഉണ്ടായ സ്പർശനാനുഭവങ്ങൾ
- മഴക്കുമുമ്പും, മഴപെയ്യുമ്പോഴും ,മഴതോർന്നശേഷവും പ്രകൃതിയിലെ മാറ്റങ്ങൾ കണ്ട അനുഭവം
- പുതുമഴ പെയ്യുമ്പോൾ മണ്ണിന്റെ മണത്തിന്റെ അനുഭവം
-
-

കൂടുതൽ അനുഭവങ്ങൾ പങ്കുവെക്കൂ.

ഇങ്ങനെ അഞ്ച് വർഷം കൊണ്ട് മഴയുമായിബന്ധപ്പെട്ട് നേടുന്ന സമഗ്രമായ മഴയനുഭവങ്ങളിൽ നിന്നാണ് മഴയുമായി ബന്ധപ്പെട്ട ഇത്രയേറെ ആശയങ്ങൾ കുട്ടിയുടെ മനസ്സിൽ രൂപപ്പെട്ടത്.അതു കൊണ്ടു തന്നെ മഴ എന്നു കേൾക്കുമ്പോൾ മഴയുമായി ബന്ധപ്പെട്ട സമഗ്രചിത്രമാണ് കുട്ടിയുടെ മനസ്സിലേക്കെത്തുക. ഇതാണ് ആശയാവതരണ രീതിയുടെ അടിസ്ഥാനം .

മഴ എന്ന സമഗ്രമായ ഈ ആശയധാരണകളിൽ നിന്ന് മഴയുമായി ബന്ധപ്പെട്ട പാഠത്തിലേക്കും (Text). ആ ആശയങ്ങളെ വാക്യരൂപത്തിൽ പരിചയപ്പെടാനും അതിലെ പദങ്ങൾ തിരിച്ചറിയാനും ,ആ പദങ്ങൾ രൂപപ്പെടുത്താനുപയോഗിച്ച അക്ഷരങ്ങളെ കണ്ടെത്താനും കുട്ടികൾക്കു കഴിയും.

## നിങ്ങൾ ചെയ്യേണ്ട പ്രവർത്തനങ്ങൾ

- *സമഗ്രതയിൽ നിന്ന് അതിന്റെ ഘടകങ്ങളിലേക്ക് എന്ന ആശയം എങ്ങനെ സാധ്യമാക്കുന്നുവെന്ന് ഒന്നാം ക്ലാസ്സിലെ പാഠപുസ്തകത്തിലെ യൂണിറ്റുകൾ പരിശോധിച്ച് കണ്ടെത്തു.*
- *ഒന്നാം ക്ലാസ്സിലെ മഴമേളം എന്ന പാഠഭാഗം വായനക്കും എഴുത്തിനും പുനരനുഭവ സാധ്യതകൾ നൽകുന്നുണ്ടോ? ആവർത്തിക്കലും പുനരനുഭവവും തമ്മിലുള്ള വ്യത്യസം എന്താണ്?*
- *ഒന്നാം ക്ലാസ്സിലെ പാഠഭാഗങ്ങൾ പരിശോധിച്ച് ഒരു പാഠത്തിൽ അവതരിപ്പിച്ച അക്ഷരങ്ങൾ ആവർത്തിക്കാൻ അടുത്ത പാഠഭാഗങ്ങളിൽ അവസരം നൽകിയിട്ടുണ്ടോ എന്ന് കണ്ടെത്തി എഴുതുക*

ഒന്നാം ക്ലാസ്സിലെ പാഠപുസ്തകത്തിലെ വീട്, മഴ, ആഹാരം, ആഘോഷം എന്നിങ്ങനെ മിക്ക യൂണിറ്റുകളുടേയും ആശയം (തീം) ഇതു പോലെ കുട്ടിക്ക് ധാരാളം പരിചയമുള്ള മേഖലകളാണ്. അപ്പോൾ മഴമേളം എന്ന പാഠഭാഗം ക്ലാസ്സിൽ അവതരിപ്പിക്കുമ്പോൾ കുട്ടിയുടെ മുൻ അനുഭവങ്ങളുമായി കൂട്ടിയിണക്കാമല്ലോ? മഴക്കാല വിശേഷങ്ങൾ, മഴകൊണ്ട അനുഭവങ്ങൾ എന്നിങ്ങനെ ഒട്ടേറെ ഭാഷണസന്ദർഭങ്ങൾ നൽകാം. കുട്ടികളുടെ സംഭാഷണങ്ങളിൽ ഉരുത്തിരിയുന്ന ആശയങ്ങളാൽ രൂപപ്പെടുന്ന വാക്യങ്ങൾ ചേർത്ത് അധ്യാപിക നിർമ്മിത പാഠങ്ങൾ ബോർഡിൽ എഴുതുന്നു.

മഴ വന്നു

കനത്ത മഴ

മഴതോർന്നു.

മഴ എവിടെയൊക്കെ എഴുതിയിരിക്കുന്നു. അക്ഷര യൂണിറ്റും ശബ്ദയൂണിറ്റും പൊരുത്തപ്പെടുത്തി നോക്കു! ശബ്ദരൂപവും അതിന്റെ ചിത്രരൂപത്തിലുള്ള ലിപിയും പൊരുത്തപ്പെടുത്തുമ്പോഴാണ് വായന നടക്കുന്നത്.ഇതിലൂടെ മഴ എന്ന പദം വേർതിരിച്ചറിയുന്നു. തുടർന്നു വരുന്ന വായനാ സാമഗ്രിയിൽ മഴ എന്ന പദത്തിന്റെ അർത്ഥപൂർണമായ ആവർത്തനം നൽകുന്നുണ്ടല്ലോ? ഇതാണ് അർത്ഥപൂർണമായ പുനരനുഭവം .

മലയുടെ മീതെ മഴപെയ്തു

കുടയുടെ മീതെ മഴ പെയ്തു.

പുഴയുടെ മീതെ മഴ പെയ്തു

............................................

............................................

മഴ, മല എന്നീ പദങ്ങൾ കാണുമ്പോൾ മ എന്ന അക്ഷരത്തെ ഉറപ്പിക്കാനും കഴിയുന്നു. ഇങ്ങനെയാണ് ഒന്നാം ക്ലാസ്സിൽ കുട്ടിക്ക് ലിപി പരിചയം വരുത്തേണ്ടത്. ആശയം → വാക്യം → പദം → അക്ഷരം എന്ന ക്രമത്തിൽ അക്ഷരത്തിലേക്കും തുടർന്ന് പരിചയപ്പെട്ട അക്ഷരങ്ങളിലൂടെ പുതിയ പദങ്ങളും അവ ഉപയോഗിച്ചുള്ള പുതിയ വാക്യങ്ങളും അതുവഴി മറ്റൊരു ആശയത്തിലേക്കും നയിക്കാം.

## ഭാഷ നിർമ്മിക്കുന്നകുട്ടി

താഴെ കൊടുത്തിരിക്കുന്ന അനുഭവം വായിച്ചുനോക്കൂ.

*രണ്ടുവയസ്സുകാരിയായ അമ്മു മുറിയിൽ ഓടിക്കളിക്കുന്നതിനിടക്ക് തന്റെ കരടിപ്പാവ ഒരു മൂലയിലെ പെട്ടിയിൽ കിടക്കുന്നതുകണ്ടു. ' അമ്പട കള്ളാ നീ ഇവിടെ കിടക്കാ അല്ലേ' .........എന്നു പറഞ്ഞ് അവൾ അതിനെ കോരിയെടുത്തു. അവളുടെ അമ്മയും അമ്മമ്മയും പൊട്ടിച്ചിരിച്ച് അവളെ എടുത്ത് ഉമ്മവെച്ചു. 'എവിടെ നിന്ന് കിട്ടി ഇത്ര വല്യേ വാചകം'? അമ്മമ്മ കവിളിൽ തട്ടി ചോദിച്ചു. അമ്മയും അമ്മമ്മയും അവളുടെ ആ വാക്യത്തെക്കുറിച്ച് പിന്നേയും ചില ചർച്ചകൾ നടത്തി. ഒറ്റപ്പെട്ട പദങ്ങളും അച്ഛൻ വന്നു, അമ്മ പോയി.പാപ്പ തിന്നു. എന്നിങ്ങനെ ചെറു വാക്യങ്ങളും പറയാറുള്ള അവൾ ഇത്ര വലിയ വാക്യം എങ്ങനെ പഠിച്ചു എന്ന ആശ്ചര്യമായിരുന്നു അവർക്ക്. മറ്റൊരു ദിവസം അമ്മു അച്ഛനെ തിരഞ്ഞു നടക്കുകയാണ്. അച്ഛനെ വിളിച്ചുകൊണ്ട് മുറികളിലും, വരാന്തയിലുംവീടിനു പുറത്തും പോയി നോക്കി. അങ്ങനെ നടക്കവേ അടുക്കളയിൽ ചായകുടിച്ചുകൊണ്ടിരുന്ന അച്ഛനെ അവൾകണ്ടു. ഒരടിയും കൊടുത്ത് അച്ഛനെ കെട്ടിപ്പിടിച്ച് അവൾപറഞ്ഞു. 'അമ്പടകള്ളാ നീ ഇവിടെ നിക്കാ അല്ലേ' ...എന്താ വിളിച്ചത്?... അച്ഛനെ കള്ളൻ എന്നു വിളിച്ചോ? അവളെകോരിയെടുത്ത് ഉമ്മവെച്ചുകൊണ്ട് അച്ഛൻ അവളെ കളിപ്പിച്ചു. എങ്ങനെ കിട്ടി അമ്മൂന് ഇത്ര വലിയ വാക്യം? അന്ന് അച്ഛനും അമ്മയുമായി ചർച്ച. പിന്നീടൊരിക്കൽ ടി.വി വെച്ചിരിക്കുമ്പോൾ കുട്ടികളുടെ ചാനലിൽ ഒരു കാർട്ടൂൺ സീരിയലിലെ കഥാപാത്രം അമ്പടകള്ളാ.. നീ ഇവിടെയിരിക്കുകയാണോ? എന്നു പറഞ്ഞു കേട്ടപ്പോളാണ്. അമ്മുവിന്റെ നെടുങ്കൻ വാചകത്തിന്റെ കാരണം അവർക്കു പിടികിട്ടിയത്........*

### നിങ്ങൾ ചെയ്യേണ്ട പ്രവർത്തനങ്ങൾ

- ഈ സന്ദർഭത്തിൽ അമ്മു ടി.വിയിൽ കേട്ട വാക്യം അതേ പടി പറയുകയാണോ ചെയ്തത്? അതോ സന്ദർഭത്തിനനുസരിച്ച് അവളുടേതായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ?
- ഇത്തരത്തിൽ ഭാഷ നിർമ്മിക്കാൻ മനുഷ്യശിശുവിന് കഴിയുന്നതെന്തുകൊണ്ട്? പറയുന്ന ആൾക്കും കേൾക്കുന്ന ആൾക്കും താല്പര്യമുണ്ടെങ്കിൽ സംഭാഷണം ഏതുവരെ നീട്ടിക്കൊണ്ടുപോകാം? നിങ്ങളുടെ അഭിപ്രായം എഴുതി അവതരിപ്പിക്കൂ.
- ഇതുപോലെ ഭാഷ ഉപയോഗിക്കാൻ കഴിയുന്ന വേറെ ജീവികൾ ഉണ്ടോ?

നിങ്ങളുടെ കാഴ്ചപ്പാടുകൾ ചർച്ചചെയ്ത് ക്ലാസ്സിൽ അവതരിപ്പിക്കുക

ഭാഷാ സമഗ്രതാ ദർശനം എന്ന ആശയത്തിലൂന്നിയ കരിക്കുലമാണ് ഇന്ന് ഭാഷാ പഠനത്തിന് നാം അവലംബിച്ചിരിക്കുന്നത്.

- ഭാഷാ സമഗ്രതാ ദർശനം മുന്നോട്ടുവെക്കുന്ന പ്രധാന ആശയങ്ങൾ, ഹാന്റ് ബുക്കുകൾ, പാഠപുസ്തകങ്ങൾ, മറ്റ് റഫറൻസ് പുസ്തകങ്ങൾ എന്നിവ പരിശോധിച്ച് ഭാഷാ സമഗ്രതാ ദർശനത്തിന്റെ സ്വാധീനം ക്ലാസ്സ് മുറികളിൽ എന്ന വിഷയത്തിൽ ഒരു സെമിനാർ നടത്തു.
- ഭാഷാ സമഗ്രതാ ദർശനം എന്ന വിഷയത്തിൽ ചർച്ചയിൽ പങ്കെടുക്കാൻ ആവശ്യമായ കുറിപ്പ് തയ്യാറാക്കൂ.

സെമിനാർ പേപ്പർ തയ്യാറാക്കാനും ചർച്ചകളിൽ പങ്കെടുക്കാനുള്ള കുറിപ്പുകൾ എഴുതാനും താഴെ കൊടുത്തിരിക്കുന്ന റഫറൻസ് പുസ്തകങ്ങൾ ലൈബ്രറികളിൽ നിന്നും ശേഖരിക്കാം.

1. വിദ്യാഭ്യാസ പരിവർത്തനത്തിനൊരാമുഖം കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
2. വിഗോട്സ്കിയും വിദ്യാഭ്യാസവും പി.വി പുരുഷോത്തമൻ
3. കേരളപാഠ്യപദ്ധതി ചട്ടക്കൂട് 2007 എസ്.സി.ഇ.ആർ.ടി
4. സമീപനരേഖ മലയാളഭാഷാ പാഠ്യപദ്ധതി മലയാളം മിഷൻ കേരള
5. പ്രൈമറി അപ്പർ പ്രൈമറി ക്ലാസ്സുകളിലെ ടീച്ചർ ടെക്സ്റ്റുകൾ
6. ടീച്ചർ സിൽവിയ ആഷ്ടൺവാർനർ

ബ്രൂണർ,വിഗോട്സ്കി, എന്നിവർ മുന്നോട്ടുവെച്ച സാമൂഹ്യനിർമ്മിതിവാദം, നോം ചോംസ്കി ആവിഷ്കരിച്ച സർവ്വഭാഷാ വ്യാകരണത്തെ ക്കുറിച്ചുള്ള സിദ്ധാന്തം, ഗസ്റ്റാൾട്ട് മനശ്ശാസ്ത്രം കുട്ടിയെ കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസ പ്രക്രിയയുടെ രീതിശാസ്ത്രങ്ങൾ എന്നിവയുടെ സമന്വയത്തിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന ദർശനമാണ് ഭാഷാ സമഗ്രതാ ദർശനം.

സ്വന്തം രീതിയിൽ പഠന പ്രക്രിയയിൽ മുഴുകുമ്പോഴാണ് കുട്ടികൾ ഏറ്റവുമധികം പഠിക്കുന്നത് എന്ന നിരീക്ഷണത്തിൽ അധിഷ്ഠിതമാണ് ഭാഷാ സമഗ്രതാ ദർശനം. ഒറ്റപ്പെട്ട താരതമ്യേന ലളിതങ്ങളായ ഭാഷാ നൈപുണികളെ വിലയിരുത്തുന്നതിനുള്ള ശോധനകളോട് പ്രതികരിക്കാനും, എഴുതാനും വായിക്കാനുമുള്ള കഴിവ് മിക്ക കുട്ടികളും നേടുന്നുണ്ട്. എന്നാൽ ആശയങ്ങൾ നൈപുണികൾ, തന്ത്രങ്ങൾ എന്നിവ അനായാസമായും ഫലപ്രദമായും ആർജ്ജിക്കാൻ കുട്ടികളെ സഹായിക്കുന്നതിനു വേണ്ടി അവരെ പ്രക്രിയകളിൽ പങ്കാളികളാക്കണം .ശാരീരികമായജോലിയിലായിരുന്നാലും കുട്ടികൾക്ക് അതിൽ മാനസികമായ പങ്കാളിത്തമുണ്ടായേ തീരു.

*ജന്മസിദ്ധമായ ഭാഷാശേഷിയും കുടുംബത്തിലെ അംഗങ്ങളോടും ചുറ്റുമുള്ളവരോടും ഉള്ള സംസർഗ്ഗവും വഴി സ്വന്തം ഭാഷയിലും പൂർണ വികസിതമായ വിനിമയ ശേഷിയോടു കൂടിയാണ് കുട്ടികൾ വിദ്യാലയത്തിൽ എത്തുന്നത്. അപ്പോഴേക്കും അനേകായിരം വാക്കുകൾ മാത്രമല്ല ശബ്ദം, വാക്കുകൾ, വാചകങ്ങൾ സംസാരം എന്നീ തലങ്ങളിലെല്ലാം ഭാഷയുടെ പ്രയോഗത്തെ നിയന്ത്രിക്കുന്ന സങ്കീർണവും സമ്പന്നവുമായ ഘടനകളും അവർക്ക് വശമായിരിക്കും. കുട്ടികൾക്ക് സ്വന്തം ഭാഷ(കൾ) ശരിയായും സന്ദർഭത്തിനൊത്തും മനസ്സിലാക്കാനും പറയാനും കഴിയുന്നു. ആളും സ്ഥലവും സന്ദർഭവും നോക്കി സംസാരത്തിലും പെരുമാറ്റത്തിലും വേണ്ട ഭാവാന്തരങ്ങൾ വരുത്താനും അവർക്ക് കഴിയും. ശബ്ദങ്ങളുടെ കോലാഹലത്തിൽ നിന്ന് ഭാഷയുടെ അത്യന്തം സങ്കീർണമായ ക്രമങ്ങൾ വേർതിരിച്ചെടുക്കാനുള്ള കഴിവും അവർ ആർജിച്ചിരിക്കും. ക്ലാസ് മുറിയിൽ വച്ച് ഈ ശേഷികളെ പടിപടിയായി മെച്ചപ്പെടുത്തിക്കൊണ്ട് ഗ്രഹണശേഷിയും വിനിമയശേഷിയും കൂടുതൽ കൂടുതൽ ഉയർന്ന തലത്തിലേയ്ക്ക് എത്തിക്കുക എന്നതാണ് പ്രാഥമിക ഭാഷാവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. മൂന്നാം ക്ലാസു മുതൽ കൂടുതൽ ഉയർന്ന തലത്തിലുള്ള വിനിമയ ശേഷിയും വിമർശനാത്മക വിചിന്തനവും വികസിപ്പിക്കുന്നതിന് വാമൊഴിയും വരമൊഴിയും രണ്ടും ഉപകരിക്കുന്നു. പ്രൈമറി ഘട്ടത്തിൽ കുട്ടികളുടെ ഭാഷയെ അതേപടി അംഗീകരിക്കണം. സമ്പന്നവും രസപ്രദവുമായ സന്ദർഭങ്ങൾ സൃഷ്ടിക്കുകയാണെങ്കിൽ നാലാം ക്ലാസെത്തുമ്പോഴേയ്ക്കും അക്ഷരത്തെറ്റു കൂടാതെ മാനകഭാഷ പ്രയോഗിക്കാനുള്ള കഴിവ് കുട്ടി സ്വയമേവ സ്വായത്തമാക്കിയിരിക്കും. അതേസമയം കുട്ടി വീട്ടിൽ ഉപയോഗിക്കുന്ന /മാതൃഭാഷയോട് അനാദരവ് കാണിക്കാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം. തെറ്റുകൾ വരുത്തുക എന്നത് പഠനപ്രക്രിയയുടെ ഒരു അവിഭാജ്യ ഘടകമാണെന്ന് അംഗീകരിക്കേണ്ടതുണ്ട്. കാലമാകുമ്പോൾ കുട്ടികൾ സ്വയമേവ വേണ്ട തിരുത്തലുകൾ വരുത്തുന്നതാണ്. കുട്ടികൾ വരുത്തുന്ന തെറ്റുകളിലും അവരുടെ ദൗർബല്യങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കാതെ മനസിലാക്കാൻ പറ്റുന്ന രസാവഹമായ വെല്ലുവിളി ഉയർത്തുന്ന സന്ദർഭങ്ങൾ അവർക്ക് ലഭ്യമാക്കാനാണ് സമയം ചെലവാക്കേണ്ടത്.*

*ഗൃഹഭാഷകൾ സ്കൂളുകളിൽ പഠിപ്പിക്കേണ്ടതിന്റെ പ്രാധാന്യം എത്ര പറഞ്ഞാലും അധികമാവില്ല. അന്യോന്യം കാര്യങ്ങൾ മനസ്സിലാക്കാനുള്ള അടിസ്ഥാന കഴിവുകളോടെയാണ് കുട്ടികൾ സ്കൂളിലെത്തുന്നത് എങ്കിലും അവിടെ വച്ച് അവർ കൂടുതൽ ഉയർന്ന, ഗ്രഹണപരമായ ഭാഷാശേഷി കൈവരിക്കേണ്ടതുണ്ട്. സുപരിചിത സാഹചര്യങ്ങളിലും തീവ്രമായ ഗ്രഹണശേഷി വേണ്ടിടത്തും -ഉദാഹരണത്തിന്, സതീർഥ്യരുമായുള്ള സംവാദങ്ങൾ- അടിസ്ഥാന ഭാഷാശേഷികൾ മതിയാകും. എന്നാൽ അമൂർത്തമായ ഒരു വിഷയത്തെക്കുറിച്ച് ഒരു പ്രബന്ധം രചിക്കേണ്ടിവരുന്ന സന്ദർഭത്തിലെന്നപോലെ അപരിചിതമായ സാഹചര്യത്തിലും തീവ്രമായ ഗ്രഹണശേഷി വേണ്ടിടത്തും ഉയർന്ന തലത്തിലുള്ള ശേഷികൾ ആവശ്യമാണ്. ഉയർന്ന തലത്തിലുള്ള ശേഷികൾ ഒരു ഭാഷയിൽ നിന്ന് മറ്റൊന്നിലേക്ക് പകർത്താൻ എളുപ്പമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ സ്കൂളുകളിൽ നമ്മുടെ ഭാഷകളുടെ പഠനം ശക്തിപ്പെടുത്താൻ വേണ്ടതെല്ലാം ചെയ്യേണ്ടിയിരിക്കുന്നു.*

*NCF - 2005*

കുട്ടികളുടെ ഇഷ്ടാനിഷ്ടങ്ങൾ പരിഗണിച്ചുകൊണ്ട് രക്ഷിതാക്കൾ വിശിഷ്യാ അമ്മ അവരോട് ഇടപഴകുമ്പോൾ കുട്ടി അബോധപൂർവ്വം ഭാഷ സ്വായത്തമാക്കുന്നു. തുടക്കം മുതൽ കുട്ടി ശരിയായ പദങ്ങൾ തിരിച്ചറിയുമെന്നോ തെറ്റുകൂടാതെ എഴുതുമെന്നോ നാം പ്രതീക്ഷിക്കുന്നില്ല.അതേ സമയം മുതിർന്നവർ കൽപ്പിക്കുന്ന മാനകങ്ങൾ പാലിക്കുന്നതിനുവേണ്ടി അവർ നടത്തുന്ന ഓരോ ശ്രമവും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്.

നേരിട്ടുള്ള ബോധനം വഴിയല്ല അധികകാര്യങ്ങളും കുട്ടികൾ പഠിക്കുന്നത്. വളരെ സങ്കീർണമായ പ്രക്രിയകൾ പോലും സ്വായത്തമാക്കുന്നതിനുള്ള ജന്മസിദ്ധമായ കഴിവ് കുട്ടികൾക്കുണ്ട്. അതിന് അവരെ അത്തരം പ്രക്രിയകളിൽ പങ്കാളികളാക്കണമെന്നേയുള്ളു. കുട്ടി ആവശ്യധിഷ്ഠിതമായ ആശയങ്ങളെക്കുറിച്ച് പഠിക്കണമെന്നും ജൈവമായ വായനയിലും ലേഖനത്തിലും ഏർപ്പെടണമെന്നും നാം ആഗ്രഹിക്കുന്നു.

സമഗ്രതയിൽ നിന്നു് ഭാഗങ്ങളിലേക്ക് എന്ന രീതിയിലാണ് ഭാഷ സ്വായത്തമാക്കൽ പുരോഗമിക്കുന്നത്. മനസ്സിലാക്കാൻ കഴിയുന്ന പാട്ടുകൾ, കഥകൾ തുടങ്ങിയ ലളിതമായ ഭാഷാവ്യവഹാരങ്ങളിൽ അർത്ഥപൂർണമായി ആവർത്തിക്കുന്ന പദങ്ങൾ കണ്ടെത്തേണ്ടതുണ്ട്. ഒരു പദത്തിലെ എല്ലാ ഛേദത്തിനും (അതായത് പദത്തിലെ എല്ലാ സ്വര വ്യഞ്ജന ചിഹ്നങ്ങളും) കുട്ടിയെ സംബന്ധിച്ചിടത്തോളം അർത്ഥപൂർണ മായ മറ്റ് വ്യവഹാരങ്ങളിൽ പ്രത്യക്ഷപ്പെടുന്ന വിധത്തിൽ സ്പൈറലിങ്ങ് ആവശ്യമാണ്. ഭാഷണത്തോടൊപ്പം എഴുത്തും കൈകാര്യം ചെയ്യാവുന്നതേയുള്ളു. അതിന് എന്തെങ്കിലും എഴുതണമെന്ന ആവശ്യബോധം കുട്ടിയിലുണ്ടാവണം. ഒറ്റപ്പെട്ട അക്ഷരങ്ങൾ പഠിക്കുന്നത് സങ്കീർണമായ പ്രക്രിയയാണ്. അത് യാന്ത്രികവും അർത്ഥശൂന്യവുമാണ്.

നിത്യജീവിതത്തിൽ ഭാഷ അനുഷ്ഠിക്കുന്ന ഒട്ടേറെ ധർമ്മങ്ങളുണ്ട്.ഭാഷയുടെ പ്രായോഗിക ഉപയോഗം കണക്കിലെടുത്തുകൊണ്ട് അർത്ഥപൂർണമായി ഭാഷ ഉപയോഗിക്കുന്നതിനുള്ള ഒട്ടേറെ സന്ദർഭങ്ങൾ കുട്ടികൾക്കുവേണ്ടി ക്ലാസ്സിൽ ഒരുക്കേണ്ടതുണ്ട്. കോപ്പിയെഴുത്ത്, പകർത്തിയെഴുത്ത് തുടങ്ങിയ യാന്ത്രിക പ്രവർത്തനങ്ങൾ ഭാഷാ നൈപുണികൾ നേടുന്നതിന് സഹായകമാവുന്നില്ല. അവയ്ക്കുപകരം അർത്ഥപൂർണവും ജൈവികവുമായ ലേഖന പ്രവർത്തനങ്ങൾ വേണം.

മുൻകൂട്ടി നിശ്ചയിക്കപ്പെടുന്ന പാഠ്യപദ്ധതി യഥാർത്ഥമായ പാഠ്യപദ്ധതിയല്ല. ഭാഷാ സമഗ്രതാദർശനത്തിൽ അധിഷ്ഠിതമായ പഠനസാമഗ്രികളും രീതികളും തെരഞ്ഞെടുക്കാനും വികസിപ്പിക്കാനും ,അല്ലാത്തവയെ തിരസ്കരിക്കാനുമുള്ള സൈദ്ധാന്തിക ധാരണ അധ്യാപകർക്കാവശ്യമാണ്. ഒരർത്ഥത്തിൽ പാഠ്യപദ്ധതി പഠിതാക്കളാലും അധ്യാപകരാലും വികസിപ്പിക്കപ്പെടുകയാണ് ചെയ്യുന്നത്. വഴക്കമുള്ളതും വികസിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു പാഠ്യപദ്ധതിയാണ് നാം വിഭാവനം ചെയ്യുന്നത്.

സാമൂഹികമായ ഇടപഴകിലൂടെയാണ് പഠനം നടക്കുന്നത്. മത്സരത്തിനു പകരം സഹകരണത്തിന്റേതായ ഒരന്തരീക്ഷത്തിൽ കുട്ടികൾ പ്രോജക്ടുകൾ ഏറ്റെടുക്കുകയും കൂട്ടായ്മയോടെ ഏറ്റെടുക്കുകയും, കൂട്ടായ്മയോടെ പ്രവർത്തിക്കുകയും പ്രശ്നങ്ങൾ ചർച്ചചെയ്യുകയും വേണം. കാര്യങ്ങൾ ചെയ്യാൻ കഴിവുള്ളവരായാണ് കുട്ടികളെ നാം വീക്ഷിക്കേണ്ടത്. ഒറ്റപ്പെട്ട നൈപുണികളിൽ അവർക്കുള്ള കഴിവുകൾ ദുർബ്ബലമാണെങ്കിൽത്തന്നെ അതു കണ്ടെത്താനുള്ള പരീക്ഷകൾ നടത്തി അവരെ വിമർശിക്കുക യെന്നതല്ല നമ്മുടെ ലക്ഷ്യം മറിച്ച് വികസ്വരമാകുന്ന അവരുടെ നൈപുണികളെ തിരിച്ചറിയുകയും പ്രോത്സാഹിപ്പിക്കുകയുമാണ് വേണ്ടത്.

പഠനപ്രവർത്തനങ്ങളും മൂല്യനിർണയ പ്രവർത്തനങ്ങളും തമ്മിൽ വ്യത്യാസമൊന്നുമില്ല. ടേം പരീക്ഷകളുടെ അപര്യാപ്തത തിരിച്ചറിഞ്ഞുകൊണ്ട് നിരന്തരവും, സമഗ്രവുമായ മൂല്യ നിർണയമാണ് ഭാഷാ സമഗ്രതാ ദർശനം മുന്നോട്ടുവെക്കുന്നത്.

## പഠന ബോധനരീതി

പഠനബോധന രീതികളിലും ഭാഷാ സമഗ്രതാദർശനം മാറ്റങ്ങൾ നിർദ്ദേശിക്കുന്നുണ്ട്.പരമ്പതാഗത സമീപനത്തിൽ നേരിട്ടുള്ള ബോധനത്തിനു നൽകുന്ന അമിതപ്രാധാന്യം ഭാഷാ സമഗ്രതാ ദർശനരീതി നിരാകരിക്കുന്നു. പഠനത്തിനു വഴിയൊരുക്കുന്ന കർത്തവ്യമാണ് അധ്യാപിക നിറവേറ്റേണ്ടത്.പഠനത്തിനും പഠിതാവിനും ഊന്നൽ നൽകേണ്ടതിനാൽ നേരിട്ടുള്ള ബോധനത്തിന് പ്രസക്തിയില്ല.ചേഷ്ടാവാദം മുന്നോട്ടുവെക്കുന്ന വ്യവഹാരമാതൃകകക്കു പകരം ജ്ഞാനനിർമ്മിതി വാദത്തിലധിഷ്ഠിതമായ ജ്ഞാന മാതൃകയാണ് പഠനത്തിനായി സ്വീകരിക്കുന്നത്.

ശീലങ്ങളുടെ രൂപീകരണമാണ് പഠനമെന്ന വീക്ഷണത്തിനെതിരായി കുട്ടി തന്റെ ബുദ്ധി ഉപയോഗിച്ച് നടത്തുന്ന സങ്കീർണമായ പ്രക്രിയകളുടെ ഫലമാണ് പഠനമെന്ന സിദ്ധാന്തമാണ് ഇവിടെ അടിസ്ഥാനമാക്കുന്നത്. അതിനാൽ പഠിതാക്കൾ വാചികമായും ലിഖിത രൂപത്തിലും പ്രകടിപ്പിക്കുന്ന ശരിയായ പ്രതികരണങ്ങളെ മാത്രം പ്രോത്സാഹിപ്പിക്കുകയും തെറ്റായവയെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്ന സമ്പ്രദായത്തെ നിരാകരിക്കേണ്ടി വരുന്നു.

പഠിപ്പിക്കുന്ന കാര്യങ്ങൾ അപ്പപ്പോൾത്തന്നെ എല്ലാ പഠിതാക്കളും പഠിക്കണമെന്ന വിചിത്രമായ നിർബന്ധത്തെ നിരാകരിക്കണം. വ്യത്യസ്ത പഠിതാക്കളുടെ പഠനവേഗതക്കനുസരിച്ച് പഠിക്കാൻ അനുവദിക്കുന്നതിനാൽ പരാജയപ്പെടൽ എന്നതിന് പ്രസക്തിയില്ല.

പുനസ്മരിക്കാൻ കഴിയുന്നതിനെയാണ് പഠനം നടന്നതിനുള്ള തെളിവായി സാമ്പ്രദായിക രീതിയിൽ കണക്കാക്കുന്നത്. എന്നാൽ അറിവ് പ്രയോഗിക്കുന്നതിനും വ്യത്യസ്തമായ രീതികളിൽ ചിന്തിക്കുന്നതിനുമുള്ള കഴിവു വളർത്താനാണ് ശ്രമിക്കേണ്ടത്.പാഠപുസ്തകത്തിലെ ഉള്ളടക്കം പരമപ്രധാനമായി പഠിതാക്കൾക്ക് കൈമാറുന്ന രീതിയല്ല ഭാഷാ സമഗ്രതാ ദർശനത്തിൽ ഉദ്ദേശിക്കുന്നത്. മറിച്ച് കൃത്യമായി നിർവ്വചിച്ചിട്ടുള്ള പാഠ്യപദ്ധതി പ്രസ്താവനകളും ,പഠനനേട്ടങ്ങളും ലക്ഷ്യമാക്കുന്ന ശേഷികൾ ആർജ്ജിക്കുന്നതിനുള്ള വിവിധ അനഭവങ്ങൾ പ്രദാനം ചെയ്യലാണ്.

(വിദ്യാഭ്യാസ പരിവർത്തനത്തിന് ഒരാമുഖം കേരളശാസ്ത്ര സാഹിത്യ പരിഷത്ത്)

(KCF2007)

ഭാഷാ സമഗ്രതാ ദർശനത്തിന്റെ പ്രധാനപ്പെട്ട ആശയങ്ങൾ ചുവടെ ചേർക്കുന്നു:

- സ്വന്തം രീതിയിലുള്ള പഠനത്തിൽ സജീവമായി ഏർപ്പെടുമ്പോഴാണ് കുട്ടികൾ ഏറ്റവുമധികം പഠിക്കുന്നതും വളരുന്നതും.
- സജീവമായ പഠനപ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുമ്പോൾ അച്ചടക്കരാഹിത്യം ഉണ്ടാവില്ല. സ്വയം നിയന്ത്രണത്തിനു വിധേയരായി പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന കുട്ടികളെയാണ് ഇവിടെ വിഭാവനം ചെയ്യുന്നത്.
- കുട്ടികളെ കഴിവുള്ളവരായും വികാസം പ്രാപിക്കുന്നവരായും ഭാഷാ സമഗ്രതാ ദർശനം വിലയിരുത്തുന്നു. കുട്ടികളുടെ സിദ്ധികളെയും ശേഷികളെയും കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും വേണം.
- സാമൂഹ്യ ഇടപഴകലിലൂടെയാണ് പഠനം പോഷിപ്പിക്കപ്പെടുന്നത്. കുട്ടികൾ തമ്മിൽ ചർച്ച നടത്തുകയും ആശയങ്ങൾ കൈമാറുകയും പ്രശ്നപരിഹരണത്തിനുവേണ്ടി കൂട്ടായ്മ യോടെ പ്രവർത്തിക്കുകയും പ്രോജക്ടുകളിൽ ഏർപ്പെടുകയും ചെയ്യുന്നത് അഭിലഷണീ യമാണ്. മത്സരമൊഴിവാക്കി സഹകരണത്തിന് ഊന്നൽ നൽകുമ്പോഴാണ് കുട്ടിയുടെ നൈസർഗികമായ കഴിവുകൾ വികസിക്കുന്നത്.
- കുട്ടികൾ പഠിക്കുന്നതിന്റെ ഭൂരിഭാഗവും നേരിട്ടുള്ള ബോധനത്തിന്റെ ഫലമല്ല. കുട്ടികളുടെ ഇഷ്ടാനിഷ്ടങ്ങൾ പരിഗണിച്ചുകൊണ്ട് രക്ഷിതാക്കളും മുതിർന്നവരും അവരോടു സംസാരിക്കുകയും ഇടപെടുകയും ചെയ്യുമ്പോൾ അബോധപൂർവമായി കുട്ടി ഭാഷ പഠിക്കുന്നുണ്ട്.
- വളരെ സങ്കീർണമായ പ്രക്രിയകൾ പോലും അവിശ്വസനീയമായ വിധത്തിൽ സ്വായത്ത മാക്കുന്നതിനുള്ള കഴിവ് കുട്ടിക്കുണ്ട്. അതിന് അത്തരം സങ്കീർണമായ പ്രക്രിയകളിൽ അവരെ വ്യാപൃതരാക്കണമെന്നേയുള്ളൂ.
- നിത്യജീവിതത്തിൽ ഭാഷ നിറവേറ്റുന്ന ഒട്ടേറെ ധർമങ്ങളുണ്ട്. അവയുമായി ബന്ധപ്പെ ടുത്തി ഭാഷ ഉപയോഗിക്കുമ്പോഴാണ് ഭാഷയും സാക്ഷരതയും വികസ്വരമാകുന്നത്. ഇത്തരം ധർമങ്ങൾ സ്വാഭാവികമായി നിറവേറ്റുന്നതിനുള്ള അവസരങ്ങൾ കുട്ടിക്ക് ലഭിക്കണം.
- സമഗ്രതയിൽ നിന്ന് ഭാഗങ്ങളിലേക്ക് എന്ന നിലയിലാണ് ഭാഷാപഠനം പുരോഗമിക്കുന്ന ത്. ആശയങ്ങൾ എന്ന സമഗ്രതയിലൂന്നി അക്ഷരങ്ങളുടെ ഘടകങ്ങളിലേക്കെത്തുന്ന താണ് സ്വാഭാവികമായതും മനശ്ശാസ്ത്രപരവുമായ രീതി.

### ഭാഷാ വിനിമയം മുൻകാല ബോധന രീതികൾ

ഭാഷാ പഠനത്തിന് പലരീതികളും നാം പരീക്ഷിച്ചിരുന്നു. അതാത് കാലത്തെ മനശ്ശാസ്ത്രം ,ഭാഷാ ശാസ്ത്രം ,ഭാഷാ സമീപനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് എന്നിവയിലൂന്നിയാണ് ഈ രീതികൾ നാം സ്വീകരിച്ചത്. അധ്യാപിക എന്ന നിലയിൽ ഈ രീതികളെക്കുറിച്ച് അറിയുന്നത് നമ്മുടെ ധാരണകളെ മെച്ചപ്പെടുത്തും

## നിങ്ങൾ ചെയ്യേണ്ട പ്രവർത്തനങ്ങൾ

? നിങ്ങളുടെ പ്രദേശത്ത് റിട്ടയർ ചെയ്ത (അറുപത് വയസ്സു കഴിഞ്ഞ) അധ്യാപകനുമായി അഭിമുഖം നടത്തി അദ്ദേഹത്തിന്റെ പഠനകാലത്തും അദ്ദേഹം പഠിപ്പിച്ച കാലത്തും അക്ഷരം പഠിപ്പിച്ചിരുന്ന രീതികൾ കുറിപ്പാക്കി എഴുതുക.

? ഭാഷാപഠനത്തിലെ വിവിധ രീതികൾ അക്ഷരാവതരണ രീതി , പദാവതരണരീതി, ആശയാവതരണരീതി ഇവയെക്കുറിച്ച് ക്ലാസ്സിൽ ഒരു ചർച്ച സംഘടിപ്പിക്കുക.

- വിവിധ ഭാഷാ സമീപനങ്ങളുടെ മേന്മകളും പരിമിതികളും സംവാദം നടത്തു.അതിൽ പങ്കെടുക്കാനായി കുറിപ്പു തയ്യാറാക്കൂ.

- ആശയാവതരണ രീതിയിൽ പാഠഭാഗം അവതരിപ്പിക്കുന്ന വിധം ഒന്നാംക്ലാസ്സിലെ ഭാഷാ പാഠപുസ്ത കം പരിശോധിച്ച് കണ്ടെത്തി കുറിപ്പു രൂപത്തിൽ തയ്യാറാക്കുക
- ലാബ് സ്കൂളിലേയോ, സമീപത്തെ മറ്റ് വിദ്യാലയത്തിലേയൊ അധ്യാപികയോട് ആശയാവതരണരീതിയെക്കുറിച്ചുള്ള വിവരങ്ങൾ ചോദിച്ചു മനസ്സിലാക്കി രേഖപ്പെടുത്തുക. ഇവ രണ്ടും പരിഗണിച്ച് ക്ലാസ്സിൽ ഒരു ചർച്ച സംഘടിപ്പിക്കുക

ഈ വായനാ സാമഗ്രി വായിച്ചുനോക്കൂ. കൂടുതൽ വിവരങ്ങൾ അന്വേഷിക്കാൻ ഇത് സഹായിക്കും

## അക്ഷരാവതരണ രീതി

പഴയരീതികളിൽ പ്രധാനമായതാണ് അക്ഷരമാലാ രീതി. മനശ്ശാസ്ത്രപരമായ സമീപനമല്ല ഈ രീതിക്കുള്ളത്. ആദ്യം അക്ഷരം എഴുതി അത് ഉച്ചരിക്കാൻ പഠിപ്പിക്കുകയാണ് ഈ രീതിയുടെ സ്വഭാവം. അക്ഷരമാലയും കൂട്ടക്ഷരങ്ങളും പഠിപ്പിച്ച ശേഷമേ എഴുത്തും വായനയും പഠിപ്പിക്കുകയുള്ളൂ. എഴുതുന്നതിനും വായിക്കുന്നതിനും അക്ഷരജ്ഞാനം ആവശ്യമാണ് എന്ന ആശയമാണ് ഈ രീതിക്കാധാരം. അതിനാൽ അക്ഷരങ്ങൾ ആദ്യം പഠിപ്പിക്കണം എന്നായിരുന്നു പഴയ ധാരണ, സ്വരം, വ്യഞ്ജനം, കൂട്ടക്ഷരം എന്നീ ക്രമത്തിലാണ് അക്ഷരം പഠിപ്പിക്കുന്നത്.

### പദാവതരണ രീതി

അക്ഷരാവതരണരീതിയിൽ ആദ്യം തുടങ്ങേണ്ടത് 'അ' എന്ന അക്ഷരമാണല്ലോ? ഈ അക്ഷരം എഴുതുന്ന രീതി ആദ്യം എഴുതിശീലിക്കുന്ന കുട്ടിയെ സംബന്ധിച്ചടത്തോളം ഏറെ ശ്രമകരമാണ്. അക്കാലത്തെ മനശ്ശാസ്ത്രജ്ഞരും വിദ്യാഭ്യാസ പ്രവർത്തകരും ഈ രീതിക്ക് മാറ്റം വേണമെന്ന് വാദിച്ചു. എളുപ്പമുള്ള അക്ഷരങ്ങൾ ആദ്യമാദ്യം പരിചയപ്പെടുത്തണമെന്നും സങ്കീർണമായവ എഴുതിച്ച് കുട്ടിയെ വിരസതയിലേക്ക് നയിക്കരുതെന്നും വാദമുന്നയിച്ചു. മാത്രമല്ല അക്ഷരത്തിന് പ്രത്യേകിച്ച് അർത്ഥമൊന്നും ഇല്ലെന്നും പദങ്ങളിലൂടെ സ്വാഭാവികമായി അവ പരിചയ പ്പെടുകയാണ് വേണ്ടത് എന്നും വാദമുയർന്നു.ഈ ചർച്ചകളുടെ തുടർച്ചയായി നമ്മുടെ പാഠപുസ്തകങ്ങളിൽ സ്വീകരിച്ച രീതിയാണ് പദാവതരണരീതി. പറ, തറ, പന, തല എന്നിങ്ങനെ ചിത്ര പാഠഭാഗങ്ങൾ ഉൾപ്പെടുത്തി പാഠ പുസ്തക പരിഷ്കരണം നടന്നു. തറ എന്ന പാഠത്തിൽ ഒരു മുല്ലത്തറയുടെ ചിത്രവും അതിന്നടിയിൽ തറ എന്ന എഴുത്തുരൂപവും കാണാം. ഇതിൽ പുതിയതായി പഠിപ്പിക്കുന്ന അക്ഷരം ചുവന്ന നിറത്തിൽ നൽകിയിരിക്കും . പിന്നീട് വരുന്ന പറ എന്ന പാഠത്തിൽ 'പ' എന്ന അക്ഷരം ചുവന്ന നിറത്തിലും നേരത്തെ പഠിച്ച 'റ' നീല നിറത്തിലുമായിരിക്കും. ഇങ്ങനെ പുതിയതായി പരിചയപ്പെടുന്ന അക്ഷരങ്ങൾ ആവർത്തിച്ചെഴുതാനായി മറ്റ് പദങ്ങളും നൽകും. ഇത്തരത്തിലുള്ള കുറെ പാഠങ്ങൾക്കു ശേഷമാണ് കൂടുതൽ പദങ്ങളും കൂട്ടക്ഷരങ്ങളുമൊക്കെയുള്ള വാക്യ രൂപത്തിലുള്ള പാഠങ്ങൾ കടന്നു വരുന്നത്.

### ആശയവിശദീകരണ രീതി

കവിതാ അധ്യാപനത്തിനാണ് ഈ രീതി കൂടുതലായി ഉപയോഗിച്ചത്.കവിതയിൽ അടങ്ങിയിരി ക്കുന്ന ആശയം ആദ്യം വിശദീകരിക്കുന്നു. പിന്നീട് കവിത അവതരിപ്പിക്കുന്നു.കവിതയുടെ ഓരോ അംശവും എടുത്ത് അപഗ്രഥിച്ച് ആശയം വിശദീകരിക്കുക ഇതായിരുന്നു അന്നത്തെ രീതി.

**പ്രഭാഷണരീതി**

പഠിപ്പിക്കേണ്ട ആശയങ്ങൾ അധ്യാപകൻ പ്രസംഗ രൂപേണ അവതരിപ്പിക്കുന്ന രീതയാണ് ഇത്. കുട്ടികൾ കേവലം കേൾവിക്കാർ മാത്രമായിരിക്കും.കുട്ടികൾക്ക് ഇവിടെ പ്രത്യേകിച്ച് പങ്കൊന്നും ഇല്ല. കേവലം ശ്രോതാക്കളായി ഇരിക്കുക മാത്രമാണ് ചെയ്യേണ്ടത്.

**പാഠപുസ്തക രീതി**

വളരെക്കാലം നിലനിന്നുപോന്ന അധ്യാപനരീതിയായിരുന്നു ഇത്. പാഠ്യ വിഷയങ്ങളെക്കുറിച്ച് സാമാന്യമായ അറിവ് ലഭിക്കുന്നത് പാഠപുസ്തകം മുഖേനയാണ്. പാഠഭാഗം വായന, അർത്ഥം ,പര്യായം വിപരീതപദങ്ങൾ,സമാനപദങ്ങൾ എന്നിവ എഴുതൽ, ചോദ്യങ്ങൾക്ക് ഉത്തരമെഴുതൽ, മനപ്പാഠമാക്കൽ എന്നിങ്ങനെ പാഠപുസ്തകങ്ങളെ മാത്രം ആശ്രയിച്ച് ബോധനം നടത്തുന്ന രീതിയാണ് ഇത്.

അതാത് കാലത്ത് നിലവിലുണ്ടായിരുന്ന മനശ്ശാസ്ത്രസിദ്ധാന്തങ്ങളും പഠനത്തെക്കുറിച്ചുള്ള സങ്കൽപ്പനങ്ങളുമാണ് ഇത്തരം രീതികൾക്ക് ആധാരം. വേദങ്ങളും മഹാകാവ്യങ്ങളും ഉരുവിട്ടു പഠിച്ച് മന:പ്പാഠമാക്കിയിരുന്ന രീതിയായിരുന്നല്ലോ ഗുരുകുലവിദ്യാഭ്യാസത്തിൽ നിലനിന്നിരുന്നത്. ഇത്തരത്തിലുള്ള രീതികൾ ഭാഷാ അഭ്യസനത്തിന് നിലവിലുണ്ടായിരുന്നു എന്ന് തിരിച്ചറിയുന്നതിനാണ് ഇത് ചർച്ചചെയ്യുന്നത്.

*ഓരോ കാലത്തും നിന്നിരുന്ന ഭാഷാ പഠനരീതികൾക്ക് ഗുണങ്ങളും പോരായ്മകളും ഉണ്ടാവാം. ഭാഷാസമഗ്രതാദർശനത്തിൽ ഊന്നിയ ഭാഷാ പഠന സമീപനമാണ് ഇന്ന് ലോകവ്യാപകമായി അംഗീകരിക്കുന്നത്. മുൻകാല ഭാഷാ പഠനരീതികൾ തിരിച്ചറിയാനും, ഇന്നത്തെ ഭാഷാ പഠന രീതിയുമായി താരതമ്യം ചെയ്യാനും അധ്യാപക വിദ്യാർഥികൾക്ക് കഴിയണം.*

ഭാഷാ പഠനത്തിന്റെ ലക്ഷ്യങ്ങളെന്താണ്? ഭാഷയിലെ അടിസ്ഥാനനൈപുണികൾ ഏതൊക്കെ? കുട്ടികൾ അത് നേടുന്നതെങ്ങനെ?

## ഭാഷാ പഠന ലക്ഷ്യങ്ങൾ

“ജീവിതസാഹചര്യത്തിൽ ഫലപ്രദമായി ആശയം പ്രകടിപ്പിക്കുന്നതിനും സ്വീകരിക്കുന്നതിനും കുട്ടിയെ പ്രാപ്തനാക്കുക എന്നതാണ് പ്രാഥമികഘട്ടത്തിൽ ഭാഷാഭ്യസനത്തിന്റെ ഉദ്ദേശ്യം. ഭാഷ കൈകാര്യം ചെയ്യുന്നതിൽ കുട്ടിയിൽ ആത്മവിശ്വാസം ജനിപ്പിക്കുന്ന രീതിയിലായിരിക്കണം പ്രാഥമിക ഘട്ടത്തിൽ ഭാഷാപഠനപ്രക്രിയയുടെ ഊന്നൽ എന്നും ഉച്ചാരണസ്ഫുടത, ലേഖനത്തിലെ പൂർണത, വ്യാകരണം എന്നിവയിലുള്ള അമിതമായ ഊന്നൽ കുട്ടിയുടെ ആത്മവിശ്വാസത്തെ തകർക്കുകയും ഭാഷാപഠനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുമെന്നും പുതിയ പാഠ്യപദ്ധതി നിരീക്ഷിക്കുന്നു. ശ്രവണം, ഭാഷണം, വായന, ലേഖനം, സർഗാത്മക പ്രകടനം എന്നീ അഞ്ചു മേഖലകളിലായാണ് കുട്ടി നേടേണ്ട ഭാഷാശേഷികൾ ക്രോഡീകരിച്ചിട്ടുള്ളത്.

## ശ്രവണം

രസകരവും ജിജ്ഞാസ ഉണർത്തുന്നതുമായ അനുഭവങ്ങൾ ശ്രവണ നൈപുണിയുടെ വികാസത്തിനായി നൽകണമെന്നും കഥകൾ, പാട്ടുകൾ, ലഘുവിവരണങ്ങൾ, നിർദേശങ്ങൾ, സംഭാഷണങ്ങൾ, ലഘുഭാഷണങ്ങൾ, അറിയിപ്പുകൾ എന്നിവ അർത്ഥബോധത്തോടെയുള്ള ശ്രവണാനുഭവങ്ങൾക്കായി നൽകാമെന്നും പുതിയ പാഠ്യപദ്ധതി നിർദേശിക്കുന്നു.

### ഭാഷണം

ലഘുചർച്ചകളിൽ പങ്കെടുത്ത് അഭിപ്രായങ്ങൾ പറയുന്നതിനും ലഘുവിവരണങ്ങൾ നൽകുന്നതിനും കൂടുതൽ വിവരങ്ങൾ അന്വേഷിച്ചറിയുന്നതിനും സമപ്രായത്തിലുള്ള സംഘത്തോട് സംസാരിക്കുന്നതിനും നിർദേശങ്ങൾ നല്കുന്നതിനുമുള്ള ശേഷി രൂപപ്പെടാനുള്ള പഠനാനുഭവങ്ങളാണ് പ്രാഥമികതലത്തിൽ കുട്ടിക്ക് ലഭിക്കേണ്ടത്. കേവലം ചോദ്യോത്തരത്തിലുപരിയായി സ്വാഭാവികമായി ഒഴുക്കോടെ സന്ദർഭാനുസരണം ഭാഷണം നടത്താനുള്ള കഴിവ് കുട്ടിക്ക് സിദ്ധിക്കണമെന്ന് പാഠ്യപദ്ധതി ലക്ഷ്യമിടുന്നുണ്ട്.

### വായന

പരിചിതമായ സന്ദർഭങ്ങളിൽ കേട്ട ശബ്ദങ്ങളും അവയുടെ ലിഖിതരൂപവും തമ്മിൽ ബന്ധപ്പെടുത്തി അർത്ഥം കണ്ടെത്തുകയാണ് വായനയിലൂടെ നടക്കുന്നത്. വായിക്കുമ്പോൾ പുതിയ പദങ്ങളുടെ അർത്ഥവും വാക്യങ്ങളിലെ ആശയവും സന്ദർഭത്തിൽ നിന്ന് കുട്ടി വായിച്ചറിയുകയാണ്. ഏറ്റവും താല്പര്യമുള്ളവ വായിക്കുന്നതിലൂടെയാണ് വായനയിൽ ആത്മവിശ്വാസം ലഭിക്കുക. അർത്ഥം ഗ്രഹിക്കുന്നതിന് അനുകൂലമായ അന്തരീക്ഷം ഉറപ്പാക്കുന്ന വായനാസാമഗ്രികളാണ് കുട്ടിക്ക് നൽകേണ്ടത്. ' ഒറ്റപ്പെട്ടു നിൽക്കുന്ന അക്ഷരങ്ങളോ പദങ്ങളോ വായനയ്ക്കായി നൽകുന്നതിനു പകരം ഒരാശയത്തിൽ ബന്ധിച്ച് തുടർന്ന് വായിക്കുവാൻ പ്രേരിപ്പിക്കുന്നതാവണം ആദ്യഘട്ടത്തിൽ വായനയ്ക്കായി നൽകേണ്ടത്. കുട്ടികളുടെ ഭാവനയും സർഗശേഷിയും ചിന്താശേഷിയും ഉയർത്താൻ ഉതകുന്ന ബാലസാഹിത്യകൃതികൾ വായിക്കുവാൻ പ്രാഥമിക ഘട്ടം പൂർത്തിയാക്കുന്നതോടെ കുട്ടിക്കു കഴിയണമെന്ന് പാഠ്യപദ്ധതി ലക്ഷ്യമിടുന്നു.'

### ലേഖനം

വിവിധ സന്ദർഭങ്ങളിൽ കേട്ടറിഞ്ഞ പദങ്ങൾ സ്വന്തം സംഭാഷണത്തിൽ ഉൾപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന അതേ ആത്മവിശ്വാസമാണ് പരിചിതവും എളുപ്പം അർത്ഥഗ്രഹണം സാധ്യമാകുന്നതുമായ പദങ്ങൾ വായിക്കുമ്പോഴും അങ്ങനെ പലതവണ വായിച്ചുറച്ചവ എഴുതുമ്പോഴും കുട്ടിക്ക് അനുഭവപ്പെടുന്നത്. എഴുതാനുള്ള ലാളിത്യത്തെക്കാൾ മുൻഗണന നൽകേണ്ടത്, എഴുതുന്ന പദം കുട്ടിക്ക് എത്രമാത്രം പരിചിതവും പ്രിയപ്പെട്ടതുമാണ് എന്നതിനായിരിക്കണം. പ്രാഥമിക ഘട്ടം പൂർത്തിയാകുന്നതോടെ പരിചിതമായ വസ്തുക്കൾ, സംഭവങ്ങൾ, അനുഭവങ്ങൾ എന്നിവയെക്കുറിച്ച് ലഘുവിവരണം തയാറാക്കുന്നതിനും ലളിതമായ കത്തുകളും അപേക്ഷകളും എഴുതുന്നതിനും, വായിച്ച ബാലസാഹിത്യകൃതിയെപ്പറ്റി ലഘുകുറിപ്പുകൾ തയാറാക്കുന്നതിനും കൈയെഴുത്തുമാസികകളിൽ ലഘുരചനകൾ നടത്തുന്നതിനും കഴിയത്തക്കവിധത്തിൽ കുട്ടിയിൽ ലേഖനനൈപുണി വികസിക്കണമെന്ന് പാഠ്യപദ്ധതിരേഖയിൽ പറയുന്നു.' ഇത്തരം പ്രവർത്തനങ്ങളിലൂടെ കടന്നുപോകുന്ന കുട്ടികളിൽ സർഗാത്മക വികാസം ശക്തി പ്രാപിച്ചിരിക്കും.

ഇത്തരം പ്രവർത്തനങ്ങളിലൂടെ കടന്നുപോകുന്ന കുട്ടികളിൽ സർഗാത്മക വികാസം ശക്തി പ്രാപിച്ചിരിക്കും.

### നിങ്ങൾ ചെയ്യേണ്ട പ്രവർത്തനങ്ങൾ

- ഒന്നാം ക്ലാസ്സിലെ പാഠപുസ്തകങ്ങൾ പരിശോധിച്ച് അതിൽ ശ്രവണം ഭാഷണം, വായന,ലേഖനം എന്നിവക്ക് നൽകിയ പ്രവർത്തനങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

- ഒന്നാം ക്ലാസ്സിലെ കുട്ടികളോട് അവർ കണ്ട ഉത്സവത്തെക്കുറിച്ച് ഓരോരുത്തരായി പറയാൻ ആവശ്യപ്പെടുക. കുട്ടികളുടെ പറച്ചിൽ ശ്രദ്ധിക്കു (റെക്കോഡ് ചെയ്യുന്നത് പിന്നീട് ഉപയോഗപ്പെടും) എല്ലാവരുടേയും വാക്യങ്ങൾ,പദങ്ങൾ,ഒഴുക്ക്, പ്രാദേശിക പദങ്ങൾ എന്നിവ പരിശോധിക്കു. തിരിച്ചറിവുകൾ ക്ലാസ്സിൽ ചർച്ചചെയ്യു.
- ആശയം വ്യക്തമാവുന്നുണ്ടെങ്കിൽ പ്രാദേശിക പദങ്ങൾ ഉപയോഗിക്കുന്നതിൽ തെറ്റുണ്ടോ?നിങ്ങളുടെ അഭിപ്രായം എന്താണ്? കുറിപ്പുകൾ തയ്യാറാക്കി ചർച്ചചെയ്യു

## വാമൊഴിയുടെ പ്രാധാന്യം

ഭാഷയുടെ ജീവൽ സ്വരൂപം വാമൊഴിയാണെന്നും അതിനാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടതെന്നും വ്യക്തമാക്കുന്നു. “അധ്യാപകന്റെയും കുട്ടിയുടെയും കൂട്ടായ്മയിലൂടെയാണ് ഭാഷാശേഷി വികസിക്കുന്നത്. അധ്യാപകൻ ക്ലാസിലുപയോഗിക്കുന്നത് കുട്ടിയുടെ ഭാഷയായിരിക്കണം. മാനകഭാഷ ഉപയോഗിച്ചാൽ അത് കുട്ടിക്ക് അപരിചിതമാണ്. കുട്ടിയുടെ ആത്മവിശ്വാസം കുറയ്ക്കുന്നതിന് ഇത് കാരണമാകും.”

സ്കൂളിലെത്തുന്നതിനു മുമ്പ് കുട്ടി ഭാഷ പഠിച്ച രീതിയുടെ തുടർച്ചയായിരിക്കണം ഒന്നാം ക്ലാസിൽ തുടരേണ്ടത് എന്ന് പാഠ്യപദ്ധതി നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ അർത്ഥപൂർണമായി ഇടപെട്ട് ഭാഷാശേഷികൾ വികസിപ്പിക്കുന്നതിനുള്ള വൈവിധ്യമാർന്ന പഠനാനുഭവം ക്ലാസിൽ ഒരുക്കുക. ആത്മവിശ്വാസത്തോടെ ഭാഷാപ്രവർത്തനങ്ങളിലേർപ്പെടാൻ കഴിയുന്ന തരത്തിൽ പഠനരീതി രൂപപ്പെടുത്തുക, യാന്ത്രികമായ അഭ്യാസം മനഃപാഠമാക്കൽ എന്നിവ ഒഴിവാക്കുക, വാമൊഴിയിൽ നിന്ന് വരമൊഴിയിലേക്കുള്ള സ്വാഭാവിക പരിണാമം ഉറപ്പാക്കുക, കുട്ടി വരുത്തുന്ന തെറ്റുകൾ ശരിയായ പ്രയോഗത്തിലേക്കെത്താനുള്ള സ്വാഭാവിക ശ്രമത്തിന്റെ ഭാഗമാണെന്നു തിരിച്ചറിയുക.”

## കുട്ടിഭാഷ പഠിക്കുന്ന രീതി

കുട്ടി ഭാഷ പഠിക്കുന്നതെങ്ങനെയെന്നതിനെക്കുറിച്ച് കൃത്യമായ കാഴ്ചപ്പാട് പുതിയ പാഠ്യപദ്ധതി മുന്നോട്ടുവയ്ക്കുന്നു. അതിങ്ങനെയാണ്: പരിചിതവും അർത്ഥപൂർണവുമായ സന്ദർഭങ്ങളുമായി പ്രതികരിച്ചുകൊണ്ടാണ് കുട്ടി ഭാഷ പഠിക്കുന്നത്. തന്റെ അനുഭവങ്ങളും പരിചിതസന്ദർഭങ്ങളുമായി ബന്ധപ്പെട്ട വാക്യങ്ങൾ, പദങ്ങൾ എന്നിവ കേൾക്കുമ്പോൾ ആ സന്ദർഭങ്ങളിലെ പദങ്ങളുടെയും വാക്യങ്ങളുടെയും അർത്ഥം കുട്ടി ഊഹിച്ചെടുക്കുകയാണ് ചെയ്യുന്നത്. സമാനസന്ദർഭങ്ങളിൽ ഈ ഊഹം പ്രയോഗിച്ചുനോക്കുകയും ശരിയാണെന്നു ബോധ്യപ്പെട്ടാൽ ആത്മവിശ്വാസത്തോടെ ഉപയോഗിച്ച് ഉറപ്പിച്ച് ഭാഷ സ്വായത്തമാക്കുകയും ചെയ്യുന്നു. സ്വാഭാവികമായ ഈ രീതിതന്നെയാണ് പ്രാഥമികഘട്ടത്തിൽ പിൻതുടരേണ്ടത്. ആത്മവിശ്വാസമുളവാക്കാൻ കഴിയുക എന്നതിനായിരിക്കണം പ്രാഥമികഘട്ടത്തിലെ ഭാഷാപഠന പ്രക്രിയയുടെ ഊന്നൽ. ഉച്ചാരണസ്ഫുടത, ലേഖനത്തിലെ പൂർണത, വ്യാകരണം എന്നിവയിലുള്ള അമിതമായ ഊന്നൽ ആത്മവിശ്വാസത്തെ തകർക്കുകയും ഭാഷാപഠനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യും.

രക്ഷിതാക്കളുടെ വിദ്യാഭ്യാസം,വീട്ടിലെ അംഗങ്ങൾ തമ്മിലുള്ള ബന്ധം , കുട്ടികളോടുള്ള ഇടപെടൽ ദൃശ്യശ്രാവ്യ മാധ്യമങ്ങൾ, വീടും സമൂഹവുമായുള്ള ബന്ധം എന്നിവ കുട്ടിയുടെ ശ്രവണസാധ്യതകളെ സ്വാധീനിക്കുന്നുണ്ട്.ധാരാളം ഭാഷാ ശ്രവണഅനുഭവങ്ങൾ ലഭിക്കുന്ന കുട്ടികൾ വേഗത്തിൽ സംസാരിക്കാൻ തുടങ്ങുന്നതും അവരുടെ പദസമ്പത്തിലുള്ള വർദ്ധനവും

വൈവിധ്യവും നിരീക്ഷിച്ചാൽ ഇത് ബോധ്യപ്പെടും നാഡീമനശ്ശാസ്ത്ര തത്വമനുസരിച്ച് ഭാഷാ ശേഷീ വികാസത്തെ സ്വാധീനിക്കുന്ന തലച്ചോറിന്റെ ഭാഗത്തെ കോശങ്ങളുടെ വളർച്ചയും ഉത്തേചനവും നടക്കുന്നത് ഭാഷാശ്രവണ അനുഭവങ്ങൾ കൂടുതൽ ലഭിക്കുന്നവർക്കായിരിക്കും. എന്നാൽ എല്ലാ കുട്ടികളുടേയും ശ്രവണാനുഭവങ്ങൾ ഒരേ പോലെയല്ല എന്നതിന്റെ അടിസ്ഥാനത്തിൽ ഒന്നാം ക്ലാസ്സിലെത്തുന്ന കുട്ടികൾക്ക് ഓരോ മേഖലയിലും ധാരാളം ശ്രവണ സന്ദർഭങ്ങൾ ഒരുക്കേണ്ടതുണ്ട്. കഥകൾ,  പാട്ടുകൾ, സംഭാഷണങ്ങൾ,അനുഭവ വിവരണങ്ങൾ എന്നിങ്ങനെ ധാരാളം ശ്രാവ്യാനുഭവങ്ങൾ ഒന്നാം ക്ലാസ്സിൽ നൽകേണ്ടതാണ്.

## നിങ്ങൾ ചെയ്യേണ്ട പ്രവർത്തനങ്ങൾ

- സന്നദ്ധതാ പ്രവർത്തനങ്ങൾ എന്താണ് ? എന്തിനാണ് ഇത് നൽകുന്നത്? വായനക്കും എഴുത്തിനും മുമ്പ് പ്രീ പ്രൈമറിയിലും ഒന്നാം ക്ലാസ്സിലും നൽകുന്ന സന്നദ്ധതാ പ്രവർത്തനങ്ങൾ ആ ക്ലാസ്സുകളിലെ അധ്യാപകരോട് ചോദിച്ച് കുറിപ്പ് രൂപത്തിൽ എഴുതി ക്ലാസ്സിൽ ചർച്ചചെയ്യു.
- ബാലമാസികകളിലെ ഏതെല്ലാം കഥാപാത്രങ്ങളുടെ പേര് നിങ്ങൾക്കറിയാം? കുട്ടികൾ ഇഷ്ടപ്പെടുന്ന കഥാപാത്രങ്ങൾ ഏതൊക്കെയാണ്?ക്ലാസ്സിൽ ചർച്ചചെയ്യു.
- ആഖ്യാന രീതിയിൽ കഥാ പാത്രങ്ങളും ,അത്തരം കഥാ പാത്രങ്ങളുടെ തുടർച്ച പോലെയും ഒന്നാം ക്ലാസ്സിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കുന്നതെന്തിന്?

## ഭാഷാ നൈപുണികൾ - സമീപനം

ഭാഷാനൈപുണികളിലൂന്നിയ പഠനരീതിയാണ് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നത്. എന്നാൽ "നൈപുണികളെ ഒറ്റയൊറ്റയായി പരമ്പരാഗത രീതിയിലെന്നപോലെ പരിശീലിപ്പിക്കുന്നില്ല. പാഠ പുസ്തകത്തെ മാത്രം അടിസ്ഥാനമാക്കി മുൻകൂട്ടി നിശ്ചയിച്ച ക്രമത്തിൽ നൈപുണികൾ അഭ്യ സിക്കലും ഓർമിക്കലും പ്രയോഗിക്കലും പരീക്ഷ എഴുതലും എന്ന സാമ്പ്രദായിക രീതികൾക്കു പകരം കുട്ടിയുടെ താല്പര്യവും ആവശ്യവും പ്രയോജനപ്പെടുത്തി ഭാഷാനൈപുണികൾ പര മാവധി കാര്യക്ഷമതയോടെ നേടുന്നതിന് കുട്ടികളെ പ്രാപ്തരാക്കുകയാണ് ഭാഷാസമഗ്രതാ ദർശനത്തിലൂന്നിയ ( 4.2.1) പഠനരീതിയൽ ചെയ്യുന്നത്. ഇതിന്റെ ഫലമായി സ്വതന്ത്രമായ ഭാഷാ വ്യവഹാരത്തിൽ ഫലപ്രദമായി ഏർപ്പെടുന്നതിനുള്ളകഴിവാണ് കുട്ടിയിൽ വളരുന്നത്. കേവ ലമായി എഴുത്തു പഠിക്കുക എന്നതാണ് ഭാഷാപഠനത്തിന്റെ താക്കോൽ എന്ന സമീപനത്തെ പുതിയ രീതി പൂർണമായും നിരാകരിക്കുന്നു. എല്ലാ ഭാഷാശേഷികളുടെയും സമഗ്രമായ വികാ സമാണ് ഇവിടെ ലക്ഷ്യമിടുന്നത്. 'തുടക്കത്തിൽ വൈവിധ്യമാർന്ന ശ്രവണ- ഭാഷണസന്ദർഭ ങ്ങളും പ്രാഗ് വായന-ലേഖനപ്രവർത്തനങ്ങളുമാണ് കുട്ടിക്ക് ലഭിക്കേണ്ടത്. ഭാഷാപരമായ പഠ നാനുഭവങ്ങൾക്കാണ് പ്രാമുഖ്യം വായന, പകർത്തിയെഴുത്ത്, ചോദ്യങ്ങൾക്കുത്തരം കണ്ടെത്താൻ എന്നിവയ്ക്കപ്പുറം പുനരാഖ്യാനം, ഭാവനാപരമായ സംഭാഷണങ്ങൾ, വിവരണങ്ങൾ എന്നിവ തയാറാക്കൽ, തലക്കെട്ട് നൽകൽ, അടിക്കുറിപ്പ് എഴുതൽ, കഥകളും കവിതകളും പൂരിപ്പിക്കൽ, പദകേളികൾ തുടങ്ങി ഭാഷാനൈപുണികളെ സമഗ്രമായി കാണുന്ന പഠനാനുഭവങ്ങൾ പാഠ്യപ ദ്ധതി നിർദേശിക്കുന്നു. കുട്ടിക്ക് ലഭിക്കേണ്ട ഭാഷാപരമായ ധാരാളം പ്രവർത്തനങ്ങൾ ചെയ്യുന്ന തിനുള്ള അവസരം പാഠപുസ്തകത്തിലുണ്ടാവണമെന്നും, വൈവിധ്യമാർന്ന സംസ്കാരം, തനിമ, ഭാഷാസമ്പത്ത് അതിന്റെ വാമൊഴി എന്നിവയും പഠനപ്രക്രിയയിൽ പരിഗണിക്കേണ്ടതുണ്ടെന്ന്

പാഠ്യപദ്ധതി നിർദേശിക്കുന്നു. കുട്ടിക്ക് ലഭിക്കേണ്ട ഭാഷാപരമായ ധാരാളം പ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള അവസരം പാഠപുസ്തകത്തിലുണ്ടാവണമെന്നും, വൈവിധ്യമാർന്ന സംസ്കാരം, തനിമ, ഭാഷാസമ്പത്ത് അതിന്റെ വാമൊഴി എന്നിവയും പഠനപ്രക്രിയയിൽ പരിഗണിക്കേണ്ടതുണ്ടെന്ന് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നു. ”

## വായനയുടെ രീതിശാസ്ത്രം

ശ്രവണ-ഭാഷണ നൈപുണികൾ സാമാന്യമായി സ്കൂളിൽ വരുന്നതിനു മുമ്പുതന്നെ കുട്ടി സ്വാഭാവികമായി നേടിയിട്ടുണ്ട്. എന്നാൽ വായന, ലേഖനം എന്നീ ശേഷികളിൽ മുന്നനുഭവമില്ല. വായനയുടെ രീതി, ലക്ഷ്യം എന്നിവ പാഠ്യപദ്ധതിരേഖയിലും അധ്യാപകസഹായിയിലും വ്യക്തമാക്കുന്നുണ്ട്. “ലിപിയെ ശബ്ദമാക്കി മാറ്റുന്ന പ്രക്രിയയല്ല മറിച്ച് ആശയം ഗ്രഹിച്ചെടുക്കുന്ന പ്രക്രിയയാണ് വായന എന്ന സമീപനം വായനപരിശീലനത്തിന്റെ തുടക്കം മുതൽ പരിഗണിക്കുന്നുണ്ട്. അതിനാൽ ഒറ്റപ്പെട്ട അക്ഷരങ്ങളുടെ ഉച്ചാരണത്തിൽ തുടങ്ങുന്ന സമ്പ്രദായം ഉപേക്ഷിക്കേണ്ടിവരുന്നു. കുട്ടി ആദ്യം നടത്തുന്ന വായനാപ്രവർത്തനം തന്നെ അർത്ഥപൂർണമാവണം.”

വായനക്കായി നൽകുന്നസാമഗ്രി കുട്ടിക്ക് താല്പര്യമുണർത്തുന്നതും പ്രിയങ്കരവുമായിരിക്കണം. ഒന്നാം ക്ലാസിൽ സ്വന്തം പേര്, കൂട്ടുകാരുടെയും വീട്ടുകാരുടെയും പേരുകൾ, പരിചിതമായ സ്ഥലനാമങ്ങൾ എന്നിവയൊക്കെ വായനയ്ക്കായി നൽകാം.”

## എഴുത്തിലേക്ക്

അർഥപൂർണമായ എഴുത്ത്: “എഴുത്തിലും അർഥപൂർണമായ തുടക്കമാണ് ആവശ്യം. ആശയവിനിമയ പ്രക്രിയയുടെ ഭാഗമായിത്തന്നെ എഴുത്ത് ആരംഭിക്കണം. എഴുത്തിന്റെ മുന്നോടിയായി പ്രാക്-ലേഖനപ്രവർത്തനങ്ങൾ നടന്നിരിക്കണം. കുട്ടിയുടെ താല്പര്യം ഇഷ്ടം എന്നിവ പരിഗണിച്ചു വേണം എഴുത്ത്. തുടർന്ന് പാഠപുസ്തകത്തിലെ വായനയും അതിനുശേഷം എഴുത്തും തുടങ്ങാം. എല്ലാ കുട്ടികളും ഒരേ പദങ്ങൾ തന്നെ ആദ്യം എഴുതണമെന്ന് നിർബന്ധമില്ല. വായനയും എഴുത്തും പരസ്പരം ബന്ധപ്പെട്ട പ്രവർത്തനങ്ങളാകയാൽ അവ ഒരുമിച്ച് ആരംഭിക്കാം. അപ്പോൾ ലിപിയും ശബ്ദവും  പരസ്പരം ബന്ധിപ്പിക്കാൻ കുട്ടികൾക്കാവും. വ്യത്യസ്ത പദങ്ങളിൽ ഒരേ അക്ഷരം ആവർത്തിച്ചു വരുമ്പോൾ ആ അക്ഷരങ്ങളെ പ്രത്യേകമായി തിരിച്ചറിയാനാവും.

യൂണിറ്റിന്റെ ആദ്യഭാഗത്ത് ചർച്ച ചെയ്ത മഴയുമായി ബന്ധപ്പെട്ട ആശയങ്ങൾ ഉൾക്കൊള്ളുന്ന പാഠഭാഗത്ത് മഴ എന്ന് വിവിധ സന്ദർഭങ്ങളിൽ ആവർത്തിച്ചു വരുന്ന രീതി ശ്രദ്ധിച്ചല്ലോ ? ഇതിന്റെ തുടർച്ചയായി  മഴ ,മല  എന്നീ പദങ്ങൾ കാണുമ്പോൾ മ എന്ന അക്ഷരം മനസ്സിൽ ഉറപ്പിക്കുകയും മഴ യിലെ അവസാന അക്ഷരത്തിന്റെ  ശബ്ദവും ,മല എന്ന പദത്തിലെ അവസാന അക്ഷര ശബ്ദവും താരതമ്യം ചെയ്യുകയും ചെയ്യും. ല എന്ന അക്ഷരത്തിനും ,ഴ എന്ന അക്ഷരത്തിനും കൂടുതൽ തെളിവുകൾ ലഭിക്കുന്നതിലൂടെ ആ അക്ഷരങ്ങളും കുട്ടി സ്വായത്തമാക്കും. ഇങ്ങനെ അക്ഷര ങ്ങൾ  ചേർത്ത് പുതിയ പദങ്ങൾ നിർമ്മിക്കുകയും അങ്ങനെ അർത്ഥത്തെ ഉപേക്ഷിക്കാതെത്തന്നെ അക്ഷരബോധത്തിലേക്കു് എത്തിച്ചേരുന്ന ആശയാവത രണരീതിയാണ് ഇന്ന് നാം സ്വീകരിക്കുന്നത്. അക്ഷരബോധം ലഭിക്കുന്നതോടൊപ്പം അതിന്റെ ആലേഖന രീതിയും (ട്രൈസല)  ഈ സന്ദർഭത്തിൽ പരിചയപ്പെടുത്തണം. അധ്യാപികയുടെ എഴുത്ത് രീതി സൂക്ഷ്മമായി നിരീക്ഷിക്കാൻ അവസരം നൽകണം. ആദ്യഘട്ടത്തിൽ കുട്ടി  ചിലപ്പോൾ സ്വന്തം രീതിയിലാണ് അക്ഷരങ്ങൾ രൂപപ്പെടുത്തുന്നത്.കുറ്റപ്പെടുത്തലിനു പകരം അത്

പരിഗണിച്ച് കൂടുതൽ നല്ല രീതിയിലേക്ക് നയിക്കാനാവും. ഒരേ അക്ഷരം തന്നെ വ്യത്യസ്ത ഭാഷയിൽ എഴുതിനോക്കു. ഓരോന്നും വ്യത്യസ്തരീതിയിലാണ് എഴുതുന്നതെന്ന് ബോധ്യപ്പെടും. മലയാളത്തിന്റെ രീതി എന്താണ്. ഒരക്ഷരം തുടങ്ങിയാൽ പൂർത്തിയായല്ലെ നാം നിർത്തുന്നുള്ളു. വേഗത്തിലെഴുതാൻ ഇത് സഹായിക്കുന്നുണ്ടോ എന്ന് ചർച്ചചെയ്യൂ.

## റഫറൻസ്


1. വിദ്യാഭ്യാസ പരിവർത്തനത്തിനൊരാമുഖം കേരളശാസ്ത്ര സാഹിത്യപരിഷത്ത്
2. മലയാള ഭാഷാധ്യാപനം : എരുമേലി പരമേശ്വരൻ പിള്ള
3. കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007- SCERT
4. വിവിധ ഗവേഷണ റിപ്പോർട്ടുകൾ

യൂണിറ്റ് 2

# നമ്മുടെ ഭാഷ-കവിതയും കവിതാബോധനവും

സമയം 22 മണിക്കൂർ

മലയാളസാഹിത്യത്തിലെ ഒരു പ്രധാന ശാഖയാണ് കവിത. മലയാളസാഹിത്യത്തെക്കുറിച്ച് പഠിക്കുന്നവർ കവിതാസാഹിത്യത്തിന്റെ പ്രാധാന്യം അറിയാതെ പോകരുത്. ശ്രേഷ്ഠഭാഷയായ മലയാളത്തിന് ആയിരത്തിയഞ്ഞൂറു വർഷത്തിലധികം പഴക്കമുണ്ട്. സംഘകാലസാഹിത്യത്തിൽ തുടങ്ങി രാമചരിതത്തിലൂടെയും കണ്ണശ്ശകൃതികളിയൂടെയും മണിപ്രവാളകൃതികളിലൂടെയും വിവിധ കാലഘട്ടങ്ങളിലെ കവിത്രയങ്ങളിലൂടെയും വളർന്നുവന്ന് ഇന്നത്തെ അവസ്ഥയിലെത്തിയിരിക്കുന്നു. ഈ വളർച്ചയിലെ പ്രധാന നാഴികക്കല്ലുകൾ തിരിച്ചറിഞ്ഞ് ധാരണ നേടുന്നതോടൊപ്പം കവിതാധ്യാപനരീതിയെക്കുറിച്ച് ആഴത്തിലുള്ള ധാരണ നേടുകയും വേണം. ഈ കാഴ്ചപ്പാടിന് അനുയോജ്യമായ രീതിയിലാണ് 'കവിതയും കവിതാബോധനവും' എന്ന ഈ അധ്യായം തയാറാക്കിയിരിക്കുന്നത്.

## പ്രാചീനകവിത്രയം

### യൂണിറ്റിന്റെ പഠനനേട്ടങ്ങൾ

- വിവിധ കാലഘട്ടങ്ങളിലെ മലയാളകവിതകൾ ആസ്വദിക്കുകയും അവയുടെ പ്രമേയം ഭാഷ, ആവിഷ്കാരരീതി എന്നിവ തിരിച്ചറിയുകയും ചെയ്യുന്നു.
- ഗാഥ, കിളിപ്പാട്ട്, തുള്ളൽ, വഞ്ചിപ്പാട്ട് തുടങ്ങിയ പ്രസ്ഥാനങ്ങളെക്കുറിച്ച് തിരിച്ചറിയുന്നു.
- പുതിയ കവിതകൾ കണ്ടെത്തി ആസ്വദിക്കുകയും സവിശേഷതകൾ സ്വാംശീകരിക്കുകയും ചെയ്യുന്നു.
- കവിതാബോധനത്തിന്റെ സമീപനങ്ങൾ തിരിച്ചറിഞ്ഞ് വിമർശനാത്മകമായി വിലയിരുത്തുന്നു.

### യൂണിറ്റിലെ പ്രധാനാശയങ്ങൾ

- മലയാളകവിതയ്ക്ക് സമ്പന്നമായ ഒരു പാരമ്പര്യമുണ്ട്.
- ചെറുശ്ശേരിയുടെ കൃഷ്ണഗാഥ ഭാഷാപരമായി നിരവധി മികവുകളുള്ള കൃതിയാണ്.
- കൃഷ്ണഗാഥയുടെ രചനയ്ക്ക് കോലത്തിരിയുമായി ബന്ധപ്പെട്ട് ഐതിഹ്യമുണ്ട്.
- കൃഷ്ണഗാഥ മഞ്ജരീവൃത്തത്തിൽ എഴുതപ്പെട്ടതാണ്.
- ഗ്രാമീണപദങ്ങൾ, പ്രാദേശികപദങ്ങൾ, ചുരുക്കം സംസ്കൃതപദങ്ങൾ, ലളിതമായ പദവിന്യാസം എന്നിവ കൃഷ്ണഗാഥയുടെ പ്രത്യേകതകളാണ്.
- ഉത്പ്രേക്ഷാലങ്കാരത്തിന്റെ പ്രയോഗങ്ങൾ കൃഷ്ണഗാഥയെ മനോഹരമാക്കുന്നു.
- ശ്രീകൃഷ്ണന്റെ ജനനം മുതൽ സ്വർഗാരോഹണം വരെയുള്ള കഥയാണ് ഇതിവൃത്തം.
- തനിമലയാളത്തിലുള്ള ആദ്യകൃതി.

- ഭാഷാപിതാവായ എഴുത്തച്ഛന്റെ കൃതികൾ മലയാളഭാഷയുടെ അമൂല്യനിധികളാണ്.
- തത്വചിന്ത, ജീവിതവീക്ഷണം, ഭക്തി, ഉപദേശങ്ങൾ എന്നിവയാൽ സമ്പന്നമാണ് എഴുത്തച്ഛന്റെ കൃതികൾ.
- കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായി ഇദ്ദേഹത്തെ പരിഗണിക്കാം.
- വർണ്ണനകളും അലങ്കാരങ്ങളുംകൊണ്ട് സമൃദ്ധമാണ് എഴുത്തച്ഛന്റെ രചനകൾ.
- ഭക്തി സാമൂഹ്യമാറ്റത്തിനുള്ള ഉപാധിയാക്കി മാറ്റിയ കവിയാണ് എഴുത്തച്ഛൻ.
- സംസ്കൃതപദങ്ങൾ മലയാളരീതിയിലേക്കു മാറ്റി, അക്ഷരമാല രൂപപ്പെടുത്തി ...തുടങ്ങിയവ എഴുത്തച്ഛന്റെ ഭാഷാസംഭാവനകളാണ്.
- കുഞ്ചൻനമ്പ്യാർ ആദ്യത്തെ ജനകീയകവിയാണ്.
- തുള്ളൽപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാണ്.
- തുള്ളൽപ്രസ്ഥാനത്തിന്റെ ആവിർഭാവവുമായി ബന്ധപ്പെട്ട് ഐതീഹ്യമുണ്ട്.
- വർണ്ണനകളും അലങ്കാരങ്ങളുംകൊണ്ടു സമ്പന്നമാണ് തുള്ളൽകൃതികൾ.
- വിമർശനത്തിലൂടെയും പരിഹാസത്തിലൂടെയും സമൂഹത്തെ നന്നാക്കാൻ ശ്രമിച്ചു.
- ഫലിതം, പരിഹാസം, സാമൂഹ്യവിമർശനം, പഴഞ്ചൊല്ലുകളുടെ ഉചിതമായ പ്രയോഗം.
- മലയാളത്തിലെ ദൃശ്യങ്ങളും അനുഭവങ്ങളും സ്വർഗത്തിന്റെ പശ്ചാത്തലമാക്കി.

ഇവയെല്ലാം നമ്പ്യാർകൃതികളുടെ സവിശേഷതയാണ്.

**താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

- *മലയാളഭാഷയുടെ പിതാവ് എന്നറിയപ്പെടുന്നതാര്?*
- *അദ്ദേഹത്തെ ഭാഷാപിതാവ് എന്നു വിളിക്കുന്നതെന്തുകൊണ്ട്?*
- *കുഞ്ചൻനമ്പ്യാരെ ജനകീയകവി എന്നു വിളിക്കുന്നതെന്തുകൊണ്ട്?*
- *കൃഷ്ണഗാഥയിലെ ഭാഷാപരമായ പ്രത്യേകതകൾ എന്തെല്ലാം?*

അധ്യാപകരെന്ന നിലയിൽ മുകളിൽ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം അറിഞ്ഞിരിക്കേണ്ടത് ആവശ്യമല്ലേ?

താഴെ തന്നിരിക്കുന്ന ഭാഗം വായിച്ചു നോക്കൂ.

**ചെറുശ്ശേരി**

*''മലയാളഭാഷയിലെ മഹനീയങ്ങളായ കാവ്യങ്ങളിൽ അഗ്രിമസ്ഥാനം അർഹിക്കുന്ന കൃതിയാണ് കഷ്ണഗാഥ''- മഹാകവി ഉള്ളൂർ*

കൃഷ്ണഗാഥയുടെ രചനയെപ്പറ്റിയുള്ള ഐതിഹ്യം വളരെ പ്രസിദ്ധമാണ്. ചെറുശ്ശേരിയും കോലത്തിരി രാജാവും ചതുരംഗം കളിച്ചുകൊണ്ടിരിക്കെ രാജാവു പരാജയപ്പെടുമെന്ന അവസ്ഥയിലെത്തി. ഇതു ശ്രദ്ധിച്ച രാജ്ഞി കുട്ടിയെ താരാട്ടുപാടി ഉറക്കുന്ന രീതിയിൽ

ഉന്തുന്തുന്തുന്തുന്തുന്തുന്തു ന്തുന്തുന്തു

ന്തുന്തുന്തുന്തുന്തുന്താളെയുന്ത് എന്ന് പാടുകയും കാര്യം മനസ്സിലായ രാജാവ് ആളെ നീക്കുകയും കളി ജയിക്കുകയും ചെയ്തു. ഇതേ താരാട്ടുപാട്ടിന്റെ രീതിയിൽ കൃഷ്ണനെപ്പറ്റിയുള്ള കാവ്യം രചിക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് ചെറുശ്ശേരി രചിച്ചതാണ് കൃഷ്ണഗാഥ എന്നുമാണ് ഈ ഐതിഹ്യം. ഇത് എത്രമാത്രം ശരിയാണെന്നു പറയാൻ കഴിയില്ലെങ്കിലും ഈ വാദത്തിനു യോജിക്കുന്ന ചില വരികൾ കൃഷ്ണഗാഥയിലുണ്ട്.

“പാലാഴിമാതുതാൻ പാലിച്ചു പോരുന്ന
കോലാധിനാഥനുദയവർമ്മൻ
ആജ്ഞയെച്ചെയ്കയാലജ്ഞനായുള്ള ഞാൻ
പ്രാജ്ഞനെന്നിങ്ങനെ ഭാവിച്ചിപ്പോൾ”
എന്നു ഗ്രന്ഥാരംഭത്തിലും
“ആജ്ഞയാ കോലഭൂപസ്യ
പ്രാജ്ഞസ്യോദയവർമ്മണഃ
കൃതായാം കൃഷ്ണഗാഥായാം
കൃഷ്ണസ്വർഗതിരീരിതാ”
എന്ന് ഗ്രന്ഥാവസാനത്തിലും കാണുന്നുണ്ട്.

ഇതുകൊണ്ടുതന്നെ കവി കോലത്തുനാട്ടിലെ രാജാവായിരുന്ന ഉദയവർമ്മന്റെ സമകാലിക നായിരുന്നു എന്നു പറയാം.

ചെറുശ്ശേരി എന്നതു കവിയുടെ പേരാണെന്നും കവിയുടെ ഇല്ലപ്പേരാണെന്നും അഭിപ്രായ വ്യത്യാസമുണ്ട്. ഇദ്ദേഹത്തിന്റെ ജീവിതകാലത്തെക്കുറിച്ചും അഭിപ്രായവ്യത്യാസങ്ങളുണ്ട്. ഉദയവർമ്മൻ കോലത്തുനാട് ഭരിച്ചത് കൊ.വ 621 മുതൽ 650 വരെയാണ്.

ശ്രീമഹാഭാഗവതം ദശമസ്കന്ധത്തെ അവലംബിച്ച് രചിച്ച കൃഷ്ണഗാഥയിൽ ശ്രീകൃഷ്ണന്റെ ജനനം മുതൽ സ്വർഗാരോഹണം വരെയുള്ള കഥയാണുള്ളത്.

ഗാഥ എന്ന പദത്തിനു ഗാനം എന്നാണ് അർഥം.

**ഭാഷ**

ലളിതവും ശുദ്ധവുമായ മലയാളപദങ്ങളാണ് കാവ്യരചനയ്ക്ക് ഉപയോഗിച്ചിരിക്കുന്നത്. ഇന്നു മലയാളത്തിൽ കാണാത്ത തരത്തിലുള്ള ഗ്രാമീണപദങ്ങളുടെ പ്രയോഗങ്ങളും കൃഷ്ണഗാഥയെ ആകർഷകമാക്കുന്നു. ഇതോടൊപ്പംതന്നെ അത്യാവശ്യമുള്ളിടങ്ങളിൽ സംസ്കൃതത്തിലെയും തമിഴിലെയും സുന്ദരങ്ങളായ പദങ്ങൾ ഉപയോഗിക്കാനും അദ്ദേഹം മടിച്ചിട്ടില്ല. സാധാരണക്കാർക്ക് പെട്ടെന്നു മനസ്സിലാക്കാൻ കഴിയുന്ന ഭാഷയാണെന്നതും കൃഷ്ണഗാഥയെ എഴുത്തച്ഛന്റെയും നമ്പ്യാരുടെയും കൃതികളിൽനിന്നും വേറിട്ടു നിർത്തുന്നു. പിന്നീട് എഴുത്തച്ഛൻ സൃഷ്ടിച്ചെടുത്ത സംസ്കൃതത്തിനു പ്രാധാന്യം നൽകുന്ന മലയാളഭാഷയ്ക്കു മുമ്പുള്ള തനി മലയാള കൃതിയാണ് കൃഷ്ണഗാഥയെന്ന് നിസ്സംശയം പറയാം.

'ഇന്ദിരാനേരൊത്ത സുന്ദരിയിങ്ങനെ
മന്ദിരം തന്നിലിരിക്കും കാലം

മാലോകരന്നന്നു വന്നുവന്നോതുന്ന
മാധവൻ തന്നുടെ കാന്തിയെല്ലാം
കേട്ടുകേട്ടൻപോടു മാനസം പോയങ്ങു
ചാട്ടം തുടങ്ങീതു നാളിൽനാളിൽ'

രുഗ്മിണീസ്വയംവരം

## അലങ്കാരകല്പനകൾ

മനോഹരമായ അലങ്കാരകല്പനകൾകൊണ്ടു സമൃദ്ധമാണ് കൃഷ്ണഗാഥ. 'ഉപമാ കാളിദാസസ്യ' എന്നു പറയുന്നതുപോലെ 'ഉത്പ്രേക്ഷാ കൃഷ്ണഗാഥായാം' എന്നൊരു ചൊല്ലുതന്നെയുണ്ട്. ഉപമ, ഉത്പ്രേക്ഷ തുടങ്ങിയ അലങ്കാരങ്ങൾ ഈ കൃതിയിൽ ധാരാളമായി കാണാം.

പൂതന, കൃഷ്ണന്റെ അടുത്തു ചെല്ലുന്നത് ഗരുഡന്റെ സമീപത്തു പാമ്പ് ചെല്ലുന്നതുപോലെയാണ്. രത്നമെന്നു വിചാരിച്ച് അഗ്നിയെ തൊടുംപോലെയാണ് അവൾ കൃഷ്ണനെ തൊട്ടത്. കയറെന്നു വിചാരിച്ച് പാമ്പിനെയെടുക്കുംപോലെയാണ് കൃഷ്ണനെ ചെന്നെടുക്കുന്നത്.

കൃഷ്ണൻ പൂതനയെ നോക്കിയത്

'മസ്തകമേറിന കേസരിവീരൻ താൻ
മത്തേഭം തന്നുടൽ നോക്കുംപോലെ'യാണ്.

മരിച്ചുവീഴുന്ന പൂതനയെ വർണിക്കുന്നത് ഇങ്ങനെയാണ്.

'ഉമ്പർകോൻ ചെന്നിട്ടു പക്ഷമറുക്കയാൽ
വമ്പറ്റുവീണൊരു ശൈലംപോലെ.'

## ഫലിതവും പരിഹാസവും

ഫലിതപരിഹാസങ്ങൾകൊണ്ടു സമ്പന്നമാണ് കൃഷ്ണഗാഥ.

രുഗ്മിമിണീസ്വയംവരത്തിൽ സ്വയംവരസദസ്സിലേക്കു വന്ന വന്ന രുഗ്മിണിയെ കണ്ട രാജാക്കന്മാരുടെ അവസ്ഥ വർണിക്കുന്നതിങ്ങനെയാണ്.

വീടിക വാങ്ങുവാനോങ്ങുന്ന മന്നവൻ
വീടിക തൻകയ്യിൽ വാങ്ങുന്നേരം
കേടറ്റ നാരിതന്നാനനം കാൺകയാൽ
കേവലമങ്ങനെ നിന്നുപോയാൻ.
ചേലതാൻ പൂണ്ടു ചെവ്വല്ലായാഞ്ഞിട്ടു
ചാലത്തുനിന്നങ്ങു പൂണ്മതിന്നായ്
ചേല ഞെറിഞ്ഞു തുടങ്ങിന നേരത്തു
ബാലിക വന്നതു കാൺകയാലെ
കൈകൊണ്ടുനിന്നൊരു ചേലയമായിട്ടു

മൈക്കണ്ണിതന്നെയും നോക്കിനോക്കി
നിന്നുവിളങ്ങിനാനന്യനായുള്ളൊരു

മന്നവൻ പണ്ടു പിറന്നപോലെ.
'മാനിനി തന്നുടെ മേനി നിവർന്നപ്പോൾ
മാരന്നു വില്ലു വളഞ്ഞു ചെമ്മേ.'
'തീക്കും തന്നുള്ളിലേ തോന്നിത്തുടങ്ങീതേ
തീക്കായ വേണമെനിക്കുമെന്ന്.'

## വാങ്മയചിത്രം

ആകർഷകമായ വാങ്മയചിത്രം വരയ്ക്കുന്നതിൽ സമർഥനാണ് ചെറുശ്ശേരി. ശ്രീകൃഷ്ണനുമായുള്ള തന്റെ പ്രണയം മനസ്സിലാക്കാതെ ചൈദ്യനു തന്നെ നല്കാനുള്ള തീരുമാനമറിഞ്ഞ രുഗ്മിണിയുടെ അവസ്ഥ അവതരിപ്പിച്ചരിക്കുന്നതിങ്ങനെയാണ്.

'നാലഞ്ചുനാളുണ്ടു പാലഞ്ചും വാണിതൻ
കോലം മെലിഞ്ഞു തുടങ്ങീതിപ്പോൾ
രമ്യമായുള്ളതൊന്നുമേ കാണുമ്പോ
ളുന്മേഷം കാണുന്നതില്ല ചെമ്മേ.
വീണയെക്കൊണ്ടുള്ള ഗാനവും മാറിതാ -
യൂണും കുറഞ്ഞു തുടങ്ങീതായി
കണ്ണാടിവെന്ന കവിൾത്തടം തന്നെയും
തിണ്ണം വിളർത്തുണ്ടു കാണാകുന്നു.'

## ഗാഥാവൃത്തം

ഭാഷാവൃത്തമായ മഞ്ജരിയിലാണ് കൃഷ്ണഗാഥ രചിച്ചിട്ടുള്ളത്. കഥാകഥനത്തിന് അനുയോജ്യമായതും ചൊല്ലാൻ എളുപ്പവുമായ വൃത്തമാണിത്. താരാട്ടുപാട്ടിന്റെ ഈ രീതിതന്നെയാണ് കൃഷ്ണഗാഥയുടെ ആസ്വാദ്യതയ്ക്ക് ഒരു കാരണം.

കൃഷ്ണഗാഥയുമായി ബന്ധപ്പെട്ട കൂടുതൽ ധാരണ നേടുന്നതിനായി ഡോ. കെ.എം ജോർജ് എഡിറ്റു ചെയ്ത് പ്രസിദ്ധപ്പെടുത്തിയ 'സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ' എന്ന ഗ്രന്ഥം വായിക്കുക.

കൂടുതൽ ആശയധാരണയ്ക്ക്

- സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ - എ.ഡി. ഡോ. കെ.എം. ജോർജ്
- കൈരളിയുടെ കഥ
- മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ

**തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻ**

*ചുരുക്കം ചില ഗ്രന്ഥങ്ങൾ 'എന്നെക്കാൾ എത്രയോ മടങ്ങ് മഹത്വമുണ്ട്, എനിക്കു ജന്മം തന്ന മനുഷ്യന് ' എന്ന് നമ്മോട് വ്യംഗ്യഭാഷയിൽ വിജ്ഞാപനം ചെയ്യാറുണ്ട്. എഴുത്തച്ഛന്റെ കൃതികളിലൂടെ കടന്നുപോകുമ്പോൾ നാം ആ വിജ്ഞാപനം മുഴങ്ങിക്കേൾക്കുന്നു.*

**എൻ.കൃഷ്ണപിള്ള**

*ഈ പ്രസ്താവം എത്രമാത്രം സാധുതയുള്ളതാണെന്നു മനസ്സിലാക്കണമെങ്കിൽ, എഴുത്തച്ഛന്റെ കവിതയെ മഹത്വശോഭമാക്കുന്ന കാവ്യബാഹ്യമായ ഘടകങ്ങളെപ്പറ്റി കാലം, ദേശം, ഭാഷ എന്നിവയോടു ബന്ധപ്പെട്ട ആ ഘടകങ്ങളെപ്പറ്റി സാമാന്യമായ അറിവുണ്ടാവണം; ആ അറിവുണ്ടായാലും പോരാ, അതിന്റെ പശ്ചാത്തലത്തിൽ ഈ കൃതികളെ വിലയിരുത്താൻകൂടി കഴിയണം. ഒന്നാമതായി കാലദേശങ്ങളെ സംബന്ധിച്ച കാര്യങ്ങൾ: ചരിത്രത്തിലെ സുവർണയുഗങ്ങളിൽ ജീവിച്ചിരുന്ന ചില കവികളെക്കുറിച്ച് നാം കേട്ടിട്ടുണ്ട്. എന്നാൽ, എഴുത്തച്ഛൻ ജീവിച്ചിരുന്ന പതിനാറാംനൂറ്റാണ്ട് പല നിലയ്ക്കും കേരളത്തിനു കഷ്ടകാലമായിരുന്നു. ഈ സ്ഥിതിവിശേഷത്തെ മുതലെടുത്ത വിദേശശക്തികൾ, കേരളീയരെ തമ്മിൽത്തല്ലി നശിക്കുക എന്ന ദുരന്തമുനമ്പിലേക്കു നയിക്കുന്ന കാലമായിരുന്നു അത്. അന്ന് കേരളത്തിലെ ജനതയെ മാനസികമായും സാംസ്കാരികമായും പുനരേകീകരിച്ച ഒരു ശക്തിസ്രോതസ്സായിട്ടാണ് എഴുത്തച്ഛന്റെ കവിത അവതരിച്ചത്. അദ്ദേഹം ജീവിച്ചിരുന്ന തിരൂരിനു വളരെയകലെയല്ലാത്ത തിരുനാവായയിൽ ഓരോ രാജാക്കൾക്കുവേണ്ടി ചാവേർപ്പടയാളികൾ തമ്മിൽ വെട്ടിയും കൊന്നും വീരമൃത്യു വരിച്ചിരുന്നു; ഒരർഥത്തിൽ കേരളത്തിന്റെ ഐക്യമാണിവിടെ ദീനമൃത്യു വരിച്ചുകൊണ്ടിരുന്നത്; എന്നാൽ മന്ത്രശക്തിയാർന്ന സ്വന്തം കവിതകൊണ്ട് കേരളത്തെ ഏകീകരിക്കുകയായിരുന്നു നിസ്വനും പരമസാത്വികനും ജഗത് സ്നേഹധനനുമായിരുന്ന തുഞ്ചത്തു രാമാനുജനെന്ന ഈ കവി. അദ്ദേഹത്തിന്റെ കവിതകൊണ്ടുണ്ടായ നേട്ടം ഒരു തരത്തിൽ കവിതാബാഹ്യമാണെന്നു പറയണം. അത് എഴുത്തച്ഛനെ സ്വന്തം കവിതയെക്കാൾ വലിപ്പമുള്ള മനുഷ്യനാക്കി.*

**ഒ.എൻ.വി. കുറുപ്പ്**

പല കാരണങ്ങളാലും കേരളത്തിലെ സാസ്കാരികരംഗം തകർച്ച നേരിട്ടുകൊണ്ടിരുന്ന കാലത്താണ് എഴുത്തച്ഛൻ കവിതാരചന നടത്തിയത്.

- പോർച്ചുഗീസുകാർ, ഡച്ചുകാർ തുടങ്ങിയ യൂറോപ്യൻശക്തികളുടെയും അറബികളുടെയും മതപരിവർത്തനശ്രമങ്ങൾ തീവ്രമായി നടത്തിയിരുന്നതുകൊണ്ട് ഹൈന്ദവരിൽ പൊതുവെ അസ്വസ്ഥത നിലനിന്നിരുന്നു.
- അധികാരം പിടിച്ചെടുക്കാനും നിലനിർത്താനും വേണ്ടി കേരളത്തിലെ നാട്ടുരാജാക്കന്മാർ തമ്മിൽ നടത്തിയിരുന്ന യുദ്ധങ്ങൾ ജനങ്ങളെയും സാമ്പത്തികരംഗത്തെയും ബാധിച്ചു.
- ഉന്നതന്മാരിൽ നിലനിന്ന ജീർണിച്ച ജീവിതസംസ്കാരം ആധ്യാത്മികമൂല്യങ്ങളെയും ധാർമ്മിക മൂല്യങ്ങളെയും നശിപ്പിച്ചുകൊണ്ടിരുന്നു.
- ഈ സാഹചര്യത്തിൽ നിന്ന് മനുഷ്യൻ കരകയറണമെങ്കിൽ ഭൗതികമായ മോഹങ്ങളിൽ നിന്നു മുക്തി പ്രാപിച്ചാൽ മാത്രമെ കഴിയൂ എന്നദ്ദേഹം വിശ്വസിച്ചു. അതിനായി ഈശ്വരചിന്തയിലും തത്ത്വോപദേശങ്ങളിലും അധിഷ്ഠിതമായ കാവ്യങ്ങളാണ് അദ്ദേഹം രചിച്ചത്.

*മലപ്പുറം ജില്ലയിലെ തിരൂരിനടുത്ത തുഞ്ചൻപറമ്പിലാണ് മലയാളഭാഷയുടെ പിതാവെന്നറിയപ്പെടുന്ന തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻ ജനിച്ചത്. എഴുത്തച്ഛന്റെ ജീവിതകാലത്തെക്കുറിച്ച് വ്യക്തമായ ധാരണയില്ല. കൊല്ലവർഷം 600 നും 700നും ഇടയിലാണ് അദ്ദേഹം ജീവിച്ചിരുന്നത് എന്നാണ് വിശ്വസിക്കുന്നത്. അധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട് മുതലായവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ. കൂടാതെ ഹരിനാമകീർത്തനം, ബ്രഹ്മാണ്ഡപുരാണം കിളിപ്പാട്ട്, വൈരാഗ്യചന്ദ്രോദയം, കൈവല്യനവനീതം, ഹരിനാമകീർത്തനം എന്നിവയും അദ്ദേഹത്തിന്റേതായി വിശ്വസിക്കപ്പെടുന്നു.*

## മലയാളഭാഷയ്ക്ക് എഴുത്തച്ഛന്റെ സംഭാവനകൾ

- സംസ്കൃതവും മലയാളവും തിരിച്ചറിയാവാനാവാത്ത വിധം ഇടകലർത്തി ഉപയോഗിക്കുന്ന ഭാഷാശൈലി രൂപപ്പെടുത്തി.
- മലയാളത്തിനു സ്വന്തമായി അക്ഷരമാല രൂപപ്പെടുത്തി.
- സംസ്കൃതപദങ്ങൾക്കൊപ്പം തനി മലയാളപദങ്ങളും കവിതയിൽ ഉപയോഗിച്ചു.
- കിളിപ്പാട്ടുപ്രസ്ഥാനത്തെ മികച്ച ഒരു സാഹിത്യശാഖയാക്കി മാറ്റി.
- തത്ത്വചിന്തയും ഈശ്വരചിന്തയും മനുഷ്യരെ നവീകരിക്കാനുള്ള ഉപാധികളാക്കിമാറ്റി.
- കവിത മനുഷ്യനവീകരണത്തിനുള്ള ഉപാധിയാക്കി.
- സാഹിത്യം ഭാഷാപരവും വൃത്തപരവുമായി തമിഴിന്റെയും സംസ്കൃതത്തിന്റെയും ചേരി വിട്ടു സ്വന്തമായ ഒരു പാത സൃഷ്ടിക്കുന്നതിൽ നേതൃത്വം വഹിച്ചു.
- സമുദ്രംപോലെ കിടക്കുന്ന പുരാണകാവ്യങ്ങളെ അനുയോജ്യമായ രീതിയിൽ ചുരുക്കിയെഴുതി.

## എഴുത്തച്ഛന്റെ വർണനകൾ

മഹാഭാരതത്തിലെ യുദ്ധവർണന നോക്കുക.
"പൊന്നണിഞ്ഞാനകൾ മുൾത്തടി കൈക്കൊണ്ടു
പൊന്നിൻമലകൾ നടക്കുന്നതുപോലെ
വെള്ളത്തിലെത്തിര തള്ളുന്നതുപോലെ
തള്ളിയലയ്ക്കുന്ന വെള്ളക്കുതിരകൾ"

**അർജുനനെ സ്നേഹിക്കുന്ന സുഭദ്ര തന്റെ മുന്നിലിരിക്കുന്ന സന്യാസി അർജുനനാണെന്നു തിരിച്ചറിയുന്ന സമയത്തെ വർണിച്ചരിക്കുന്നതു നോക്കൂ**

' മന്ദക്ഷഭാവംകൊണ്ടും പ്രേമാനുരാഗംകൊണ്ടും
സുന്ദരി സുഭദ്രയും കുമ്പിട്ടാളപ്പോൾത്തന്നെ;

കാൽവിരൽകൊണ്ടു ഭുവി വരച്ചു വരച്ചുടൻ
കോൾമയിർകൊണ്ടു ചെറ്റു വിറച്ചുവിറച്ചേറ്റം
നില്ക്കുന്ന സുഭദ്രയിൽ ചെല്ലുന്ന ചിത്തംതന്നെ
നില്ക്കെന്നു വിലക്കീട്ടു പിന്നെയും ചൊന്നാൻ പാർഥൻ'

**ശൈവചാപം ശ്രീരാമൻ മുറിച്ചപ്പോഴുള്ള സീതയുടെ അവസ്ഥ വർണിച്ചിരിക്കുന്നതിങ്ങനെ യാണ്.**

'ഇടിവെട്ടീടുംവണ്ണം വിൽമുറിഞ്ഞൊച്ച കേട്ടു
നടുങ്ങീ രാജാക്കന്മാരുരഗങ്ങളെപ്പോലെ
മൈഥിലി മയിൽപ്പേടപോലെ സന്തോഷം പൂണ്ടാൾ'

എഴുത്തച്ഛന്റെ യുദ്ധവർണന ഇപ്രകാരമാണ്.

'വാരണവീരൻ തലയറ്റു വില്ലറ്റു
വീരൻ ഭഗദത്തൻ തന്റെ തലയറ്റു
നാലാമതാനതൻ വാലുമരിഞ്ഞിട്ട
കോലാഹലത്തോടു പോയിതു ബാണവും.'

**യുദ്ധത്തിന്റെ ഭീകരതയും നഷ്ടങ്ങളും വർണിക്കുന്ന ഭാഗം**

കണ്ടീലയോ നീ മുകുന്ദാ ധരണിയി
ലുണ്ടായ മന്നരിൽ മുമ്പൻ ഭഗദത്തൻ
തൻകരിവീരന്നരികെ ധനുസ്സുമായ്
സംക്രന്ദനാത്മജനെയ്ത ശരത്തിനാൽ
വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവ!ശിവ!

. .......

എത്രയും ബാലയായ് മേവിനോരുത്തര
ചിത്തമുഴന്നലറുന്നതു കാൺക നീ.
സുന്ദരിയായ സുഭദ്രയും ഭൂമിയിൽ
ക്രന്ദനം ചെയ്തരുളുന്നതു കാൺക നീ.

**മറ്റു സഹായകഗ്രന്ഥങ്ങൾ**
കൈരളിയുടെ കഥ
മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ-

## തത്ത്വോപദേശങ്ങൾ

"അടവി മഴുകൊണ്ടു വെട്ടിയാലകച്ചീടും
കഠിനവാചാ വെട്ടി മുറിച്ചാലകച്ചീടാ;
നാരാചശല്യം ദേഹത്തിങ്കൽനിന്നെടുത്തിടാ
ക്രൂരവാക്ശല്യമെടുക്കും ചികിത്സകനില്ല."

"എട്ടുമാസവും പ്രവർത്തിക്കിലേ പുനരതി
വൃഷ്ടിമാസങ്ങൾ നാലും സുഖമായ് വസിക്കാവൂ
യൗവനത്തിങ്കൽ പ്രവർത്തിച്ചർഥമാർജിക്കിലേ
ചൊവ്വോടെ വാർധക്യത്തിൽ സുഖമായ് വസിക്കാവൂ."

## ഭക്തി

അടിയാരെക്കുറിച്ചൊരു കരുണയും
കഠിനദുഷ്ടരോടെഴുന്ന കോപവും
മടുമൊഴിമാരിൽ വളർന്ന രാഗവും
കലഹം കണ്ടൊരദ്ഭുതരസങ്ങളും
ചപലന്മാരൊടു കലർന്ന ഹാസവും
എതിരിടുന്നോർക്കു ഭയങ്കരത്വും
പലവുമിങ്ങനെ നവനവരസ
മിടയിടക്കൂടിക്കലർന്ന നേത്രവും
മകരകുണ്ഡലം പ്രതിബിംബിക്കുന്ന
കവിൾത്തടങ്ങളും മുഖസരോജവും
വിയർപ്പുതുള്ളികൾ പൊടിഞ്ഞ നാസിക,
സുമന്ദഹാസവുമധരശോഭയും
തുളസിയും നല്ല സരസിജങ്ങളും
ഇളതായീടിന തളിരുകളുമാ
യിടകലർന്നുടനിളകും മാലകൾ
തടയും മുത്തുമാലകളും കൗസ്തുഭ
മണിയും ചേരുന്ന ഗളവും ചമ്മട്ടി
പിടിച്ചൊരു കരതലവും കുങ്കുമം
മുഴുക്കെപ്പൂശിന തിരുമറുമാറും
നിറഞ്ഞ മഞ്ഞപ്പൂന്തുകിലും കാഞ്ചികൾ
പദസരോരുഹയുഗവുമെന്നുടെ
ഹൃദയം തന്നിലങ്ങിരിക്കുംപോലെയ
മ്മണി രഥം തന്നിലകം കുളുർക്കവെ
മണിവർണൻതന്നെ തെളിഞ്ഞുകണ്ടു ഞാൻ.

## കുഞ്ചൻനമ്പ്യാർ

പാലക്കാട് ജില്ലയിലെ ലക്കിടി കിള്ളിക്കുറിശ്ശിമംഗലത്ത് കലക്കത്തുഭവനത്തിലാണ് കുഞ്ചൻനമ്പ്യാർ ജനിച്ചത്. സാഹിത്യചരിത്രകാരനായ പി.ഗോവിന്ദപ്പിള്ളയുടെ അഭിപ്രായമനുസരിച്ച് എ.ഡി 1705 ലാണ് നമ്പ്യാർ ജനിച്ചത്. കേരളത്തിലെ ആദ്യത്തെ ജനകീയകവിയായും കവിത ചാട്ടവാറാക്കിയ കവിയായും കുഞ്ചൻനമ്പ്യാർ അറിയപ്പെടുന്നു.

കുഞ്ചൻനമ്പ്യാരുടെ സമകാലികന്മാരായിരുന്നു രാമപുരത്തുവാര്യരും ഉണ്ണായിവാര്യരും. ആട്ടക്കഥയിലും വഞ്ചിപ്പാട്ടിലും നിസ്തുലമായ സംഭാവനകൾ നല്കിയവരായിട്ടും കുഞ്ചൻനമ്പ്യാർക്കു ലഭിച്ചത്ര പ്രചാരം ഇവർക്കു ലഭിച്ചില്ല. തുള്ളൽകൃതികളുടെ പ്രത്യേകതകളാണ് ഇതിനു കാരണം.

## ഐതിഹ്യം

തുള്ളലിന്റെ ഉദ്ഭവത്തെക്കുറിച്ച് പറഞ്ഞുവരുന്ന ഒരു ഐതിഹ്യമുണ്ട്. ചാക്യാർകൂത്തിനു മിഴാവുകൊട്ടുന്ന ആളായിരുന്നു കുഞ്ചൻനമ്പ്യാർ. ഒരു ദിവസം മിഴാവ് കൊട്ടിക്കൊണ്ടിരിക്കെ നമ്പ്യാർ ഉറങ്ങിപ്പോയി. ഇതുകണ്ട ചാക്യാർ നമ്പ്യാരെ കണക്കിനു കളിയാക്കി. ഇതിൽ അപമാനം തോന്നിയ അദ്ദേഹം അടുത്ത ദിവസം കൂത്ത് നടക്കുന്ന സമയത്ത് തൊട്ടടുത്തു തന്നെ പുതിയ കലാരൂപം അവതരിപ്പിച്ചു.കല്യാണസൗഗന്ധികം തുള്ളലാണ് അന്ന് അദ്ദേഹം അവിടെ അവതരിപ്പിച്ചത്. ഒറ്റദിവസംകൊണ്ട് ഇത്തരമൊരു കലാരൂപം തയാറാക്കി അവതരിപ്പിക്കാൻ കഴിയുമോ എന്നറിയില്ല. എങ്കിലും ഈ ഐതിഹ്യം ഇന്നും നിലനിൽക്കുന്നു.

തുള്ളൽ മൂന്നുവിധം ഓട്ടൻതുള്ളൽ, പറയൻതുള്ളൽ, ശീതങ്കൻതുള്ളൽ

## നമ്പ്യാർകൃതികളുടെ സവിശേഷതകൾ

## വർണന

കേൾവിക്കാരന്/ വായനക്കാരന് വർണ്യവസ്തുവിന്റെ യഥാർഥചിത്രം ലഭിച്ചാലേ നമ്പ്യാർക്കു തൃപ്തിയാവൂ. സൗഗന്ധികപുഷ്പം തേടിപ്പോകുന്ന ഭീമസേനന്റെ മുന്നിൽ പ്രത്യക്ഷപ്പെടുന്ന ഹനുമാന്റെ വർണന നോക്കുക.

"മനംകൊണ്ടിങ്ങനെ ചിന്തിച്ചനങ്ങാതങ്ങൊരു മൂത്ത
കുരങ്ങിന്റെ വടിവായിച്ചമഞ്ഞു കൈകളുംകാലും
കുഴഞ്ഞു വാലുമക്കാലും മെലിഞ്ഞു കൈകളെക്കൊണ്ടു
ചൊറിഞ്ഞു രോമമെപ്പേരും കൊഴിഞ്ഞു മേനിയും ചുക്കി
ച്ചുളിഞ്ഞു കണ്ണിനു കാഴ്ച കുറഞ്ഞു പീളയും വന്നു
നിറഞ്ഞുതാൻ വഴിയിൽ ചെന്നുറച്ചു നേത്രവും ചിമ്മി
ശ്ശയിച്ചു മൂന്നുലോകങ്ങൾ ജയിച്ചുള്ള മഹാവീരൻ..."

## പഴഞ്ചൊല്ലുകളുടെ ഉപയോഗം

നമ്പ്യാർ തന്റെ രചനകളിൽ അലങ്കാരങ്ങളുടെ ഭാഗമായും അല്ലാതെയും ധാരാളം ചൊല്ലുകള് ഉപയോഗിച്ചിട്ടുണ്ട്. ഇവയില് പലതുമ് ഇപ്പോൾ പഴഞ്ചൊല്ലുകളുടെ ഭാഗമായിത്തീർന്നിരിക്കുന്നു.

"അച്ചിക്കു ദാസ്യപ്രവൃത്തി ചെയ്യുന്നവൻ
കൊച്ചിക്കു പോയങ്ങു തൊപ്പിയിട്ടീടണം."

"മുല്ലപ്പൂമ്പൊടിയേറ്റുകിടക്കും
കല്ലിനുമുണ്ടാമൊരു സൗരഭ്യം"

"കനകംമൂലം കാമിനി മൂലം
കലഹം ബഹുവിധമുലകിൽ സുലഭം"

"ദുഷ്ടു കിടക്കെ വരട്ടും വ്രണമതു
പൊട്ടും പിന്നെയുമൊരുസമയത്തിൽ"

"കാരസ്കരത്തിൽ കുരു പാലിലിട്ടാൽ
കാലാന്തരേ കയ്പു ശമിപ്പതുണ്ടോ?"

"കൂനൻ മദിക്കുകിൽ ഗോപുരം കുത്തുമോ?"

## ഫലിതം, സാമൂഹ്യവിമർശനം, പരിഹാസം

ഫലിതവും പരിഹാസവും നമ്പ്യാരുടെ പ്രത്യേകതകളാണ്. ഇവ കേവലമെന്നതിനപ്പുറം സാമൂഹ്യവിമർശനത്തിനുള്ള ഉപാധികൂടിയായിട്ടാണ് നമ്പ്യാർ കാണുന്നത്.

വഴിവിട്ട് സഞ്ചരിച്ച് കുടുംബം നശിപ്പിക്കുന്നവരെക്കുറിച്ച് പറഞ്ഞിരിക്കുന്നത്നോക്കുക

'നെല്ലുകൊടുത്തു കറുപ്പും തിന്നൊരു
കല്ലുകണക്കിനു കുത്തിയിരിക്കും.
കണ്ണുതുറക്കെന്നുള്ളതുമില്ലാ
പൊണ്ണന്മാർക്കൊരു ബോധവുമില്ല.
കിണ്ണം കിണ്ടികളിത്യാദികളിലൊ -
രെണ്ണം കണികാണ്മാനില്ലാതായയി.'

**സ്വേച്ഛാധിപതികളായ, രാജ്യതാല്പര്യമില്ലാത്ത  രാജാക്കന്മാരെക്കുറിച്ച് നമ്പ്യാർ പറയുന്നതിങ്ങനെയാണ്.**

"ഉണ്ണണമെന്നുമുറങ്ങണമെന്നും
പെണ്ണുങ്ങളൊടു രസിക്കണമെന്നും
കണ്ണിൽക്കണ്ട ജനങ്ങളെയെല്ലാ -
മെണ്ണിക്കൊണ്ടു ദുഷിക്കണമെന്നും
ഇത്തൊഴിലല്ലാതിപ്പരിഷയ്ക്കൊരു
വസ്തുവിചാരമൊരിക്കലുമില്ല."

ധനാശ മൂത്ത ബ്രാഹ്മണരെക്കുറിച്ച് പറയുന്നതു നോക്കുക.

"എഴുപത്തെട്ടു വയസ്സുകഴിഞ്ഞൊരു
കിഴവബ്രാഹ്മണനിത പോകുന്നു
ചുടുവെയിൽ തട്ടിച്ചുട്ട കഷണ്ടിയി
ലൊരുപിടി നെല്ലാൽ മലരുപൊരിക്കാം."

## കേരളീയത

നമ്പ്യാരുടെ മറ്റൊരു പ്രത്യേകത കേരളീയതയാണ്. പുരാണത്തിലെ രാജാക്കന്മാരും ദേവകളുമൊക്കെ തനികേരളീയരായാണ് അദ്ദേഹത്തിന്റെ കൃതികളിൽ പ്രത്യക്ഷപ്പെടുന്നത്.

അവരുടെ വേഷം, ആഘോഷം, കളികൾ, ഭക്ഷണം, ചടങ്ങുകൾ ഇവയൊക്കെ തനികേരളീയമാണ്. ഈ സംഭവങ്ങളെല്ലാം നടക്കുന്നതു  കേരളത്തിലെ ഏതെങ്കിലും സ്ഥലത്താണെന്നു നമുക്കു തോന്നും.

ഉദാ

പന്തുമാടുക, ചിന്തുപാടുക പകിടകളി ചതുരംഗവും
ചന്തമേറിന ചാക്കിയാരുടെ കൂത്തുമൊരുവക മേളവും

കണ്ണൻപഴവും വണ്ണൻപഴവും

കാളിപ്പഴവും കദളിപ്പഴവും

രണ്ടുവല്ലം നിറച്ചുള്ള പപ്പടത്തെപ്പൊടിച്ചിട്ട്
രണ്ടുകൊട്ടപ്പഴം കൂടിത്തൊലിച്ചിട്ടൊന്നമർത്തീട്ട്
അഷ്ടഗന്ധം പോലെയാക്കീട്ടൊട്ടു ശേഷിച്ചൊട്ടുതിന്നും
പട്ടരുണ്ണുന്നതുകണ്ടാൽ ഗോഷ്ഠിയല്ലാതൊന്നുമില്ല.

## പ്രധാന കൃതികൾ

കുഞ്ചൻനമ്പ്യാരുടെ എല്ലാ കൃതികളും പുരാണകഥകളെ അടിസ്ഥാനമാക്കി രചിക്കപ്പെട്ടവയാണ്. രാമായണം, മഹാഭാരതം, ഭാഗവതം എന്നിവയെ അടിസ്ഥാനമാക്കിയാണ് രചനകൾ നിർവഹിച്ചിട്ടുള്ളത്.

ശ്രീകൃഷ്ണചരിതം മണിപ്രവാളം, പഞ്ചതന്ത്രം, ശിവപുരാണം സൂതവാക്യം

മുപ്പത്തിയാറ് തുള്ളൽകൃതികളാണ് അദ്ദേഹം രചിച്ചിട്ടുള്ളത്. മറ്റുചില രചനകളുടെ കർത്തൃത്വവും അദ്ദേഹത്തിൽ ആരോപിക്കുന്നുണ്ടെങ്കിലും സാഹിത്യലോകം അതു പൂർണമായും അംഗീകരിച്ചിട്ടില്ല. മുപ്പത്താറു കൃതികളിൽ ഇരുപതെണ്ണം ഓട്ടൻതുള്ളലും എട്ടുവീതം പറയനും ശീതങ്കനുമാണ്.

നമ്പ്യാരുടെ ഭാഷ തനിസംസ്കൃതമോ മലയാളമോ ആയിരുന്നില്ല. ഭാഷാംശം കൂടുതലുള്ള മണിപ്രവാളശൈലിയാണ് അദ്ദേഹം സ്വീകരിച്ചത്.

“ഭടജനങ്ങടെ നടുവിലുള്ളൊരു പടയണിക്കിഹ ചേരുവാൻ

വടിവിയന്നൊരു ചാരുകേരളഭാഷതന്നെ ചിതംവരൂ” (സഭാപ്രവേശം)

കഥാപാത്രത്തിന്റെ നിലയും സംസ്കാരവും ജാതിയുമൊക്കെ പരിഗണിച്ചാണ് നമ്പ്യാർ വാക്കുകൾ തിരഞ്ഞെടുത്തിരുന്നത്. പട്ടർ പൊട്ടത്തമിഴിലും ഗോസായി ഹിന്ദുസ്ഥാനിയിലും തപസ്സിലേർപ്പെട്ട രാവണൻ സംസ്കൃതത്തിലുമാണ് സംസാരിക്കുന്നത്.

## ജാതീയതയ്ക്കെതിരെ

ജാതീയത കൊടികുത്തിവാണ അക്കാലത്തും താഴ്ന്ന ജാതിക്കാർക്കായി വാദിച്ചതു നമ്പ്യാരുടെ പ്രത്യേകതയാണ്. തുള്ളലിലെ ഒരു വിഭാഗംപോലും താഴ്ന്നജാതിയുടെ പേരിലാണ് (പറയൻ )അറിയപ്പെടുന്നത്. നമ്പ്യാരുടെ ചില പരാമർശങ്ങൾ നോക്കുക.

“ചണ്ഡാളൻ പറഞ്ഞാലും നല്ലതെങ്കിൽ ഗ്രഹിക്കേണം.
ചണ്ഡീശകടാക്ഷങ്ങളവനിലും ഭവിച്ചീടും.”

“പാക്കനാരുടെ വംശമാകിന പാൽക്കടൽക്കു പിറന്ന ഞാൻ
വാക്കിനാരൊടുമിന്നു കിഞ്ചന തോല്ക്കയില്ലതു നിശ്ചയം.”

ഇത്തരത്തിൽ മലയാളിമനസ്സുകളിലേക്കു ഇറങ്ങിവന്ന കുഞ്ചൻനമ്പ്യാരെ ആദ്യത്തെ ജനകീയകവിയെന്നു വിളിക്കുന്നതിൽ ഒട്ടും ശങ്കിക്കേണ്ടതില്ല.

## പ്രവർത്തനങ്ങൾ

- തന്നിരിക്കുന്ന ഭാഗങ്ങളും സഹായകഗ്രന്ഥങ്ങളും വായിച്ച് പ്രാചീനകവിത്രയത്തിന്റെ സാഹിത്യവും സാംസ്കാരികവുമായ സംഭാവനകൾ എന്ന വിഷയത്തിൽ സെമിനാർ നടത്തുക. (ഐ.ടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട്)

- തുള്ളൽ, കൃഷ്ണഗാഥ, അധ്യാത്മരാമായണം എന്നിവയിലെ ഭാഷയുടെ പ്രത്യേകതകൾ താരതമ്യം ചെയ്യുക.

അക്രൂരമായുള്ള മാനസം പൂണ്ടുള്ളോ -
രക്രൂരനാകിയ യാദവൻ താൻ
ചൊൽക്കൊണ്ടു നിന്നൊരു തേരിൽക്കരേറിയ -
ദ്ദിക്കിനെ നോക്കി നടന്നാനപ്പോൾ

*കൃഷ്ണഗാഥ*

ഉള്ളത്തിൽബ്ഭയമേറുക മൂലം
വെള്ളത്തിൽച്ചിലർ ചാടിയൊളിച്ചു.
വള്ളിക്കെട്ടുകൾ തോറും ചെന്നതി
നുള്ളിൽ പുക്കിതു പലജനമപ്പോൾ

*തുള്ളൽ*

വഹ്നിസന്തപ്തലോഹസ്താംബുബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം

*അധ്യാത്മരാമായണം കിളിപ്പാട്ട്*

- എഴുത്തച്ഛന്റെയും കുഞ്ചൻനമ്പ്യാരുടെയും ലക്ഷ്യം സാമൂഹികനവീകരണമായിരുന്നു. എന്നാൽ രണ്ടുപേരും സ്വീകരിച്ച മാർഗങ്ങൾ വ്യത്യസ്തമായിരുന്നു. താഴെ തന്നിട്ടുള്ള സൂചനകൾകൂടി പരിഗണിച്ച് പ്രസ്താവനയോടു പ്രതികരിക്കുക.

'നെല്ലുകൊടുത്തു കറുപ്പും തിന്നൊരു
കല്ലുകണക്കിനു കുത്തിയിരിക്കും.
കണ്ണുതുറക്കെന്നുള്ളതുമില്ലാ
പൊണ്ണന്മാർക്കൊരു ബോധവുമില്ല.
കിണ്ണം കിണ്ടികളിത്യാദികളിലൊ
രെണ്ണം കണികാണ്മാനില്ലാതായ്.' - കുഞ്ചൻ നമ്പ്യാർ

"ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്കു
നിൽക്കുമോ യൗവനവും പുനരധ്രുവം?
സ്വപ്നസമാനം കളത്രസുഖം നൃണാ
മൽപ്പമായുസ്സും നിരൂപിക്ക ലക്ഷ്മണാ!" - എഴുത്തച്ഛൻ

- തനിമലയാളത്തിലെഴുതിയ ചെറുശ്ശേരിയല്ല, സംസ്കൃതത്തിനു പ്രാധാന്യം നൽകിയ എഴുത്തച്ഛനെയാണ് ഭാഷാപിതാവായി അംഗീകരിച്ചത്. ഇങ്ങനെ സംഭവിച്ചത് എന്തുകൊണ്ടായിരിക്കാം? നിങ്ങളുടെ കണ്ടെത്തലുകൾ കുറിക്കുക.

## ആധുനിക കവിത്രയം

ആധുനിക കവിത്രയം എന്ന പേരിൽ അറിയപ്പെടുന്ന കവികൾ ആരെല്ലാം?

ഇവരെ നവോത്ഥാനകവികൾ എന്നുകൂടി വിളിക്കുന്നതെന്തുകൊണ്ട്?

കവിതകളിലൂടെ സാമൂഹ്യനവോത്ഥാനം സാധ്യമാകുമോ? ചർച്ച ചെയ്യുക.

ചർച്ചയ്ക്കു സഹായകമായി തന്നിരിക്കുന്ന ലേഖനഭാഗങ്ങളും സൂചിപ്പിച്ചിട്ടുള്ള സഹായക ഗ്രന്ഥങ്ങളും പ്രയോജനപ്പെടുത്തുക.

ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ കേരളത്തിൽ നവോത്ഥാനകാലഘട്ടമായിരുന്നു. ജാതി, മതം, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ തുടങ്ങിയവയ്ക്കെതിരെ നടത്തിയ സാമൂഹ്യമുന്നേറ്റങ്ങൾ പിന്നീടുള്ള കേരളത്തിന്റെ ഗതിതന്നെ മാറ്റിമറിച്ചു. കേരളം സാമൂഹ്യ രംഗത്ത് ഏറ്റവും മികച്ച സംസ്ഥാനമായി ഇന്നും നിലനിൽക്കുന്നതും നവോത്ഥാനത്തിന്റെ ഫലത്തിലാണ്. ശ്രീനാരായണഗുരു, അയ്യങ്കാളി, ഒപ്പം വിവിധ സംഘടനകളായ യോഗക്ഷേമ സഭയും എൻ.എസ്.എസും, എസ്.എൻ.ഡി.പിയും പുലയമഹാസഭയും അവയുടെ നേതാക്കന്മാരും ഉണർത്തിവിട്ട പുരോഗമനചിന്ത ഇന്നും നിലനിർത്താൻ മലയാളിക്കു കഴിയുന്നുണ്ട്. ഈ പുരോഗമനപ്രവർത്തനങ്ങളിൽ മലയാളസാഹിത്യവും പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

കേരളവർമ്മ വലിയകോയിത്തമ്പുരാൻ, എ.ആർ.രാജരാജവർമ്മ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാനും കൊടുങ്ങല്ലൂർക്കവികളും, വി.സി ബാലകൃഷ്ണപ്പണിക്കർ, സുബ്രഹ്മണ്യൻപോറ്റി, കെ.സി. കേശവപിള്ള തുടങ്ങിയവർ മലയാളകവിതയെ സജീവമാക്കുകയും പുതുക്കുകയും ചെയ്തു. ഇതേ കാലഘട്ടത്തിൽതന്നെ മലയാളഭാഷയുടെ കരുത്തും ഓജസ്സും വർധിപ്പിച്ച് സാമൂഹ്യമുന്നേറ്റങ്ങൾക്ക് കരുത്തുപകർന്ന കവികളാണ് മഹാകവികളായ വള്ളത്തോൾ,ഉള്ളൂർ, കുമാരനാശാൻ തുടങ്ങിയവർ.

## പ്രധാനാശയങ്ങൾ

- മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ , കുമാരനാശാൻ, വള്ളത്തോൾ നാരായണമേനോൻ എന്നിവർ ആധുനിക കവിത്രയം എന്നപേരിൽ അറിയപ്പെടുന്നു.
- നിരവധി ഖണ്ഡകാവ്യങ്ങൾകൊണ്ടും മഹാകാവ്യങ്ങൾകൊണ്ടും മലയാളകവിതയെ സമ്പന്നമാക്കിയവരാണ് ആധുനികകവിത്രയം.
- പുരാണങ്ങളുടെ തനിയാവർത്തനത്തിൽ കറങ്ങിയിരുന്ന മലയാളകവിതയെ നവീനമായ വിഷയങ്ങൾ സ്വീകരിച്ച് പുതുപാതയിലേക്കു നയിച്ചു.
- സമൂഹത്തിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ശക്തമായി പ്രതികരിച്ചു.

## മഹാകവി ഉള്ളൂർ.എസ്. പരമേശ്വരയ്യർ (1877-1949)

- ശ്രീനാരായണഗുരുവിന്റെ സ്വാധീനം ഉള്ളൂർക്കവിതകളിൽ കാണാം.
- ഭാഷാചരിത്രത്തെക്കുറിച്ചുള്ള ഏറ്റവും വലിയ ഗ്രന്ഥം, കേരളസാഹിത്യചരിത്രം രചിച്ചു.
- പുരാണകഥകൾക്കൊപ്പം നവീനാശയങ്ങളും കവിതയ്ക്കു വിഷയമാക്കി.
- ഭാഷയുടെ പ്രൗഢി കൊണ്ട് വേറിട്ടു നിൽക്കുന്ന രചനകൾ.
- തിരുവിതാംകൂറിലെ ഉയർന്ന ഉദ്യാഗസ്ഥൻ
- ജാതീയത, അന്ധവിശ്വാസങ്ങൾ എന്നിവയ്ക്കെതിരെ ശക്തമായി പ്രതികരിച്ചു.
- മഹാകാവ്യത്തിനൊപ്പം ഖണ്ഡകാവ്യങ്ങളും രചിച്ചു.

കവി,സാഹിത്യകാരൻ, പണ്ഡിതൻ, ഗവേഷകൻ എന്നീ നിലകളിൽ പ്രസിദ്ധനായ വ്യക്തിയായിരുന്നു മഹാകവി ഉള്ളൂർ.അദ്ദേഹത്തിന്റെ കവിതകൾ ഏതെങ്കിലും മാനവികാശയങ്ങളുമായി ബന്ധപ്പെട്ടതാണ്. അതിനു മാധ്യമമായിത്തീരുന്നത് പുരാണകഥകളാണ്. കേരളചരിത്രത്തിലെ ഒരു പ്രത്യേക ദശാസന്ധിയാണ് ഉമാകേരളത്തിന്റെ ഇതിവൃത്തം. നിയോക്ലാസിക്‌ശൈലിയിലാണ് അദ്ദേഹം കവിതകളെഴുതിയത്.

ദാനത്തിന്റെ മഹത്വം ചർച്ച ചെയ്യുന്ന ഖണ്ഡകാവ്യമാണ് കർണഭൂഷണം. പിംഗളയും ഭക്തിദീപികയുമൊക്കെ പുരാണകഥകൾതന്നെ. ഭാരതീയസ്ത്രീകളുടെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള പരാമർശങ്ങൾക്ക് ഉള്ളൂർ നൽകുന്ന മറുപടിയാണ് ചിത്രശാല. പുരാണനായികമാരെ അവതരിപ്പിച്ച് അവരുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ ആവിഷ്കരിക്കുകയാണ് അദ്ദേഹം ചെയ്തത്. അതിരുകളില്ലാത്ത ചരാചരപ്രേമം അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു.

## പ്രേമസംഗീതത്തിലെ വരികൾ

ഒരൊറ്റ മതമുണ്ടുലകിന്നുയിരാം പ്രേമമതൊന്നല്ലോ
പരക്കെ നമ്മെ പാലമൃതൂട്ടും പാർവണശശിബിംബം
പദാർഥനിരതൻ പ്രകൃതിജഭാവം പരസ്പരാകർഷം
പ്രാണികുലത്തിൽ പരമാണുഗുണം പരസ്പരപ്രേമം.
നമിക്കിലുയരാം നടുകിൽത്തിന്നാം നൽകുകിൽ നേടീടാം
നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെ
അടുത്തുനില്പോരനുജനെ നോക്കാനക്ഷികളില്ലോത്തോർ
ക്കരൂപനീശ്വരനദൃശ്യനായാലതിലെന്താശ്ചര്യം!

നാരായണഗുരുവിന്റെ ദർശനങ്ങൾ ഉള്ളൂരിനെ വളരെയധികം സ്വാധീനിച്ചിരുന്നു.

“സന്ധ്യയ്ക്കു മാനത്തു വിരിഞ്ഞ താര -
ത്താരത്രയും കണ്ടു ചെടിച്ച കണ്ണേ
കുനിഞ്ഞിടാമൊന്നിനി നിന്റെ നോട്ടം
കുപ്പക്കുഴിക്കുള്ളിലുമെത്തിടട്ടേ”

“ആഢ്യൻ മുതലന്ത്യജനോളമാർക്കും
പെറ്റമ്മ ഭൂദേവി പിതാവു ദൈവം”

ലളിതമായ ഭാഷയ്ക്കൊപ്പം സംസ്കൃതപദങ്ങളുടെ ഉപയോഗവും അദ്ദേഹം ധാരാളമായി നടത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ പലപ്പോഴും ഉള്ളൂർക്കവിത സാധാരണക്കാർക്കു അപ്രാപ്യമായി നിൽക്കുന്നുണ്ട്.

## കുമാരനാശാൻ, (1873-1924)

- ജാതീയമായ ഉച്ചനീചത്വങ്ങൾക്കെതിരെ അതിശക്തമായി പ്രതികരിച്ചു. മഹാകാവ്യ മെഴുതാതെ മഹാകവിയായി അറിയപ്പെട്ടു.
- നിരവധി ഖണ്ഡകാവ്യങ്ങൾ എഴുതി.

- ശ്രീനാരായണഗുരുവിന്റെയും ശ്രീബുദ്ധന്റെയും ആശയങ്ങൾ കവിതകളിലൂടെ ആവിഷ്കരിച്ചു.
- കേരളത്തിലെ നവോത്ഥാന പ്രസ്ഥാനത്തിന് ആശാന്റെ സംഭാവനകൾ ശ്രദ്ധേയമാണ്.
- വർണനകൾ, അലങ്കാരങ്ങൾ, പ്രമേയസ്വീകരണത്തിലെ വൈവിധ്യം എന്നിവകൊണ്ടു വേറിട്ടു നിൽക്കുന്നു.

ജാതിചിന്ത ശക്തമായിരുന്ന കാലത്താണ് കുമാരനാശാൻ ജീവിച്ചത്. എന്നാൽ ശ്രീനാരായണ ഗുരുവുമായുള്ള അടുപ്പം അദ്ദേഹത്തിന്റെ ജീവിതത്തിൽ കാര്യമായ മാറ്റം വരുത്തി.

അദ്ദേഹം ആശാനെ കേരളത്തിനു പുറത്തേക്കു അയയ്ക്കുകയും സംസ്കൃതം, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിൽ പ്രാവീണ്യം നേടാനുള്ള അവസരം നൽകുകയും ചെയ്തു. കൽക്കത്തയിൽ വിദ്യാഭ്യാസം നടത്തിയ ആശാനെ അവിടത്തെ പുരോഗമനപ്രവർത്തനങ്ങളും സ്വാതന്ത്ര്യസമരപ്രവർത്തനങ്ങളും സ്വാധീനിച്ചു.

ആശാൻ മലയാളകവിതാരംഗത്തു ശ്രദ്ധേയനാകുന്നത് 'വീണപൂവ്'(1907) എന്ന ഖണ്ഡകാവ്യം പ്രസിദ്ധപ്പെടുത്തിയതിലൂടെയാണ്. വീണുകിടക്കുന്ന പൂവിൽ മനുഷ്യജീവിതത്തിന്റെ ഉയർച്ചതാഴ്ചകൾ ആവിഷ്കരിക്കുന്ന ഈ കൃതി അതുവരെ പുരാണകഥാഖ്യാനങ്ങളുടെ ചുറ്റും കറങ്ങിയിരുന്ന മലയാളകവിതയിൽ ശ്രദ്ധേയമായ മാറ്റംതന്നെ കാഴ്ചവച്ചു.

## ആശാന്റെ നായികമാർ

ലീല (ലീല), നളിനി (നളിനി), സീത (ചിന്താവിഷ്ടയായ സീത), വാസവദത്ത (കരുണ), മാതംഗി (ചണ്ഡാഭിക്ഷുകി), സാവിത്രി (ദുരവസ്ഥ) തുടങ്ങിയ സ്ത്രീകഥാപാത്രങ്ങൾ ആധുനിക സ്ത്രീജീവിതത്തിന്റെ കരുത്തും ഓജസ്സും കാണിക്കുന്ന കഥാപാത്രങ്ങളാണ്. ആശാന്റെ കൃതികളിൽ പൊതുവെ കടന്നുവരുന്ന ഒന്നാണ് ദുരന്തബോധം. നളിനി, ലീല, കരുണ തുടങ്ങിയ കൃതികളിൽ ഇതു നേരിട്ടു കടന്നുവരുന്നു. എന്നാൽ ദുരവസ്ഥയിൽ ചാത്തനെ തേടിയെത്തുന്നതോടെ പടിയടച്ചു പിണ്ഡം വെക്കേണ്ട 'സാധന'മായി മാറുന്നു.

ദീർഘകാലം കാത്തിരുന്നിട്ടും വരാത്ത ഉപഗുപ്തനെയോർത്ത് വാസവദത്ത പറയുന്നതിങ്ങനെയാണ്.

സമയമായില്ലപോലും സമയമായില്ലപോലും

ക്ഷമയെന്റെ ഹൃദയത്തിലൊഴിഞ്ഞു തോഴീ....

എന്നാൽ ശിക്ഷിക്കപ്പെട്ട് അവയവങ്ങൾ ഛേദിക്കപ്പെട്ട് കിടക്കുമ്പോഴാണ് ഉപഗുപ്തൻ വരുന്നത്. ദുരന്തത്തിന്റെ സാക്ഷ്യം തന്നെ. എന്നാൽ അതിനുമപ്പുറം ബുദ്ധമതത്തിന്റെ സ്വാധീനവും ഈ കൃതിയിൽ കാണാം.

രാമായണത്തിലെ പതിഭക്തയായ സീതയല്ല ആശാന്റെ സീത. രാമന്റെ ചെയ്തികളെ പുതിയ കാലത്തെ സ്ത്രീകാഴ്ചപ്പാടിൽനിന്നു വിലയിരുത്തുകയും കുറ്റപ്പെടുത്തുകയും വിചാരണ ചെയ്യുകയും ചെയ്യുന്ന സീതയാണ്. അതുകൊണ്ടുതന്നെ അക്കാലത്തെ പലർക്കും ആശാന്റെ സീതയെ അംഗീകരിക്കാൻ കഴിഞ്ഞിരുന്നില്ല.

## ജാതീയതയ്ക്കം അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ

അക്കാലത്ത് സമൂഹത്തിൽ നിലനിന്നിരുന്ന അനീതികൾക്കെതിരെ കവിതകളിലൂടെ ശക്തമായി പ്രതികരിച്ച കവിയാണ് കുമാരനാശാൻ. സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമെന്നു വിശേഷിപ്പിച്ച കേരളത്തിന്റെ അവസ്ഥയും അതിനോടുള്ള ആശാന്റെ പ്രതികരണവും താഴെ തന്നിരിക്കുന്ന വരികളിൽ കാണാം.

"തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ
കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ
യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ"

"ഇന്നലെച്ചെയ്തോരബദ്ധങ്ങൾ
മൂഢർക്കിന്നത്തെയാചാരമാകാം
നാളത്തെ ശാസ്ത്രമതാകാം അതിൽ
സമ്മതം മൂളായ്ക രാജൻ"

"ജാതി ചോദിക്കുന്നില്ല ഞാൻ സോദരീ
ചോദിക്കുന്നു നീർ നാവു വരണ്ടഹോ"

## ആശാൻ സ്നേഹഗായകൻ

വ്യത്യസ്ത ഭാവങ്ങളിലുള്ള സ്നേഹത്തിന്റെ മഹത്വം പാടി മലയാളത്തിലെ സ്നേഹഗായകൻ എന്ന പേരു നേടിയ കവിയാണ് ആശാൻ. ശ്രീബുദ്ധന്റെ ആശയങ്ങളും അദ്ദേഹത്തിന്റെ രചനകളിൽ നമുക്കു കാണാൻ കഴിയും.

"സ്നേഹമാണഖിലസാരമൂഴിയിൽ
സ്നേഹസാരമിഹ സത്യമേകമാം."

"സ്നേഹത്തിൽനിന്നുദിക്കുന്നുലോകം
സ്നേഹത്താൽ വൃദ്ധിതേടുന്നു."

"സ്നേഹം നരകത്തിൻ ദ്വീപിൽസ്വർഗ
ഗേഹം പണിയും പടുത്വം"

## ആശാൻ കാഴ്ചപ്പാടിലെയും കാവ്യങ്ങളിലെയും വിപ്ലവം.

കവി എന്ന നിലയിലും കാവ്യവിഷയങ്ങൾ സ്വീകരിക്കുന്നതിലും വിപ്ലവകരമായ മാറ്റം ദീക്ഷിച്ച കവിയാണ് കുമാരനാശാൻ. മറ്റു കവികൾ വർണ്ണനകളുടെ പൊൻമാളികകൾ തീർത്ത് അതിൽ അഭിരമിച്ച് മഹാകവിപ്പട്ടം നേടാൻ ശ്രമിച്ചപ്പോൾ സാമൂഹികമായ വിഷയങ്ങൾ തിരഞ്ഞെടുത്ത് ആവിഷ്കരിക്കുന്നതിനാണ് ആശാൻ ശ്രമിച്ചത്. നിലനിന്നിരുന്ന അയിത്തവും ഉച്ചനീചത്വങ്ങളും കവിതകളിലൂടെ ആവിഷ്കരിക്കപ്പെട്ടപ്പോൾ ചോദ്യം ചെയ്യാനാവാത്ത ശക്തിയായി അതു മാറി. അവ സമൂഹത്തിൽ നിരന്തരമായി ചർച്ച ചെയ്യപ്പെട്ടു.

"മോഹം കളഞ്ഞു ജനത്തെ
സ്നേഹിപ്പാൻ ചൊൽക നരേന്ദ്രാ!" (ചണ്ഡാലഭിക്ഷുകി)
"പാരതന്ത്ര്യം മാനികൾക്കു
മൃതിയെക്കാൾ ഭയാനകം."

മലയാളികളുടെ പുരോഗമനചിന്തകൾക്ക് വെള്ളവും വളവും നല്കിയ കവിയാണ് കുമാരനാശാൻ. അതുകൊണ്ടുതന്നെ അദ്ദേഹത്തെ വിപ്ലവത്തിന്റെ ശുക്രനക്ഷത്രം എന്നും വിളിക്കുന്നു.

## പ്രധാനകൃതികൾ

വീണപൂവ്, സിംഹപ്രസവം, കരുണ, ചിന്താവിഷ്ടയായ സീത, ലീല, നളിനി, ദുരവസ്ഥ, പുഷ്പവാടി..............

## വള്ളത്തോൾ നാരായണമേനോൻ (1878 - 1958)

- ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിനും ദേശീയതയ്ക്കും പ്രാധാന്യം നൽകിയ കവി.
- പാരമ്പര്യവാദിയായ കവി.
- കേരളകലകളുടെ പ്രോത്സാഹനത്തിനായി കേരളകലാമണ്ഡലം സ്ഥാപിച്ചു.
- മഹാകാവ്യവും നിരവധി ഖണ്ഡകാവ്യങ്ങളും രചിച്ചു.
- ലളിതമായ ഭാഷയിൽ സാധാരണക്കാർക്കു പെട്ടെന്നു മനസ്സിലാവുന്ന തരത്തിൽ കവിതകളെഴുതി.
- വെയിൽസ് രാജകുമാരൻ രാജകീയാംഗീകാരമായി നൽകിയ പട്ടുംവളയും നിരസിച്ചു.
- മദ്രാസ് ഗവണ്മെന്റ് ആസ്ഥാനകവിയായി അംഗീകരിച്ചു.

കേരളത്തിലെ നവോത്ഥാനകവികളിൽ പ്രമുഖനായ കവിയാണ് വള്ളത്തോൾ. കവിയുടെ പതിനാറാംവയസ്സിൽ ഭാഷാപോഷിണി നടത്തിയ കവിതാമത്സരത്തിൽ ഒന്നാംസ്ഥാനം ലഭിച്ചതോടെ കവിതാരംഗത്ത് അറിയപ്പെടാൻ തുടങ്ങി.

## പ്രധാനകൃതികളിൽ ചിലത്

വാല്മീകിരാമായണം, മാതംഗലീല, തപതീസംവരണം, ബധിരവിലാപം, ഗണപതി, ചിത്രയോഗം(മഹാകാവ്യം), ബന്ധനസ്ഥനായ അനിരുദ്ധൻ, ശിഷ്യനും മകനും, അച്ഛനും മകളും, കൊച്ചുസീത, വിഷുക്കണി................ മുതലായവയാണ്.

## വള്ളത്തോളിന്റെ ദേശീയത

ഇന്ത്യൻനാഷണൽകോൺഗ്രസ്സുമായുള്ള ബന്ധവും ഗാന്ധിജിയുമായുള്ള അടുപ്പവും വള്ളത്തോളിനെ തികഞ്ഞ ദേശഭക്തനാക്കി മാറ്റി. മഹത്തായ ഈ രാജഭക്തി വള്ളത്തോൾകൃതികളിൽ നമുക്കു കാണാൻ കഴിയും.

> "ഭാരതമെന്ന പേർ കേട്ടാലഭിമാന
> പൂരിതമാകണമന്തരംഗം;
> കേരളമെന്നു കേട്ടാലോ തിളയ്ക്കണം
> ചോര നമുക്കു ഞരമ്പുകളിൽ"
> "പോരാ പോരാ നാളിൽ നാളിൽ ദൂരദൂരമുയരട്ടെ
> ഭാരതക്ഷ്മാദേവിയുടെ തൃപ്പതാകകൾ"

ഗാന്ധിജിയെക്കുറിച്ചെഴുതിയ എന്റെ ഗുരുനാഥൻ എന്ന കവിത ഏതു കാലത്തും സ്മരണീയമാണ്.

“ലോകമേ തറവാട് തനിക്കീ, ചെടികളും
പുൽകളും പുഴുക്കളുംകൂടിത്തൻ കുടുംബക്കാർ”

## വള്ളത്തോളിന്റെ ഖണ്ഡകാവ്യങ്ങൾ

പുരാണകഥാപാത്രങ്ങളെ അടിസ്ഥാനമാക്കി രചിച്ചവയാണ് വള്ളത്തോളിന്റെ ഖണ്ഡകാവ്യങ്ങൾ ബന്ധനസ്ഥനായ അനിരുദ്ധൻ, ശിഷ്യനും മകനും, അച്ഛനും മകളും, ബൈബിളിനെ അടിസ്ഥാനമാക്കി രചിച്ച മഗ്ദലനമറിയവും കാവ്യഭംഗികൊണ്ടും വർണ്ണനകൾകൊണ്ടുംമികച്ചു നിൽക്കുന്നു.അതോടൊപ്പംതന്നെ  നാടകീയത നിറഞ്ഞുനിൽക്കുന്നവയാണ് മിക്ക ഖണ്ഡകാവ്യങ്ങളും.

## വർണ്ണനകളും വാങ്മയചിത്രങ്ങളും

മനോഹരമായ വർണ്ണനകൾകൊണ്ടു സമ്പന്നമാണ് വള്ളത്തോൾക്കവിതകൾ. ലളിതമായ പദങ്ങൾകൊണ്ട് അദ്ദേഹം വരയ്ക്കുന്ന ചിത്രങ്ങൾ ഏറെ ഹൃദ്യമാണ്.

പച്ചയാംവിരിപ്പിട്ട സഹ്യനിൽ തലവച്ചും
സ്വച്ഛാബ്ധിമണൽത്തിട്ടാം പദോപദാനം പൂണ്ടും,
പള്ളികൊണ്ടീടുന്നനിൻ പാർശ്വയുഗ്മത്തെക്കാത്തു
കൊള്ളുന്നു കുമാരിയും ഗോകർണ്ണേശനുമമ്മേ!

‘ഓരോമലരിലുമോരോതളിലിലു
മോടിക്കുഴങ്ങേണ്ടാ നേത്രമേ നീ

ഉദ്യാനദേവതതാൻതന്നെയല്ലയോ
ഹൃദ്യമാമീ മണിത്തിണ്ണയിന്മേൽ
അഞ്ചുവയസ്സായ പെൺകിടാവായ് ചമ
ഞ്ഞഞ്ചിത കേളികളാടി നില്പൂ!’

## ജാതിക്കും അയിത്തത്തിനുമെതിരെ

സ്വാതന്ത്ര്യസമരത്തോടൊപ്പംതന്നെ സമൂഹത്തിൽനിലനിന്ന സാമൂഹ്യാസമത്വങ്ങൾക്കെതിരെയും  അനാചാരങ്ങൾക്കെതിരെയും ശക്തമായി പ്രതികരിച്ച കവിയാണ് വള്ളത്തോൾ.

അദ്ദേഹത്തിന്റെ ’ശുദ്ധരിൽശ്ശുദ്ധൻ’ എന്ന കവിതയിൽ
തോർത്തുമുണ്ടിനാൽ വീശിക്കൊണ്ടു തീയിനു ചുറ്റും

വേർത്തു വീർത്തുഴറ്റോടെ നടക്കും ഗൃഹനാഥൻ,
‘നീറെങ്കിൽ നീറാവട്ടെ വീടെല്ലാം; നിലവിട്ടു
കേറിയെൻ കിണറു തൊട്ടശുദ്ധമാക്കായ്കെ’ന്നാൻ!
നായരേ, ഭവാൻതന്നെ ശുദ്ധരിൽശ്ശുദ്ധൻ; വീടു
പോയാലെന്ത,നർഗ്ഘമാം ജാതിയെ രക്ഷിച്ചല്ലോ!

എന്നാണ് പറയുന്നത്. അതോടൊപ്പംതന്നെ  നാടകീയത നിറഞ്ഞുനിൽക്കുന്നവയാണ് മിക്ക ഖണ്ഡകാവ്യങ്ങളും.

(കിഴവനു നൽകാൻ കാരണവന്മാർ തീരുമാനിച്ച യുവതി വിവാഹമണ്ഡപത്തിൽ വെച്ച് തനിക്ക് ഇഷ്ടപ്പെട്ട യുവാവിന്റെ കഴുത്തിൽ മാലയിടുന്നു...)

സ്വമനോരഥങ്ങളാൽ കോർത്ത മാലികയിവ
ളമലപ്രണയനാമാരിലോ ചാർത്തി മുന്നേ
അവനിൽത്തന്നേ ചേർന്നതി,വൾതൻ പൂമാലയും;

വിവരമറിയാത്ത സഭ്യരത്ഭുതപ്പെട്ടു.
പന്തലിലൊരേടത്തുനിന്നുടൻ രണ്ടീരടി
പൊന്തി,യാ വൃദ്ധാഢ്യന്നു ചെകിടത്തടിയായി:
'സ്നേഹിക്ക വേണ്ടാ താങ്കൾ സമുദായത്തെ പ്രഭോ,
ദ്രോഹിക്കാതിരിക്കുവാൻ ദയയുണ്ടായാൽപ്പോരും!
ഇത്തരം സ്ത്രീരത്നത്തെ വാങ്ങുവാൻ മതിയാമോ
ലുബ്ധനാം ഭവാൻ നേടിക്കൂട്ടിയ പൊൽക്കൂമ്പാരം'

*ചെകിടത്തടി*

## മാപ്പ്

മേലാൾക്കു പൂമ്പട്ടുകിടക്ക തുന്നി
ക്കൂട്ടുന്നതിന്നാരുടെ കൈ കഴച്ചു,
ഏതോ മരത്തിൻപൊളിയാണവന്നു
കിടച്ചതാഹന്ത, കിടന്നു ചാവാൻ
ഉണ്ടായിരിക്കാം, തനതച്ഛനമ്മ
കുഞ്ഞുങ്ങൾ ചേരും കുടിലൊന്നിവന്നും;
അഭാഗ്യവത്താകുമതിൻ നടുത്തൂൺ
താനായ് വരാം, വീണുകിടക്കുമീയാൾ!
മരിക്ക സാധാരണ,മീ വിശപ്പിൽ
ദഹിക്കലോ, നമ്മുടെ നാട്ടിൽമാത്രം.

ഇത്തരത്തിൽ മലയാളക്കരയുടെ നവോത്ഥാനത്തിന് തന്റേതായ കാവ്യശില്പം പണിത കവിയാണ് വള്ളത്തോൾ.

## പ്രവർത്തനങ്ങൾ

- നവോത്ഥാനപ്രസ്ഥാനത്തിൽ ആധുനികകവിത്രയത്തിന്റെ പങ്ക് എന്ന വിഷയത്തെക്കുറിച്ച് പാനൽചർച്ച സംഘടിപ്പിക്കുക.
- തന്നിരിക്കുന്ന സൂചനകൾ പ്രയോജനപ്പെടുത്തി വള്ളത്തോൾക്കവിതയിൽ തെളിയുന്ന ദേശീയതയെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

"ഭാരതമെന്ന പേർ കേട്ടാലഭിമാന
പൂരിതമാകണമന്തരംഗം;
കേരളമെന്നു കേട്ടാലോ തിളയ്ക്കണം
ചോര നമുക്കു ഞരമ്പുകളിൽ"
"പോരാ പോരാ നാളിൽ നാളിൽ ദൂരദൂരമുയരട്ടെ
ഭാരതക്ഷ്മാദേവിയുടെ തൃപ്പതാകകൾ"

- താഴെ തന്നിരിക്കുന്ന കവിതാഭാഗങ്ങൾകൂടി പ്രയോജനപ്പെടുത്തി കുമാരനാശാനെ വിപ്ലവത്തിന്റെ ശുക്രനക്ഷത്രം എന്നു വിളിക്കുന്നതിന്റെ ഔചിത്യം വിലയിരുത്തുക.

  "ജാതി ചോദിക്കുന്നില്ല ഞാൻ സോദരീ
  ചോദിക്കുന്നു നീർ നാവു വരണ്ടഹോ."

  "തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
  ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ
  കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ
  യൊട്ടല്ലഹോ, ജാതിക്കോമരങ്ങൾ!"

  "മാറ്റുവിൻ ചട്ടങ്ങളെ സ്വയ,മല്ലെങ്കിൽ
  മാറ്റുമതുകളീ നിങ്ങളെത്താൻ"

- ഉള്ളൂർക്കവിതകളിൽ ശ്രീനാരായണഗുരുവിന്റെ സ്വാധീനം വളരെയധികം കാണാം. തന്നിരിക്കുന്ന സൂചനകൾകൂടി പരിഗണിച്ച് പ്രസ്താവനയോടു പ്രതികരിക്കുക.

  "ആഢ്യൻമുതലന്ത്യജനോളമാർക്കും
  പെറ്റമ്മ ഭൂദേവി പിതാവു ദൈവം"

**മലയാളകവിത ആധുനിക കവിത്രയത്തിനു ശേഷം**

## കവികളും കൃതികളും

എഴുതാമോ?

- മലയാളകവിതയിൽ എക്കാലത്തും ഓർമ്മിക്കപ്പെടാവുന്ന പത്തു കവിതകളുടെ പേര്?
- ഈ കവിതകളുടെ രചയിതാക്കൾ ആരെല്ലാം?
  'ഒരു കൊച്ചുകാറ്റെങ്ങാൻ വന്നുപോയാൽ
  തെരുതെരെ പൂമഴയായി പിന്നെ.'- ഈ വരികൾ ആരുടേത്? കവിത ഏത്?
- 'അധികാരം കൊയ്യണമാദ്യം നാം
  അതിനുമേലാകട്ടെ പൊന്നാര്യൻ' - ഇങ്ങനെ പ്രഖ്യാപിച്ച കവി ആര്?
- 'സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
  സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും' - ഇങ്ങനെ പാടിയ കവി ആര്?
- 'എത്രസുന്ദരമെത്രസുന്ദരമെന്റെ മലയാളം
  മുത്തുപവിഴങ്ങൾ കൊരുത്തൊരു സ്വർണനൂൽപോലെ'
  - മലയാളത്തെക്കുറിച്ച് ഇങ്ങനെ പാടിയതാര്?

എത്രയെണ്ണം ശരിയായി?

മുഴുവൻ ശരിയായവരെത്ര?

നമുക്ക് ഉത്തരം കിട്ടാതിരുന്നതെന്തുകൊണ്ട്? ചർച്ച ചെയ്യൂ.

താഴെ തന്നിരിക്കുന്ന കവികളുടെ കവിതകൾ വായിച്ച് കുറിപ്പ് തയാറാക്കുക.

ചില കവിതകളുടെ സൂചനകൾ മാത്രമേ തന്നിട്ടുള്ളൂ. അവ മുഴുവനായി വായിക്കണം.

കണ്ടെത്തലുകൾ പൊതുവായി അവതരിപ്പിക്കുക.

സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, കൈരളിയുടെ കഥ, മാലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ തുടങ്ങിയ സഹായകഗ്രന്ഥങ്ങളും പ്രയോജനപ്പെടുത്തുക.

## നാലാപ്പാട്ട് നാരായണമേനോൻ (1887 - 1954)

ജീവിതത്തിലെ നഷ്ടത്തെ തത്വചിന്തയുടെ പശ്ചാത്തലത്തിൽ കാണാൻ ശ്രമിച്ചിട്ടും സ്വസ്ഥത ലഭിക്കാതെ പോകുന്ന മനുഷ്യജീവിതത്തിന്റെ ,മനസ്സിന്റെ അവസ്ഥയാണ് 'കണ്ണുനീർത്തുള്ളി' (1924) എന്ന കാവ്യം മുന്നോട്ടു വെക്കുന്നത്. ഭാര്യയുടെ അകാലവിയോഗത്തിലുണ്ടാവുന്ന അവസ്ഥയാണ് ഈ കാവ്യത്തിന്റെ പ്രമേയം.

'വാനിന്നു പീലിപ്പുതുമാല ചാർത്തും
കാർവില്ലു മായുന്നിതു കാൽക്ഷണത്താൽ
മലീമസം ദുർദിനമോ പെരുംപാ-
മ്പെന്നാവിധം നീണ്ടു കിടന്നുകൊള്ളും.'

'പൂംതിങ്കളിൽ പങ്കമണച്ച ധാതാ -
വപൂർണതയ്ക്കേ വിരചിച്ചു വിശ്വം
വിടർന്ന തങ്കപ്പനിനീർസ്സുമത്തി
ന്നതിങ്കൽ നില്പെത്ര നിമേഷമുണ്ടാ.'

**കുറ്റിപ്പുറത്തു കേശവൻനായർ**
**ഗ്രാമീണകന്യക**

'താക്കോൽ കൊടുക്കാതരുണോദയത്തിൽ
താനേ മുഴങ്ങും വലിയോരലാറം
പൂങ്കോഴിതൻ പുഷ്കല കണ്ഠനാദം
കേട്ടിങ്ങുണർന്നേറ്റു കൃഷീവലന്മാർ'

## കെ.കെ.രാജ

**ആശ്ലേഷം**

പഴമതൻ പാഴ്ക്കരമേഴകൾ തൻ
മിഴികളിലന്ധത കുത്തിവെച്ചു,
വഴിയും കുളവും കിണറുമെല്ലാം
കഴിയുംവിധത്തിൽ വരഞ്ഞുവെച്ചു.
ഫലമതിനായതനുഭവിച്ചു,
വിലപിതം വിണ്ണോളം ചെന്നലച്ചു.
ധരണിതൻ കർണം കുളിർക്കുമാറു
ണ്ടൊരുമൊഴി കേൾക്കുന്നു വിണ്ണിൽനിന്നും
'പുതുമ പഴമയെ പുല്കും നാളെ;
പൊതുവിലൊരുത്സവമാകും നീളെ
അകളങ്കമാകിന സൗഹൃദത്തോ
ടഖിലമതങ്ങളും ജാതികളും

സമതയോടാനന്ദനൃത്തമാടും
സുമധുരമാമെൻ കുഴൽവിളിയാൽ.'

(ക്ഷേത്രപ്രവേശനസത്യാഗ്രഹകാലത്തെഴുതിയത്)

**മലനാട്ടിൽ** നാഷണൽ ബുക്ക്സ്റ്റാൾ 1957

**വെണ്ണിക്കുളം ഗോപാലക്കുറുപ്പ്**

ആരമ്മേ! ഗാന്ധി?
കാതിലേയ്ക്കമൃതമിറ്റിക്കും
കൈറാട്ടിന്മധുരസ്വരം
തൂമയിൽശ്ശാന്തിസന്ദേശ
മേന്തി, ഗാന്ധിജയന്തിയിൽ
മുരിയിൽ,ത്തായ നൂൽമൂൽക്കെ
മുഴങ്ങീ ബാലകൗതുകം
........................................
..........................................
......................................

**ബോധേശ്വരൻ**

**യുവാക്കളോട്**

കാവ്യം തുളുമ്പും യുവാക്കളേ നിങ്ങൾതൻ
നവ്യദ്യുതിചിന്നുമാനനങ്ങൾ
കാർമ്മുകിലാലേ മറഞ്ഞതെന്തിങ്ങനെ
കാമിതശോഭയൊഴിഞ്ഞതെന്തേ?
സാഹസികോജ്വലയൗവനചേതന
ഹാഹാതളർന്നുതളർന്നുപോയോ?
വാർധക്യം വന്നുഭവിച്ചോ ഭവാന്മാരിൽ
വൃദ്ധരാൽ നീതരായ്പോകയാലെ
ആദർശമെല്ലാം മറന്നുവോ സ്വാതന്ത്ര്യ
മാധുര്യമന്ത്രം മറന്നുപോയോ?
പ്രായോഗികങ്ങളാം മാർഗങ്ങൾ ചിന്തിച്ചൊ
ഭൂയോപി ദാസ്യം വരിപ്പു നിങ്ങൾ
യൗവനംപോയ യുവാക്കൾതൻ രാജ്യമോ
സർവംസഹയാം നരകമല്ലൊ?
പോരുമധീരത പോരുമീയാലസ്യം
പൗരുഷം കൈക്കൊണ്ടുണർന്നുകൊൾവിൻ!
ജാതിപ്പേർ ചൊല്ലിയും തല്ലിയും പ്രാചീന
വ്യാധികളാകെത്തുലഞ്ഞിടട്ടേ!
തെല്ലുംകുലുങ്ങാതവർതൻ ജഡങ്ങളിൽ
മെല്ലെച്ചവിട്ടിനടപ്പിൻ നിങ്ങൾ .

പോകുവിൻ പോകുവിൻ മുന്നോട്ടു മുന്നോട്ടായ്
വൈകുന്നു നേരം ഗമിച്ചുകൊൾവിൻ.
വിസ്തൃതമാകുമീ വിശ്വതലത്തിങ്കൽ
നിർഭയം സൗഭ്രാത്ര വീചിയിങ്കൽ
ഗാഢം പുണരിൻ പരസ്പരം നിങ്ങളി
ങ്ങാടലൊഴിക്കിനവനിയിങ്കൽ.

**(സ്വതന്ത്രകേരളംദീനബന്ധു പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ്ഹൗസ്എറണാകുളം1947)**

## കടത്തനാട്ടു മാധവിയമ്മ

## മുന്നോട്ട്

മുന്നോട്ട്മുന്നോട്ട്,മുന്നോട്ട്തെറ്റുകൾ
വന്നോട്ടെതെല്ലും ഭയപ്പെടാ ഞാനതിൽ
ജീവിതം തെറ്റും ശരിയുമാണതിക്കിൽ
ജീവിച്ചു ദേവൻ ചെകുത്താനുമൊപ്പമായ്
സംസാരമാകുമീ സംഗ്രാമഭൂമിയ്ല!
സംശയാത്മാവേ, പകച്ചു നീ നില്കൊലാ!
ഈടുറ്റ നിന്നടിവെപ്പിലോരോന്നിലും
കാടും പടലവും പൊടിയും പറക്കവെ,
ചുറ്റുപാടൊന്നു കലങ്ങി മറിഞ്ഞിടാം
ദിക്ചക്രവാളമുഖങ്ങൾ മുഷിഞ്ഞിടാം.
സത്യം, സനാതന സത്യം, തിളങ്ങുമാ
വ്യക്തമാം ലക്ഷ്യത്തിലെത്തി നീ നില്ക്കവെ
സംസാരസാഗരനിസ്സാരവേദന
വിശ്വജേതാവേ, നീ വിസ്മരിക്കും ദൃഢം!
വന്നോട്ടെ തെറ്റുകൾ; നന്മ പിറക്കാനു
ള്ളമ്മ തന്നീറ്റു നോവാണീക്കലക്കങ്ങൾ
വന്നോട്ടെ കൈപ്പിഴ, പൊൻപ്രഭാതത്തിന്നു
മുന്നോടിയാകും നിഴൽക്കൂട്ടമാണവ
മുന്നോട്ട്, മുന്നോട്ട്, ഭീരുവെയല്ലയി
ന്നമ്മയ്ക്കു വേണ്ടതു കർമ്മൈകധീരനെ!

## എം.പി.അപ്പൻ

## ജീവിതം

പുഞ്ചിരികൊണ്ടു കുറിക്കപ്പെടുന്നു ഹാ!
ചെഞ്ചോരകൊണ്ടും ചില ഭാഗങ്ങൾ
കണ്ണുനീർകൊണ്ടും ചിലേടങ്ങൾ; ജീവിത
കാവ്യമിമ്മാതിരിയുള്ളതല്ലോ.
ശാന്തിപടർന്നു മനോഹരമാകിനോ
രന്തരീക്ഷത്തിലുദിച്ചു പൊങ്ങി

വെൺപാൽപ്രവാഹമൊഴുക്കുന്നിതെമ്പാടു
മമ്പിളിക്കൂമ്പു നുറുങ്ങുനേരം.
പെട്ടെന്നിളകുന്നു മിന്നൽപ്പിണർ, ഇടി
വെട്ടുന്നു! പേമഴ പെയ്തിടുന്നു!
കാർമ്മുകിൽ മാലകൾ തിങ്ങിഞെരുങ്ങുന്നു!
കൂരിരുളെങ്ങും പരന്നിടുന്നു!
ചുറ്റിപ്പിണഞ്ഞു കിടക്കുന്ന വള്ളിയും
കുറ്റിച്ചെടിയും നിറഞ്ഞ കാട്ടിൽ
മുള്ളിലും കല്ലിലും കാൽവെച്ചു നൊന്താലു
മുന്മേഷപൂർവം നടന്നുപോയോൻ
മംഗളമാളുന്നോരദ്രി തന്നുത്തുംഗ
ശൃംഗത്തിലേറി നിവർന്നു നില്ക്കേ
നിർദയമാരോ കാൽതട്ടുന്നഹോ! തല
കുത്തിവീണീടുന്നു പാതാളത്തിൽ.
ആശയാം വല്ലിതഴച്ചു തളിൽത്തു പൂ
ത്താലോലവായുവിലാടി നില്ക്കേ
ആയതിൻചോട്ടിൽ ചുടുനീരൊഴിക്കുന്നി
താരുടെ കൈയെന്നറിയുന്നില്ല.
ജീവിതശാലയിൽ ദാരുണമായുള്ളോ
രീവിധം ചിത്രങ്ങളെത്ര കാൺമൂ!
എങ്കിലും ജീവിതമിഷ്ടപ്പെടുന്നു ഞാൻ
എന്തുകൊണ്ടെന്നതറിഞ്ഞുകൂടാ.

*(സുവർണോദയം റെഡ്യാർ പ്രസ്സ് തിരുവനന്തപുരം 1936)*

## ജി.ശങ്കരക്കുറുപ്പ്

## സൂര്യകാന്തി

മന്ദമന്ദമെൻ താഴും മുഗ്ധമാം മുഖംപൊക്കി
സുന്ദരദിവാകരൻ ചോദിച്ചൂ, മധുരമായ്
.......................................................
.......................................................

## ബാലാമണിയമ്മ

## സഹപാഠികൾ

ഓണനാളൂണിനിങ്ങെത്താമെന്നറ്റിട്ടു-
മോമനത്തോഴൻ വരാഞ്ഞതെന്തേ
പൊന്നുടുപ്പൂരിയിട്ടാതിദ്യനീ വീട്ടിൻ
പിന്നിലെത്തോപ്പിലേയ്ക്കോടിയല്ലോ.
.......................................................
.......................................................

## പി. കുഞ്ഞിരാമൻനായർ

കളിയച്ഛൻ

## ഇടപ്പള്ളി രാഘവൻപിള്ള

**മണിനാദം**

മണിമുഴക്കം! മരണദിനത്തിന്റെ
മണിമുഴക്കം മധുരം!വരുന്നു ഞാൻ!
അനുനയിക്കുവാനെത്തുമെൻകൂട്ടരോ
ടരുളിടട്ടെയെന്നന്ത്യയാത്രാമൊഴി:
...............................................
................................................
..................................................

*(മണിനാദവും മറ്റു പ്രധാന കവിതകളുംഡി.സി.ബുക്സ് 2007)*

## ചങ്ങമ്പുഴ കൃഷ്ണപിള്ള

## മനസ്വിനി

മഞ്ഞത്തെച്ചിപ്പൂങ്കുലപോലെ
മഞ്ജിമ വിടരും പുലർകാലേ,
വന്നു ലളിതേ, നീയെൻ മുന്നിൽ
നിർവൃതിതൻ പൊൻകതിർപോലെ!
........................................................
........................................................

## പാലാ നാരായണൻനായർ

## കേരളം വളരുന്നു.

പാരിനു പരിഭൂഷ ചാർത്തിടും
ഭാരതത്തിന്റെ ചിത്രകം
കേരളം വിളങ്ങുന്നു കോമളം
കേരവൃക്ഷകസങ്കുലം
*(പൗർണമിനാഷണൽ ബുക്ക്സ്റ്റാൾ കോട്ടയം 1971)*

## പി.ഭാസ്കരൻ

**പരാജിതരുടെ ബന്ധു**

വിജയത്തിൻ ഭേരിയാൽ വീഥി വിറപ്പിക്കും
സഹജരോടല്ലെൻ സഹാനുഭൂതി.

ഭയദപരാജയശരപഞ്ജരത്തിന്റെ
തടവിങ്ക,ലേകാന്ത ബന്ധനത്തിൽ
അഴിയിൽപ്പിടിച്ചതിദൂരത്തിൽ നട്ടുള്ള

മിഴിയുമായ് നിൽക്കും പരാജിതനെ
ഇരവും പകലും കിനാവിൽക്കാണുന്നു ഞാൻ
കരുണാർദ്രമാകുമെന്നുൾമിഴിയാൽ.
തെരുവിൽ ബലിഷ്ഠരാം നാലഞ്ചുപേർകൂടി
ഒരു ഭാഗ്യഹീനനാം മാനവനെ
തെരുതെരെ മർദ്ദിക്കെച്ചോര ചിന്തുന്നതെൻ
മുറിവേറ്റു പിടയുന്ന കരളാണല്ലോ.
കളിയിൽ, പരീക്ഷയിൽ, ജീവിതായോധന
ക്കളരിയിൽ, വിപണനമത്സരത്തിൽ
സകലത്തിലും തോറ്റു കോണിലിരിക്കുന്ന
സഹജരോടാണെൻ സഹാനുഭൂതി.
ചപലഹൃദയത്തിൽ ദൗർബല്യമോ, നെഞ്ചിൽ
പ്രബലമായ് വീശുന്ന കോപവായ്പോ.....
അതിനുള്ള കാരണമെന്തുമാകട്ടെ, ഞാൻ
സതതം പരാജിതബന്ധുവല്ലോ!

*(പി.ഭാസ്കരന്റെ തെരഞ്ഞെടുത്ത കവിതകൾ മാതൃഭൂമി1987)*

## വയലാർ

### അശ്വമേധം

ആരൊരാളെൻ കുതിരയെ കെട്ടുവാൻ
ആരൊരാളതിൻ മാർഗം മുടക്കുവാൻ
ദ്വിഗ്ജയത്തിനെൻ സർഗശക്തിയാ
മിക്കുതിരയെ വിട്ടയക്കുന്നു ഞാൻ
.......................................................
.......................................................

## ഒ.എൻ.വി കുറുപ്പ്

### കോതമ്പുമണികൾ

പേരറിയാത്തൊരു പെൺകിടാവേ, നിന്റെ
നേരറിയുന്നു ഞാൻ പാടുന്നു
കോതമ്പക്കതിരന്റെ നിറമാണ്
പേടിച്ച പേടമാൻമിഴിയാണ്
കയ്യിൽ വളയില്ല, കാലിൽ കൊലുസില്ല
മെയ്യിലലങ്കാരമൊന്നുമില്ല.
.......................................................
.......................................................
.......................................................

## ഇടശ്ശേരി

പൂതപ്പാട്ട്

## വൈലോപ്പിള്ളി

**മാമ്പഴം**

## ഒളപ്പമണ്ണ

**ചന്ദനം**

രാവിലെയീറൻകെട്ടി
നിന്നുകൊണ്ടരയ്ക്കുന്നു
കാമിനി ചാണക്കല്ലിൽ
ചന്ദനംഇതുകാൺകേ,
അന്തരാ കഥിച്ചു ഞാൻ:
ഓമനേ, തവ ജീവ
ചന്ദനസുരഭില
മല്ലി മാമകജന്മം.

## അക്കിത്തം

**വെണ്ണക്കല്ലിന്റെ കഥ**

ഏതോ വിദൂരമാം ഗ്രാമത്തിൽപ്പണ്ടൊരു
ഗാതാവു വന്നു പിറന്നുവത്രേ.
കണ്ഠം തുറന്നവൻ പാടിത്തുടങ്ങവേ
കല്ലിനും കണ്ണീരുറന്നുവത്രേ.
ബാലൻ യുവാവായ കാലത്തു ചന്തവും
ശീലഗുണവും മനോബലവും
ഒത്തു ചേർന്നീശ്വരകാരുണിപോലൊരു
മുഗ്ധയ്ക്കു നാഥനായ്ത്തീർന്നുവത്രേ.
......................................................................
......................................................................

## എൻ.വി. കൃഷ്ണവാരിയർ

**ഏഴു പാപങ്ങൾ**

ഏഴു പാപങ്ങൾ നാം വർജിച്ചിടേണമെ -
ന്നോതിപോൽ മുന്നം മഹാത്മാഗാന്ധി
ആദർശമില്ലാത്ത രാഷ്ട്രതന്ത്രം,
അധ്വാനം ചെയ്യാപ്പണ പ്രഭുത്വം,
സത്യം വെടിഞ്ഞ വാണിജ്യകർമം,
സദ് വൃത്തം നൽകാത്ത വിദ്യാഭ്യാസം,

ധ്വസ്ത വിവേകം സുഖോപഭോഗം,
മർത്ത്യത്വഹീനമാം ശാസ്ത്രജ്ഞാനം
ത്യാഗമെഴാത്ത മതാനുഷ്ഠാനം:

ഏഴിവയത്രേ മഹാപാപങ്ങൾ
ഏഴു പാപങ്ങളിവ നാം വിടേണമെ -
ന്നോതിപോൽ മുന്നം മഹാത്മാഗാന്ധി
എന്നിട്ടുമിന്ത്യയിലേഴു പാപങ്ങൾ
അന്നന്നായേറിവരുകയല്ലീ?

*(പുഴകൾ മാതൃഭൂമി1993)*

## സുഗതകുമാരി

**രാത്രിമഴ**

രാത്രിമഴ ചുമ്മാതെ കേണും ചിരിച്ചും
നിറുത്താതെ പിറുപിറുത്തും
കുനിഞ്ഞിരിക്കുന്നൊരു യുവതിയാം ഭ്രാന്തിയെപ്പോലെ
.......................................................................
.......................................................................

## നീലംപേരൂർ മധുസൂദനൻനായർ

**കെട്ടുമുറുക്ക്**

കെട്ടു മുറുക്കിയിരിപ്പൂ ഞാ;നീ
തട്ടകമൊഴിയാറായി; കണ്ണിൽ
വെട്ടമൊരല്പം മിച്ചം പൊലിയാ
തിപ്പൊഴുമേതോ ബാക്കി കടംപോൽ!
അന്തിക്കതിരായതുമീയിളയുടെ
നെഞ്ചിലുടച്ചേ പടികൾ ചവുട്ടി
യിറങ്ങാനാവൂ; വിടചൊല്ലി
മടങ്ങാനാവൂ; മയങ്ങാനാവൂ!

*(ചമതഎൻ.ബി.എസ് കോട്ടയം 2011)*

## യൂസഫലി കേച്ചേരി

**വേദം**

ഉമ്മ വിളമ്പിയ ചോറിന്നു മുൻപിൽ ഞാൻ
ചുമ്മാ മുഖം കറുപ്പിച്ചിരുന്നു.
ഉപ്പേരിയില്ല,കറിയില്ല, മീനില്ല
പപ്പടം വട്ടത്തിലാണു താനും.

ചോറ്റുപാത്രത്തിന്റെ പൊട്ടുപോലുണ്ടൊരു
ചോന്നുള്ളിച്ചമ്മന്തി അത്രമാത്രം.
.......................................................................
.......................................................................

## ചെമ്മനം ചാക്കോ

**മമ്മി**

'മരിക്കാൻ കിടക്കുന്നു മുത്തശ്ശി, ചുറ്റും നോക്കി
യിരിക്കാൻ തുടങ്ങിയിട്ടേറെയായ് വേണ്ടപ്പെട്ടോർ'
.......................................................................
.......................................................................

## അയ്യപ്പപ്പണിക്കർ

എനിക്കാവതില്ലേ പൂക്കാതിരിക്കാൻ
എനിക്കാവതില്ലേ കണിക്കൊന്നയല്ലേ
.......................................................................
.......................................................................

## സച്ചിദാനന്ദൻ

**ഇരുപതു വയസ്സായ മകൾക്ക് ഒരു താരാട്ട്**
രാവു മുതിർന്നു കിളിപോയി നീലിച്ച
പാതയിൽ ചന്ദ്രൻ ചുകന്നു
വിളക്കണച്ചാലുമിമയണക്കാതെ നീ
കാക്കുവതാരെ
അഴുക്കു കുമിഞ്ഞു കൂടുന്നൊരീ കോണിൽ
വരാനേതു പാതിരാസൂര്യനെ....
.......................................................................
.......................................................................

## കടമ്മനിട്ട

**കോഴി**

കുഞ്ഞേ തുള്ളാൻ സമയമില്ലിപ്പോൾ
കാഞ്ഞ വെയിലത്തു കാലുപൊള്ളുമ്പോൾ
എന്നുമെന്റെ ചിറകിന്റെ കീഴിൽ
നിന്നുനിന്റെ വറുനിറയ്ക്കാമെന്നു
തോന്നുന്ന തോന്നലുവേണ്ട
നിന്റെ ജീവിതം നിൻകാര്യം മാത്രം
.......................................................................
.......................................................................

## എൻ.എൻ കക്കാട്

**സഫലമീയാത്ര**

ആർദ്രമീ ധനുമാസരാവകളിലൊന്നിൽ
ആതിരവരുംപോകുമല്ലേ സഖീ
ഞാനീ ജനലഴി പിടിച്ചൊട്ടു നില്ക്കട്ടെ
നീയെന്നരികത്തു തന്നെ നിൽക്കൂ.
......................................................................
......................................................................

## ആറ്റൂർ രവിവർമ്മ

**നഗരത്തിൽ ഒരു യക്ഷൻ**

മാഞ്ഞൂ പുതുമ; വിവാഹിതയാം മുമ്പു
നീയണിയണിയാറുള്ള ഭംഗികൾക്കൊക്കെയും
വേനലിൻ ചൂടിൽ വരണ്ടു, കൊടുംമഞ്ഞു
കാലത്തഭംഗി കലർന്നു നിൻ ചുണ്ടുകൾ
പേന മരിച്ചു കിടപ്പൂ നിൻ ട്രങ്കിന്റെ
മൂലയിൽ, കൊക്കുകൾ പൂട്ടിയിരുന്നു നാം.

## കുഞ്ഞുണ്ണി

'ആറു മലയാളിക്കു നൂറു മലയാളം
അര മലയാളിക്കുമൊരു മലയാളം
ഒരു മലയാളിക്കും മലയാളമില്ല.'
'അമ്മ മമ്മിയായന്നേ മരിച്ചൂ മലയാളം
ഇന്നുള്ളതിൻ ഡാഡീജഡമാം മലയാലം!'

## കെ.ജി. ശങ്കരപ്പിള്ള

**ബംഗാൾ**

ഇന്ത്യൻ അവസ്ഥ: ധൃതരാഷ്ട്രർ
ബംഗാളിൽനിന്ന് ഒരു വാർത്തയുമില്ല
ബംഗാളിൽനിന്നു മാത്രം
യാതൊന്നും അറിയുന്നില്ല
യാതൊന്നും
ഒന്നും.
......................................................................
......................................................................

## പ്രഭാവർമ്മ

**കാതോർക്കൽ**

എത്രയുറക്കെ ഞാൻ പാടുകിലാണു നിൻ

ചിത്തത്തിലെന്നൊച്ച നീർത്തുള്ളിയെന്നപോൽ
വന്നുതിരുന്നതറിഞ്ഞീല,യെങ്കിലും
നിത്യവും പാടിനേൻ നിൻപുകൾപ്പാട്ടുകൾ
.......................................................................
.........................................................................

## ബാലചന്ദ്രൻ ചുള്ളിക്കാട്

**സന്ദർശനം**

അധികനേരമായ് സന്ദർശകർക്കുള്ള
മുറിയിൽ മൗനം കുടിച്ചിരിക്കുന്നു നാം.
ജനലിനപ്പുറം ജീവിതംപോലെയി
പ്പകൽവെളിച്ചം പൊലിഞ്ഞുപോകുന്നതും
ചിറകു പൂട്ടുവാൻ കൂട്ടിലേയ്കോർമ്മതൻ
കിളികളൊക്കെ പറന്നു പോകുന്നതും.
.......................................................................
.........................................................................

## മധുസൂദനൻനായർ

**നാറാണത്തു ഭ്രാന്തൻ**

പന്ത്രണ്ടു മക്കളെ പെറ്റൊരമ്മേ നിന്റെ
മക്കളിൽ ഞാനാണു ഭ്രാന്തൻ
പന്ത്രണ്ടുരാശിയും നീറ്റുമമ്മേ നിന്റെ
മക്കളിൽ ഞാനാണനാഥൻ
.......................................................
കോയ്മയുടെ കോലങ്ങളെരിയുന്ന ജീവിത
ച്ചുടലയ്ക്കു കൂട്ടിരിക്കുമ്പോൾ
കോവിലുകളെല്ലാമൊതുങ്ങുന്ന കോവിലിൽ
കഴകത്തിനെത്തി നിൽക്കുമ്പോൾ
കോലായിക്കാലമൊരുമന്തുകാലുമായ്
തീ കായുവാനിരിക്കുന്നുചീർത്ത
കൂനൻകിനാക്കൾതൻ കുന്നിലേക്കീ
മേഘകാമങ്ങൾ കല്ലുരുട്ടുന്നു....
.......................................................................
.........................................................................

## വിജയലക്ഷ്മി

**പുതുവർഷം**

അമ്മ പറഞ്ഞതിനപ്പുറം മറ്റൊന്നു
മില്ലാതിരുന്നൊരാപ്പോയ കാലം,

മാവേലി നാടുവാണീടും കാലം പാടി
പ്പൂനുള്ളിപ്പോയ പൊന്നോണക്കാലം,
ദേവിതൻ കോവിലിൽ, ക്കുഞ്ഞുടുപ്പിട്ട ഞാ
നോരോ പടിയെണ്ണിക്കേറുന്നേരം,
കൂപ്പുക കുഞ്ഞിക്കൈയെങ്കിൽക്കരിവള
കാപ്പാകുമെന്നമ്മ ചൊന്ന കാലം.
.......................................................................
........................................................................

## സാവിത്രിരാജീവൻ

**പ്രതിഷ്ഠ**

അടുക്കളയിലെ
തേഞ്ഞു  തീരുന്നവീട്ടുപകരണമാണു ഞാൻ
ശ്വസിക്കുന്നതിനാൽ നടക്കുകയും

നടക്കുന്നതിനാൽ കിടക്കുകയും ചെയ്യുന്ന
പാചകങ്ങൾക്കൊപ്പം വാചകം വിളമ്പുന്ന
സങ്കീർണത ഒട്ടുമില്ലാത്ത ഒരുപകരണം
.......................................................................
........................................................................

## റഫീഖ് അഹമ്മദ്

**തോരാമഴ**

ഉമ്മുക്കുലുസു മരിച്ചന്നു രാത്രിയിൽ
ഉമ്മ തനിച്ചു പുറത്തുനിന്നു
ഉറ്റവരൊക്കെയും പോയിരുന്നു
മുറ്റമോ ശൂന്യമായ് തീർന്നിരുന്നു.
.......................................................................
........................................................................

മുകളിൽ തന്നിരിക്കുന്ന കവിതകൾക്കൊപ്പം താഴെ പറയുന്ന കവികളുടെ ഏതെങ്കിലും ഒരു രചനകൂടി പരിഗണിച്ച് ക്ലാസിൽ ചർച്ച നടത്തുക.

നാലാങ്കൽ കൃഷ്ണപിള്ള
ജി.കുമാരപിള്ള
വിഷ്ണുനാരായണൻ നമ്പൂതിരി
എസ്.രമേശൻനായർ
എ.അയ്യപ്പൻ
ശ്രീകുമാരൻതമ്പി
പുനലൂർ ബാലൻ

തിരുനെല്ലൂർ കരുണാകരൻ

ഏഴാച്ചേരി രാമചന്ദ്രൻ

- മുകളിൽ സൂചിപ്പിച്ച കവികളുടെ പ്രസിദ്ധമായ ഓരോ കവിതയുടെ വിശകലനം ചെയ്ത് കവിയെയും കൃതികളെയും പരിചയപ്പെടുത്തുന്ന കുറിപ്പ് തയാറാക്കൽ.
- അവ പ്രയോജനപ്പെടുത്തി മലയാളകവിത ആധുനിക കവിത്രയത്തിനു ശേഷം എന്ന സെമിനാർ നടത്തുക.
- കവികളുടെ ചിത്രങ്ങൾ, വിശദാംശങ്ങൾ എന്നിവ ശേഖരിച്ച് ആൽബം തയ്യാറാക്കുക.
- ഒന്നുമുതൽ ഏഴുവരെ ക്ലാസുകളിലെ പാഠപുസ്തകങ്ങളിലെ കവിതകൾ ക്ലാസിൽ അവതരിപ്പിക്കുക. പ്രത്യേകതകൾ ചർച്ച ചെയ്യുക. കവിതയുടെ പ്രമേയം, ആവിഷ്കാരരീതി ഇവ എല്ലാ കാലത്തും ഒരുപോലെയാണോ ചർച്ച ചെയ്യുക.

## മലയാളകവിതാധ്യാപനം

പഠനനേട്ടം

കവിതാധ്യാപനത്തിന്റെ രീതിശാസ്ത്രം തിരിച്ചറിയുന്നു.

കവിതാധ്യാപനത്തിന്റെ ലക്ഷ്യങ്ങൾ തിരിച്ചറിയുന്നു.

മലയാളസാഹിത്യത്തിലെ ഒരു പ്രധാന ശാഖയാണ് കവിത. ജീവിതത്തിന്റെ വ്യത്യസ്തമായ ആവിഷ്കാരങ്ങൾ കവിതകളെ ആകർഷകമാക്കുന്നു.

കവിതയെ സംബന്ധിച്ച് നിരവധി നിർവചനങ്ങളുണ്ട്.

- പ്രശാന്തതയിൽ അനുസ്മൃതമാകുന്ന ശക്തിയേറിയ വികാരങ്ങളുടെ ബഹിർഗമനമാണു കവിത.(വേഡ്സ് വർത്ത്)
- സംഗീതാത്മകമായ ചിന്തയാണ് കവിത-കാർലൈയിൻ
- ഭാവനയുടെ പ്രകാശമാണ് കവിത-ഷെല്ലി

എന്നാൽ ഇത്തരം നിർവചനങ്ങൾക്കകത്ത് കവിതയെ ഒതുക്കുക പ്രയാസമാണ്.

കവിതകൾ വായിച്ച് ആസ്വദിക്കാൻ കഴിയുക എന്നതാണ് കവിതാപഠനത്തിന്റെ പ്രധാന ലക്ഷ്യം. കവിത ആകർഷകമാക്കുന്ന വിവിധ ഘടകങ്ങൾ കവിതയുടെ ആശയം, അതിൽ തെളിയുന്ന ജീവിതവീക്ഷണം, കവിതയുടെ സൗന്ദര്യതലം, കവിതയുടെ ഗാനാത്മകത, ഉപയോഗിച്ചിരിക്കുന്ന പദങ്ങളുടെ പ്രത്യേകതകൾ, വാങ്മയചിത്രങ്ങൾ,വർണനകൾ, അലങ്കാരങ്ങൾ, കവിതയുടെ ശില്പഭംഗി ... മുതലായവ കണ്ടെത്താൻ ഒരു കുട്ടിക്ക് സ്വയം കഴിയുമ്പോഴാണ് ആസ്വാദനം പൂർത്തിയാകുക. കവിതാസ്വാദനം കടലിനെ അറിയുന്നതുപോലെയാണ്. ഏറ്റവും മുകൾപ്പരപ്പിൽ കേവലം തിരമാലകൾ മാത്രമാണ് കാണാൻ കഴിയുക. കുറച്ചുകൂടി താഴേയ്ക്കിറങ്ങുമ്പോൾ വ്യത്യസ്തമായ ജീവജാലങ്ങളെ കാണാം. വീണ്ടും അടിത്തട്ടിലേക്കിറങ്ങുമ്പോൾ മുത്തും പവിഴവും ലഭിക്കും. ഇത്തരത്തിൽ കവിതയുടെ ആഴങ്ങളിലേക്കിറങ്ങി കവിതയിലെ മുത്തും പവിഴവും കണ്ടെത്താൻ കുട്ടിയെ പ്രാപ്തനാക്കണം. അതിലൂടെ രൂപപ്പെടുന്ന ആസ്വാദനത്തിന്റെ പുതിയ മേഖലകളിലേക്കു കടക്കാൻ കുട്ടിക്കു കഴിയണം. ഉയർന്ന ക്ലാസ്സുകളിൽ ഈ കഴിവിലെത്തണമെങ്കിൽ പ്രൈമറിതലത്തിൽ അതിനനുസൃതമായ പഠനാവസരങ്ങൾ ഉറപ്പുവരുത്തണം.

മുകളിൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കവിതാപഠനത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരിക്കണം?

- ആസ്വാദനശേഷി വളർത്തുക. കവിത വായിച്ചും ചൊല്ലിയും കേട്ടും ആനന്ദമനുഭവിക്കാൻ കുട്ടിക്കു കഴിയണം.
- കവിതയിലെ സൗന്ദര്യം തിരിച്ചറിയുകയും സൗന്ദര്യബോധം വളർത്തുകയും ചെയ്യുക.
- ഭാവന വളർത്തുക
- കാവ്യശകലങ്ങൾ മനസ്സിൽ സൂക്ഷിക്കുക.

നിശ്ചിതവരികൾ കാണാപ്പാഠം പഠിക്കുകയെന്ന കാഴ്ചപ്പാടിലല്ല ഇത്തരമൊരാശയം മുന്നോട്ടു വെക്കുന്നത്. വായനയിലൂടെയും ക്ലാസിൽ നടക്കുന്ന ചർച്ചകളിലൂടെയും കവിതകളിലെ ശ്രദ്ധേയമായ വരികൾ മനസ്സിൽ സൂക്ഷിക്കാനും ജീവിതത്തിലെ വിവിധ സന്ദർഭങ്ങളിൽപ്രഭാഷണം, വിവിധ രചനകൾ എന്നിവയിൽ യുക്തിപൂർവം അവ പ്രയോജനപ്പെടുത്താനും കഴിയുക. ഉദാ

ചങ്ങമ്പുഴയുടെ വാഴക്കുല വായിക്കുന്ന, ചർച്ച ചെയ്യുന്ന കുട്ടി അവയിലെ

ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ

പതിതരേ നിങ്ങൾതൻ പിന്മുറക്കാർ?

എന്ന വരികളോ അല്ലെങ്കിൽ മനസ്സിൽ പതിഞ്ഞ മറ്റു വരികളോ ഉപയോഗിക്കാൻ കഴിവുള്ളവരായിരിക്കണം.

- ലോകസാഹിത്യവും സാഹിത്യകാരന്മാരെയും പരിചയപ്പെടൽ. മാതൃഭാഷയിലുണ്ടാകുന്ന ആസ്വാദനത്തിന്റെ ഭാഗമായി വിവിധ ഭാഷകളിലെ, രാജ്യങ്ങളിലെ കവിതകൾ വായിച്ചു മനസ്സിലാക്കാനും സാഹിത്യകാരന്മാരെ പരിചയപ്പെടാനും അവസരം തേടുന്ന തരത്തിൽ കുട്ടികൾക്ക് അനുഭവങ്ങൾ നല്കണം.
- സ്വന്തം കവിത രചിക്കൽ

കവിതാസ്വാദനത്തിലൂടെ പരിചയപ്പെടുന്ന വിവിധ രചനാശൈലികൾ, പ്രയോഗങ്ങൾ, ശില്പഭംഗി എന്നിവയുടെ അടിസ്ഥാനത്തിൽ സ്വന്തം ശൈലികൾ രൂപപ്പെടുത്താനും സ്വന്തം ആശയങ്ങൾ മനോഹരമായി ആവിഷ്കരിക്കാനും കുട്ടികളെ പ്രാപ്തരാക്കുക

ഇതിനായി പ്രൈമറിതലത്തിൽ കവിതാസ്വാദനത്തിനു നടപ്പാക്കാവുന്ന പ്രവർത്തനപദ്ധതി താഴെ നൽകുന്നു. ഇതുപോലെ പ്രവർത്തനങ്ങൾ തയാറാക്കാനല്ല മറിച്ച് സ്വന്തം ഭാവനയ്ക്കനുസരിച്ച് അതിനെ മെച്ചപ്പെടുത്തി വേണം ഇതു നൽകാൻ.

കൂടുതൽ വിശദാംശങ്ങൾക്ക് എരുമേലി പരമേശ്വരൻപിള്ളയുള്ള മലയാളഭാഷാധ്യാപനം, കുറ്റിപ്പുഴ രവിയുടെ മാതൃഭാഷാബോധനം എന്നീ പുസ്തകങ്ങൾ വായിക്കുക.

## പാഠാസൂത്രണമാതൃക

കവിത

**കുഞ്ഞേടത്തി**
ഏഴാമത്താങ്ങള കൺതുറന്ന്
ഏഴുനാളായപ്പോൾ അമ്മ പോയീ!
താഴെയുള്ളേഴിനും അമ്മയായീ
താഴംപൂ പോലുള്ള കുഞ്ഞേടത്തി!
കണ്ണെഴുതാറില്ല കുഞ്ഞേടത്തി!
കണ്ണെഴുതിക്കാനേ നേരമുള്ളൂ!
പൊട്ടുതൊടാറില്ല കുഞ്ഞേടത്തി!
പൊട്ടുതൊടീക്കാനേ നേരമുള്ളൂ!
ഉണ്ണാനൊരുങ്ങാനുമില്ല നേരം!
ഉണ്ണികൾക്കെല്ലാം മുറയ്ക്കു വേണ്ടേ?
ഇല്ലൊന്നുറങ്ങാനുമില്ല നേരം!
ഇല്ലത്തെപ്പാടുകളോർത്തിടേണ്ടേ?
കത്തുന്നൊരേഴു തിരികൾ ചൂഴും
കുത്തുവിളക്കിന്റെ കൂമ്പുപോലെ
ഏഴു പൊന്നാങ്ങളമാർ നടുവിൽ
ഏവർക്കുമമ്മയായ് കുഞ്ഞേടത്തി

പരിഗണിക്കേണ്ട വസ്തതകൾ

ബോധനശാസ്ത്രപരമായ വിശകലനം

## പ്രാഥമിക വിവരങ്ങൾ

- സ്ഥാപനത്തിന്റെ പേര്
- ക്ലാസ് നാല്
- അധ്യാപകവിദ്യാർഥിയുടെ പേര്
- വിഷയംമലയാളം
- യൂണിറ്റ്/പാഠഭാഗംകുഞ്ഞേടത്തി (കവിത)
- സമയം 5 പിര്യേഡ്

## പഠനനേട്ടങ്ങൾ

- ലളിതമായ കവിതകൾ വായിച്ച് ആസ്വദിക്കുന്നതിന്.
- കവിത വിശകലനം ചെയ്ത് അവയിലടങ്ങിയിരിക്കുന്ന സൗന്ദര്യാംശങ്ങൾ കണ്ടെത്തുന്നതിന്. (പദപ്രയോഗം, വർണന, വാങ്മയചിത്രം, ആശയം.....)
- കവിതകൾക്ക് അനുയോജ്യമായ ഈണം കണ്ടെത്തി അവതരിപ്പിക്കുന്നതിന്.
- കവിതാപൂരണം നടത്തുന്നതിന്.

## ആശയപരം

- അമ്മ മരിച്ചുപോയതിനാൽ ഏഴ് ആങ്ങളമാരെ അമ്മയെപ്പോലെ നോക്കേണ്ടിവന്ന ഒരു ചേച്ചിയുടെ കഥയാണിത്.
- ആങ്ങളമാരെ വളർത്തുന്നതിന് ചേച്ചി  നിരവധി ദുരിതങ്ങൾ അനുഭവിക്കേണ്ടിവന്നു.
- ഇത്തരത്തിൽ സഹോദരന്മാർക്കു വേണ്ടി ത്യാഗങ്ങൾ സഹിക്കുന്ന നിരവധി പേർ നമ്മുടെ സമൂഹത്തിലുണ്ട്.

## ഭാഷാപരം/കാവ്യപരം

- അക്ഷരങ്ങളുടെ ആവർത്തനം കവിതയ്ക്കു ഭംഗി നൽകുന്നു.
- ഏഴാമത്താങ്ങള, ഏഴു നാളായപ്പോൾ വരികളുടെ ആദ്യത്തെ അക്ഷരവും രണ്ടാമത്തെ അക്ഷരവും ഒരുപോലെ വരുന്നു.
- കുഞ്ഞേട്ത്തിയുടെ സൗന്ദര്യം ആവിഷ്കരിക്കുന്നതിൽ താഴംപൂ എന്ന പ്രയോഗത്തിന്റെ പ്രസക്തിയുണ്ട്.
- കുഞ്ഞേട്ത്തിയുടെ ദുരിതം ആവിഷ്കരിക്കുന്നതിൽ അതിലെ പദപ്രയോഗം നല്ല പങ്കു വഹിക്കുന്നുണ്ട്. കണ്ണെഴുതാറില്ല കുഞ്ഞേട്ത്തി, കണ്ണെഴുതിക്കാനേ നേരമുള്ളൂ....
- എട്ടുപേരുടെയും സൗന്ദര്യം ആവിഷ്കരിക്കുന്നതിനു കവി ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ വളരെ അനുയോജ്യമാണ്.

  കത്തുന്നൊരേഴു തിരികൾ ചൂഴും
  കുത്തുവിളക്കിന്റെ കൂമ്പുപോലെ
  ഏഴു പൊന്നാങ്ങളമാർ നടുവിൽ
  ഏവർക്കുമമ്മയായ് കുഞ്ഞേട്ത്തി.

- കവി ചേച്ചിയെക്കുറിച്ച് വരച്ചിരിക്കുന്ന ചിത്രം വളരെ മനോഹരമാണ്.

## പഠനസാമഗ്രികൾഐ.ടി സാധ്യതകൾ

- പാഠപുസ്തകം
- കവിതാലാപനത്തിന്റെ സി.ഡി
- ചേച്ചിയെയും കുട്ടികളെയും ചേർത്തു വരച്ച ചിത്രം.
- വിശകലനപത്രിക

## രൂപപ്പെടേണ്ട ഉല്പന്നങ്ങൾ

- വിശകലനക്കുറിപ്പ്
- ആസ്വാദനക്കുറിപ്പ്പതിപ്പ്
- ചിത്രങ്ങൾ
- പ്രതികരണക്കുറിപ്പ്

## രൂപപ്പെടേണ്ട മൂല്യങ്ങൾ/മനോഭാവങ്ങൾ

- ദുരിതമാനുഭവിക്കുന്നവരെ സഹായിക്കണം.
- മറ്റുള്ളവർക്കു കൂടി പ്രയോജനപ്പെടുമ്പോഴാണ് ജീവിതം അർഥപൂർണമാകുന്നത്.

**പ്രവർത്തന ക്രമം**

ഉദ്യോഗ പർവത്തിനു കീഴെയുള്ള പാർഥസാരഥി വർണന ആദ്യം മുതൽ തന്നെ നൽകണം.

“നറഞ്ഞ പീലികൾ നിരക്കനെ കുത്തി.....

## യൂണിറ്റ് – 3

# നമ്മുടെ ഭാഷ– ഗദ്യവും ഗദ്യബോധനവും

### പ്രധാന ആശയങ്ങൾ

- മലയാള ചെറുകഥയ്ക്ക് സമ്പന്നമായ ഒരു ചരിത്രമുണ്ട്.
- ഓരോ കാലത്തെയും ചെറുകഥകൾക്ക് പ്രമേയത്തിലും ആവിഷ്കാരരീതിയിലും ഭാഷയിലും വ്യത്യാസമുണ്ട്.
- കഥാകൃത്തുക്കൾ അനുഭവം, ഓർമ്മ, മാനസിക വ്യാപാരം എന്നിവ ആവിഷ്കരിക്കാൻ അനുയോജ്യമായ ആഖ്യാന തന്ത്രങ്ങൾ ഉപയോഗിക്കുന്നു.
- ലളിതവും കാവ്യാത്മകവും ജീവിതഗന്ധിയുമായ ഭാഷയാണ് ചെറുകഥയുടെത്.
- കഥയിൽക്കൂടാം, പാവ ഉപയോഗിച്ച് കഥ പറയൽ, ചിത്രം കാണിച്ച് കഥ പറയൽ, കഥാപൂരണം മുതലായ വ്യത്യസ്തകഥാവതരണ തന്ത്രങ്ങളുണ്ട്.
- മലയാള നോവൽ ചരിത്രം
- വിവിധ കലാഘട്ടങ്ങളിലെ നാഴികക്കല്ലുകളായ നോവലുകളും അവയുടെ സവിശേഷതകളും
- തെരഞ്ഞെടുത്ത നോവലിലെ ആഖ്യാനരീതി, ഇതിവൃത്തം, ഭാഷ, കഥാപാത്രങ്ങളുടെ സവിശേഷത.
- നിരൂപണ സാഹിത്യത്തെക്കുറിച്ചുള്ള സാമാന്യകാഴ്ചപ്പാട്.
- പാഠപുസ്തകങ്ങളിലെ വ്യത്യസ്ത വ്യവഹാരരൂപങ്ങൾ
- വ്യത്യസ്തരീതികളിൽ ആവിഷ്കരിച്ച യാത്രാവിവരണങ്ങൾ
- ആത്മകഥകൾ, ജീവചരിത്രങ്ങൾ, ഓർമ്മക്കുറിപ്പുകൾ
- ഗദ്യബോധന സമീപനം
- ഗദ്യപാഠങ്ങളുടെ അവതരണരീതി
- ഉള്ളടക്കം
- ഭാഷാവസ്തുതകൾ

### ആമുഖം

മനുഷ്യന്റെ സാമൂഹികവും വൈജ്ഞാനികവുമായ പുരോഗതിയും ഗദ്യത്തിന്റെ വളർച്ചയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. വ്യക്തമായി പറയുക എന്നർത്ഥമുള്ള 'ഗദ' (ഗദ വ്യക്തായാം വാചി) ധാതുവിൽ നിന്നാണ് ഗദ്യം എന്ന പദത്തിന്റെ നിഷ്പത്തി. പദ്യത്തിന് പ്രാധാന്യമുണ്ടായിരുന്ന ആദ്യകാലത്ത് നിന്നും മനുഷ്യന് ആശയവിനിമയം ആവശ്യമായി വന്നപ്പോൾ ഭാഷയുടെ സ്വാഭാവികപരിണാമം എന്ന നിലയിലാകാം ശരിയായ ഗദ്യത്തിന്റെ ആവിർഭാവം മലയാളഭാഷയിൽ സംഭവിച്ചത്. ഇത് വായ്മൊഴിയായും പിന്നെ വരമൊഴിയായും വളർച്ച പ്രാപിച്ചു. മലയാളഭാഷയുടെ ഉത്ഭവം മുതൽ തന്നെ ഗദ്യഭാഷ

വ്യവഹാരത്തിന് ഉപയോഗിച്ചിരുന്നെങ്കിലും സാഹിത്യത്തിൽ സ്ഥാനം ലഭിച്ചത് നൂറ്റാണ്ടുകൾക്ക് ശേഷമാണ്. ആദ്യത്തെ മലയാള ഗദ്യകൃതിയായ ഭാഷാകൗടലീയം മുതൽ മിഷണറിമാരുടെ സംഭാവനകളിലൂടെയും മറ്റും വളർന്ന് ഭാഷാപരമായ നവോത്ഥാനത്തിലൂടെ മലയാളഗദ്യം വളർച്ചയുടെ പാതയിലൂടെ കടന്നുപോവുകയാണ്.

നിരവധി സാഹിത്യപ്രസ്ഥാനങ്ങൾ ഇന്ന് ഗദ്യസാഹിത്യത്തിലുണ്ട്. അതിൽ ചെറുകഥ, നോവൽ, നിരൂപണം, യാത്രാവിവരണം, ആത്മകഥ, ജീവചരിത്രം, ഓർമ്മക്കുറിപ്പുകൾ എന്നിവയിലൂടെ കടന്നുപോയി അവ എന്താണെന്ന് മനസ്സിലാക്കുകയാണ് ഈ യൂണിറ്റിന്റെ പ്രധാന ലക്ഷ്യം. വ്യവഹാരരൂപങ്ങളെക്കുറിച്ച് സാമാന്യധാരണ നേടുകയും വേണം. ഇവയെക്കുറിച്ച് അറിവ് നേടുന്ന അധ്യാപകവിദ്യാർത്ഥി ഗദ്യബോധനത്തിന്റെ സമീപനങ്ങളും തന്ത്രങ്ങളും മനസ്സിലാക്കി ശരിയായ രീതിയിൽ ഗദ്യബോധനം നടത്തുന്നതിനുള്ള ധാരണ രൂപീകരിക്കുകയും വേണം.

## ചെറുകഥ

ചില പ്രത്യേക ലക്ഷണങ്ങൾ (ഭാവപരമായ ഏകാഗ്രത, വികാര തീവ്രമായ അന്തരീക്ഷം, നാതിദീർഘത) തികഞ്ഞ കഥകളേ ചെറുകഥകളാകൂ എന്ന് ചിലർ വാദിക്കുമ്പോൾ ഏറ്റവും സ്വാഭാവികവും ലളിതവുമായ സാഹിത്യരൂപമാണ് ചെറുകഥ എന്ന് മറ്റു ചിലർ അഭിപ്രായപ്പെടുന്നു. ' ചെറിയ കഥ' കളെല്ലാം ചെറുകഥകളല്ലെന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്.

**ചെറുകഥയെ സംബന്ധിച്ച ഏതാനും വീക്ഷണങ്ങൾ**

✓ബാഹ്യമോ ആഭ്യന്തരമോ ആയ ഒരൊറ്റ സംഭവത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാവനാ സൃഷ്ടിയാണ് ചെറുകഥ.

✓ലഘുവെങ്കിലും ജീവസ്പർശിയായ ഒരനുഭവമോ സംഭവമോ വികാരാത്മകമായി ആവിഷ്കരിക്കുന്ന ചെറുകഥയ്ക്ക് വിസ്തൃതമായ ക്യാൻവാസ് ആവശ്യമില്ല. ഒരു ചെറുകഥയിൽ ഒരേയൊരു ആശയമേ നിബന്ധിക്കാവൂ.

✓ചെറുകഥ അനുക്രമമായ ഒരു സംഭവ വിവരണമാണ്. ആദ്യമാദ്യം ആഖ്യാനം ചെയ്യുന്ന സംഭവങ്ങളിലൂടെ ഒരു പ്രശ്നം അവതരിപ്പിക്കുകയും തുടർന്ന് വരുന്ന സംഭവങ്ങളിലൂടെ പ്രശ്നത്തിന് പരിഹാരം തേടുകയും ചെയ്യുന്നു.

✓ചെറുകഥ ശ്രദ്ധപൂർവ്വം രചിക്കുന്ന ആഖ്യാനശില്പമാണ്. വീക്ഷണസ്ഥാനം, ബിംബവിന്യാസം, ഭാഷാശൈലി തുടങ്ങിയ ഘടകങ്ങളിലൊക്കെ സൂക്ഷ്മത പുലർത്തുന്ന രചനയാണത്. എഴുതുകാരന്റെ വ്യക്തിത്വം പ്രകടമായിരിക്കും.

✓ടോർച്ചിന്റെ വെളിച്ചം പായുന്നതുപോലെ ഒരു ചെറിയ പരിധിക്കുള്ളിൽ ശരിയായ വെളിച്ചം പരത്തുക; അവിടുത്തെ യഥാർത്ഥചിത്രം തെളിമയോടെ പ്രകാശിപ്പിക്കുക – ഇതാണ് ചെറുകഥ കൊണ്ട് സാധിക്കേണ്ടത്.

✓ചെറുകഥയുടെ മൗലികമായ സ്വഭാവം ഏകാഗ്രതയാണ്. ഒരു സംഭവം, ഒരു കഥാപാത്രം, ഒരു വികാരം, ഒരവസ്ഥ എന്നതിലായിരിക്കും ഊന്നൽ. ഏകാഗ്രത നഷ്ടമാകാതെ കേന്ദ്രഭാവത്തെ നാടകീയമായി വളർത്തിയെടുക്കുന്നിടത്താണ് ചെറുകഥ സഫലമാകുന്നത്.

✓ദൈർഘ്യത്തെക്കാൾ ഉള്ളടക്കത്തിന്റെ സ്വഭാവവും രചനാരീതിയുമാണ് ഒരു കഥയെ ചെറുകഥ എന്ന കലാസൃഷ്ടിയാക്കുന്നത്.

✓ചെറുകഥ ഏകാകിയുടെ സ്വരമാണ്.

**കഥയുടെ കഥ**

*ശിലായുഗത്തിൽ മനുഷ്യൻ രാത്രിയിൽ അഗ്നികുണ്ഡത്തിന് ചുറ്റുമിരുന്ന് പറഞ്ഞവയാണ് ആദ്യത്തെ ചെറുകഥകൾ.*

*ബി സി നാലാം നൂറ്റാണ്ടിലുണ്ടായ 'രണ്ട് സഹോദരങ്ങൾ,'*
*ബി.സി ആറാം നൂറ്റാണ്ടിൽ ഗ്രീസിലുണ്ടായെന്ന് പറയപ്പെടുന്ന ഈസോപ്പുകഥകൾ,*
*ശ്രീബുദ്ധന്റെ മുജ്ജന്മങ്ങളെക്കുറിച്ചുള്ളവയെന്ന് കരുതപ്പെടുന്ന ജാതകകഥകൾ,*
*എ.ഡി 300 നും 500 നും ഇടയിൽ രചിക്കപ്പെട്ടതെന്ന് വിശ്വസിക്കുന്ന പഞ്ചതന്ത്രംകഥകൾ*
*സോമദേവകവിയുടെ കഥാസരിത് സാഗരം*
*ബൈബിൾ കഥകൾ,*
*അറേബ്യൻ കഥകൾ*
*ഇവയൊക്കെയാണ് ചെറുകഥയുടെ ആദ്യരൂപങ്ങൾ.*

*വായ്മൊഴിയിൽ കഥ പറയുന്ന ശീലം പഴയകാലത്തുതന്നെ കേരളീയർക്കുണ്ടായിരുന്നു.*
*കൂത്തിലും കൂടിയാട്ടത്തിലും വിദൂഷകർ അവതരിപ്പിക്കുന്ന ഉപകഥകൾ,*
*തുള്ളലിലെ പുറംകഥകൾ,*
*പടയണിയിലെ ഉപകഥകൾ,*
*പാഠകത്തിലെ ഉപകഥകൾ, തുടങ്ങിയ ചൊൽക്കഥകളും*
*വടക്കൻപാട്ടുകളിലെയും തെക്കൻപാട്ടുകളിലെയും പാട്ടുകഥകളും*
*കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യകഥകളും*
*മലയാളകഥാപാരമ്പര്യത്തിന്റെ ഈടുവയ്പുകളാണ്.*

*ചെറുകഥ എന്ന സാഹിത്യരൂപം ഉരുത്തിരിഞ്ഞുവരുന്നത് 19– ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലാണ്. അമേരിക്കൻ ഐക്യനാടുകളിലും റഷ്യയിലും, ബ്രിട്ടനിലും, ഫ്രാൻസിലും വൈകാതെ അതൊരു പ്രമുഖമായ സാഹിത്യവിഭാഗമായി വികസിച്ച് പക്വത നേടി. ഈ പശ്ചാത്തലത്തിലാണ് മലയാളത്തിൽ ചെറുകഥ എന്ന സാഹിത്യരൂപം ആവിർഭവിക്കുന്നത്.*

## ചെറുകഥ – മലയാളത്തിൽ

പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ പാശ്ചാത്യസാഹിത്യസമ്പർക്കത്തിന്റെ ഫലമായി മലയാളഭാഷയിൽ ആവിർഭവിച്ച പുതിയ സാഹിത്യരൂപങ്ങളിലൊന്നാണ് ചെറുകഥ. മലയാള സാഹിത്യത്തിൽ അത്യധികം വിപുലമായി വളർന്നു കഴിഞ്ഞിട്ടുണ്ട് ഈ സാഹിത്യശാഖ. ലോകത്തിന്റെ മറ്റു ഭാഷകളിലെന്നപോലെ കാലികപ്രസിദ്ധീകരണങ്ങ

ളുടെ അത്ഭുതകരമായ പ്രചാരവും വിദ്യാസമ്പന്നമായ ജനസാമാന്യവുമാണ് ഈ സാഹിത്യശാഖയുടെ വളർച്ചയ്ക്ക് പ്രധാന കാരണം.

സാങ്കേതികാർത്ഥത്തിൽ ചെറുകഥ എന്ന ഗണത്തിൽപ്പെടുത്താവുന്ന തിരിച്ചറിയപ്പെട്ട ആദ്യത്തെ മലയാളകഥ വേങ്ങയിൽ കുഞ്ഞിരാമൻനായനാരുടെ 'വാസനാവികൃതി'യാണ്. ഇങ്ങനെ ചൂണ്ടിക്കാണിക്കപ്പെടുന്ന 'വാസനാവികൃതി'ക്ക് മുമ്പ് ചെറുകഥ എന്ന് വിളിക്കാവുന്ന ഏതെങ്കിലും മൗലികരചന മലയാളത്തിൽ കണ്ടെത്തിയിട്ടില്ല. അതുകൊണ്ട് കൊല്ലവർഷം 1066 (1891 ഫെബ്രുവരി-മാർച്ച്) ലക്കം വിദ്യാവിനോദിനി' യിൽ പ്രസിദ്ധപ്പെടുത്തിയ വാസനാവികൃതിതന്നെയാണ് ആദ്യത്തെ ചെറുകഥ എന്ന് ഉറപ്പിക്കാം. സാമാന്യേന ലക്ഷണയുക്തമെന്ന് കരുതുന്ന ഈ കഥ പ്രസിദ്ധീകരിക്കുന്നതിനു മുന്നേ അച്ചടിച്ചു വന്നവയുമുണ്ട്. അവയിൽ പ്രധാനപ്പെട്ടവ കേരളത്തിൽ മുദ്രണം ചെയ്ത് 1824 ൽ പുറത്തിറങ്ങിയ 'ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ലീഷിൽ നിന്ന് പരിഭാഷപ്പെടുത്തിയ കഥകൾ മലയാളത്തിലെ ആദ്യത്തെ മാസികയായ 'രാജ്യസമാചാര'ത്തിൽ 1847 ഡിസംബർ ലക്കത്തിൽ വന്ന 'ഒരു കുട്ടിയുടെ മരണം,' 1848 ഫെബ്രുവരി ലക്കത്തിൽ വന്ന 'വിഷത്തിന് മരുന്ന്', ജ്ഞാനനിക്ഷേപം മാസികയുടെ 1849 ആഗസ്റ്റ് ലക്കത്തിൽ വന്ന 'ആനയേയും തുന്നയേയും' കുറിച്ചുള്ള കഥ എന്നിവയാണ്.

**ആദ്യകാല കഥകൾ (ഒന്നാം തലമുറ)**

വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ, എം.ആർ.കെ. സി. എന്നിവരാണ് ചെറുകഥാ സാഹിത്യത്തിന് മലയാളത്തിൽ വിത്ത് പാകിയത്. പാശ്ചാത്യ ചെറുകഥകളെ അവർ ഉത്തമ മാതൃകകളായി അംഗീകരിക്കുകയും അവയുടെ രചനാസങ്കേതങ്ങളെ അപ്പാടെ സ്വീകരിക്കുകയും ചെയ്തു. ജീവിത നിരീക്ഷണ പാടവവും ഭാവനാശക്തിയും നർമ്മബോധവും അവരുടെ കഥകൾക്ക് പകിട്ട് നല്കിയിരുന്നു. രൂപഘടനയിലും ആന്തരീയ സൃഷ്ടിയിലും മൗലികമായിരുന്നില്ല അവരുടെ കഥകൾ. കെ.സുകുമാരനും ഇ.വി.കൃഷ്ണപിള്ളയും കഥാസാഹിത്യത്തെ വളർത്തിയ പ്രതിഭാശാലികളാണ്. ഊറിയൂറി നില്ക്കുന്ന ഫലിതവും മനോധർമ്മ കുശലതയും സുകുമാരന്റെ കഥകളുടെ സവിശേഷതകളാണ്. മലയാളകഥയുടെ ഊർജ്ജസ്വലവും ഭാസുരവുമായ ചരിത്രത്തിലെ ഏറ്റവും തെളിമയുള്ള ഒരധ്യായമാണ് ഇ.വി.കൃഷ്ണപിള്ളയുടേത്. പുതുമ തുളുമ്പുന്ന ആഖ്യാനശൈലിയും പാത്രരചനാ കൗശലവും, നർമ്മബോധവും ഹൃദയദ്രവീകരണശക്തിയും ഇ.വി. കഥകളുടെ മുഖമുദ്രകളായിരുന്നു. അദ്ദേഹത്തിന്റെ സമകാലീനനായിരുന്നു മുത്തരിങ്ങോട്ട് ഭവത്രാതൻ നമ്പൂതിരിപ്പാട്. സ്വസമുദായത്തിലെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അദ്ദേഹത്തിന്റെ കഥകൾക്ക് എരിവും പുളിയും നല്കി. തെളിവുറ്റ ഭാഷാശൈലിയും സൂക്ഷ്മ നിരീക്ഷണ ശക്തിയും സജീവ റിയലിസ്റ്റിക് ചിത്രങ്ങൾ രചിക്കാനുള്ള വൈഭവവും കൈമുതലായുള്ള സി.എസ്.ഗോപാലപ്പണിക്കർ ആദ്യകാല കഥാകാരന്മാരിൽ പ്രധാനിയാണ്. ഏതാണ്ട് അരഡസൻ കഥകൾ മാത്രമേ രചിച്ചിട്ടുള്ളൂ എങ്കിലും വർണ്ണനയുടെ ചടുലതയ്ക്കും നാടൻ ശൈലീ സാരസ്യത്തിനും മകുടോദാഹരണങ്ങളായിരുന്നു ഇദ്ദേഹത്തിന്റെ കഥകൾ. ഭാവനാ ശക്തിയിലും ഭാഷാ ശൈലിയിലും അപ്പൻ തമ്പുരാന്റെ അനുയായി ആയ കഥാകാരനാണ് അമ്പാടി നാരായണപ്പൊതുവാൾ. വിഷയത്തിനിണങ്ങിയ പ്രാചീന ഭാഷാശൈലി ഇദ്ദേഹത്തിന്റെ പ്രത്യേകതയാണ്. ഏകാന്ത ദീപ്തമായ ചെറുകഥാ പദ്ധതിയുടെ വിധാതാവാണ് പുളിമാനപരമേശ്വരൻപിള്ള. ഭാവസുന്ദരവും ചിന്താബന്ധുരവും ലക്ഷ്യഗ്രാഹിയും ലളിതവുമായ ഭാഷാശൈലിക്ക് ഉടമയാണ് അദ്ദേഹം.

കഥകൊണ്ട് ആളുകളെ രസിപ്പിക്കുന്നവരാണ് ആദ്യകാല കഥാകാരന്മാർ. ജീവിത വിമർശനവും പ്രബോധനവുമല്ല വിനോദമാണ് മുഖ്യലക്ഷ്യം. സന്മാർഗ ബോധനത്തിനും അവർ പ്രാധാന്യം കല്പിക്കും. ഇടയ്ക്കിടയ്ക്ക് സ്വാഭാവികതയുള്ള, ജീവനുള്ള സംഭാഷണങ്ങൾ പല കഥകളിലുമുണ്ട്. നേരംപോക്കിനുള്ള സാഹിത്യരൂപമായിട്ടാണ് അന്ന് പല എഴുത്തുകാരും ചെറുകഥയെ കണ്ടത്. ഈ ഘട്ടത്തിൽ ചെറുകഥകൾ പുസ്തകരൂപത്തിൽ പ്രകാശിപ്പിച്ചു കാണുന്നില്ല. മലയാള ചെറുകഥകളുടെ ഉത്ഭവവും വളർച്ചയും ആനുകാലികങ്ങളുടെ ചരിത്രവുമായി ബന്ധപ്പെട്ടു കിടക്കുന്നു.

**ഒന്നാംഘട്ടം – കഥാകൃത്തുക്കളും കഥകളും**

| | | |
|---|---|---|
| വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ | → | വാസനാവികൃതി, കഥയൊന്നുമല്ല, ദ്വാരക, മദിരാശിപ്പിത്തലാട്ടം. |
| ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ | → | കല്യാണിക്കുട്ടി, ജാനു, നാരായണിക്കുട്ടി, കേളുണ്ണി മൂപ്പിൽ നായർ |
| എം.ആർ.കെ.സി | → | ഉക്കണ്ടേനുണ്ണിയുടെ തറവാട്, കാലംപോയ പോക്ക്, അച്ഛന്റെ ഒസ്യത്ത് |
| കെ.സുകുമാരൻ | → | ആരാന്റെ കുട്ടി, കൂനിയുടെ ചികിത്സ |
| ഇ.വി.കൃഷ്ണപിള്ള | → | കയ്മളുടെ അറസ്റ്റ്, തണ്ടൻ പോലീസ്, പ്രേമദാസ്യം |
| മുത്തരിങ്ങോട്ട് | → | വിധിയുടെ വിധി |
| സി.എസ്.ഗോപാലപ്പണിക്കർ | → | മുതലനായാട്ട്, നീളം കുറഞ്ഞ കത്ത്, മേൽവിലാസം മാറി |
| അമ്പാടി നാരായണപ്പൊതുവാൾ | → | വളകൊണ്ട വനിത, ഉളിപിടിച്ച കൈ, കൈമളശ്ശന്റെ കല്യാണം |

**നവോത്ഥാന കാലഘട്ടം – രണ്ടാം തലമുറ**

രണ്ടാംഘട്ടമായ നവോത്ഥാനകാലമാണ് മലയാള ചെറുകഥയുടെ സുവർണ ദശ എന്നു പറയാം. കേരളത്തിലുടനീളം സാംസ്കാരികമായ സജീവാന്തരീക്ഷം നിലനിന്ന ഈ കാലഘട്ടത്തിലാണ് (1925–1960) മലയാള ചെറുകഥാ പ്രസ്ഥാനത്തെ നവോത്ഥാനത്തിന്റെ സരണിയിലേക്ക് നയിച്ചത്. ഈ നവോത്ഥാന കഥാകൃത്തുക്കളിൽ പ്രമുഖരാണ് തകഴി, കേശവദേവ്, ബഷീർ, പൊൻകുന്നം വർക്കി, കാരൂർ പൊറ്റെക്കാട്ട് തുടങ്ങിയവർ. അന്ന് സമൂഹത്തിലുണ്ടായ നിരവധി പ്രശ്നങ്ങൾ (നായർ റഗുലേഷൻ, സാമൂഹ്യജീവിതത്തിലെ തകർച്ച, വർഗീയ കലാപങ്ങൾ, ക്ഷാമം......) കർഷക കേരളത്തിലെ നാട്ടിൻപുറങ്ങളിലെയും നഗരങ്ങളിലെയും മനുഷ്യരുടെ ജീവിതത്തെ പിടിച്ചുലയ്ക്കുകയും മാറ്റി മറിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യങ്ങൾ രണ്ടാം തലമുറയിലെ കഥാകാരന്മാരെ ഏറെ സ്വാധീനിച്ചു.

സാമൂഹികമായ പ്രത്യേക സാഹചര്യങ്ങളിൽപ്പെട്ടുഴലുന്ന വ്യക്തികളുടെ ജീവിതത്തിലെ ശ്രദ്ധാപൂർവ്വം തെരഞ്ഞെടുത്ത അനുഭവങ്ങളെ വിഷയമാക്കി പാത്രസ്വഭാവത്തെയും അവസ്ഥാപരിണാമത്തെയും പരിഗണിച്ച് പരോക്ഷമായോ പ്രത്യക്ഷമായോ മനുഷ്യനീതി

വൈകല്യങ്ങളെ വിമർശിക്കുന്നതും മനുഷ്യസ്നേഹാധിഷ്ഠിതമായ വീക്ഷണത്തോടെ വസ്തുതകളെ സമീപിക്കുന്ന തരത്തിലുള്ളതുമായിരുന്നു ഈ കാലഘട്ടത്തിലെ കഥകൾ. മാനുഷിക ബന്ധങ്ങളുടെയും മനുഷ്യസ്വഭാവത്തിന്റെയും വൈവിധ്യങ്ങളിലേക്കും വിശേഷാവസ്ഥകളിലേക്കും കടന്നു ചെല്ലാൻ ഈ ഘട്ടത്തിലെ കഥകൾക്കും കഥാകൃത്തുകൾക്കും കഴിഞ്ഞു.

രണ്ടാം തലമുറയിലെ പ്രധാന എഴുത്തുകാരെ സാമാന്യമായി പരിചയപ്പെടേണ്ടതുണ്ട്.

**തകഴി ശിവശങ്കരപ്പിള്ള** : കുട്ടനാടിന്റെ കഥാകാരനാണ് കേരളാ മോപ്പസാങ്ങ് എന്നറിയപ്പെടുന്ന തകഴി. തന്റെ അനുഭവസീമയിൽപ്പെട്ട ജീവിതമാണ് അദ്ദേഹം കഥകളാക്കി മാറ്റിയത്. അതിനാൽ അവയ്ക്ക് യാഥാർത്ഥ്യബോധവും വൈകാരികശക്തിയും ഏറും. ആഖ്യാനത്തിലെ ലാളിത്യവും വികാരപരമായ പിരിമുറുക്കവും പ്രമേയത്തിന്റെ കെട്ടുറപ്പും തകഴിയുടെ കഥകളുടെ പ്രത്യേകതകളാണ്. സാമൂഹിക പ്രതിബദ്ധത എഴുത്തുകാരന് ഒഴിവാക്കാനാവില്ലെന്ന് വിശ്വസിക്കുന്ന അദ്ദേഹം എഴുതിയ കഥകളിൽ നല്ലൊരു പങ്ക് ദാരിദ്ര്യം മൂലമുണ്ടാകുന്ന മനുഷ്യബന്ധങ്ങളിലെ പൊരുത്തക്കേടുകളെക്കുറിച്ചായത് തികച്ചും സ്വാഭാവികം. തകഴിയുടെ ഏറ്റവും പ്രശസ്തമായ കഥ കുട്ടനാടിന്റെ കഥയായ 'വെള്ളപ്പൊക്കത്തിൽ' ആണ്. തഹസീൽദാരുടെ അച്ഛൻ, കറാച്ചി, അറുപതാം വയസ്സിൽ തുടങ്ങി നിരവധി കഥകൾ അദ്ദേഹത്തിന്റേതായുണ്ട്. ചങ്ങാതികൾ, ഇൻക്വിലാബ്, മകളുടെ മകൾ, പ്രതീക്ഷകൾ, പതിവ്രത, ഘോഷയാത്ര, അടിയൊഴുക്കുകൾ, ചരിത്രസത്യങ്ങൾ, നിത്യകന്യക, തകഴിയുടെ കഥകൾ തുടങ്ങി ഇരുപതിലേറെ കഥാസമാഹരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**പി.കേശവദേവ് :** കേശവദേവിന്റെ ഭൂരിപക്ഷം കഥകളിലും ഇടത്തരക്കാരുടെയും അതിന് താഴെയുള്ള നിർദ്ധനരുടെയും ജീവിതമാണ് മുഖ്യമായും ചിത്രീകരിച്ചിട്ടുള്ളത്. ജാതിക്കും മതത്തിനും ഒക്കെ അതീതമായി ചിന്തിക്കുന്ന കഥാപാത്രങ്ങൾക്കാണ് ദേവിന്റെ കഥകളിൽ പ്രാമുഖ്യം. സംഭവപ്രധാനമാണ് അദ്ദേഹത്തിന്റെ കഥകൾ ഒട്ടുമുക്കാലും. മനുഷ്യത്വമാണ് ദേവിന്റെ ചെറുകഥകളുടെ സ്ഥായീഭാവം എന്നു പറയാം. മനഃശാസ്ത്ര സമീപനവും അദ്ദേഹത്തിന്റെ കഥകളിൽ കാണാം.

ദീനാമ്മ, പ്രവാഹം, ഉഷസ്, ചിത്രശാല, കാമുകന്റെ കത്ത്, ജീവിതചക്രം, അന്നത്തെ നാടകം, റെഡ് വാളന്റിയർ എന്നിവയാണ് ദേവിന്റെ പ്രധാന കഥാസമാഹാരങ്ങൾ.

**കാരൂർ നീലകണ്ഠപിള്ള** : വാദ്ധ്യാർ കഥകളാണ് കാരൂരിന്റെ ഏറെ പ്രശസ്തിനേടിയ രചനകൾ. അന്നത്തെ അധ്യാപകന്റെ കൊടും ദൈന്യത നേരിട്ടനുഭവിച്ച കാരൂർ അവ ഹൃദ്യമായ 'ഐറണി' യോടുകൂടി മലയാള സാഹിത്യത്തിൽ വ്യക്തിത്വമുള്ള അനേകം കഥകൾക്ക് ജന്മം നൽകി. കാൽച്ചക്രം, പൊതിച്ചോറ് എന്നിവ അധ്യാപക കഥാ വിഭാഗത്തിൽ ഏറെ ശ്രദ്ധേയമായി നില്ക്കുന്നു. ഗ്രാമനൈർമല്യത്തിന്റെ ഭാഷയാണ് കാരൂർകഥകളിൽ ദൃശ്യമാകുന്നത്. പൂവമ്പഴം, മരപ്പാവകൾ, ചെകുത്താൻ, ഒട്ടകം തുടങ്ങിയവ മലയാള ചെറുകഥാ സാഹിത്യത്തിലെ നാഴികക്കല്ലുകളായി കരുതാവുന്നവയാണ്. മേൽവിലാസം, സ്മാരകം, കൊച്ചനുജത്തി, തേക്കുപാട്ട്, ഗൃഹനായിക, ഇരുട്ടിൽ, ഒരുപിടിമണ്ണ്, മീൻകാരി, പൂവമ്പഴം, മരപ്പാവകൾ, മോതിരം തുടങ്ങിയവ കാരൂരിന്റെ പ്രധാന കഥാ സമാഹരങ്ങളാണ്.

**വൈക്കം മുഹമ്മദ് ബഷീർ**

'തല നിറച്ച് ആദർശങ്ങളുണ്ടായിരിക്കുക, ദരിദ്രനെങ്കിലും ഊർജ്ജസ്വലനായിരിക്കുക, യാഥാർത്ഥ്യങ്ങളെ നേരിടാനും സമുദായത്തെ പരിഷ്കരിക്കാനും സമരാവേശത്തോടെ മുന്നിട്ടറങ്ങി, കഠിന പീഡനകൾക്ക് പാത്രമായി ക്രമേണ പിന്തിരിഞ്ഞ്, തന്റെ അനുഭവങ്ങളെ ചിലപ്പോൾ ഒരു 'സിനിക്കി'ന്റെ ഭാഷയിൽ സോപഹാസമായി, ചിലപ്പോൾ ഹൃദയാലുമായ ഒരു മനുഷ്യന്റെ വികാരവായ്പോടെ ഉള്ളിൽത്തട്ടുമാറ് തുറന്നെഴുതുന്ന ഒരു മനുഷ്യനെ കാണാം. ബഷീറിന്റെ കഥകളിൽ" - എം.അച്യുതൻ - ചെറുകഥ. ഇന്നലെ ഇന്ന്

ബഷീറിന്റെ ഏത് കഥയേയും ആദ്യന്തം മധുരമാക്കുന്നത് ആ രചനാരീതിയാണ്; അനായാസവും സ്വാഭാവികവുമായി തോന്നുന്ന വിദഗ്ദ്ധമായ ഭാഷാ പ്രയോഗമാണ്. നർമ്മരസമാണ് ബഷീർ കഥകളുടെ സവിശേഷത. താനുൾപ്പെട്ട മുസ്ലീം സമുദായത്തിന്റെ ജീവിത ചലനങ്ങളാണ് ബഷീർ ഏറെ ആവിഷ്കരിച്ചിരിക്കുന്നത്.

'ജമീലാ, ഞാൻ നിന്റെ എല്ല് തകർക്കും. ജമീലാ, എന്റെ ജീവിതം പാഴാക്കരുത്. ഞാൻ നിന്നെ സ്നേഹിക്കുന്നു. നിന്റെ വസ്ത്രങ്ങളെ സ്നേഹിക്കുന്നു. ഞാൻ നീ നടക്കുന്ന റോഡിനെ സ്നേഹിക്കുന്നു'. (പൂവമ്പഴം) - ഇങ്ങനെ പോകുന്നു; ബഷീറിയൻശൈലി. ഓർമ്മക്കുറിപ്പ്, അനർഘനിമിഷം, വിഡ്ഢികളുടെ സ്വർഗം, ജന്മദിനം, വിശ്വവിഖ്യാതമായ മൂക്ക്, ചിരിക്കുന്ന മരപ്പാവ, പാവപ്പെട്ടവരുടെ വേശ്യ, വിശപ്പ് തുടങ്ങിയവയാണ് ബഷീറിന്റെ പ്രധാന കഥാസമാഹാരങ്ങൾ. ആനവാരിയും പൊൻകുരിശും സ്ഥലത്തെ പ്രധാനദിവ്യൻ എന്നീ നീണ്ടകഥകളും ബഷീറിന്റേതാണ്.

**ലളിതാംബിക അന്തർജനം:** "ഞാൻ ആദ്യം എഴുതിത്തുടങ്ങിയത് കവിതയാണ്. പറയാനുള്ളത് മുഴുവൻ അതിൽ ഒതുങ്ങിയില്ലെങ്കിൽ, സ്വാഭാവികമായ മറ്റു മാർഗ്ഗങ്ങൾ വന്നു ചേരുന്നു. ഞാൻ ഒരു കഥാകർത്രിയായതങ്ങനെയാണ്. വികാരവിചാരങ്ങളെ സമഗ്രമായി യോജിപ്പിച്ച് ശക്തമായി പ്രതിപാദിക്കാൻ ചെറുകഥപോലെ നല്ല കലാരൂപം മറ്റൊന്നില്ല." എന്നാണ് ലളിതാംബിക അന്തർജനം താൻ കഥയിലേക്ക് എത്തിച്ചേർന്നതിനെക്കുറിച്ച് പറയുന്നത്. തികഞ്ഞ ലക്ഷ്യബോധത്തോടെയാണ് ശ്രീമതി അന്തർജനം കഥാരചനയ്ക്ക് ഒരുമ്പെട്ടത്. ആദ്യം പ്രസിദ്ധപ്പെടുത്തിയ കഥ 'യാത്രാവസാന'മാണ്.

അമ്മ, മകൾ, ഭാര്യ എന്നിങ്ങനെ വിവിധ തലങ്ങളിൽ വച്ച് സ്ത്രീത്വമെന്ന സങ്കീർണ പ്രതിഭാസത്തെ അപഗ്രഥിക്കുകയാണ് 'അമ്മ' എന്ന കഥയിലൂടെ. 'സ്കൂൾ പ്രണയം' എന്ന കഥയും ഇങ്ങനെ തന്നെ. ലളിതാംബികാ അന്തർജനത്തിന്റെ പ്രധാന കഥാസമഹാരങ്ങൾ ആദ്യത്തെ കഥകൾ, മൂടുപടത്തിൽ, തകർന്ന തലമുറകാലത്തിന്റെ ഏടുകൾ, കണ്ണീരിന്റെ പുഞ്ചിരി എന്നിവയാണ്.

**കെ.സരസ്വതിയമ്മ :** ജീവിത പ്രതിഭാസങ്ങളെ വിശേഷിച്ചും സ്ത്രീപുരുഷ ബന്ധത്തെ ഇത്രമാത്രം യുക്തി ഭദ്രമായി അപഗ്രഥിക്കുന്ന കഥാകാരി വേറെയുണ്ടാവില്ല. ചോലമരങ്ങൾ, പെൺബുദ്ധി, പ്രഥമരാത്രി, പരീക്ഷണം, ജോലിയന്വേഷിച്ച് തുടങ്ങി നിരവധി ചെറുകഥകളുടെ രചയിതാവാണ് കെ.സരസ്വതിയമ്മ.

**പി.സി. കുട്ടികൃഷ്ണൻ :** പുതുമഴയേറ്റ ഭൂമിയിൽ നിന്നും പൊന്തുന്നഗന്ധംപോലെ ഹൃദ്യമായ അനുഭവമാണ് ഉറൂബിന്റെ കഥകളിലൂടെ കടന്നുപോകുമ്പോൾ ലഭിക്കുക. മലബാറിലെ ഇടത്തരക്കാരായ ആളുകളുടെ ജീവിതമാണ് അദ്ദേഹത്തിന്റെ മിക്ക കഥകളിലെയും പ്രമേയം. സ്വാതന്ത്ര്യസമരം മുഖ്യവിഷയമായി വരുന്ന 'ആരാധന,' ഗാർഹിക ജീവിതം ആവിഷ്കരിക്കുന്ന 'പ്രത്യാഗമനം,' മാതൃത്വം പ്രമേയമാകുന്ന 'അച്ഛന്റെ മകൻ,' 'പൊന്നമ്മ,' വേലക്കാരിയുടെ ചെക്കൻ', ചിന്താഗൗരവവും വികാരവും ഒത്തിണങ്ങിയ 'ഭർത്താവിന്റെ രോഗം,' നർമ്മ മധുരമായ 'പാൽപ്പൊടി' രസികൻ കഥാപാത്ര സൃഷ്ടിക്ക് ഉദാഹരണമായ 'പടച്ചോന്റെ ചോറ്' ഇങ്ങനെ ധാരാളം ശ്രദ്ധേയങ്ങളായ കഥകൾ ഉറൂബ് രചിച്ചു. അദ്ദേഹത്തിന്റെ പ്രധാന കഥാസമാഹാരങ്ങൾ നീർച്ചാലുകൾ, തേൻമുള്ളുകൾ നവോന്മേഷം, തുറന്നിട്ട ജാലകം, മൗലവിയും ചങ്ങാതിമാരും മുതലായവയാണ്.

**എസ്.കെ.പൊറ്റെക്കാട് :** കഥാകൃത്ത് ഒരു കവിയും ലോകസഞ്ചാരിയും കൂടിയാകണം എന്ന് വെളിവാക്കുന്ന കഥകളാണ് പൊറ്റെക്കാടിന്റേത്. സങ്കീർണമായ ജീവിതത്തിന്റെ തീക്ഷ്ണഭാവങ്ങളും അദ്ദേഹത്തിന്റെ കഥകളിൽ കാണാം. ഇത്രയേറെ വൈവിധ്യം നിറഞ്ഞ പശ്ചാത്തലങ്ങളും കഥാപാത്രങ്ങളും മറ്റാരുടെയും കഥകളിൽ കണ്ടെത്താൻ പ്രയാസമാണ്. രാജമല്ലി, പദ്മരാഗം, നിശാഗന്ധി, മണിമാളിക, രംഗമണ്ഡപം, പുള്ളിമാൻ, വനകൗമുദി, ചന്ദ്രകാന്തം എന്നീ കഥാസമാഹാരങ്ങൾ ശ്രദ്ധേയങ്ങളാണ്.

**പൊൻകുന്നം വർക്കി :** അധ്വാനശീലരായ കൃഷിക്കാരുടെ ജീവിത ദുരിതങ്ങൾ സത്യസന്ധമായി ആവിഷ്കരിച്ച കഥാകാരനാണ് പൊൻകുന്നം വർക്കി. അദ്ദേഹത്തിന്റെ ആദ്യകഥകളിലൊന്നാണ് 'റിക്ഷാക്കാരൻ'. വർക്കികഥകളുടെ എല്ലാ സവിശേഷതകളും ഇതിലുണ്ട്. വള്ളിച്ചെരുപ്പ്, അവളുടെ വോട്ട് എന്നീ രാഷ്ട്രീയകഥകളും 'ശബ്ദിക്കുന്ന കലപ്പയും' ഏറെ ശ്രദ്ധേയങ്ങളാണ്. വികാരസദനം, അണിയറ, അന്തിത്തിരി, നിവേദനം, ആരാമം, പൊട്ടിയ ഇഴകൾ, നാട്ടുവെളിച്ചം എന്നീ സമാഹാരങ്ങളിൽ വർക്കി രചിച്ച കഥകളിൽ ഉൾപ്പെടുന്നു.

നവോത്ഥാന കാലഘട്ടത്തിൽ ഇനിയും ധാരാളം കഥാകൃത്തുക്കളുണ്ട്.

- പുളിമാന പരമേശ്വരൻപിള്ള
- ടി.കെ.സി.വടുതല
- നാഗവള്ളി ആർ.എസ്.കുറുപ്പ്
- ഇ.എം.കോവൂർ
- മുട്ടത്തുവർക്കി ചെറുകാട്
- വെട്ടൂർ രാമൻനായർ
- എം.ഗോവിന്ദൻ
- സി.എ.കിട്ടുണ്ണി
- ടാറ്റാപുരം സുകുമാരൻ
- എൻ.പി.ചെല്ലപ്പൻനായർ
- കെ.ടി.മുഹമ്മദ്

ഇങ്ങനെ നീളുന്നു രണ്ടാം തലമുറയിലെ പട്ടിക.

**ആധുനിക പ്രവണതകൾ – (മൂന്നാം തലമുറ)**

ശ്രദ്ധേയമായ ചില സാമൂഹിക ചലനങ്ങളുടെ ഫലമായാണ് ചെറുകഥയുടെ ഇനിയുള്ള വികാസം. സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങൾ പാടേ അപ്രസക്തമായില്ലെങ്കിലും സമൂഹത്തിന്റെ പ്രശ്നങ്ങളേക്കാൾ സ്വന്തം വേദനകൾക്കും സ്വപ്നങ്ങൾക്കും മൂന്നാം തലമുറ പ്രാധാന്യം നല്കി. വയറിന്റെ പ്രശ്നങ്ങളേക്കാൾ അവരെ അലട്ടിയത് ഹൃദയത്തിന്റെ പ്രശ്നങ്ങളാവുകയും ചെയ്തു. എന്തും സ്വന്തം ഹൃദയത്തിന്റെ വർണം കലർത്തിയേ അവതരിപ്പിക്കൂ എന്നായപ്പോൾ കഥ ഏറെ ഭാവാത്മകമാവുകയും ചെയ്തു.

ഇവർ വ്യക്തികളുടെ അനുഭവങ്ങൾ ആവിഷ്കരിക്കുന്നു എന്നു പറയുമ്പോൾ സമൂഹത്തെ പാടേ തിരസ്കരിച്ചു എന്നോ കഥയിൽ നിന്ന് സംഭവങ്ങളെ ഒഴിവാക്കിയെന്നോ ഇല്ല. ഭാഷാപരമായ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തി രൂപസംവിധാനത്തിൽ സരളതയും സ്വാഭാവികതയും സൃഷ്ടിക്കാൻ ഈ തലമുറയ്ക്ക് കഴിഞ്ഞു. കഥയിലെ ആധുനിക പ്രവണതകൾക്ക് നേതൃത്വം വഹിച്ചവരിൽ പ്രമുഖർ എം.ടി വാസുദേവൻനായർ, ടി.പത്മനാഭൻ, പട്ടത്തുവിള കരുണാകരൻ, മാധവിക്കുട്ടി തുടങ്ങിയവരാണ്.

**പ്രവർത്തനം**

*മലയാള ചെറുകഥയുടെ മൂന്നാം തലമുറയിലെ പ്രമുഖരായവരുടെ പേരുകൾ ചുവടെ ചേർക്കുന്നു. നവോത്ഥാനകാലഘട്ടത്തിൽ അവതരിപ്പിച്ചിരിക്കുന്നതുപോലെ ഈ ഓരോ കഥാകൃത്തുക്കളെയും കുറിച്ച് കുറിപ്പ് തയാറാക്കുക. പ്രമേയത്തിലും ആവിഷ്കാരരീതിയിലുമുള്ള പ്രത്യേകതകൾ, ലളിതവും കാവ്യാത്മകവും ജീവിതഗന്ധിയുമായ ഭാഷ ഓരോരുത്തരുടേയും കഥകളിൽ എങ്ങനെയാണ് അവതരിപ്പിച്ചിരിക്കുന്നത് - ഇവയുടെ കണ്ടെത്തലും രേഖപ്പെടുത്തലും നടത്തണം. ഇവരുടെ പ്രധാന കഥകളും കഥാസമാഹരങ്ങളും ഉൾപ്പെടുത്തണം.*

**മൂന്നാം തലമുറയിലലെ പ്രധാന കഥാകൃത്തുക്കൾ**

*എം.ടി.വാസുദേവൻ നായർ, ജി.എൻ.പണിക്കർ, ടി.പത്മനാഭൻ,*
*ഒ.വി.വിജയൻ, മാധവിക്കുട്ടി പി.വത്സല, എൻ.പി.മുഹമ്മദ്,*
*സി.വി.ശ്രീരാമൻ, എം.പി.നാരായണപിള്ള, ഇ.വാസു, എൻ.മോഹനൻ*
*വൈശാഖൻ, എം.സുകുമാരൻ, പെരുമ്പടവം ശ്രീധരൻ, യു.എ.ഖാദർ*
*പത്മരാജൻ, ഉണ്ണികൃഷ്ണൻ പുതൂർ, എസ്.വി.വേണുഗോപൻനായർ*
*വി.വിവേകാനന്ദൻ, സാറാതോമസ്, രാജലക്ഷമി, സക്കറിയ,*
*മുണ്ടൂർ കൃഷ്ണൻകുട്ടി, പട്ടത്തുവിള കരുണാകരൻ*

**ഉത്തരാധുനികത – നവീനകഥ (നാലാം തലമുറ)**

മലയാള ചെറുകഥാസാഹിത്യ നഭസിൽ ആധുനിക പ്രവണതകൾ ഉണ്ടായിരുന്ന കാലഘട്ടത്തിൽ എഴുതിത്തുടങ്ങിയ നവീനതയുടെ സജീവധാര സൃഷ്ടിച്ചവരാണ് സമകാലകാഥാകൃത്തുക്കൾ. ആധുനികർ എന്നറിയപ്പെടുന്ന എഴുത്തുകാരോടൊപ്പം എഴുതിത്തുടങ്ങിയ ഇവർ വ്യത്യസ്തമായ ഒരു ഭാവുകത്വം സൃഷ്ടിച്ചെന്നേയുള്ളൂ.

സ്ഥാപിതമായ മൂല്യസങ്കല്പങ്ങളെയും മറ്റും മനഃപൂർവ്വം തിരസ്കരിച്ച ഈ കഥാകാരന്മാർ ജീവിതത്തിന്റെ വ്യർത്ഥതയും അർത്ഥമില്ലായ്മയും അഭിവ്യക്തമാക്കാൻ ശ്രമിച്ചു. നഗരപശ്ചാത്തലത്തിൽ വേരുകൾ നഷ്ടപ്പെട്ട മനുഷ്യന്റെ ഒറ്റപ്പെടലും അവന്റെ നിസ്സഹായമായ അസ്തിത്വം തേടലും അടിസ്ഥാനപ്രമേയമായിത്തീർന്നു. മനുഷ്യാസ്തിത്വത്തിന്റെ അകപ്പൊരുൾ കണ്ടെത്തി ചരിത്രപരവും സാമൂഹികവുമായ വർത്തമാനകാല പ്രതിസന്ധികൾ അതിജീവിക്കാൻ സർഗാത്മക കഴിവുകൾ എങ്ങനെ വിനിയോഗിക്കാം എന്നതായിരുന്നു ഈ തലമുറയിലെ എഴുത്തുകാർ പരീക്ഷിച്ച് വിജയിപ്പിച്ചത്. മൂന്നാം തലമുറയിലെ പല കഥാകൃത്തുക്കളും നാലാം തലമുറയിലും ഉൾപ്പെടുന്നവരാണ്.

മലയാള ചെറുകഥ പടർന്ന് പന്തലിച്ച് ഒരു വടവൃക്ഷമായി വളർന്ന് നില്ക്കുന്ന ഈ കാലഘട്ടത്തിലെ കഥാകൃത്തുക്കളെയും അവരുടെ കഥകളെയും സവിശേഷതകളെയും രചനാരീതികളെയും കണ്ടെത്തി രേഖപ്പെടുത്തേണ്ടതുണ്ട്. എലിമെന്ററി പാഠഭാഗങ്ങളിൽ ഇവരിൽ പലരുടേയും രചനകൾ ഉൾപ്പെടുത്തിയിട്ടുമുണ്ട്. ഈ തലമുറയിലെ ഏതാനും കഥാകൃത്തുക്കളെ പരിചയപ്പെടാം. ഇവർ ഓരോരുത്തരെയും കുറിച്ച് കുടൂതൽ വിവരങ്ങൾ ശേഖരിക്കുക.

കാക്കനാടൻ, സി.വി.ബാലകൃഷ്ണൻ, ഒ.വി.വിജയൻ, ഗ്രേസി, ആനന്ദ്, പുനത്തിൽകുഞ്ഞബ്ദുള്ള, എൻ.പ്രഭാകരൻ, എം.മുകുന്ദൻ, വി.എസ്.അനിൽകുമാർ, സേതു, അഷ്ടമൂർത്തി, സക്കറിയ, ഇ.പി.സുഷമ, ടി.വി.കൊച്ചുബാവ, കെ.ആർ.മല്ലികമേതിൽ, രാധാകൃഷ്ണൻ, ചന്ദ്രമതി, കെ.പി.നിർമ്മൽകുമാർ, ഇ.ഹരികുമാർ, ജോൺ എബ്രഹം, യു.കെ.കുമാരൻ, എസ്.പി.വേണുഗോപൻനായർ, അഷിത, എൻ.എസ്.മാധവൻ, അശോകൻ ചരുവിൽ, സാറാ ജോസഫ്, വി.ആർ.സുധീഷ്, അയ്മനം ജോൺ, പി.സുരേന്ദ്രൻ, ഇ.സന്തോഷ്കുമാർ, ശിഹാബുദീൻ പൊയ്തുംകടവ്, കെ.ആർ.മീര, പി.കെ.പാറക്കടവ്, സന്തോഷ് ഏച്ചിക്കാനം, കെ.പി.സുധീര, സുഭാഷ്ചന്ദ്രൻ, പ്രിയ.എ.എസ്., കെ.രേഖ, ഗീതാഹിരണ്യൻ, സിതാര അംബികാ സുതൻ മാങ്ങാട്, ധന്യാരാജ്, ഉണ്ണി.ആർ., ഫ്രാൻസിസ് നൊറോണ, കെ.വി. പ്രവീൺ, പി.വി.ഷാജികുമാർ, വിനോയ് തോമസ്.

ഇങ്ങനെ നാല് തലമുറകളിലൂടെ വളർന്നു വികസിച്ച ചെറുകഥാസാഹിത്യം ഇന്ന് പുതിയ പാതകളിലൂടെ ചരിക്കുകയാണ്. അവയിലൊന്നാണ് സൈബർ കഥകൾ.

**സൈബർകഥകൾ**

- ഉത്തരാധുനികതയുടെ സാങ്കേതിക പരിണാമം
- വിവരവിനിമയ സാങ്കേതിക വിദ്യയുടെ പശ്ചാത്തലത്തിൽരൂപപ്പെട്ട എഴുത്ത്
- വിവരവിനിമയ സാങ്കേതിക വിദ്യ സാഹിത്യഭാവനയുടെ ഉറവിടമായി മാറുന്നു.
- പരമ്പരാഗത രചനാരീതികളെയും ആസ്വാദനസ്വഭാവത്തെയും സൈബർ പ്രവണത പുറംതള്ളുന്നു.
- പുതിയ ഭാവനാകാശങ്ങൾ തേടുന്ന മലയാളത്തിലെ സൈബർ കഥകളിൽ പ്രധാനമായവ സമാഹരിച്ച് ഡോ.പി.കെ.രാജശേഖരൻ ആമുഖ ലേഖനത്തോടുകൂടി പ്രസിദ്ധീകരിച്ച കൃതിയാണ് ഭാവനാതീതം

മലയാള ചെറുകഥയുടെ ഏതാണ്ട് നാലുദശകങ്ങളുടെ കഥ പറയാനാണ് ഇവിടെ ശ്രമിച്ചത്. ഇതിനിടയിൽ മൂന്നുഭാവുകത്വ പരിണാമങ്ങൾ സംഭവിച്ചു. യഥാർത്ഥമായ സാമൂഹിക ജീവിത പ്രതിഫലനത്തിൽ നിന്ന് വ്യക്തിയുടെ സ്വകാര്യദുഃഖങ്ങളിലേക്കുള്ളതാണ് ആദ്യത്തെ മാറ്റം. ചെറുകഥ അന്തർമുഖത്വത്തിന്റെ ഭാവഭംഗികൾ ആർജ്ജിക്കുകയും കാല്പനികമായ ആർദ്രത കൈവരിക്കുകയും ചെയ്യുന്നത് നാമിവിടെക്കണ്ടു. മനുഷ്യാവസ്ഥയെയും ജീവിതത്തെയും തത്ത്വികമായി വിശകലനം ചെയ്യാനുള്ള പരിശ്രമത്തിന് ഈ കാല്പനിക ഭാവുകത്വം വഴിമാറിക്കൊടുക്കുന്നതാണ് പിന്നെ നാം കാണുന്നത്. സംശയാലൂക്കളോ,

അവിശ്വാസികളോ ആയ ഒരു കൂട്ടം ധിഷണാശാലികളുടെ നിഷേധത്തിന്റെ സ്വരം അവിടെ ഉയർന്നുകേൾക്കുന്നു. ഈ ദർശനികതയുടെ ഭാരം ഒഴിവാക്കുകയും കർക്കശമായ യാഥാർത്ഥ്യബോധത്തോടെ ജീവിതബന്ധങ്ങളെയും വ്യക്ത്യനുഭവങ്ങളെയും വിശകലനം ചെയ്യുന്നതിൽ സർഗ്ഗാത്മകസാഫല്യം കണ്ടെത്തുകയും ചെയ്യുന്നു ഇന്നത്തെ എഴുത്തുകാർ. അവർ വിശ്വാസം വീണ്ടെടുത്തുവെന്നോ ജീവിതത്തിന്റെ പ്രകാശപൂർണ്ണമായ തലങ്ങളിലേയ്ക്ക് കണ്ണുയർത്താൻ തയാറായെന്നോ പറയുക ശരിയായിരിക്കില്ല. അപ്രിയസത്യങ്ങളെയാണ് അവർ അഭിമുഖീകരിക്കുന്നത്. അതുതന്നെയാണ് അവർ കാട്ടിത്തരുന്നതും. പ്രത്യയശാസ്ത്രങ്ങളെപ്പിടിച്ചാണയിടുന്നവർപോലും പ്രസാദാത്മകതയിൽ നിന്ന് കാതങ്ങളോളം അകലെയാണ്.

സമകാലചെറുകഥയിലും ഉത്തരാധുനിക പ്രവണതകൾ കണ്ടെത്തുന്ന വിമർശകരുണ്ട്. ഫെമിനിസവും ദളിതവബോധവും മാധ്യമാവാബോധവും സാംസ്കാരികാധിനിവേശത്തെക്കുറിച്ചുള്ള ഉത്കണ്ഠകളുമൊക്കെയാണ് ഉത്തരാധുനികതയുടെ സവിശേഷതകളെങ്കിൽ ആ പ്രവണതകൾ മലയാള ചെറുകഥയിൽ വെളിപ്പെട്ടുതുടങ്ങിയിരിക്കുന്നു എന്ന് സമ്മതിക്കണം. ഇവയിൽ ഒരുപക്ഷേ പെട്ടെന്നു തിരിച്ചറിയുന്നത് ഫെമിനിസമാണ്. ഒരു കൂട്ടം എഴുത്തുകാരികൾ ഈ രംഗത്തു പ്രവർത്തിക്കുന്നുണ്ട്. ഫെമിനിസ്റ്റ് ആക്ടിവിസം പ്രകടിപ്പിക്കുകയും അതിന്റെ ചട്ടക്കൂട്ടിൽനിന്നേ എഴുതൂ എന്നു വാശി പിടിക്കുകയും ചെയ്യുന്നവരാണു ചിലർ. ജീവിതത്തിന്റെ കടൽ തന്നെയാണു തങ്ങൾക്കും മഷിപ്പാത്രം എന്നു പറയുകയും ഫെമിനിസ്റ്റ് സമീപനത്തിനു മുൻഗണന നല്കുകയും ചെയ്യുന്ന ശക്തരായ ചില എഴുത്തുകാരികളുമുണ്ട്. സ്ഥാപിതമായ സാന്മാർഗികതയേയും മാറ്റിമറിക്കുന്നുണ്ട് ഇവർ. എല്ലാം തുറന്നെഴുതാൻ പോന്നൊരു സ്ത്രീഭാഷ രൂപപ്പെടുത്തുന്നതിനുള്ള ശ്രമവും വ്യക്തമാണ്. കുടുംബമെന്ന സ്ഥാപനത്തിനും ദാമ്പത്യമെന്ന ഘടനയ്ക്കും നേരെ ആശയപരമായ വെല്ലുവിളകളുയർത്താൻ അവർ കരുത്തു കാണിക്കുന്നു. കഥകൾ പലപ്പോഴും ജീവിതയാഥാർത്ഥ്യങ്ങളിൽ നിന്നകലുകയും അതിഭാവുകത്വം കലർന്ന ആഗ്രഹചിന്തകളായി മാറുകയും ചെയ്തെന്നും വരും. തിരസ്കരിക്കുന്നവയ്ക്കുപകരം കൂടുതൽ ഫലദായകമായ മറ്റെന്തെങ്കിലും വിഭാവനം ചെയ്യാൻ അവർക്കു കഴിയുന്നില്ലതാനും.

ദളിതാവബോധത്തിന്റെ സാന്നിധ്യം ചെറുകഥയിൽ അത്രത്തോളം ശക്തമല്ല. കെ.സി.വടുതലയിൽ തുടങ്ങുന്ന പാരമ്പര്യത്തെ ശക്തമായി മുന്നോട്ടു കൊണ്ടുപോകാൻ മാത്രം കരുത്തുള്ള തൂലികകൾ പ്രത്യക്ഷപ്പെടുന്നില്ലെന്നതാണ് സത്യം. സി.അയ്യപ്പനേയും ഉത്തമനേയും പോലെ ശ്രദ്ധേയമായ ചില പേരുകൾ പരാമർശിക്കാമെന്നേയുള്ളൂ.

ബഹുജനമാധ്യമങ്ങളും വിവരസാങ്കേതികവിദ്യയും ജീവിതത്തിൽ നടത്തുന്ന ഇടപെടലുകളെക്കുറിച്ചുള്ള ശ്രദ്ധേയമായ കുറേ കഥകൾ പുറത്തു വന്നിട്ടുണ്ട്. ആഗോളീകരണത്തിന്റെ സാംസ്കാരികവും സാമ്പത്തികവുമായ ആഘാതങ്ങൾ ബോധ്യപ്പെടുത്തുന്ന ചില കഥകളും ചൂണ്ടിക്കാണിക്കാം. അതോടൊപ്പം മാർക്സിയൻ ദർശനത്തിന്റെ പിൻബലത്തോടെ ഇടതുപക്ഷ നിലപാടു പുലർത്തുന്ന എഴുത്തുകാരുടെ സാന്നിധ്യവും ശ്രദ്ധിക്കപ്പെടേണ്ടതാണ്.

നവീനതയുടെ പ്രഭാവകാലം കഴിഞ്ഞെങ്കിലും അതിന്റെ വക്താക്കളായ കഥാകൃത്തുക്കളിൽ ചിലർ മാറ്റങ്ങൾ തിരിച്ചറിഞ്ഞ് സ്വന്തം പ്രസക്തി നിലനിർത്താൻ ശ്രദ്ധിക്കുന്നുണ്ട്.

ചെറുകഥയുടെ ആഖ്യാനതന്ത്രത്തിലും ആവിഷ്കാരരീതിയിലും ധാരാളം പരീക്ഷണങ്ങൾ നടക്കുന്നു. ചിലപ്പോളത് ഫാന്റസിയുടെ ഘടന കൈക്കൊള്ളുന്നു. ചിലപ്പോൾ രമ്യോപ ന്യാസത്തിന്റെ അതിരുകൾ കടക്കാൻ ശ്രമിക്കുന്നു. ചിലപ്പോഴത് ചരിത്രകഥനത്തിന്റെ നിരാർദ്രത കൈവരിക്കുന്നു. മറ്റു ചിലപ്പോൾ രാഷ്ട്രീയപ്രഭാഷണങ്ങളുടെ സ്വഭാവം പുലർത്തുന്നു. ചെറുകഥയെ വ്യതിരിക്തമാക്കുന്ന ഏകഘനമായ പ്രതീതിയുളവാക്കുമാറ് മേദസ്സുറ്റ ഏകാഗ്രരൂപം പലപ്പോഴും അവഗണിക്കപ്പെടുകയും ചെയ്യുന്നു.

ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ

എ. ഡി. ഡോ.കെ.എം.ജോർജ്

ഡി.സി.ബുക്സ് പ്രസിദ്ധീകരിച്ച കഥകൾ കൊണ്ട് കളിക്കാം എന്ന കൃതിയിൽ പ്രൊഫ.എസ്.ശിവദാസ് കഥകൾ എങ്ങനെ അതിരസകരമായ പഠനമാധ്യമം ആക്കാം എന്ന് വിശദീകരിക്കുന്നുണ്ട്.

കഥ വായിച്ചു രസിക്കാം അവയിലൂടെ
കഥയിലൂടെ ഗുണപാഠം പഠിക്കാം.
കഥകൾവഴി മൂല്യബോധം വളർത്താം
കഥയിലൂടെ വിവേകം വളർത്താം
കഥയിലൂടെ സ്നേഹവിപ്ലവം
കഥകളിലൂടെ സാമൂഹ്യബോധം
കഥയിലൂടെ വിജയമന്ത്രങ്ങൾ
വളരാം പുരാണകഥകളിലൂടെ
ശാസ്ത്രപഠനം കഥകളിലൂടെ
പ്രകൃതിബോധം കഥകളിലൂടെ
പഠനരഹസ്യം പഠിക്കാനും കഥകൾ
ഭാഷാപഠനം കഥാകേളികളിലൂടെ.

→ കഥകേട്ട് ആസ്വദിക്കൽ
→ പുതിയ കഥ ഉണ്ടാക്കിപ്പറയുക
→ കഥ നീട്ടൽ
→ കഥ മാറ്റൽ
→ കഥ ക്കൂട്ടം (ഒരാൾ ഒരു വാചകം പറയണം.അതിന്റെ തുടർച്ച അടുത്തയാൾ പറഞ്ഞ് കൂട്ടുകാർ കൂട്ടമായി കഥ വളർത്തുന്നത്)
→ കഥ തടയൽ (കഥ പറയുമ്പോൾ ഇടയ്ക്ക് ചില ചോദ്യങ്ങൾ ചോദിച്ച് കഥയെ തടസ്സപ്പെടുത്തും. ഇതിന് സരസമായി മറുപടി പറഞ്ഞ് കഥ തുടരും)
→ കഥയെ കൊല്ലൽ (കഥ പറയുമ്പോൾ കേൾക്കുന്ന ആൾ കഥാപാത്രങ്ങളെ കൊല്ലും. ഇങ്ങനെ കൊന്നാലും കഥ ചാകാതെ നോക്കണം)
→ കഥ കഥാപ്രസംഗമാക്കൽ
→ കഥ നാടകമാക്കൽ
→ കഥാപാത്രങ്ങളെ വിലയിരുത്തൽ
→ കഥകളുടെ കഥ കണ്ടെത്തൽ

(കഥകൾ കൊണ്ടു കളിക്കാം) (പ്രൊഫ. എസ്.ശിവദാസ്)

കഥയിൽകൂടാം, പാവ ഉപയോഗിച്ച് കഥപറയൽ, ചിത്രം കാണിച്ച് കഥപറയൽ, കഥാപൂരണം തുടങ്ങി വ്യത്യസ്തതന്ത്രങ്ങളുപയോഗിച്ച് കഥാവതരണം നടത്തി എലിമെന്ററി ക്ലാസുകളിലെ ഭാഷാ വിനിമയം ഏറെ സമ്പന്നമാക്കാം.

ഇവയിൽ കഥയിൽകൂടാം എന്നതിന്റെ ഒരു മാതൃക ചുവടെ നല്കുന്നു. ഇത് 'ശ്രദ്ധ' മൊഡ്യൂളിൽ നിന്നെടുത്തതാണ് ഇതുപോലെ ഓരോന്നിനും ധാരാളം മാതൃകകൾ കണ്ടെത്തണം. ക്ലാസിൽ അവതരിപ്പിക്കണം.

**പ്രവർത്തനം 2**

കഥയിൽ കൂടാം, പാവ ഉപയോഗിച്ച് കഥ പറയൽ, ചിത്രം കാണിച്ച് കഥ പറയൽ കഥാപൂരണം തുടങ്ങി വ്യത്യസ്ത തന്ത്രങ്ങൾ ഉപയോഗിച്ച് കഥാവതരണം നടത്തി എലിമെന്ററി ക്ലാസിലെ ഭാഷവിനിമയം ഏറെ സമ്പന്നമാക്കാം.

(മൂന്ന്, അഞ്ച് ക്ലാസുകൾക്കുള്ള പ്രവർത്തനം)

സമയം : 20 മിനിട്ട്

ഉദ്ദേശ്യം: അനുഭവങ്ങൾ/കഥകൾ/സംഭാഷണങ്ങൾ എന്നിവ കേട്ട് മനസ്സിലാക്കുന്നതിന്

പ്രക്രിയ:

**അധ്യാപിക ഒരു കഥ പറയുന്നു.**

ഒരിടത്ത് ഉണ്ണിയുണ്ടായിരുന്നു. ഉണ്ണിയുടെ പ്രിയ കൂട്ടുകാരൻ ഒരു കൊതുകായിരുന്നു. ഒരു ദിവസം ഉണ്ണിയും കൊതുകും കുളിക്കാൻ പോയി. ഉണ്ണി വെള്ളത്തിലേക്ക് ചാടി മുങ്ങി പിന്നെ കാണാനില്ല. കുറെ നേരം കൊതുകു കാത്തിരുന്നു. പിന്നെ സങ്കടം കൊണ്ട് മൂളിമൂളിക്കരയാൻ തുടങ്ങി. കൊതുക് കരഞ്ഞത് എങ്ങനെയായിരുന്നു? കരച്ചിൽകേട്ട പുഴവക്കത്ത് നിൽക്കുന്ന ആല് ചോദിച്ചു. കൊതുകേ എന്തിനാണ് കരഞ്ഞത്? കൊതുക് പറഞ്ഞു.

അതോ ഞാനും ഉണ്ണിയും കുളിക്കാൻ പോയി ഉണ്ണി പുഴയിൽ ചാടി മുങ്ങി. പിന്നെ കാണാനില്ല. കുറേ കാത്തു. എനിക്ക് സങ്കടമായി. അതോണ്ട് കരഞ്ഞതാ.

ഇതുകേട്ടപ്പോ ആലിന് സങ്കടായി. ആലിന് സങ്കടായാൽ എന്തു ചെയ്യും? (കുട്ടികൾക്ക് പ്രതികരിക്കാനാവസരം)

ആല് അതിന്റെ ഇലയൊക്കെ കൊഴിച്ചു. ഇല ചെന്നു വീണത്. ആലിന്റെ ചുവട്ടിൽ കെട്ടിയ കുട്ടിശങ്കരൻ എന്ന ആനയുടെ മേലായിരുന്നു.

ആന ചോദിച്ചു ആലേ! എന്താത്. ഇലയൊക്കെ ഇങ്ങനെ കൊഴിക്കുന്നത് എന്തിനാ? ആലു പറഞ്ഞു അതോ (കുട്ടികൾ കഥയിൽ കൂടട്ടെ) ഉണ്ണിയും കൊതുകും കുളിക്കാൻപോയി. ഉണ്ണി വെള്ളത്തിലേക്ക് ചാടി മുങ്ങി. പിന്നെ കാണാതായി കൊതുകിന് സങ്കടായി. അത് കരയാൻ തുടങ്ങി. അതു കണ്ടപ്പോ എനിക്ക് സങ്കടമായി അതോണ്ട് ഞാൻ ഇലയൊക്കെ പൊഴിച്ചു.

അതു കേട്ടപ്പോ കുട്ടിശ്ശങ്കരനാനയ്ക്ക് സങ്കടായി. ആന സങ്കടം സഹിക്കാഞ്ഞ് കൊമ്പു

വലിച്ചുപറിച്ച് വലിച്ചെറിഞ്ഞു. കൊമ്പു ചെന്നു വീണത് ആനപാപ്പന്റെ മുന്നിലായിരുന്നു. പാപ്പാൻ ചോദിച്ചു. എന്താ കുട്ടിശ്ശങ്കരാ ഇത് എന്തിനാ കൊമ്പു പറിച്ച് വലിച്ചെറിഞ്ഞത്?

ആന പറഞ്ഞു "അതോ (കുട്ടികൾ കഥയിൽ കൂടട്ടേ) ഉണ്ണീം കൊതുകും കൂടി കുളിക്കാൻ പോയിട്ടോ. ഉണ്ണി വെള്ളത്തിലേക്കു ചാടിമുങ്ങി. പിന്നെ കാണാതായി. കൊതുകിനു സങ്കടമായി. അതു കരയാൻ തുടങ്ങി. അതു കണ്ട് ആലിനു സങ്കടായി. അത് ഇല പൊഴിച്ചു. അതു കണ്ടപ്പോൾ എനിക്കു സങ്കടായി. അതുകൊണ്ടാ ഞാൻ കൊമ്പു വലിച്ചു പറിച്ചെറിഞ്ഞത്."

ഇതുകേട്ടപ്പോ ആനപാപ്പാന് സങ്കടായി. പാപ്പാൻ കയ്യിലെ തോട്ടി നടുപൊട്ടിച്ച് വലിച്ചെറിഞ്ഞു. തോട്ടി ചെന്ന് വീണത് വാരസ്യരുടെ മുന്നിലായിരുന്നു. വാരസ്യർ ചോദിച്ചു? പാപ്പാനെ എന്താ പറ്റീത്? തോട്ടി വലിച്ചെറിഞ്ഞത് എന്തിനാ? എന്ന് ചോദിച്ചു അപ്പോ പാപ്പാൻ പറഞ്ഞു. അതോ...... (എല്ലാവരും കഥയിൽ കൂടുന്നു) ഉണ്ണിയും കൊതുകും കുളിക്കാൻ പോയി. ഉണ്ണി വെള്ളത്തിലേക്ക് ചാടി മുങ്ങി. പിന്നെ കാണാതായി കൊതുകിന് സങ്കടായി. അത് കരയാൻ തുടങ്ങി. അതു കണ്ടപ്പോ ആലിന് സങ്കടായി. അത് ഇലയൊക്കെ പൊഴിച്ചു അതു കണ്ടപ്പോ ആനയ്ക്ക് സങ്കടായി. അത് കൊമ്പു വലിച്ച് പറിച്ചെറിഞ്ഞു. അതു കേട്ടപ്പോ വാരസ്യാർക്കു സങ്കടായി കയ്യിലുണ്ടായിരുന്ന ചട്ടുകം വലിച്ചെറിഞ്ഞത് പുഴവക്കത്തിരുന്ന ഉണ്ണിയുടെ മേലാണ് വീണത്. ഉണ്ണി ചോദിച്ചു. "വാരസ്യാരെ എന്തിനാ എന്നെ ചട്ടുകം കൊണ്ട് എറിഞ്ഞത്.

വാരസ്യാർ പറഞ്ഞു തുടങ്ങി. (കുട്ടികൾ കഥയിൽ കൂടുന്നു) ഉണ്ണിയും കൊതുകും കുളിക്കാൻപോയി. ഉണ്ണി വെള്ളത്തിലേക്ക് ചാടി മുങ്ങി. പിന്നെ കാണാതായി കൊതുകിന് സങ്കടായി. അത് കരയാൻ തുടങ്ങി. പാപ്പാൻ ചട്ടുകം ഒടിച്ച് വലിച്ചെറിഞ്ഞു. അതു കണ്ടപ്പോ എനിക്ക് സങ്കടായി അതോണ്ടാ ഞാൻ ചട്ടുകം വലിച്ചെറിഞ്ഞത് കുട്ടി പറഞ്ഞു ഞാനല്ല ഉണ്ണിവാരസ്യാർ പാപ്പാനെ വിളിച്ചു പറഞ്ഞു ഉണ്ണിയിതാ പുഴക്കത്തിരുന്ന് കളിക്കുന്നു. പാപ്പാൻ ആനയോട് വിളിച്ചു പറഞ്ഞു. ആന ആലിനോട് വിളിച്ചു പറഞ്ഞു. ആല് കൊതുകിനോട് വിളിച്ചു പറഞ്ഞു. കൊതുക് ഉണ്ണിയെ വിളിച്ചു ഉണ്ണ്യേ......

(രാമകൃഷ്ണൻ കുമരനെല്ലൂരിന്റെ കഥയ്ക്ക് തുടർച്ച എഴുതിയത്)

**പ്രവർത്തനങ്ങൾ**

? എലിമെന്ററി ക്ലാസുകളിലെ കേരളപാഠാവലി, അടിസ്ഥാനപാഠാവലി എന്നിവയിൽ ഉൾപ്പെടുത്തിയിരിക്കുന്ന എല്ലാ ചെറുകഥകളും പരിചയപ്പെടണം. ഇതിനായി ചെറുകഥാ ശില്പശാല, കഥയരങ്ങ് എന്നിവ സംഘടിപ്പിക്കാം.

? ചെറുകഥാ സാഹിത്യചരിത്രത്തിന്റെ പ്രസക്തഭാഗങ്ങളുടെ വായന, ചർച്ച

? ഭാഷയിലെ നാഴികക്കല്ലുകളായ കഥകളുടെ അവതരണം

? മലയാളചെറുകഥയുടെ വിവിധ ഘട്ടങ്ങളെക്കുറിക്കുന്ന ടൈംലൈൻ തയാറാക്കൽ (ഐ.സി.റ്റി സാധ്യത ഉപയോഗിച്ച്)

? ഗ്രൂപ്പുകൾ തെരഞ്ഞെടുത്തകഥകൾ വ്യത്യസ്ത കഥാവതരണതന്ത്രങ്ങൾ ( ആ കഥയ്ക്ക് അനുയോജ്യമായത്) ഉപയോഗിച്ച് അവതരണം.

? മലയാള ചെറുകഥയുടെ വികാസപരിണാമങ്ങൾ - സെമിനാർ, (ചെറുകഥകളുടെ പ്രമേയം, ആവിഷ്കാരരീതി, ഭാഷ, അനുയോജ്യമായ ആഖ്യാന തന്ത്രങ്ങൾ, കാലഘട്ടം എന്നിവ ഉൾപ്പെടണം)

# നോവൽ

**സവിശേഷതകൾ**

- നോവൽ എന്ന പദത്തിന്റെ ധാത്വർത്ഥം അഭിനവം (പുതിയത്) എന്നാണ്.
- മനുഷ്യജീവിതം സമസ്തശക്തി ചൈതന്യങ്ങളോടും കൂടി ആവിഷ്ക്കരിക്കാൻ കഴിയുന്ന സാഹിത്യമാധ്യമമാണ് നോവൽ
- ജീവിതാവസ്ഥയുടെ സമഗ്രഭാവം ഉൾക്കൊള്ളുന്ന ആധുനിക സാഹിത്യരൂപമാണ് നോവൽ.
- യാഥാർത്ഥ്യബോധത്തോടു കൂടി ജീവിതാവിഷ്കരണം നിർവഹിക്കുന്നതോടൊപ്പം അപൂർവ്വമായ മനുഷ്യദർശനം സംഭാവന ചെയ്യാനും നോവൽ പ്രാപ്തമാണ്.
- ഗദ്യത്തിലെഴുതിയ കല്പിതാഖ്യാനപരങ്ങളായ ജീവിതത്തിന്റെ വ്യാഖ്യാനമാണ് നോവൽ.
- ജനങ്ങൾക്കിടയിൽ ഏറ്റവും പ്രചാരമുള്ള സാഹിത്യശാഖ

**നോവലിനെക്കുറിച്ച്...**

- 'നോവൽ' ഭാവനാത്മകമായ ഗദ്യകഥയല്ല, മനുഷ്യനെ പൂർണരൂപത്തിൽ പ്രകാശിപ്പിക്കാൻ മുതിർന്ന ആദ്യത്തെ കലാരൂപമാണ്" - റാൽഫ് ഫോക്സ്
- "മാനവ ജീവിതത്തിന്റെ നിഗൂഢരഹസ്യങ്ങൾ നിറഞ്ഞ ഉള്ളറകൾ വരെ പ്രകാശിപ്പിക്കാൻ കഴിയുന്നതാണ് നോവലിന് മറ്റു കലാരൂപങ്ങളെ അപേക്ഷിച്ചുള്ള നേട്ടം" ഫോസ്റ്റർ
- "ഗദ്യത്തിലുള്ള രസകരമായ ഒരിതിഹാസമാണ് നോവൽ"- ഫീൽഡിംഗ്
- "നോവൽ അതെഴുതുന്ന കാലഘട്ടത്തിന്റെയും യഥാർത്ഥ ജീവിതത്തിന്റെയും ജീവിത സമ്പ്രദായത്തിന്റെയും ചിത്രമാണ്" - ക്ലാരാ റീവ്സ്
- "പ്രതിബിംബത്തിൽ നിവിഷ്ടമായ ഒരു ജീവിതദർശനമാണ് നോവൽ" - കാമു
- "സാമാന്യത്തിനും വിശേഷത്തിനുമിടയ്ക്കുള്ള മനുഷ്യരുടെ നിരന്തരമായ പോക്കുവരാണ് നോവലിൽ പകർത്തുന്നത്"- സാർത്ര്

**നോവലിന്റെ ഉത്ഭവവും വളർച്ചയും**

15-ാം ശതകത്തിൽ ഇറ്റലിയിലും 16-ാം ശതകത്തിൽ ഫ്രാൻസിലും ഇംഗ്ലണ്ടിലുമുണ്ടായ നൂതന കഥകളാണ് നോവലായി മാറിയത്.

ഡിഫോയുടെ 'റോബിൻസൺ ക്രൂസോ,' സ്വിഫ്റ്റിന്റെ 'ഗളിവർ' ബനിയൻ എഴുതിയ 'തീർത്ഥാടകന്റെ സഞ്ചാരം'- ഇവയാണ് നോവൽ പ്രസ്ഥാനത്തിന്റെ മുന്നോടികൾ.

എ.ഡി 1740-ൽ റിച്ചാഡ്സൺ എഴുതിയ 'പമീല' പ്രസിദ്ധീകരിച്ചതോടെ നോവലെന്ന പേര് സർവ്വസാമാന്യമായി.

- എ.ഡി 1760-ൽ ഇംഗ്ലണ്ടിൽ വ്യാവസായിക വിപ്ലവത്തിന്റെ ഫലമായി ഉണ്ടായ അന്ത രീക്ഷം നോവലിന്റെ ദ്രുതവികാസത്തിന് വഴിതെളിച്ചു.
- ഫ്രഞ്ച്സാഹിത്യത്തിലെ വിക്ടർ യൂഗോ, ബൽസാക്ക്, മോപ്പസാങ്, എമിലിസോള എന്നി വരും റഷ്യൻ സാഹിത്യത്തിലെ ടോൾസ്റ്റോയി, ദസ്തയോ വിസ്കി എന്നിവരും നോവൽ മേഖലയ്ക്ക് ശക്തി പകർന്നു.
- ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരം വിശ്വനോവൽ സാഹിത്യത്തിന്റെ സ്വാധീനത്തിന് കാരണമായി.
- ഇന്ത്യൻ സാഹിത്യത്തിൽ നോവൽ എന്ന കലാരൂപം ഏറ്റവും ശക്തിയാർജിച്ചത് ബംഗാ ളിലാണ്- (ബങ്കീം ചന്ദ്ര ചാറ്റർജി, ശരത്ചന്ദ്ര ചാറ്റർജി, താരാശങ്കർ, വിഭൂതിഭൂഷൻ.)
- ഇംഗ്ലീഷ് വിദ്യാഭ്യാസം ബംഗാളിനെ പ്രബുദ്ധമാക്കിയ കാലത്തുതന്നെ മലയാളക്കരയിലും അതിന്റെ പ്രകാശം വീണുതുടങ്ങി.
- മലയാളത്തിലുണ്ടായ ആദ്യ നോവലുകൾ-1882 ൽ ആർച്ച് ഡീക്കൻ കോശിയുടെ 'പുല്ലേ ലിക്കുഞ്ചു', 1866-ൽ കല്ലൂർ ഉമ്മൻ ഫിലിപ്പോസ് ആശാന്റെ 'ആൾമാറാട്ടം', 1877-ൽ മിസിസ് കോളൻസിന്റെ 'ഘാതകവധം' എന്നിവയാണ്.
- ആദ്യത്തെ മലയാള നോവലെന്ന് സാഹിത്യചരിത്രകാരന്മാർ വിശേഷിപ്പിക്കുന്ന കൃതി 1887-ൽ പ്രസിദ്ധീകൃതമായ അപ്പുനെടുങ്ങാടിയുടെ 'കുന്ദലത' യാണ്.
- ഒയ്യാരത്ത് ചന്ദുമേനോൻ 1889-ൽ പ്രസിദ്ധീകരിച്ച 'ഇന്ദുലേഖ'യാണ് ലക്ഷണയുക്തമായ ആദ്യത്തെ മലയാള നോവൽ.
- ആദ്യത്തെ മലയാള വനിതാ നോവലിസ്റ്റ് ജെ.പാറുക്കുട്ടി അമ്മയാണ്. 'സ്ത്രീശക്തിമയി അഥവാ ആപൽക്കരമായ മാല' എന്ന കൃതി 1914-ൽ പ്രസിദ്ധീകരിച്ചു.

## മലയാള നോവൽ

മലയാള നോവലിന്റെ ചരിത്രം പരിശോധിച്ചാൽ ഇവിടെയും നാല് തലമുറകളുടെ പ്രഭാവം ദൃശ്യമാണ്.

### ഒന്നും രണ്ടും തലമുറ

ഇംഗ്ലീഷിലെ ആദ്യനോവലായ 'പമേല' (1790) ഉണ്ടായി ഒന്നരനൂറ്റാണ്ടു കഴിഞ്ഞിട്ടാണ് മലയാളത്തിലൊരു നോവലുണ്ടായത്. അതാണ് അപ്പു നെടുങ്ങാടിയുടെ 'കുന്ദലത' (1887). നോവലിനേക്കാൾ ഒരു മദ്ധ്യകാലവീരകഥയുടെ മട്ടാണിതിന്. ലക്ഷണമൊത്ത ആദ്യത്തെ നോവൽ ഒ.ചന്ദുമേനോന്റെ 'ഇന്ദുലേഖ' തന്നെ (1889). പിന്നീടദ്ദേഹം ഒരു നോവലിന്റെ പകുതികൂടി എഴുതി-'ശാരദ'. സി.വി.രാമൻപിള്ള മൂന്നു ചരിത്രനോവലുകളും ഒരു സാമൂദായികനോവലും എഴുതി. ('മാർത്താണ്ഡവർമ്മ', 'ധർമ്മരാജാ', 'രാമരാജബഹദൂർ', 'പ്രേമാമൃതം'). ഈ നോവലുകൾക്കെല്ലാം ഒട്ടനവധി അനുകരണങ്ങളുണ്ടായി. ആദ്യകാല സാമൂഹ്യനോവലുകളിൽ ടി.കെ.വേലുപ്പിള്ളയുടെ 'ഹേമലത', കണ്ണൻമേനോന്റെ 'സ്നേഹലത', മുത്തിരിങ്ങോട്ടിന്റെ 'അപ്ഫന്റെ മകൾ' ഇവ സ്മരണീയങ്ങളാണ്. ചരിത്ര നോവലുകളിൽ അപ്പൻ തമ്പുരാന്റെ 'ഭൂതരായർ', രാമൻ നമ്പീശന്റെ 'കേരളേശ്വരൻ, കെ.എം പണിക്കരുടെ കേരളസിംഹം, കപ്പന കൃഷ്ണമേനോന്റെ 'ചേരമാൻ പെരുമാൾ', എൻ.കെ.കൃഷ്ണപിള്ള

യുടെ 'വീരമാർത്താണ്ഡൻ', 'ബാലരാമവർമ്മ' ഇവയും ഈ രണ്ടു ഗണത്തിലുംപെടാത്ത ചില നല്ല നോവലുകളും പരിഗണനനീയങ്ങളായുണ്ട്. കെ.നാരായണക്കുരുക്കളുടെ 'പാറപ്പുറ' വും 'ഉദയഭാനു'വും അന്യാപദേശരീതിയിൽ രാഷ്ട്രീയ വിമർശനമുൾക്കൊള്ളുന്ന കൃതികളാണ്  ഒരു നല്ല വീരസാഹസിക കൃതിയാണ് കാരാട്ട് അച്യുതമേനോന്റെ 'വിരുതൻ ശങ്കു', അപ്പൻ തമ്പുരാന്റെ 'ഭാസ്കരമേനോൻ', ഒ.എം.ചെറിയാന്റെ 'കാലന്റെ കൊലയറ' ഇവ ആദ്യകാല ഡിറ്റക്ടീവ് നോവലുകളിൽ മികച്ചവയത്രേ. ബങ്കീം ചന്ദ്രന്റെയും രമേശ് ചന്ദ്രദത്തന്റെയും ടാഗൂറിന്റെയും ബംഗാളിനോവലുകളുടെ പരിഭാഷകൾ ('ദുർഗേശനന്ദിനി', 'വിഷവൃക്ഷം', 'ആനന്ദമഠം', 'താലപുഷ്കരം', 'വിനോദിനി', 'വീട്ടിലും പുറത്തും') അന്നത്തെ മലയാളികളുടെ നോവൽപാരായണാഭിമുഖ്യത്തെ വളരെയേറെ വളർത്തി. ഓജസ്സും പ്രൗഢിയുമുള്ള ഒരു പുതിയ ഗദ്യശൈലിക്കും അവ മാതൃകകളാണ്. സി.എസ്. സുബ്രഹ്മണ്യൻ പോറ്റി, വി.ഉണ്ണിക്കൃഷ്ണൻ നായർ, ബി.കല്യാണിഅമ്മ മുതലായവരാണ് അന്നത്തെ പേർകൊണ്ട പരിഭാഷകർ. 1930 നും 40–നുമിടയ്ക്ക് നോവലുകൾക്ക് വലിയ തളർച്ച സംഭവിച്ചു. 'അപ്ഫന്റെ മകൾ' മാത്രമേ മൗലികപ്രതിഭയുൾക്കൊള്ളുന്ന ഒരു കൃതിയായിട്ട് അക്കാലത്തു പുറത്തുവന്നുള്ള എന്നു തോന്നുന്നു. എ.ബാലകൃഷ്ണപിള്ളയുടെ പ്രചോദനമുൾക്കൊണ്ട തകഴിയും മറ്റും ചില ലഘുനോവലുകൾ (നോവലൈറ്റുകൾ) അക്കാലത്ത് എഴുതിത്തുടങ്ങി–'പ്രതിഫലം', 'പരാജിത പങ്കജം' മുതലായവ. മലയാളസാഹിത്യത്തിലെ റിയലിസത്തിന്റെ തിരുപുറപ്പാട് ചെറുനോവലുകളിലൂടെയും ചെറുകഥകളിലൂടെയും ആയിരുന്നു. റൊമാന്റിക് അന്തരീക്ഷം മുറ്റിനിൽക്കുന്ന ചില കൃതികൾ (ഉദാഹരണം–എസ്.കെ.പൊറ്റെക്കാട്ടിന്റെ 'പ്രേമശിക്ഷ' യും 'നാടൻ പ്രേമ' വും, ബഷീറിന്റെ 'ബാല്യകാലസഖി' യും ) 1944–ൽ പുറത്തു വന്നു. കേശവദേവിന്റെ ഓടയിൽ നിന്ന്' (1945) നോവൽ സഹാത്യത്തെ റിയലിസത്തിലേക്കു തന്നെ വീണ്ടും നയിച്ചു. പുരോഗമന സാഹിത്യപ്രസ്ഥാനവും ശക്തിപ്പെട്ടു തുടങ്ങി. ചെറുകഥയെഴുതി ശീലിച്ച എഴുത്തുകാർക്ക് വലിയ നോവലെഴുതാനുള്ള കരുത്തും കരുക്കളും ലഭിക്കാൻ കുറച്ചുകൂടി കാത്തിരിക്കേണ്ടി വന്നു. തകഴിയുടെ 'തോട്ടിയുടെ മകൻ', 'രണ്ടിടങ്ങഴി', 'ചെമ്മീൻ' പൊറ്റെക്കാട്ടിന്റെ 'മൂടുപടം', 'വിഷകന്യക'; കേശവദേവിന്റെ 'ഭ്രാന്താലയം' എന്നീ ഗ്രന്ഥങ്ങളോടുകൂടിയയാണ്, മലയാളനോവൽ വീണ്ടും സമ്പന്നമായിത്തുടങ്ങിയത്.

ചെറുകഥാപ്രസ്ഥാനത്തിൽ പേരെടുത്തവരാണ് നോവൽ പ്രസ്ഥാനത്തിലും മുൻപന്തിയിലെത്തിയതെന്ന കാര്യം ശ്രദ്ധേയമാണ്. 'രണ്ടിടങ്ങഴി' കുട്ടനാട്ടിലെ കർഷകത്തൊഴിലാളിയുടെ കഥയാണ്. തലമുറകൾ തമ്മിലുള്ള വീക്ഷണവ്യത്യാസത്തെ തകഴി ബോധപൂർവ്വം ചൂണ്ടിക്കാണിക്കുന്നുണ്ട്. മുക്കുവരുടെ ജീവിതത്തെ ചിത്രീകരിക്കുന്ന 'ചെമ്മീനി' ലെ റൊമാന്റിക് റിയലിസം പ്രോലിറ്റേറിയൻ സൂത്രവാക്യങ്ങളിൽ നിന്നു വിമുക്തമാണ്. ലളിതമായ ഒരു ഗ്രാമീണ കഥയാണത്. തിരുവിതാംകൂറിലെ ദിവാൻഭരണത്തിന്റെ അന്ത്യഘട്ടത്തിലെ രാഷ്ട്രീയമാനങ്ങളും ഉപജാപങ്ങളും അവയ്ക്കിടയിലൂടെ ഉന്തിക്കയറി വലുതാകുന്ന അവസരസേവകനായ ഒരു ഉദ്യോഗസ്ഥനുമാണ് 'ഏണിപ്പടി'കളിലെ പ്രമേയം.

കേശവദേവിന്റെ 'ഭ്രാന്താലയം' ഹിന്ദുമുസ്ലീം വിദ്വേഷത്തിന്റെ വികാരവത്തായ ചിത്രീകരണമാണ്. 'റൗഡി' ഭീരുവായ ഒരു റൗഡിവേഷക്കാരന്റെ പരിഹാസ്യവും ഭയാർഹവുമായ കഥയാണ്. 'അയൽക്കാർ' എന്ന വലിയ നോവലാകട്ടെ, കേരളത്തിലെ നായരീഴവ ക്രൈസ്തവ സമൂഹത്തിന്റെ ഘടനയിൽ കാലം ഏൽപ്പിച്ച ആഘാതപ്രത്യാഘാതങ്ങളെ ചിത്രീകരിക്കുന്നു.

'മൂടുപടം', 'വിഷകന്യക' എന്നീ രണ്ടു നോവലുകളിലും പൊറ്റെക്കാട്ട് ഒട്ടാകെ വിചിത്രാചാരവിശിഷ്ടമായ ചില കഥകളാണ് അവതരിപ്പിച്ചത്. ബോംബെ നഗരത്തിന്റെയും വയനാടൻ കുന്നുകളുടെയും കഥകൾ പലതും പിന്നീട് എഴുതപ്പെട്ടെങ്കിലും അവയുടെ ആദ്യത്തെ ചരിത്രകാരൻ പൊറ്റെക്കാട്ടുതന്നെ. 'തെരുവിന്റെ കഥ' എന്ന വലിയ നോവലിൽ പച്ച റിയലിസ്റ്റായിട്ടാണ് പൊറ്റെക്കാട്ടിന്റെ പുറപ്പാട്. ഒരുതരം 'അധോലോക'ത്തെയാണ് ഗ്രന്ഥകാരൻ ചാതുര്യത്തോടെ ചിത്രീകരിക്കുന്നത്. നായകനും നായികയുമൊന്നും കൂടാതെ ജീവിതപ്രവാഹത്തെ, അതിന്റെ നുരയും പതയും ചുഴിയും എല്ലാമായി പകർത്തുന്ന ഒരു കൃതിയാണ് 'തെരുവിന്റെ കഥ'.

പി.സി.കുട്ടിക്കൃഷ്ണൻ (ഉറൂബ്) കുറച്ചു താമസിച്ചാണ് നോവലിന്റെ രംഗത്തേക്കു കടന്നു വന്നത് ('ആമിന', 'ഉമ്മാച്ചു', 'സുന്ദരികളും സുന്ദരന്മാരും'). അസാമാന്യമായ ആത്മശക്തിയോടെ വിലോമഗതിയായ ജീവിതത്തെ നേരിടാൻ സന്നദ്ധത കാട്ടുന്ന ചില നായികാനായകന്മാരെയാണ് ഉറൂബ് അവതരിപ്പിക്കുന്നത്. സി.വി.ക്കു ശേഷം മലയാളത്തിനു ലഭിച്ച ഒരേയൊരു സങ്കീർണ നോവലാണ് 'സുന്ദരികളും സുന്ദരന്മാരും'.

ബഷീർ ഒരു മിനിയേച്ചർ ചിത്രകാരനാണ്. ചെറിയ ക്യാൻവാസ്; ഓരോ വരയും സൂക്ഷിച്ചു വരയ്ക്കും ('ബാല്യകാലസഖി'), 'ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്', 'പാത്തുമ്മായുടെ ആട്'). ബഷീറിന്റെ രണ്ടാം ഘട്ടത്തിൽ അദ്ദേഹത്തെ ഒരു പരിഹാസചിത്രകാരനായിട്ടാണ് കാണുന്നത്. അനന്യമായ ഒരു ശൈലീവിശേഷം അവതരിപ്പിച്ച കാഥികനെന്നുകൂടി അദ്ദേഹത്തെ വിവരിക്കാം. ഇംഗ്ലീഷ് സാഹിത്യത്തിൽ ഹെമിങ്‌വേയെപ്പോലെ. ഈ നോവലെഴുത്തുകാർ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഭാരതീയ ജനത അനുഭവിച്ച അസ്വാസ്ഥ്യത്തിന്റെയും അമർഷത്തിന്റെയും വക്താക്കളാണ്.

-വിജ്ഞാനകോശം
നാഷണൽ ബുക്ക്സ്റ്റാൾ

**മൂന്നാം തലമുറ**

മലയാള നോവലിൽ ആധുനികതയുടെ പുതിയ ആകാശങ്ങൾ നക്ഷത്രശോഭ ഉണർത്തിയ കാലമാണിത്-1960 കളുടെ ഉത്തരാർദ്ധം. സാങ്കേതിക ജാടകളിൽ വീഴാതെ ഭാവനാവിലാസം കൊണ്ട് സത്യസന്ധവും ആത്മാർത്ഥവുമായ മനുഷ്യകഥാകഥനം നിർവ്വഹിച്ചവരാണ് ഈ തലമുറ. ഇരുപത്തി ഒന്നാം നൂറ്റാണ്ടിലും ഇവരിൽ പലരും ഇപ്പോഴും നമ്മോടൊപ്പമുണ്ട്; ഒട്ടും തന്നെ പ്രസക്തി നഷ്ടപ്പെടാതെ അവരിൽ പ്രമുഖരായ ഏതാനും നോവലിസ്റ്റുകളെയും നോവലുകളെയും പരിചയപ്പെടാം.

| **നോവലിസ്റ്റ്** | | **കൃതികൾ** |
|---|---|---|
| എം.ടി.വാസുദേവൻ നായർ | - | നാലുകെട്ട്, അസുരവിത്ത്, മഞ്ഞ് കാലം, രണ്ടാമൂഴം |
| കോവിലൻ | - | എ മൈനസ് ബി, ഏഴാമെടങ്ങൾ, തോറ്റങ്ങൾ, തട്ടകം |
| പാറപ്പുറത്ത് | - | നിണമണിഞ്ഞ കാല്പാടുകൾ, പണിതീരാത്ത വീട്, അരനാഴികനേരം, ആകാശത്തിലെ പറവകൾ |
| നന്തനാർ | - | അനുഭവങ്ങൾ, ഉണ്ണിക്കുട്ടന്റെ ലോകം, ആത്മാവിന്റെ നോവുകൾ |

| | | |
|---|---|---|
| രാജലക്ഷ്മി | - | ഒരു വഴിയും കുറെ നിഴലുകളും, ഞാനെന്ന ഭാവം |
| മുട്ടത്ത് വർക്കി | - | ഇണപ്രാവുകൾ, പാടാത്ത പൈങ്കിളി, ഒരു കുടയും കുഞ്ഞു പെങ്ങളും |
| കെ.സുരേന്ദ്രൻ | - | താളം, മായ, കാട്ടുകുരങ്ങ്, ജ്വാല, ഗുരു, മരണം ദുർബലം |
| വിലാസിനി | - | നിറമുള്ള നിഴലുകൾ, ഊഞ്ഞാൽ, അവകാശികൾ |
| മലയാറ്റൂർ | - | വേരുകൾ, യക്ഷി, യന്ത്രം, അമൃതം തേടി |
| ജി.വിവേകാനന്ദൻ | - | കള്ളിച്ചെല്ലമ്മ, യക്ഷിപ്പറമ്പ്, കള്ള്, പൊട്ടൻ നീലാണ്ടൻ |
| പി.അയ്യനേത്ത് | - | മനുഷ്യാ നീ മണ്ണാകുന്നു, വാഴ്‌വേമായം, ദ്രോഹികളുടെ ലോകം |
| ഇ.എം.കോവൂർ | - | കാട്, മലകൾ |
| വി.കെ.എൻ | - | അസുരവാണി, സിൻഡിക്കേറ്റ്, ജനറൽ ചാത്തൻസ് |
| എൻ.പി മുഹമ്മദ് | - | മരം, എണ്ണപ്പാടം, ദൈവത്തിന്റെ കണ്ണ്, ഹിരണ്യ കശിപു |
| ഉണ്ണികൃഷ്ണൻ പുതൂർ | - | ബലിക്കല്ല്, ആട്ടുകട്ടിൽ, ആനപ്പക, അമൃതമഥനം |
| പി.കെ.ബാലകൃഷ്ണൻ | - | ഇനി ഞാനുറങ്ങട്ടെ |
| ലളിതാംബികാ അന്തർജനം | - | അഗ്നിസാക്ഷി |
| പി.കെ.ശ്യാമള | - | ശരറാന്തൽ, നിറപറയും പുത്തിരിയും, മകയിരം കായൽ |
| സി.രാധാകൃഷ്ണൻ | - | സ്പന്ദമാപിനികളേ നന്ദി, മുൻപേ പറക്കുന്ന പക്ഷികൾ, പുള്ളിപ്പുലികളും വെള്ളിനക്ഷത്രങ്ങളും, കരൾപിളരും കാലം |
| പെരുമ്പടവം ശ്രീധരൻ | - | ഒരു സങ്കീർത്തനം പോലെ, അഭയം, അഷ്ടപദി |
| പി.വത്സല | - | നെല്ല്, ആഗ്നേയം, നിഴലുറങ്ങുന്ന വഴികൾ |
| ജി.എൻ.പണിക്കർ | - | ഇരുട്ടിന്റെ താഴ് വരകൾ, അക്ഷരപൂജ, കൃഷ്ണപ്പരുന്ത് |
| സാറാതോമസ് | - | നാർമ്മടിപ്പുടവ, കെടാത്ത കൈത്തിരി, വലക്കാർ |
| ജോർജ് ഓണക്കൂർ | - | ഇല്ലം, ഉൾക്കടൽ, അകലെ ആകാശം |
| പോഞ്ഞിക്കര റാഫി | - | സ്വർഗദൂതൻ, പാപികൾ |
| കാനം ഇ.ജെ | - | ഭാര്യ, അധ്യാപിക, കന്നിമണ്ണിന്റെ കിന്നാരം |

**നാലം തലമുറ**

അറുപതുകളുടെ ഉത്തരാർദ്ധം എത്തിയപ്പോഴേക്കും പുതിയ സരണിയിലേക്ക് നീങ്ങി. നവീന രുചിബോധത്തിന്റെ വക്താക്കളായി ഒരു പുതിയ തലമുറ കടന്നു വന്നു നിഷേധാത്മക തയും ജീവിതത്തെ സംബന്ധിച്ച അപചയബോധവും അവരുടെ മനസ്സിന്റെ സജീവഭാവ ങ്ങളായിരുന്നു. കാമു, സാർത്ര് തുടങ്ങിയ പടിഞ്ഞാറൻ ചിന്തകരുടെ ദർശനങ്ങൾ ഈ

യുവതലമുറയ്ക്ക് വഴി കാണിച്ചുകൊടുത്തു. അന്യവൽക്കരണം, അസ്തിത്വ ദുഃഖം, പാരമ്പര്യനിഷേധം തുടങ്ങിയ മുഖമുദ്രകളണിഞ്ഞ് ചടുലവും ഹൃദയാവർജകവും ആയ ചാരുതയുള്ള ആവിഷ്ക്കരണ ശൈലിയുടെ താളനിബദ്ധമായ അകമ്പടിയോടെ അവർ രംഗത്തുവന്നു. രാഷ്ട്രീയ അപചയങ്ങളും ലൈംഗിക ജീർണതകളും നഗ്നമായി ചിത്രീകരിക്കാൻ അവർ മത്സരബുദ്ധിയോടെ സന്നദ്ധരായി. വിശ്വാസത്തകർച്ച, മരണാഭിമുഖ്യം, ആത്മരതി, ഒരു പകപോക്കലാണ് ജീവിതമെന്ന വിശ്വാസം, വ്യർത്ഥതാ ബോധം തുടങ്ങിയവ ആധുനികതയുടെ കൊടിയടയാളങ്ങളായി അവർ ഉയർത്തിക്കാട്ടി. സത്യാന്വേഷണ ത്വരയാണ് തങ്ങളെ ഭരിക്കുന്നതെന്ന പ്രഖ്യാപനവുമായി രംഗത്തുവന്ന ഇവർ ജീവിതത്തിന്റെ അഴുക്കുചാലുകളിൽ ജീവിതവസന്തം കണ്ടെത്തുന്നതായി ആക്ഷേപമുയുർന്നു. പക്ഷേ ചെറുപ്പക്കാരായ വായനക്കാരിൽ സംവേദനത്തിന്റെ പുതിയ അർത്ഥതലങ്ങൾ വിരചിക്കാൻ ഈ ആധുനികർക്ക് കഴിഞ്ഞു. ഒരു വ്യാഴവട്ടക്കാലമെങ്കിലും മലയാള സാഹിത്യത്തിന്റെ സർഗചേതന ഈ ആധുനികരുടെ ധൈഷണിക യുവത്വത്തിൽ സൂര്യശക്തിയോടെ പ്രതിഭാസിച്ചുനിന്നു. കടംകൊണ്ട ദർശനത്തിന്റെ നേർത്ത നൂലിൽ കാലത്തിന്റെ ത്വരിതപ്രയാണത്തെ ബന്ധിച്ചു നിർത്താൻ കഴിയാതെ പോയതുകൊണ്ടകാം എൺപതിന്റെ പൂമുഖത്ത് എത്തിയപ്പോഴേക്കും ഇവരെല്ലാം ഓജസ്സുകുറഞ്ഞവരായിത്തീർന്നു. എങ്കിലും അവരുടെ സർഗചൈതന്യം മലയാളസാഹിത്യത്തിന്റെ വളർച്ചയിലെ അതിപ്രധാന ഘടകമാകുന്നു.

നവീനമായ സാഹിത്യവബോധത്തിന്റെ വൈകാരികവും സൗന്ദര്യാത്മകവുമായ ഒരു പാത അവർ തുറന്നിട്ടു. മലയാള സാഹിത്യത്തിന്റെ ചരിത്രപരമായ വഴിത്തിരിവിനെ കുറിക്കുന്ന കാലമാണിത്.

*(മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ*

*എരുമേലി പരമേശ്വരൻ പിള്ള)*

നാലാം തലമുറയിലെ നോവലിസ്റ്റുകളും അവരുടെ കൃതികളും ഒന്നു പരിചയപ്പെടാം.

| **നോവലിസ്റ്റ്** | | **കൃതികൾ** |
|---|---|---|
| കാക്കനാടൻ | - | അജ്ഞതയുടെ താഴ്വര, വസൂരി, ഉഷ്ണമേഖല, ഒറോത |
| ഒ.വി.വിജയൻ | - | ഖസാക്കിന്റെ ഇതിഹാസം, ധർമപുരാണം, ഗുരുസാഗരം, |
| എം.മുകുന്ദൻ | - | ദൽഹി, അവിലായിലെ സൂര്യോദയം, മയ്യഴിപ്പുഴയുടെ തീരങ്ങളിൽ, കേശവന്റെ വിലാപങ്ങൾ |
| ആനന്ദ് | - | ആൾക്കൂട്ടം, മരുഭൂമികൾ ഉണ്ടാകുന്നത്, മരണസർട്ടിഫിക്കറ്റ്, ഗോവർധനന്റെ യാത്രകൾ |
| പി.പത്മരാജൻ | - | നക്ഷത്രങ്ങളെ കാവൽ, പ്രതിമയും രാജകുമാരിയും, |
| സേതു | - | പാണ്ഡവപുരം, കൈമുദ്രകൾ |
| പി.സുരേന്ദ്രൻ | - | സാമൂഹ്യപാഠം, മഹായാനം, മായാപുരാണം, ജൈവം |
| ടി.വി.കൊച്ചുബാവ | - | വൃദ്ധസദനം, പെരുങ്കളിയാട്ടം. ഉപജന്മം. ജാതകം |
| കെ.പി.രാമനുണ്ണി | - | സൂഫി പറഞ്ഞ കഥ, ചരമവാർഷികം |

| | |
|---|---|
| സക്കറിയ | ഭാസ്കരപട്ടേലരും എന്റെ ജീവിതവും, എന്തുണ്ട് വിശേഷം പിലാത്തോസേ ഇതാണെന്റെ പേര് |
| കെ.രാധാകൃഷ്ണൻ | നഹുഷപുരാണം, ശമനതാളം |
| കിളിരൂർ രാധാകൃഷ്ണൻ | അകത്തളങ്ങൾ, കടലാസുകപ്പൽ, ആരതി |
| ഏകലവ്യൻ | ട്രഞ്ച്, സന്ധ്യ, കല്ല്, ഗ്രീഷ്മവർഷങ്ങൾ |
| സി.വി.ആനന്ദബോസ് | നാട്ടുക്കൂട്ടം |
| കോന്നിയൂർ നരേന്ദ്രനാഥ് | ഒറ്റപ്പെട്ട മനുഷ്യർ, വരം |
| കെ.ജെ.ബേബി | മാവേലി മന്റം |
| സാറാജോസഫ് | ആലാഹയുടെ പെൺമക്കൾ, ഒതപ്പ് |
| രമേശൻ ബ്ലാത്തൂര് | പെരും ആൾ |
| ടി.ഡി.രാമകൃഷ്ണൻ | ആൽഫ, ഫ്രാൻസിസ് ഇട്ടിക്കോര |
| ബെന്യാമിൻ | ആടുജീവിതം, മഞ്ഞവെയിൽ മരണങ്ങൾ, അക്കപ്പോരിന്റെ ഇരുപത് നസ്രാണി വർഷങ്ങൾ |
| ഖദീജ മുംതാസ് | ബർസ, ആതുരം |
| സുഭാഷ് ചന്ദ്രൻ | മനുഷ്യന് ഒരു ആമുഖം |
| കെ.പി.രാമനുണ്ണി | ജീവിതത്തിന്റെ പുസ്തകം |
| സുസ്മേഷ് ചന്ദ്രോത്ത് | ഡി, പേപ്പർ ലോഡ്ജ് |
| കെ.ആർ.മീര | ആരാച്ചാർ, സൂര്യനെ അണിഞ്ഞ ഒരു സ്ത്രീ |
| ഇ.സന്തോഷ്കുമാർ | അന്ധകാരനാഴി, അമ്യൂസ്മെന്റ് പാർക്ക് |
| കെ.വി.മോഹൻകുമാർ | ഉഷ്ണരാശി-കരപ്പുറത്തിന്റെ ഇതിഹാസം |
| അശോകൻ | ഞങ്ങളുടെ മഞ്ഞ പുസ്തകം, ആവർത്തനപുസ്തകംപ്രമേയം, ആവിഷ്ക്കരണരീതി എന്നിവ അടിസ്ഥാനപ്പെടുത്തി നോവലുകളെ ചരിത്രനോവൽ, സാമൂഹിക നോവൽ, രാഷ്ട്രീയ നോവൽ, അപസർപ്പക നോവൽ, ബോധധാരാനോവൽ, ദാർശനിക നോവൽ, മനോവിജ്ഞാനീയ നോവൽ ആത്മകഥാനോവൽ, ശാസ്ത്രനോവൽ എന്നിങ്ങനെയും തരംതിരിക്കാം. അവയിൽ ചിലതിലൂടെ |

**ചരിത്രനോവൽ**

- ചരിത്രസംഭവങ്ങൾ ആസ്പദമാക്കി എഴുതുന്ന നോവൽ
- ചരിത്രസംഭവങ്ങൾക്ക് ജീവിതസങ്കല്പങ്ങളുടെ മജ്ജയും മാംസവും നല്കി ആവിഷ്ക്കരിക്കുന്നു.
- ചരിത്രപുരുഷന്മാരോടൊപ്പം കല്പിതകഥാപാത്രങ്ങളും
- വായനക്കാരിൽ ദേശീയ ഉദ്ബോധനം സൃഷ്ടിക്കും

- കേരളവർമ്മ വലിയകോയിത്തമ്പുരാൻ പരിഭാഷപ്പെടുത്തി 1894-ൽ പ്രസിദ്ധീകരിച്ച 'അക്ബർ' ആണ് ആദ്യകാല ചരിത്രനോവൽ
- മലയാള ചരിത്രനോവലുകളുടെ നേതൃസ്ഥാനത്ത് നിൽക്കുന്നത് സി.വി രാമൻപിള്ള.
- മാർത്താണ്ഡവർമ്മ, ധർമ്മരാജ, രാമരാജാ ബഹദൂർ-സി.വി.കൃതികൾ
- അപ്പൻ തമ്പുരാന്റെ 'ഭൂതരായർ,' കെ.എം.പണിക്കരുടെ 'കേരളസിംഹം' ഇങ്ങനെ നിരവധി ചരിത്രനോവലുകളുണ്ട്.

**സാമൂഹിക നോവൽ**

- സാമൂഹിക നന്മയും സാമൂഹിക നവോത്ഥാനവും ലക്ഷ്യമാക്കി എഴുതുന്ന നോവലുകൾ.
- മലയാള നോൽസാഹിത്യത്തിലെ ഭൂരിപക്ഷം നോവലുകളും ഈ ഗണത്തിൽപെടുന്നു
- മലയാളത്തിലെ ആദ്യലക്ഷണയുക്തമായ നോവലായാ ഇന്ദുലേഖ തന്നെയാണ് ആദ്യ സാമൂഹ്യനോവലും.
- ചാത്തുനായർ രചിച്ച 'മീനാക്ഷി', മുത്തിരിങ്ങോട്ട് ഭവത്രാതൻ നമ്പൂതിരിപ്പാട് രചിച്ച 'അപ്ഫന്റെ മകൾ', കെ.രാമക്കുറുപ്പ് മുൻഷിയുടെ 'സൗദാമിനി' തുടങ്ങി ആദ്യകാലഘട്ടത്തിൽ തന്നെ ധാരാളം സാമൂഹ്യനോവലുകൾ ഉണ്ടായി.
- പിന്നീടങ്ങോട്ട് ഏറ്റവും അധികം പ്രചാരം ലഭിച്ചത് സാമൂഹിക നോവലിനാണ്.

**ബോധധാരാ നോവൽ**

- കഥാപാത്രത്തിന്റെ യുക്തിഭദ്രമല്ലാത്ത വികാരവിചാരങ്ങളിലൂടെ കഥ പറഞ്ഞു പോകുന്ന സമ്പ്രദായം.
- വ്യക്തിയുടെ മനസ്സിലൂടെ കടന്നുപോകുന്ന ചിന്താപ്രവാഹങ്ങൾ ചിത്രീകരിക്കുന്നു.
- വ്യക്തിയുടെ ഉപബോധം, അബോധമനസ്സിൽ കിടക്കുന്നവ ആവിഷ്ക്കരിക്കുന്നു.
- പോഞ്ഞിക്കര റാഫിയുടെ 'സ്വർഗദൂത' നാണ് മലയാളത്തിലെ ആദ്യ ബോധധാരാ നോവൽ
- എം.ടി.യുടെ 'മഞ്ഞ്', പാറപ്പുറത്തിന്റെ 'അരനാഴികനേരം', പി.കെ. ബാലകൃഷ്ണന്റെ 'ഇനി ഞാനുറങ്ങട്ടെ', കോവിലന്റെ തോറ്റങ്ങൾ, വിലാസിനിയുടെ 'അവകാശികൾ ' ഇവ ബോധധാരാ നോവലുകളാണ്.

**അപസർപ്പക നോവൽ**

- കുറ്റാന്വേഷണ (ഡിറ്റക്ടീവ്) നോവലുകൾ
- മനുഷ്യന്റെ സഹജമായ സാഹസിക വാസന ചിത്രീകരിക്കുന്നു
- യഥാർത്ഥ ജീവിതവുമായി ഇതിലെ കഥകൾക്ക് ബന്ധമില്ല
- മൂർക്കോത്തു കുമാരന്റെ 'കനകം മൂലം' ആണ് മലയാളത്തിലെ ആദ്യ അപസർപ്പക നോവൽ.
- കാരാട്ട് അച്യുതമേനോന്റെ വിരുതൻ ശങ്കു, അപ്പൻതമ്പുരാന്റെ ഭാസ്കര മേനോൻ തുടങ്ങി ധാരാളം കുറ്റാന്വേഷണ നോവലുകളുണ്ട്.
- ഏറ്റുമാനൂർ ശിവകുമാർ, കോട്ടയം പുഷ്പനാഥ്, ബാറ്റൺ ബോസ്, ശ്യാംമേഹൻ തുടങ്ങി നിരവധി നോവലിസ്റ്റുകളും

**പ്രവർത്തനങ്ങൾ**

- സെമിനാർ - നോവൽ സാഹിത്യം എന്ന വിഷയത്തെ ആസ്പദമാക്കി ഒരു സെമിനാർ സംഘടിപ്പിക്കണം. മലയാള ഭാഷയിലെ നോവലിന്റെ ചരിത്രം, വിവിധ കാലഘട്ടങ്ങളിലെ നാഴികക്കല്ലുകളായ നോവലുകൾ, അവയുടെ സവിശേഷതകൾ മുതലായ ഇതിൽ ഉൾച്ചേരണം.
- എലിമെന്ററി ക്ലാസുകളിലെ പാഠഭാഗങ്ങളിൽ നോവൽ പ്രസ്ഥാനത്തിൽ വരുന്നവ കണ്ടെത്തി വ്യത്യസ്ത തന്ത്രങ്ങളിലൂടെ ക്ലാസിൽ അവതരിപ്പിച്ച് നോവൽ സാഹിത്യചരിത്രത്തിൽ ആ രചനകളുടെ സ്ഥാനം ചർച്ച ചെയ്യുക.
- ഓരോ അധ്യാപക വിദ്യാർത്ഥിയും മലയാളനോവലിലെ വിവിധ കാലഘങ്ങളിലെ നാഴികക്കല്ലുകളായ ഓരോ നോവൽ തെരഞ്ഞെടുത്ത് വായിച്ച് വായനക്കുറിപ്പ്, ആസ്വാദന ക്കുറിപ്പ് എന്നിവ തയ്യാറാക്കണം. നോവലിലെ ആഖ്യാനരീതി, ഇതിവൃത്തം, ഭാഷ, കഥാപാത്രങ്ങളുടെ സവിശേഷത എന്നീ സൂചകങ്ങൾകൂടി പരിഗണിച്ചാണ് ആസ്വാദനക്കുറിപ്പ് തയാറാക്കേണ്ടത്.

  ഇങ്ങനെ തയാറാക്കുന്ന ആസ്വാദനക്കുറിപ്പുകൾ ചേർത്ത് ക്ലാസിന്റേതായ ഒരു പതിപ്പ് നിർമിക്കാനുള്ള സാധ്യതയും പരിഗണിക്കാം.
- വിവിധ പ്രസാധകരുടെ കാറ്റലോഗുകൾ പരിചയപ്പെട്ട് ധാരണ വന്നതിനു ശേഷം മലയാളനോവലുകൾ ഉൾപ്പെടുത്തി ഒരു കാറ്റലോഗ് നിർമിക്കണം.

# നിരൂപണം

ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക് കടന്ന മലയാളത്തിൽ വിമർശനം, നിരൂപണം എന്നീ പദങ്ങൾ കൊണ്ട് വ്യവഹരിക്കുന്ന സാഹിത്യരൂപം വളരെയധികം വളർന്നു കഴിഞ്ഞു. ഈ രണ്ടു പദങ്ങളും ഇവിടെ പ്രചാരത്തിലുണ്ടെങ്കിലും 'നിരൂപണം' എന്നതിനാണ് കൂടുതൽ പ്രചാരം. ഗദ്യവികാസത്തോടുകൂടിയാണ് സാഹിത്യ നിരൂപണത്തിന് പ്രാധാന്യമേറിയത്.

ഒരു സാഹിത്യകൃതി വിശകലനം ചെയ്ത് അതിന്റെ ആന്തരികവും ബാഹ്യവുമായ സവിശേഷതകൾ വിലയിരുത്തി മൂല്യനിർണയം ചെയ്യുന്ന ക്രിയാത്മകവും ബുദ്ധിപരവുമായ പ്രവർത്തനമാണ് നിരൂപണം. സർഗാത്മക സാഹിത്യകൃതികളാണ് മുഖ്യമായും ഇപ്രകാരം വിലയിരുത്തുന്നത്. സൃഷ്ടിയും വിമർശനവും സാഹിത്യത്തിലെ പരസ്പരബന്ധമുള്ള പ്രധാന ശാഖകളാണ് എന്നു പറയാം.

ഖണ്ഡനം, മണ്ഡനം, ഗുണദോഷ വിചിന്തനം എന്നീ വിധമാണ് പൗരസ്ത്യാചാര്യന്മാർ കൃതികളെ വിമർശിക്കുന്നത്. ഒരു കൃതിയെ എല്ലാ വിധത്തിലും അനുകൂലിച്ച് ചെയ്യുന്നത് മണ്ഡനം. കൃതിയെ അടിമുടി വിമർശിച്ച് ദോഷം മാത്രം കണ്ടെത്തുന്നത് ഖണ്ഡനം. നിർവചിക്കുക, തരം തിരിക്കുക, വ്യാഖ്യാനിക്കുക, മൂല്യനിർണയം നടത്തുക എന്നീ ക്രമത്തിലും നിരൂപണം നടത്താം.

നിരൂപണ പ്രസ്ഥാനം മലയാളത്തിലേക്ക് കടന്നു വന്നത് സംസ്കൃതത്തിൽ നിന്നാണ്. ഒപ്പം പാശ്ചാത്യ സമ്പർക്കം കൂടി ഉണ്ടായപ്പോൾ മലയാള നിരൂപണത്തിൽ മൗലികമായ മാറ്റങ്ങൾ സംഭവിച്ചു. സൃഷ്ടിയുടെയും ആസ്വാദനത്തിന്റെയും വ്യാഖ്യാനത്തിന്റെയും തലങ്ങളിൽ നിന്നുള്ള ഈ അന്വേഷണം സാഹിത്യപുരോഗതിക്ക് വഴി തുറന്നു. മലയാളത്തിലെ ആദ്യത്തെ നിരൂപണ ഗ്രന്ഥമായി കരുതേണ്ടത് ലീലാതിലകമാണ്.

### സാഹിത്യനിരൂപണം - മലയാളത്തിൽ

മലയാളത്തിലെ ആദ്യത്തെ സാഹിത്യമാസികയായ 'വിദ്യാവിനോദിനി' യും അതിന്റെ പത്രാധിപരായിരുന്ന സി.പി.അച്യുതമേനോനുമാണ് മലയാള നിരൂപണ പ്രസ്ഥാനത്തിന് അടിത്തറപാകിയത്. 'വിദ്യാവിനോദിനി' യുടെ ഒന്നാം ലക്കത്തിൽത്തന്നെ സി.പി യുടെ 'ഭാഷാകവിത' എന്ന ലേഖനം പുറത്തു വന്നു. മലയാളകവിതയെക്കുറിച്ചുള്ള നിരൂപണപരമായ ഒരു ലേഖനമായിരുന്നു അത്. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ പുസ്തകാഭിപ്രായങ്ങളും അവതാരികകളും സ്മരണീയമാണ്. കണ്ടത്തിൽ വർഗീസ് മാപ്പിള പ്രസിദ്ധീകരിച്ചിരുന്ന 'ഭാഷാപോഷിണി' യും മലയാളസാഹിത്യ നിരൂപണത്തെ മുന്നോട്ടു നയിച്ചു.

ഏ.ആർ.രാജരാജവർമ്മയുടെ നളചരിതം ആട്ടക്കഥയുടെ കാന്താരതാരകം വ്യാഖ്യാനം, കേരളപാണിനീയം, വൃത്തമഞ്ജരി, ഭാഷാഭൂഷണം, സാഹിത്യസാഹ്യം എന്നിവയും-സാഹിത്യപഞ്ചാനൻ പി.കെ. നാരായണപിള്ളയുടെ വിജ്ഞാന രഞ്ജിനി, കാവ്യമേഖല, പ്രസംഗതരംഗിണി തുടങ്ങിയ കൃതികളും-സ്വദേശാഭിമാന രാമകൃഷ്ണപിള്ളയുടെ മുഖപ്രസംഗങ്ങളും സാഹിത്യ വിമർശനങ്ങളും-സി.അന്തപ്പായി നടത്തിയ നാടക വിമർശനങ്ങളും-1890 മുതൽ മുപ്പത് വർഷക്കാലം നീണ്ടു നിന്ന പ്രാസവാദവുമൊക്കെ ആദ്യകാല നിരൂപണത്തിന്റെ വ്യത്യസ്ത മുഖങ്ങളാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ നിരൂപണ ചിന്തകൾ അധികം പ്രസിദ്ധീകരിച്ചു കൊണ്ടിരുന്ന രണ്ടു മാസികകളാണ് 'വിവേകോദ' യവും ആത്മപോഷിണിയും. 'വിവേ

കോദ' യത്തിന്റെ പത്രാധിപർ കുമാരനാശാനും 'ആത്മപോഷിണി' യുടേത് വള്ളത്തോളും ആയിരുന്നു. ഉള്ളൂരിന്റെ 'വിജ്ഞാന ദീപിക'യിലെ പല ലേഖനങ്ങളും അദേഹത്തിന്റെ നിരൂപണം പ്രാവിണ്യത്തിന്റെ തെളിവുകളാണ്.

### നിരൂപക ചതുഷ്ടയം

മലയാള നിരൂപണ സാഹിത്യത്തിൽ പുതിയ മാനങ്ങളിലേക്ക് അവയെ നയിക്കാൻ കഴിവുറ്റ നാല് നിരൂപകന്മാർ ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിലുണ്ടായി. ജോസഫ് മുണ്ടശ്ശേരി, കുട്ടികൃഷ്ണ മാരാര്, കേസരി എ.ബാലകൃഷ്ണപിള്ള, എം.പി. പോൾ എന്നീ മഹാരഥന്മാരെ ചേർത്ത് നിരൂപക ചതുഷ്ടയം എന്നു വിളിക്കാം.

### ജോസഫ് മുണ്ടശ്ശേരി

പാശ്ചാത്യ, പൗരസ്ത്യ കാവ്യ സിദ്ധാന്തങ്ങൾ സംയോജിപ്പിച്ചുകൊണ്ടുള്ള വിമർശന സമ്പ്രദായമാണ് ഇദ്ദേഹം സ്വീകരിച്ചത്. സാഹിത്യത്തിലെ ജനകീയാംശത്തിന് സൗന്ദര്യാത്മകമായ പുതിയ മാനം നൽകി. രൂപഭദ്രതാ വാദത്തിന് തുടക്കം കുറിച്ചു. കാവ്യപീഠിക, നാടകാന്തം കവിത്വം, മനുഷ്യകഥാനുഗായികൾ, കരിന്തിരി, പ്രയാണം, രൂപഭദ്രത, വായനശാലയിൽ എന്നിവയാണ് പ്രസിദ്ധ നിരൂപണ ഗ്രന്ഥങ്ങൾ.

### കുട്ടികൃഷ്ണമാരാര്

പ്രശാന്തമായ നിരൂപണ ശൈലിക്കുടമ. കൃതികളുടെ കാവ്യാത്മകമായ അന്തഃസത്ത കണ്ടെത്താനുള്ള സൂക്ഷ്മബോധം, വീട്ടുവീഴ്ചയില്ലാത്ത അഭിപ്രായ ദാർഢ്യം. ശക്തിയും മൂർച്ചയും ഒത്തിണങ്ങിയ ഭാഷ ഇവയാണ് മാരാരുടെ സവിശേഷതകൾ. ഭാരതപര്യടനം, സാഹിത്യവിദ്യ രാജാങ്കണം, കല, ജീവിതം തന്നെ എന്നിവയാണ് പ്രധാന കൃതികൾ.

### കേസരി എ.ബാലകൃഷ്ണപിള്ള

ഭാഷയുടെ സൗന്ദര്യാത്മകമായ ഘടനയിലല്ല, ആശയത്തികവിലും കാഴ്ചപ്പാടിലുമാണ് കേസരി ശ്രദ്ധകേന്ദ്രീകരിച്ചത്. പാശ്ചാത്യ സാഹിത്യ സിദ്ധാന്തങ്ങൾ അടിസ്ഥാനമാക്കി മലയാള സാഹിത്യത്തെ നവവീക്ഷണത്തിന്റെ പാതയിലേക്ക് നയിച്ചത് ഇദ്ദേഹമാണ്. രൂപമഞ്ജരി, നവലോകം, സാങ്കേതിക നിരൂപണം മുതലായ കൃതികളും മണിനാദം, സ്പന്ദിക്കുന്ന അസ്ഥിമാടം, കടത്തുവഞ്ചി മുതലായ കൃതികൾക്ക് എഴുതിയ അവതാരികകളും അദേഹം മലയാള നിരൂപണ പ്രസ്ഥാനത്തിന് നൽകിയ സംഭാവനകളാണ്.

### എം.പി.പോൾ

മറ്റ് മൂന്നുപേരിൽ നിന്നും തികച്ചും വിഭിന്നമായ നിരൂപകനാണ് എം.പി.പോൾ. ഗദ്യകൃതികളെയാണ് അധികവും നിരൂപണം നടത്തിയത്. തൃശൂരിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന മംഗളോദയം മാസികയിലാണ് പോളിന്റെ പ്രൗഢലേഖനങ്ങൾ പലതും വന്നത്. സാഹിത്യത്തിന്റെ സാമൂഹിക ബന്ധത്തെ അംഗീകരിച്ച അദ്ദേഹം അതിന്റെ സൗന്ദര്യാത്മക ഘടകത്തെ എപ്പോഴും ആദരിച്ചു. ചെറുകഥാപ്രസ്ഥാനം, നോവൽ സാഹിത്യം, സാഹിത്യ വിചാരം, കാവ്യദർശനം ഇവയാണ് എം.പി.പോളിന്റെ കൃതികൾ.

ജോസഫ് മുണ്ടശേരി, കുട്ടികൃഷ്ണമാരാര്, എം.പി.പോൾ എന്നിവരെ ചേർത്ത് മലയാളത്തിലെ 'വിമർശകത്രയം' എന്നും വിശേഷിപ്പിക്കാറുണ്ട്.

**മലയാളത്തിലെ പ്രമുഖ നിരൂപകന്മാരും അവരുടെ കൃതികളും**

| | | |
|---|---|---|
| കുറ്റിപ്പുഴകൃഷ്ണപിള്ള | - | സാഹിതീയം, വിചാര വിപ്ലവം, വിമർശ രശ്മി |
| പി.കെ.നാരായണപിള്ള | - | കൈരളീധ്വനി, സാഹിതീ കടാക്ഷം, സാഹിത്യകേളി |
| വക്കം അബ്ദുൾ ഖാദർ | - | ജി യും ഭാഷാകവികളും, വിചാരവേദി, വിമർശവും വിമർശകൻമാരും |
| കെ.എം.ജോർജ് | - | ജീവചരിത്രസാഹിത്യം, കവികൾ നിരൂപണ രംഗത്ത് |
| എസ്.ഗുപ്തൻ നായർ | - | ഇസങ്ങൾക്കപ്പുറം, കാവ്യസ്വരൂപം, ആധുനികസാഹിത്യം |
| കെ.സുരേന്ദ്രൻ | - | നോവൽ സ്വരൂപം, കലയും സാമാന്യജനങ്ങളും |
| എം.കൃഷ്ണൻ നായർ | - | ആധുനിക മലയാള കവിത, കലാസങ്കല്പങ്ങൾ (സാഹിത്യ വാരഫല' മാണ് ഇദ്ദേഹത്തെ പ്രസിദ്ധനാക്കിയത്) |
| പി.കെ.ബാലകൃഷ്ണൻ | - | ചന്തുമേനോൻ ഒരു പഠനം, കാവ്യകല കുമാരനാശാനിലൂടെ നോവൽ സിദ്ധിയും സാധനയും |
| സി.ജെ.തോമസ് | - | ഉയരുന്ന യവനിക, ഇവനെന്റെ പ്രിയപുത്രൻ |
| സുകുമാർ അഴീക്കോട് | - | ആശാന്റെ സീതാകാവ്യം, രമണനും മലയാളകവിതയും, ജി.ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു, പുരോഗമന പ്രസ്ഥാനവും മറ്റും |
| പി.ഗോവിന്ദപിള്ള | - | ഇസങ്ങൾക്കിപ്പുറം |
| എൻ.വി.കൃഷ്ണവാര്യർ | - | പരിപ്രേക്ഷ്യം, സമാകലനം, കലോത്സവം |
| ഡോ.എം.ലീലാവതി | - | വർണരാജി, കവിതയും ശാസ്ത്രവും, ജി.യുടെ കാവ്യജീവിതം, നവതരംഗം |
| പ്രൊഫ.എം.കെ.സാനു | - | അവധാരണം, ചങ്ങമ്പുഴ കൃഷ്ണപിള്ള നക്ഷത്രങ്ങളുടെ സ്നേഹ ഭാജനം, രാജവീഥി, ഇരുളും വെളിച്ചവും |
| എം.അച്യുതൻ | - | പാശ്ചാത്യ സാഹിത്യ ദർശനം, ചെറുകഥ ഇന്നലെ ഇന്ന് |
| എം.എൻ.വിജയൻ | - | മരുഭൂമികൾ പൂക്കുമ്പോൾ, ചിതയിലെ വെളിച്ചം, കവിതയും മനശാസ്ത്രവും, അടയാളങ്ങൾ |
| ഇ.എം.എസ്. | - | മാർക്സിസവും മലയാളസാഹിത്യവും, നമ്മുടെ ഭാഷ |
| കെ.എൻ.എഴുത്തച്ഛൻ | - | കിരണങ്ങൾ, ഇതളുകൾ, ഉഴുതു മറിച്ച നിലങ്ങൾ |
| തായാട്ടു ശങ്കരൻ | - | തിരഞ്ഞെടുത്ത സാഹിത്യ പ്രബന്ധങ്ങൾ, കുമാരനാശാൻ നവോത്ഥാനത്തിന്റെ കവി |
| പി.വി.വേലായുധൻ പിള്ള | - | എന്താണ് കവിത? മലയാള വിമർശനം, സാഹിത്യ ചരിത്രം കൃഷ്ണഗാഥ വരെ |

| | | |
|---|---|---|
| ഡോ.ഡി.ബഞ്ചമിൻ | - | ജി. യുടെ ഭാവഗീതങ്ങൾ ഒരു പഠനം, കവിതാവിചാരം, കാവ്യാനുശീലനം, സാഹിതീയ പ്രതികരണങ്ങൾ. |
| എം.എം.ബഷീർ | - | സാഹിത്യാലോചന, സമീക്ഷണം, വേരുകൾ തേടി |
| എം.എൻ.കാരശേരി | - | കുറിമാനം, ആലോചന, മാരാരുടെ കുരുക്ഷേത്രം |
| കെ.പി.അപ്പൻ | - | മാറുന്ന മലയാള നോവൽ, സമയപ്രവാഹവും സാഹിത്യ കലയും ഉത്തരാധുനികത വർത്തമാനവും വംശാവലിയും |
| അയ്യപ്പപ്പണിക്കർ | - | അയ്യപ്പപ്പണിക്കരുടെ ലേഖനങ്ങൾ |
| സച്ചിദാനന്ദൻ | - | കവിതയും ജനതയും |
| ആഷാമേനോൻ | - | കലിയുഗാരണ്യകങ്ങൾ, പുതിയ പുരുഷാർത്ഥങ്ങൾ |
| കെ.എസ്.രവികുമാർ | - | ചെറുകഥ വാക്കും വഴിയും, കഥയും ഭാവുകത്വപരിണാമവും ആഖ്യാനത്തിന്റെ അടരുകൾ |
| പി.കെ.രാജശേഖരൻ | - | പിതൃഘടികാരം, അന്ധനായ ദൈവം, ഏകാന്തനഗരം |
| വി.സി.ശ്രീജൻ | - | പ്രവാചകന്റെ മരണം, വിമർശനാത്മക സിദ്ധാന്തം കഥയും പ്രത്യയ ശാസ്ത്രവും |
| ജി.മധുസൂദനൻ | - | കഥയും പരിസ്ഥിതിയും, ഹരിതനിരൂപണം മലയാളത്തിൽ |

**പ്രവർത്തനങ്ങൾ**

- 'നിരൂപണ സാഹിത്യം ഇന്ന്' എന്ന വിഷയത്തിൽ ഒരു വായനാക്കുറിപ്പ് തയാറാക്കണം. ഈ കാലഘട്ടത്തിലെ നിരൂപണത്തിന്റെ പ്രസക്തി, സവിശേഷതകൾ, നിരൂപകന്മാരും കൃതികൾ മുതലയാവയാണ് ഈ വായനാക്കുറിപ്പിൽ വരേണ്ടത്.
- ഒരു കൃതി, കഥ, കവിത, മുതലായ സർഗാത്മക രചനകൾ വായിച്ച് പരിചയപ്പെട്ട നിരൂപണ സാഹിത്യത്തിന്റെ പ്രത്യേകതകൾ കൂടി പരിഗണിച്ച് ഏതെങ്കിലും ഒന്നിന് നിരൂപണക്കുറിപ്പ് തയാറാക്കുക.

## യാത്രാവിവരണം

"യാത്ര ചെയ്യുന്നതാണ് ജീവിതത്തിലെ ഏറ്റവും രസകരമായ കാര്യം പിന്നെ യാത്രാവിവരണങ്ങൾ വായിക്കുന്നതും" - ജവഹർലാൽ നെഹ്റു

സഞ്ചരിക്കാനുള്ള വാസന മനുഷ്യ സഹജമാണ്. അതുപോലെ വായനക്കാർക്ക് ഏറ്റവും താല്പര്യമുള്ള സാഹിത്യശാഖ സഞ്ചാരസാഹിത്യവുമാണ്. ഭാവന, സൂക്ഷ്മനിരീക്ഷണ പാടവം, ചരിത്രജ്ഞാനം, ത്യാജ്യഗ്രാഹ്യ പടുത, ചടുല-ഭാഷണ സാമർത്ഥ്യം എന്നീ ഗുണഗണങ്ങളോടെ താൻ സഞ്ചരിച്ച രാജ്യങ്ങളിലെ ജനങ്ങളെയും അവരുടെ ജീവിതത്തെയും വർണിക്കുമ്പോൾ തന്റെ കൂടെ യാത്ര ചെയ്ത പ്രതീതി അനുവാചകനിൽ സൃഷ്ടിക്കാൻ ഒരു സഞ്ചാരസാഹിത്യകാരന് കഴിയും.

ചരിത്രം, ഭൂമിശാസ്ത്രം, കല, സാഹിത്യം, നരവംശശാസ്ത്രം, രാഷ്ട്രതന്ത്രം, ധനസാസ്ത്രം പ്രകൃതി ശാസ്ത്രം തുടങ്ങി ഏത് തരം വിജ്ഞാനവും യാത്രാവിവരണങ്ങളിൽ ഉൾപ്പെടുത്താം. നമുക്ക് അഭിമാനിക്കാവുന്ന ഏതാനും സഞ്ചാരസാഹിത്യകൃതികൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. രസകരവും വിജ്ഞാന പ്രദവുമായ ഒരു സാഹിത്യശാഖയെന്ന നിലയിൽ മലയാളത്തിൽ യാത്രാവിവരണങ്ങൾക്ക് പ്രചാരം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

പാറേമ്മാക്കൽ തോമാക്കത്തനാർ എഴുതിയ "വർത്തമാനപ്പുസ്തകം" അഥവാ റോമായാത്രയാണ് മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണം. ആദ്യം എഴുതിയ യാത്രാവിവരണം ഇതാണെങ്കിലും ആദ്യം അച്ചടിച്ച യാത്രാവിവരണം പരുമല തിരുമേനി രചിച്ച 'ഊർശ്ലേം യാത്രാവിവരണം' ആണ്. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ 'മദിരാശിയാത്ര', കെ.സി.കേശവപിള്ളയുടെ 'കാശിയാത്ര' തുടങ്ങി നിരവധി യാത്രാവിവരണങ്ങൾ ആദ്യകാലത്തുതന്നെ മലയാളത്തിൽ ഉദയം ചെയ്തു.

മലയാളത്തിലെ സഞ്ചാരസാഹിത്യത്തിൽ വർണചിത്രവും ഉജ്ജ്വലവും വിസ്തൃതവുമായ ഒരധ്യായം എഴുതിച്ചേർത്തയാളാണ് എസ്.കെ.പൊറ്റക്കാട്ട്. യാത്രാവിവരണ മേഖലയിലെ കുലപതി എന്ന അദ്ദേഹത്തെ വിശേഷിപ്പിക്കാം.

"മലയാളത്തിലെ സഞ്ചാരസാഹിത്യകാരന്മാരിൽ സർവപ്രകാരേണയും സമുന്നതനുമായി നിലകൊള്ളുന്നത് എസ്.കെ.പൊറ്റെക്കാട്ടാണ്. ഇന്നത്തെപ്പോലെ സാമൂഹിക പുരോഗതിയോ യാത്രാസൗകര്യങ്ങളോ ഇല്ലാതിരുന്ന കാലത്ത് ഒട്ടേറെ യാത്രാപര്യടനങ്ങൾ നടത്തിയ സാഹസികനായ എഴുത്തുകാരനാണ് പൊറ്റെക്കാട്ട്. താൻ കണ്ട നാടുകളെയും അവിടത്തെ ജനസമൂഹങ്ങളെയും അവരുടെ ജീവിതത്തിന്റെ പ്രധാന സവിശേഷതകളെയും കലാസുഭാഗമായി അവതരിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചിരിക്കുന്നു. കാപ്പിരികളുടെ നാട്ടിൽ, നൈൽഡയറി, ഇന്തോനേഷ്യൻ ഡയറി, ബാലിദ്വീപ്, പാതിരാസൂര്യന്റെ നാട്ടിൽ തുടങ്ങിയവ പൊറ്റെക്കാട്ടിന്റെ എണ്ണപ്പെട്ട കൃതികളാണ്. അദേഹത്തിന്റെ സഞ്ചാരസാഹിത്യകൃതികളിൽ മൂന്നുവാള്യങ്ങളിലായി പുന:സമാഹരിച്ച പ്രസിദ്ധീകരിച്ചിട്ടുണ്ട്."

– മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ

- തീർത്ഥാടന കഥകൾ
- ഹജ്ജ് യാത്രകൾ
- യേശുക്രിസ്തുവിന്റെ നാട്ടിൽ
- വിവിധ സാഹചര്യങ്ങളിൽ അഖിലേന്ത്യാപര്യടനം
- ഉത്തരേന്ത്യൻ യാത്രകൾ
- കാശ്മീർ, ബംഗാൾ എന്നിവിടങ്ങളിലെ യാത്ര
- വിദേശയാത്രകൾ
- യൂറോപ്യൻ രാജ്യങ്ങൾ
- അമേരിക്കൻ യാത്രകൾ /ബന്ധുക്കളെ സന്ദർശിക്കാൻ പോയത്
- സോവിയറ്റ് യൂണിയൻ യാത്രകൾ

- ചൈന യാത്ര
- സാഹസികയാത്രകൾ
- കേരളത്തിൽ മാത്രം ഒതുങ്ങിയ യാത്രകൾ
- ഹിമാലയ പര്യടനം

തുടങ്ങി നിരവധി മേഖലകളെ ഉൾപ്പെടുത്തി മലയാളത്തിൽ ധാരാളം യാത്രാവിവരണ കൃതികൾ ഉണ്ടായിട്ടുണ്ട്.

ഈ കാലഘട്ടത്തിൽ വ്യത്യസ്തരീതികളിൽ ആവിഷ്ക്കരിക്കുന്ന യാത്രാവിവരണങ്ങൾ ഉണ്ടാകുന്നുണ്ട്. ഡിജിറ്റൽ യാത്രാവിവരണം ഇതിൽ ഏറ്റവും പുതുമയേറിയതാണ്. യാത്രകൾ, യാത്രാവിവരണങ്ങൾ, സ്ഥലകാലപ്പെരുമകൾ മുതലായവ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന ആനുകാലികങ്ങളും അവയുടെ ജനപ്രീതിയും വ്യത്യസ്തതരം യാത്രാവിവരണങ്ങൾക്ക് ഇന്നും പ്രസക്തിയുണ്ടെന്നുള്ളതിന് തെളിവാണ്.

> കാലം ചെല്ലുന്തോറും ലോകങ്ങൾ തമ്മിലുള്ള അകലം കുറഞ്ഞുവരികയാണ്. ഇന്നത്തെ ഇലക്ട്രോണിക് യുഗത്തിൽ ദൂരം ഒരു പ്രശ്നമല്ലാതായിത്തീർന്നിരിക്കുന്നു. ലോകം ഇന്ന് നമ്മുടെ മുറിക്കുള്ളിൽ വന്നു നിൽക്കുകയാണ്. ഈ സാഹചര്യത്തിൽ സഞ്ചാരസാഹിത്യത്തിന് ഭാവിയുണ്ടോ എന്ന സംശയിക്കുന്നരുണ്ട്. മാനവസംസ്കാരത്തിന്റെ അസ്തിത്വവും പുരോഗതിയും ദേശാടനത്തോട് വളരെയധികം ബന്ധപ്പെട്ടിരിക്കുന്നതിനാൽ മനുഷ്യരാശി ഉള്ള കാലത്തോളം സഞ്ചാരത്തിനും സഞ്ചാര സാഹിത്യത്തിനും പ്രസക്തി ഉണ്ടായിരിക്കും എന്നതാണ് സത്യം. മലയാളസാഹിത്യത്തിലെ നൂതനപ്രസ്ഥാനങ്ങളിൽ ഏറ്റവും പഴക്കമേറിയ സഞ്ചാരസാഹിത്യ പ്രസ്ഥാനത്തിന് ഇനിയും വളരെയേറെ വികസന സാധ്യതകളുണ്ട്. പതിവുശൈലിയിൽ നിന്ന് വ്യത്യസ്തമായി എഴുതപ്പെടുന്ന യാത്രാവിവരണങ്ങൾ പ്രസ്ഥാനത്തിന് പുതിയ മാനങ്ങൾ നൽകുന്നു എന്നത് ആശാവഹമാണ്. ഈ ശാഖയിൽ നാം കൈവരിച്ച നേട്ടങ്ങൾ മഹത്തായതാണ്. പക്ഷേ ആഗോള വ്യാപികളായ മലയാളികൾക്ക് സഞ്ചാരസാഹിത്യരംഗത്ത് ഇതിലും മഹത്തരമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിയും എന്ന വസ്തുത നാം വിസ്മരിച്ചു കൂടാ.
>
> *- ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ*
>
> *എരുമേലി പരമേശ്വരൻപിള്ള*

## ആത്മകഥ

- ഒരാളുടെ ജീവിതകഥ, അയാൾതന്നെ എഴുതുന്നതാണ് ആത്മകഥ
- കഥാനായകനും എഴുത്തുകാരുനും ഒരാൾതന്നെയാകുമ്പോൾ സത്യസന്ധമായിരിക്കുമെങ്കിലും എല്ലാ സത്യങ്ങളും തുറന്നു പറയണമെന്നില്ല.
- ആത്മനിഷ്ഠമായ വൈകാരികാംശം ചോർന്നു പോകാതെ സൂക്ഷിക്കണം
- സ്വന്തം അനുഭവങ്ങളെ അവലോകനം ചെയ്യുകയും തന്റെ വ്യക്തിത്വത്തെ പരിപോഷിപ്പിച്ച ബാഹ്യഘടകങ്ങളെ സത്യസന്ധതയോടെ പ്രകാശിപ്പിക്കുകയും വേണം.
- പാശ്ചാത്യസാഹിത്യത്തിലാണ് ആത്മകഥയുടെ ഉത്ഭവം
- സെന്റ് അഗസ്റ്റിൻ എഴുതിയ 'കൺഫെഷൻസ്' (ഏറ്റുപറച്ചിലുകൾ) ആണ് ഈ വിഭാഗത്തിലെ ആദ്യ കൃതി.
- മലയാള ആത്മകഥാസാഹിത്യത്തിൽ വൈക്കത്ത് പാച്ചുമൂത്തതിന്റെ ആത്മകഥയാണ് ആദ്യ ആത്മകഥയായി കരുതുന്നത് (ലക്ഷണ യുക്തമല്ല)
- സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ 'എന്റെ നാടുകടത്തൽ' ആണ് സാമാന്യ ലക്ഷണങ്ങളുള്ള ആദ്യകൃതി.
- പിന്നീട് നിരവധി ആത്മകഥകൾ മലയാള സാഹിത്യത്തിൽ ഉണ്ടായിട്ടുണ്ട്
- ആത്മകഥ എഴുതിയ ആളിന്റെ മഹത്വം, ആത്മകഥകളുടെ പേരിന്റെ വ്യത്യസ്തത മുതലായവ വളരെയധികം വേറിട്ടു നിൽക്കുന്നു.
- ബി.കല്യാണിയമ്മ– വ്യാഴവട്ട സ്മരണകൾ

  കെ.എം.പണിക്കർ – ആത്മകഥ
- ജോസഫ് മുണ്ടശ്ശേരി – കൊഴിഞ്ഞ ഇലകൾ

  എൻ.എൻപിള്ള – ഞാൻ

  കുഞ്ഞുണ്ണി – എന്നിലൂടെ

  എന്നിവ ഏതാനും ആത്മകഥകളാണ്

**ജീവചരിത്രം**

- ഒരാൾ മറ്റൊരാളുടെ ജീവിതകഥ സാഹിത്യസുന്ദരമായി രചിക്കുന്നതാണ് ജീവചരിത്രം എന്ന് സാമാന്യമായി പറയാം.
- ജീവിതരീതി എന്നർത്ഥമുള്ള ബയോസ് ചരിത്രം എന്നർത്ഥമുള്ള ഗ്രാഫിയ എന്നീ ഗ്രീക്കുപദങ്ങൾ ചേർന്നാണ് ബയോഗ്രഫി (ജീവചരിത്രം) എന്ന പദം ഉണ്ടായത്.
- ഒരു വ്യക്തിയുടെ പ്രവർത്തനങ്ങൾ, ചിന്തകൾ, അനുഭവ സമ്പത്ത് എന്നിവ വിവരിക്കുന്നതിനാൽ ജീവചരിത്രത്തെ വ്യക്തിത്വമാർന്ന ഒരു കഥാരൂപ മായി കരുതാം.
- മർസിനോസ് പുരോഹിതൻ വിവർത്തനം ചെയ്ത 'വിശുദ്ധ ത്രേസ്യായുടെ ചരിത്ര നിക്ഷേപം' (1886) ആണ് ആദ്യമലയാള ജീവചരിത്ര കൃതി.
- വലിയ കോയിത്തമ്പുരാൻ 107 പേരുടെ ജീവചരിത്രങ്ങൾ ഉൾപ്പെടുത്തി തയാ റാക്കിയ 'മഹച്ചരിത്ര സംഗ്രഹം' ഒരു നാഴികക്കല്ലാണ്.
- ഒരു മലയാളി മറ്റൊരു മലയാളിയെക്കുറിച്ചെഴുതിയ ആദ്യ ജീവചരിത്രം പി.എൻ. നാരായണപിള്ളയുടെ 'ചിത്രമെഴുത്ത് കോയിത്തമ്പുരാൻ' ആണ്.
- പി.കെ.പരമേശ്വരൻ നായർ, എൻ.ബാലകൃഷ്ണൻ നായർ എന്നിവരുടെ പേരു കൾ ഈ പ്രസ്ഥാനത്തിൽ ഏറെ സ്മരണീയമാണ്.
- കൃതിയുടെ പേര്, രചയിതാവ് ആരെക്കുറിച്ച് എന്നീ മൂന്ന് കാര്യങ്ങൾ ജീവ ചരിത്രത്തെക്കുറിച്ച് മസ്സിലാക്കുമ്പോൾ ശ്രദ്ധിക്കണം.
- കെ.സുരേന്ദ്രന്റെ 'കുമാരനാശാൻ' മൂർക്കോത്ത് കുഞ്ഞപ്പയുടെ 'മൂർക്കോത്തു കുമാരൻ' എം.കെ.സാനുവിന്റെ 'ചങ്ങമ്പുഴ നക്ഷത്രങ്ങളുടെ സ്നേഹഭാ ജനം'.

  തുടങ്ങി വളരെയധികം കൃതികൾ മലയാള ജീവചരിത്രശാഖയെ സമ്പന്ന മാക്കുന്നു.

**ഓർമ്മക്കുറിപ്പുകൾ**

- എഴുത്തിന്റെയും ജീവിതത്തിന്റെയും ഇഴപിരിച്ചുമാറ്റാനാകാത്ത ഗൃഹാതുരത ഉണർത്തു ന്നവയാണ് ഓർമ്മക്കുറിപ്പുകൾ.
- അനുഭവത്തിന്റെ ആർജ്ജവവും കഥനത്തിന്റെ ഊഷ്മളതയും കൊണ്ട് ഹൃദയസംവേ ദനം സാധ്യമാക്കുന്ന അപൂർവ്വ ഭംഗിയാർന്നവയാണ് ഓർമ്മക്കുറിപ്പുകൾ.
- ഭൂതകാലത്തിന്റെ പറിപ്പുരകളിൽ നിന്ന് ഓർമ്മകളുടെ ചെപ്പുതുറക്കാനും സൗഹൃദ ങ്ങൾക്കും അനുഭവങ്ങൾക്കും ചാരുത പകരാനും ഓർമ്മക്കുറിപ്പുകൾക്ക് കഴിയും.
- ആത്മകഥപോലെ സമ്പന്നമായ ഒരു ശാഖയായി ഓർമ്മക്കുറിപ്പുകൾ മാറിക്കഴിഞ്ഞു
- ഇന്ന് മലയാള സാഹിത്യത്തിൽ ഏറെ കൃതികളുണ്ടാകുന്നത് ഈ വിഭാഗത്തിലാണ്

- പി.സുരേന്ദ്രൻ, പ്രിയ.എ.എസ്, സന്തോഷ് എച്ചിക്കാനം, ദീപാ നിശാന്ത് തുടങ്ങി നിരവധി പേർ ഇന്നും ധാരാളം ഓർമ്മക്കുറിപ്പുകൾ മലയാളത്തിന് സമ്മാനിക്കുന്നുണ്ട്.

**പ്രവർത്തനങ്ങൾ**

- ആദ്യകാല യാത്രാവിവരണങ്ങൾ, പുതിയ കാല യാത്രാവിവരണങ്ങൾ, ആനുകാലികങ്ങളിലെ യാത്രാവിവരണങ്ങൾ, ഡിജിറ്റൽ യാത്രാവിവരണങ്ങൾ എന്നിങ്ങനെ വ്യത്യസ്തരീതികളിൽ ആവിഷ്ക്കരിച്ച യാത്രാവിവരണങ്ങൾ ശേഖരിച്ച് അവയുടെ പ്രത്യേകതകളും സവിശേഷതകളും ചർച്ച ചെയ്ത് കണ്ടെത്തി കുറിപ്പ് തയാറാക്കുക.
- സ്ഥാപനത്തിൽ നടക്കുന്ന യാത്രകളുടെ വിവിധ തരത്തിലുള്ള യാത്രാവിവരണങ്ങൾ തയാറാക്കുക.
- മലയാളത്തിലെ പ്രസിദ്ധങ്ങളായ ആത്മകഥകൾ, ജീവചരിത്രങ്ങൾ, ഓർമ്മക്കുറിപ്പുകൾ എന്നിവയും അവയുടെ രചയിതാക്കളും ഉൾപ്പെടുത്തി പട്ടിക തയാറാക്കുക.
- സർഗ്ഗാത്മക രചനകൾ ആവിഷ്ക്കരിക്കുന്ന വ്യത്യസ്ത വ്യവഹാരരൂപങ്ങളും അവയുടെ സവിശേഷതകളും – ചർച്ച
- വ്യവഹാരരൂപങ്ങളുടെ മാതൃക – ശേഖരണം

# ഗദ്യബോധനം

ഭാഷാപാഠങ്ങൾ ഗദ്യം, പദ്യം ഇങ്ങനെ രണ്ടു വിഭാഗത്തിൽപ്പെടുന്നു. ഭാഷാധ്യാപനത്തിന് ഭാഷാപരമെന്നും സാഹിത്യപരമെന്നും രണ്ട് തലങ്ങൾ കൂടി ഉള്ളതിനാൽ ക്ലാസിൽ രണ്ടിന്റെയും വിനിമയത്തിന് വ്യത്യാസങ്ങളുണ്ട്. രണ്ടാം യൂണിറ്റിൽ കവിതാബോധനം ചർച്ച ചെയ്ത് കഴിഞ്ഞല്ലോ. ഈ യൂണിറ്റിൽ ഗദ്യബോധനത്തിന്റെ സമീപനം, ഗദ്യപാഠങ്ങളുടെ അവതരണരീതി, ഗദ്യബോധന ലക്ഷ്യങ്ങൾ എന്നിവ മനസ്സിലാക്കുകയും ഇവയുടെ ബോധനശാസ്ത്രപരമായ അപഗ്രഥനം. ദൈനംദിനാസൂത്രണം എന്നിവ തയാറാക്കി ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിന് ധാരണ നേടുകയും വേണം.

**ഗദ്യബോധനത്തിന്റെ ലക്ഷ്യങ്ങൾ**

ഗദ്യാധ്യാപനത്തിന്റെ ലക്ഷ്യങ്ങൾ പൊതുവേ ഇപ്രകാരം സംഗ്രഹിക്കാം.

1. അധ്യേതാക്കളുടെ ഭാഷാപരമായ കഴിവ് വികസിപ്പിക്കുക
2. അറിവ് നൽകുകയും ചിന്താശക്തി വികസിപ്പിക്കുകയും ചെയ്യുക.
3. വ്യാകരണ സംബന്ധമായ കാര്യങ്ങൾ ഗ്രഹിക്കുന്നതോടൊപ്പം അതിൽ പ്രായോഗിക പരിശീലനം നൽകുക.
4. സ്വന്തമായ ഭാഷാശൈലി വികസിപ്പിച്ചെടുക്കാൻ ആവശ്യമായ പ്രേരണയും പ്രായോഗിക പരിശീലനവും നൽകുക.
5. പുതിയ ആശയലോകത്തിലേക്ക് സ്വയം കടന്നു ചെല്ലാൻ സഹായകമായ വിധം ഗൗരവപൂർണമായ വായനാശീലം വളർത്തുക
6. ഗദ്യസാഹിത്യത്തിന്റെ ശാഖകളെക്കുറിച്ചും വിവിധ സാഹിത്യപ്രസ്ഥാനങ്ങളെക്കുറിച്ചും സാമാന്യ അറിവ് കൊടുക്കുക.
7. വിവിധ വിഷയങ്ങളെ ആസ്പദമാക്കി ഉപന്യാസവും ലഘുപ്രബന്ധവും എഴുതാനുള്ള കഴിവ് വികസിപ്പിക്കുക.
8. സാഹിത്യ നിരൂപണത്തിൽ ചില പ്രാഥമിക തത്ത്വങ്ങൾ മനസ്സിലാക്കുന്നതോടൊപ്പം സാഹിത്യകൃതികൾ വായിച്ച് വിലയിരുത്താനുള്ള പരിശീലനവും നൽകുക.
9. അധ്യേതാക്കളുടെ സർഗാത്മക കഴിവുകൾ ഭാവസുന്ദരമായി ആവിഷ്കരിക്കാനുള്ള പ്രാപ്തി കൈവരുത്തുക.

### ഗദ്യാധ്യാപന ലക്ഷ്യങ്ങൾ

**(a) ലോവർ പ്രൈമറി**

1. അന്യർ പറയുന്ന ആശയങ്ങൾ ഗ്രഹിക്കാനുള്ള കഴിവ് നേടുക
2. സ്വന്തം ആശയങ്ങൾ അന്യരെ അറിയിക്കാൻ വാചികമായും ലിഖിതമായും ആവശ്യമായ ഭാഷാപരിജ്ഞാനം നേടുക.
3. മാതൃഭാഷ എഴുതാനും വായിക്കാനും ഉള്ള കഴിവ് നേടുക
4. പദാവലി പരിപോഷിപ്പിക്കുക

5. വ്യാകരണ സംബന്ധമായ പ്രാഥമിക കാര്യങ്ങൾ പഠിപ്പിക്കുക

6. ഭാഷാപഠനത്തിൽ താല്പര്യം ജനിപ്പിക്കുക

7. അറിവ് വികസിപ്പിക്കുകയും ചിന്താശക്തി വളർത്തുകയും ചെയ്യുക

8. രചനയിൽ പ്രാഥമിക പരിശീലനം നേടുക

9. വിവരങ്ങൾ അറിയാൻ കഴിയും വിധം അധികവായനയിൽ താൽപര്യം ജനിപ്പിക്കുക.

**(b) അപ്പർ പ്രൈമറി**

1. ലിഖിതരൂപത്തിലും ഭാഷണരൂപത്തിലും അന്യർ പ്രകടിപ്പിക്കുന്ന ആശയങ്ങൾ ശരിയായി ഗ്രഹിക്കുക.
2. ഉള്ളിലുള്ള ആശയങ്ങൾ ശുദ്ധമായും വ്യക്തമായും - ലിഖിതമായോ വാചികമായോ- യുക്തി യുക്തമായി പ്രകാശിപ്പിക്കുക.
3. ഗദ്യപാഠങ്ങളുമായി ബന്ധപ്പെടുത്തി വ്യാകരണത്തിൽ സാമാന്യ ജ്ഞാനം നേടുക
4. സാഹിത്യാസ്വാദന മനോഭാവം പോഷിപ്പിക്കുക
5. മൗനവായനയിൽ പരിശീലനം നേടുക
6. വായനയിൽ താല്പര്യം വർദ്ധിപ്പിക്കുക
7. ഖണ്ഡികാകരണം, ചിഹ്നം ഇവയിൽ പരിശീലനം നേടുക
8. അറിവും ചിന്താശക്തിയും വികസിപ്പിക്കുക.

(മലയാള ഭാഷാധ്യാപനം *എരുമേലി പരമേശ്വരൻപിള്ള)*

**ഗദ്യബോധന സമീപനം**

അധ്യാപനം ഒരു കലയാണ്. ജന്മസിദ്ധമായ വാസനയും കർമ്മസിദ്ധമായ അറിവും സമ്മേളിപ്പിച്ചാലാണ് ഇതിൽ വിജയിക്കാനാവുക. മാതൃക മനസ്സിലാക്കുക, തന്റെ കഴിവിനും വിദ്യാലയാന്തരീക്ഷത്തിന്റെ പ്രത്യേകതകൾക്കുമനുസരിച്ച് വേണ്ട മാറ്റങ്ങളോടെ പ്രയോഗത്തിൽ വരുത്തുക-ആ അധ്യാപകൻ തന്റെ മേഖലയിൽ വിജയിക്കും.

പാഠപുസ്തകങ്ങളിൽ ചേർക്കുന്ന ഗദ്യഭാഗങ്ങൾ സാഹിത്യപരം, വിജ്ഞാനപരം സമ്മിശ്രം എന്ന് മൂന്നു വിഭാഗങ്ങളുണ്ട്.

- സാഹിത്യപരത്തിൽ വരുന്നവ സാഹിത്യമൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്നതും ആസ്വാദനപരവും സർഗശക്തിയെ പ്രചോദിപ്പിക്കുന്നവയും ആയിരിക്കും.
- വിജ്ഞാനപരമായവ പുതിയ കാര്യങ്ങൾ മനസ്സിലാക്കുന്നതിനും സൂക്ഷ്മമായ ആശയങ്ങൾ പ്രകടിപ്പിക്കുന്നവയും ആയിരിക്കും.
- മിശ്രഭാഗത്തിൽ വരുന്നവയിൽ ജീവചരിത്ര സംഭവങ്ങൾ, സഞ്ചാരസാഹിത്യ ഭാഗങ്ങൾ മുതലായവ ഉണ്ടാകും. ഇവ സൗന്ദര്യപരവും വിജ്ഞാനദായകവും ആയിരിക്കും.

ശൈലീപരമായി നോക്കിയാൽ ഗദ്യപാഠങ്ങൾ ലളിതമായവും കഠിനമായവയും ഉണ്ട്. ഭാഷയും ആശയവും തമ്മിലുള്ള സന്തുലിതമായ മേളനത്തിന്റെ നാനാത്വം അനാവരണം ചെയ്ത് ഭാഷാംശത്തിലും ആശയാംശത്തിലും വിദ്യാർത്ഥിയെ വിജ്ഞാനനാക്കുമ്പോഴാണ്

ഗദ്യബോധനം അർത്ഥപൂർണമാകുന്നത്. ഇതിനായി നിരവധി കാര്യങ്ങളിൽ അധ്യാപകൻ മാനസികമായി തയാറാക്കേണ്ടതുണ്ട്.

- താൻ പുതുതായി പഠിപ്പിക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ സ്വീകരിക്കാൻ വിദ്യാർത്ഥിയെ മാനസികമായി സന്നദ്ധരാക്കണം.
- സ്വാഭാവികമായ സമീപനത്തിലൂടെയും ലളിതമായ ചോദ്യങ്ങളിലൂടെയും മുന്നറിവ് പരി ശോധിക്കാം.
- ഏത് മനോഭാവമാണോ പാഠഭാഗത്തിന് യോജിച്ചത് അത് സൃഷ്ടിക്കാനുള്ള തയാറെ ടുപ്പ് നടത്തണം.

ഇങ്ങനെ തന്റെ ക്ലാസ് മുന്നോട്ടുകൊണ്ടുപോകുമ്പോൾ പുതിയ പഠന സമീപനങ്ങൾ (ജ്ഞാനനിർമിതി വാദം, സാമൂഹ്യജ്ഞാന നിർമിതിവാദം, ബ്രൂണർ, നോം ചോംസ്കി, വൈഗോട്സ്കി മുതലായവരുടെ സിദ്ധാന്തങ്ങൾ) പാലിച്ചുകൊണ്ടുതന്നെ ഹെർബാർട്ടിന്റെ തത്ത്വങ്ങൾ പരോക്ഷമായി പിന്തുടരുകയും ചെയ്യേണ്ടതാണെന്നും അധ്യാപനം ഫലപ്രദ മാക്കാൻ ഈ സമീപനം തികച്ചും സഹായകമാകുമെന്നു പ്രൊഫ.എരുമേലി പരമേശ്വരൻ പിള്ള അഭിപ്രായപ്പെടുന്നു. അതിനായി അദ്ദേഹം നിർദേശിക്കുന്ന ഘട്ടങ്ങൾ

1. സജ്ജീകരണം
    - എ) മുന്നറിവ് പരിശോധന
    - ബി) ഉദ്ദേശ്യപ്രസ്താവന
2. പാഠാവതരണം
3. സ്ഥൂലപഠനം
4. സൂക്ഷ്മപഠനം
5. അഭ്യാസവായന
6. താരതമ്യപഠനം
7. പുനരവലോകനം
8. നിയോഗാഭ്യാസങ്ങൾ

എന്നിവയാണ്.

(ഇവയുടെ പൂർണവിവരം പ്രതിഭ ബുക്സ് പ്രസിദ്ധീകരിച്ച പ്രൊഫ.എരുമേലി പരമേശ്വ രൻ പിള്ളയുടെ മലയാള ഭാഷാധ്യാപനം എന്ന കൃതിയിലുണ്ട്.)

സാഹിത്യമൂല്യങ്ങൾക്ക് പ്രാധാന്യം നൽകി പഠിതാക്കളുടെ നിലവാരം മനസ്സിലാക്കി ബോധനം നടത്തുകയാണ് വേണ്ടത്. ഇതിനായി ആധുനിക പഠനചിന്താഗതികളും രീതി കളും പിന്തുടരണം. മാറിവരുന്ന പാഠപുസ്തകങ്ങളിലും അധ്യാപകസഹായികളിലും 'സമഗ്ര' പോർട്ടലുകളിലും എങ്ങനെയാണ് ഇവ വിനിമയം ചെയ്യേണ്ടത് എന്നതിന്റെ വ്യക്ത മായ രീതിയും മാതൃകയും ഉണ്ടാവും.

## പ്രവർത്തനങ്ങൾ

- പാഠപുസ്തകം, അധ്യാപകസഹായി, സമഗ്രപോർട്ടൽ എന്നിവയുടെ റഫറൻസിംഗിലൂടെ ഒരു ഗദ്യപാഠത്തിന് ബോധനശാസ്ത്രപരമായ അപഗ്രഥനം, ദൈനംദിനാസൂത്രണം എന്നിവ തയാറാക്കുക?
- തയാറാക്കിയ ദൈനംദിനസൂത്രണം വച്ച് ഗദ്യപാഠങ്ങൾക്ക്, ട്രൈഔട്ട് ക്ലാസ് എടുത്ത്, ശേഷം വിശദമായി ചർച്ച ചെയ്യുക.

## സഹായകഗ്രന്ഥങ്ങൾ


1. കഥയുടെ കഥ - ഡോ.കെ.എസ്.രവികുമാർ - ചിന്ത പബ്ലിക്കേഷൻസ് - 2007
2. ചെറുകഥ വാക്കും വഴിയും - ഡോ.കെ.എസ്.രവികുമാർ - നാഷണൽ ബുക്ക്സ്റ്റാൾ - 2009
3. ചെറുകഥ ഇന്നലെ ഇന്ന് - എം.അച്യുതൻ - നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം-1973
4. മലയാള ചെറുകഥാ സാഹിത്യചരിത്രം - ഡോ.എം.എം.ബഷീർ-കേരള സാഹിത്യ അക്കാദമി, തൃശൂർ
5. കഥകൾകൊണ്ട് കളിക്കാം - പ്രൊഫ.എസ്.ശിവദാസ്-ഡി.സി.ബുക്സ്-2013
6. നോവൽസാഹിത്യം - എം.പി.പോൾ-നാഷണൽ ബുക്ക്സ്റ്റാൾ-1969
7. നോവൽ മലയാളത്തിൽ, തകഴി മുതൽ മുകുന്ദൻ വരെ-കെ.അശോകൻ-നാഷണൽ ബുക്ക്സ്റ്റാൾ-1982
8. മലയാള നോവലിന്റെ വേരുകൾ - പ്രൊഫ.തുമ്പമൺ തോമസ്-സാഹിത്യ പ്രവർത്തക സഹകരണസംഘം-2011
9. മലയാള നിരൂപണം പ്രാരംഭഘട്ടം- സമ്പാ.പി.കെ.പരമേശ്വരൻ നായർ സ്മാരകട്രസ്റ്റ്-കറന്റ് ബുക്സ് 1996
10. സഞ്ചാരസാഹിത്യം മലയാളത്തിൽ - പ്രൊഫ.വി.രമേഷ് ചന്ദ്രൻ-കേരള ഭാഷാ ഇൻസ്റ്റിട്യൂട്ട്
11. മലയാളസാഹിത്യ സർവ്വസ്വം-ചെങ്ങാരപ്പള്ളി നാരായണൻ പോറ്റി-കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ
12. മലയാള ഭാഷാചരിത്രം-പി.ഗോവിന്ദപ്പിള്ള-നാഷണൽ ബുക്ക്സ്റ്റാൾ-1960
13. സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ - ജന.എ.ഡി.കെ.എം.ജോർജ്-നാഷണൽ ബുക്ക്സ്റ്റാൾ-1989
14. കൈരളിയുടെ കഥ-എൻ.കൃഷ്ണപിള്ള-നാഷണൽ ബുക്ക് സ്റ്റാൾ-1975
15. ഭാഷാഗദ്യസാഹിത്യ ചരിത്രം-ടി.എം.ചുമ്മാർ-നാഷണൽ ബുക്ക്സ്റ്റാൾ-1979
16. മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ - പ്രൊഫ.എരുമേലി പരമേശ്വരൻപിള്ള- കറന്റ് ബുക്സ്-2006

17. ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ-എഡി.ഡോ.കെ.എം. ജോർജ്

18. ജമന്തികൾ സുഗന്ധികൾ-സന്തോഷ് എച്ചിക്കാനം-മാതൃഭൂമി ബുക്സ്-2017

19. ഓർമ്മയാണ് ഞാൻ-പ്രിയ.എ.എസ്-ഡി.സി.ബുക്സ്-2016

20. മലയാളബോധനം-ഡോ.സി.കെ.ചന്ദ്രശേഖരൻ നായർ-കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്-2002

21. മലയാള ഭാഷാധ്യാപനം-പ്രൊഫ.എരുമേലി പരമേശ്വരൻപിള്ള-പ്രതിഭ ബുക്സ്-2006

## യൂണിറ്റ് 4
# കലയും സാഹിത്യവും

### പഠനനേട്ടം

- മലയാള സിനിമയെക്കുറിച്ച് സാമാന്യധാരണ നേടുന്നു.
- സിനിമയുടെ തിരക്കഥ, സംവിധാനം, ഗാനങ്ങൾ മുതലായവ മനസ്സിലാക്കുകയും തിരക്കഥ തയാറാക്കുകയും ചെയ്യുന്നു.
- മലയാള നാടക സാഹിത്യചരിത്രം, വിവിധകാലഘട്ടങ്ങളിലെ നാടകങ്ങളുടെ സവിശേഷതകൾ എന്നിവ തിരിച്ചറിയുന്നു.
- നാടകശില്പശാലകൾ സംഘടിപ്പിക്കുകയും നാടകങ്ങൾ രചിക്കുകയും ചെയ്യുന്നു.
- കഥകളിയെക്കുറിച്ചുള്ള ധാരണ രൂപപ്പെടുത്തുകയും കഥകളി ആസ്വദിക്കുകയും ചെയ്യുന്നു.
- തുള്ളലിനെക്കുറിച്ച് ധാരണ രൂപപ്പെടുത്തുന്നതിനും തുള്ളൽ ആസ്വദിക്കുന്നതിനും
- വിവിധ മാധ്യമങ്ങൾ വിശകലനം ചെയ്ത് അവ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം തിരിച്ചറിയുകയും അവയുടെ ഇടപെടലുകൾ തിരിച്ചറിഞ്ഞ് പ്രതികരിക്കുകയും ചെയ്യുന്നു.

### പ്രധാന ആശയങ്ങൾ

- ദൃശ്യമാധ്യമമായ സിനിമയുടെ പ്രാധാന്യം
- എലിമെന്ററി ക്ലാസുകളിലെ തിരക്കഥാഭാഗങ്ങൾ - സവിശേഷതകൾ
- തിരക്കഥാ രചനയ്ക്ക് വിവിധ രീതികൾ ഉണ്ട്.
- മലയാളത്തിനു തനതായ നാടോടി നാടക സങ്കല്പങ്ങളുണ്ട്.
- വളർന്നു വികസിച്ച ഒരു നാടക പാരമ്പര്യം മലയാളത്തിനുണ്ട്.
- മലയാളത്തിൽ നിരവധി മികച്ച നാടക കൃതികളും രചയിതാക്കളും ഉണ്ട്.
- നാടക രചനയ്ക്ക് നിരവധി സങ്കേതങ്ങളുണ്ട്.
- പരിശീലനം നാടകാഭിനയത്തെ മെച്ചപ്പെടുത്തും.
- കുട്ടികളുടെ നാടകവും മുതിർന്നവരുടെ നാടകവും തമ്മിൽ വ്യത്യാസമുണ്ട്.
- കേരളത്തിന്റെ തനതുകല
- കൃഷ്ണനാട്ടം - രാമനാട്ടം - കഥകളി
- പ്രധാന ആട്ടക്കഥകൾ, രചയിതാക്കൾ
- കഥകളിയുടെ ചടങ്ങുകൾ
- വള്ളത്തോളും കഥകളിയും
- വിവിധയിനം തുള്ളലുകൾ
- പ്രധാന തുള്ളൽ കൃതികൾ

- വിവിധ മാധ്യമങ്ങൾ - പഴയതും പുതിയതും പത്രം - ടി.വി.
- അവ ചെലുത്തുന്ന സ്വാധീനം
- അവയുടെ നിലപാടുകൾ
- പരസ്യതന്ത്രങ്ങൾ

**ആമുഖം**

ഈ യൂണിറ്റിൽ കലയും സാഹിത്യവും തമ്മിലുള്ള പരസ്പരബന്ധവും അതിന്റെ പ്രാധാന്യവുമാണ് വിശകലനം ചെയ്യുന്നത്. ഇതിൽ സിനിമ, നാടകം, കഥകളി, തുള്ളൽ, വിവിധ മാധ്യമങ്ങൾ എന്നിവയെക്കുറിച്ചുള്ള സാമാന്യധാരണയും അവയുടെ പ്രായോഗികാനുഭവങ്ങളുമാണ് ലഭിക്കേണ്ടത്.

## സിനിമയുടെ ദൃശ്യഭാഷയിലേക്ക്...

മലയാള സിനിമയിലെ പ്രശസ്തരായ തിരക്കഥാകൃത്തുക്കളെയും തിരഞ്ഞെടുത്ത തിരക്കഥകളെയും പരിചയപ്പെടാം.

### തിരക്കഥാകൃത്തുക്കളെ കണ്ടെത്താം.

- അടൂർ ഗോപാലകൃഷ്ണൻ
- അരവിന്ദൻ
- എം.ടി. വാസുദേവൻനായർ
- പത്മരാജൻ
- ഭരതൻ
- കെ.ജി. ജോർജ്ജ്
- കമൽ
- ശ്രീനിവാസൻ
- സത്യൻ അന്തിക്കാട്
- 
- 

### തിരക്കഥാ ഭാഗങ്ങൾ പരിചയപ്പെടാം.

- അപ്പർപ്രൈമറി, ഹൈസ്കൂൾ ക്ലാസിലെ തിരക്കഥാ ഭാഗങ്ങളും അല്ലാത്തവയും
- പീച്ച് പൂന്തോട്ടം - അകിറകുറസോവ (ക്ലാസ് 7)
- കൊടിയേറ്റം - അടൂർ ഗോപാലകൃഷ്ണൻ (ക്ലാസ് 9)
- നിർമ്മാല്യം - എം.ടി. വാസുദേവൻ നായർ (സീൻ 8 വരെ)
- ആകാശത്തിന്റെ നിറം - ഡോ. ബിജു (സീൻ 7 വരെ)
- പെരുമഴക്കാലം - കമൽ
- ഇന്നലെ - പത്മരാജൻ

യൂട്യൂബിൽ നിന്നും ഡൗൺ ലോഡ് ചെയ്ത് പതിനഞ്ചു മിനുട്ടുനേരം ആദ്യം സിനിമാഭാഗങ്ങൾ കാണുന്നു. തുടർന്ന് തിരക്കഥാഭാഗങ്ങൾ പരിചയപ്പെടുന്നു (ലഭ്യമായ മറ്റു തിരക്കഥകളും വായനയ്ക്ക് ഉപയോഗിക്കാം).

നിർമ്മാല്യം, ആകാശത്തിന്റെ നിറം, കൊടിയേറ്റം പെരുമഴക്കാലം തുടങ്ങിയ തിരക്കഥകളും പാഠഭാഗത്തിലെ തിരക്കഥകളും പരിചയപ്പെടുന്നു. ചർച്ച (അനുബന്ധം - 1 ഉപയോഗിക്കുക).

- ഓരോ തിരക്കഥയും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?
- ക്ലോസ് അപ്ഷോട്ടുകൾ, ലോംഗ് ഷോട്ടുകൾ മിഡിൽ ഷോട്ടുകൾ തുടങ്ങിയവ ഉപയോഗിക്കുന്നതുകൊണ്ടുള്ള പ്രത്യേകതകൾ.
- തിരക്കഥ സിനിമയായി കണ്ടപ്പോൾ എത്രമാത്രം വ്യത്യാസങ്ങൾ കാണാൻ കഴിഞ്ഞു?
- ചിത്രസംയോജനം, സംഗീതം, പശ്ചാത്തല സംഗീതം തുടങ്ങിയവ എങ്ങനെയെല്ലാം പ്രയോജനപ്പെടുത്തിയിട്ടുണ്ട്?

ചർച്ചയുടെ അടിസ്ഥാനത്തിൽ ചില സിനിമാഭാഗങ്ങൾ വീണ്ടും കാണാം. ചർച്ച.

- കഥ സിനിമയാക്കുമ്പോൾ എന്തൊക്കെ കാര്യങ്ങൾ പരിഗണിക്കണം?
- ദൃശ്യഭാഷയുടെ സവിശേഷതകൾ
- ചലച്ചിത്ര ഗാനത്തിന്റെ പ്രാധാന്യം

## ചലച്ചിത്രത്തെ അടുത്തറിയാം

ഇരുപതാം നൂറ്റാണ്ടിന്റെ കലാരൂപം എന്നു വിശേഷിപ്പിക്കുന്ന ചലച്ചിത്രം വിനോദോപാധി, വിദ്യാഭ്യാസ മാധ്യമം, സാംസ്കാരിക പഠനമാധ്യമം എന്ന നിലയിൽ ഏറെ ശ്രദ്ധേയമാണ്. ചലച്ചിത്രങ്ങൾ കണ്ട് ആസ്വദിക്കുന്നതിനപ്പുറം സിനിമകൾ മുന്നോട്ടുവയ്ക്കുന്ന സാംസ്കാരിക സാമൂഹ്യ, രാഷ്ട്രീയ പരിസരത്തെ വിമർശനാത്മകമായി സമീപിക്കുന്നതിനും ഒരു പഠന മാധ്യമം എന്ന നിലയിൽ അതിന്റെ സാങ്കേതിക വശങ്ങൾ മനസ്സിലാക്കി ആസ്വദിക്കുന്നതിനും നമുക്ക് കഴിയേണ്ടതുണ്ട്.

1824 ൽ ബ്രിട്ടീഷുകാരനായ പീറ്റർമാർക്ക് റോജന്റ് കണ്ണിന്റെ ദൃഷ്ടിസ്ഥായിത (Persistance of vision) എന്ന സവിശേഷ സ്വഭാവം കണ്ടുപിടിച്ചതോടുകൂടി കാഴ്ചയെ സംബന്ധിച്ച പുതിയ തെളിച്ചം ഉണ്ടാവുകയും സർ ഐസക് ന്യൂട്ടൻ, ചിത്രങ്ങളെ ചലിപ്പിക്കുമ്പോഴുണ്ടാകുന്ന പ്രത്യേകതകളും കണ്ടെത്തിയതോടുകൂടി ചലച്ചിത്രം എന്ന പുതിയ ദൃശ്യബോധത്തിലേക്ക് ശാസ്ത്രലോകം വഴിതുറക്കുകയും ചെയ്തു. അങ്ങനെ സെക്കന്റിൽ 24 ഫ്രെയിമുകൾ ചലിപ്പിക്കുമ്പോൾ ചലനചിത്രം ഉണ്ടാക്കാമെന്ന തത്ത്വം ചലച്ചിത്രത്തിന്റെ ആധാരമായി തീർന്നു. അതോടൊപ്പം മാക്സ് വെർത്തീമർ വെളിച്ചത്തിന്റെ നേർവരകൾ തമ്മിലുള്ള ഇടവേളകൾ കുറയുമ്പോൾ അവ ചലിക്കുന്നതായി തോന്നുന്ന ഫൈ പ്രതിഭാസം അവതരിപ്പിച്ചു. ഇത് ചലിക്കുന്ന ചിത്രം എന്ന മിഥ്യാനുഭവത്തിലേക്ക് നയിച്ചു. തുടർന്ന് 1889 ൽ സെല്ലുലോയ്ഡു കൊണ്ട് നിർമ്മിച്ച ഫിലിം ചുരുളുകൾ ഉപയോഗിച്ചു വന്നപ്പോഴാണ് ഫോട്ടോഗ്രാഫിയിലും ചലച്ചിത്രത്തിലും വലിയൊരു മാറ്റം ഉണ്ടാകുന്നത്. 1984 ൽ എഡിസൺ കൈനറ്റോ സ്കോപ്പ് എന്ന ഉപകരണം ഉപയോഗിച്ച് ന്യൂയോർക്കിലെ ബ്രോഡ്വേയിൽ ചലിക്കുന്ന ചിത്രങ്ങൾ അവതരിപ്പിച്ചപ്പോൾ ചരിത്രത്തിന്റെ ഭാഗമായി മാറി. എന്നാൽ ലൂമിയർ സഹോദരന്മാർക്ക് ചലിക്കുന്ന ഛായാ ചിത്രങ്ങൾ പകർത്തിയെടുക്കാനും തിരശ്ശീലയിൽ പ്രദർശിപ്പിക്കാനും കഴിഞ്ഞതോടെ അവർ ചലച്ചിത്രത്തിന്റെ പിതാക്കളായി മാറി. അവർ നിർമ്മിച്ച സിനിമാറ്റോഗ്രാഫിൽ നിന്നാണ് സിനിമ എന്ന പേരുണ്ടാകുന്നത്. 1913 ആകുമ്പോഴേക്കും കൊഡാക് കമ്പനിയുടെ ക്യാമറയുടെ സഹായത്തോടെ ഛായ

കുടിക്കുന്ന ലൂമിയർ കുടുംബം, നിരത്തിനെ വന്നു പൊതിയുന്ന കുഴമണ്ണ്, ഫാക്ടറിയിൽ നിന്നും പണി കഴിഞ്ഞിറങ്ങുന്നവർ തുടങ്ങിയ ഫിലിമുകൾ പ്രദർശിപ്പിച്ചു തുടങ്ങി. 1896 ൽ ഇന്ത്യയിൽ ആദ്യ പ്രദർശനം നടന്നു. ദ ഗ്രെയിറ്റ് ട്രെയിൻ റോബറി (1903) പ്രദർശിപ്പിച്ചതോടുകൂടി സിനിമ വൻ വ്യവസായമായും വിനോദോപാധിയായും മാറിക്കഴിഞ്ഞു. 1869 ൽ അമേരിക്കയിലും യൂറോപ്പിലും സിനിമാശാലകൾ നിർമ്മിക്കപ്പെട്ടു. ആദ്യകാലത്ത് തിരശ്ശീലയ്ക്കു മുന്നിൽ തീർത്ത വലിയ ചാലുകളിൽ ഇരുന്നായിരുന്നു ശബ്ദം, സംഗീതം, സംഭാഷണം കഥാവ്യാഖ്യാനങ്ങൾ തുടങ്ങിയവ പ്രയോഗിച്ചിരുന്നത്. എന്നാൽ 1903 ൽ പുറത്തിറങ്ങിയ ദ ട്രെയിൻ റോബറിയിൽ എഡിറ്റിംഗും മറ്റു സാങ്കേതിക മികവും ഒത്തുചേർന്നു വന്നപ്പോൾ ഈ സിനിമ ആദ്യത്തെ സങ്കേതബദ്ധമായ സിനിമയായി ചരിത്രത്തിൽ ഇടം പിടിച്ചു.

1897 ൽ എഡിസൺ കണ്ടുപിടിച്ച ഫോണോഗ്രാം, ശബ്ദത്തിനായി ഉപയോഗിച്ചു തുടങ്ങിയപ്പോൾ അത് സിനിമാ ചരിത്രത്തിൽ മറ്റൊരു നാഴികകല്ലായി. 1900 ൽ ലിയോൺ ഗാമോണ്ട് (Leon Gaumont) ആണ് ആദ്യമായി ഇത്തരത്തിൽ സിനിമാ പ്രദർശനം നടത്തിയത്. തുടർന്ന് ക്യാമറയ്ക്കൊപ്പം ശബ്ദത്തെ നേരിട്ട് കലർത്തി പ്രദർശിപ്പിച്ച 'ജാസ്സ് സിംഗർ' ആദ്യ ശബ്ദ ചിത്രമായി ചരിത്രത്തിൽ ഇടം നേടി. ഇതിന്റെ തുടർച്ചയായി ഗ്രാമഫോൺ ഡിസ്ക്കുകളും വന്നു തുടങ്ങി. തുടർന്ന് കഥാപാത്രങ്ങളുടെ സംഭാഷണം കൂടി ഉൾപ്പെടുത്തി സിനിമകൾക്കൊപ്പം ഡിസ്ക്കുകളും പുറത്തിറങ്ങി. 1927 ൽ ഫിലിമിന്റെ വശത്തായി ശബ്ദചിത്രങ്ങൾ രേഖപ്പെടുത്തിയ ഹ്രസ്വചിത്രങ്ങൾ പുറത്തിറങ്ങിയെങ്കിലും 1928 ൽ ഇറങ്ങിയ ഇൻ ഓൾഡ് അരിസോണ എന്ന സിനിമയോടെ നിശബ്ദ ചിത്രങ്ങളുടെ കാലം അവസാനിച്ചു. തുടർന്ന് 1941 ൽ വാൾട്ട് ഡിസ്നിയുടെ ഫന്റാസിയ എന്ന ചിത്രം സ്റ്റീരിയോ സൗണ്ടിൽ പുറത്തിറങ്ങി. ഒന്നാം ലോകമഹായുദ്ധമാകുമ്പോഴേക്കും സിനിമ വൻ വ്യവസായമായി മാറിക്കഴിഞ്ഞിരുന്നു. പിന്നീട് സിനിമയുടെ കുതിപ്പ് പ്രവചനാതീതമായിരുന്നു. ആനിമേഷൻ സിനിമ, 70 mm സിനിമാസ്കോപ്പ് സിനിമ, ഡിജിറ്റൽ സിനിമ തുടങ്ങിയ സിനിമയുടെ സാങ്കേതിക രംഗത്തുള്ള വളർച്ച ദ്രുതഗതിയിലുള്ളതായിരുന്നു.

**പ്രവർത്തനം**

- *സിനിമയുടെ വളർച്ചാപടവുകൾ പരിചയപ്പെട്ടല്ലോ. എങ്കിൽ ഇന്ത്യൻ സിനിമയുടെയും മലയാള സിനിമയുടെയും ചരിത്രപരമായ അന്വേഷണവും ഇതുപോലെ റിപ്പോർട്ടായി തയാറാക്കൂ.*

## ചലച്ചിത്രം – അടിസ്ഥാനഘടകങ്ങൾ

- *സംവിധാനം*

സിനിമ സംവിധായകന്റെ കലയാകുന്നതോടൊപ്പം കൂട്ടായ്മയുടെ കലകൂടിയാണ്. ഓരോ സംവിധായകന്റെയും കാഴ്ചപ്പാടുകളും സൗന്ദര്യ ബോധവുമാണ് സിനിമയുടെ ശൈലിയും സ്വരൂപവും ലക്ഷ്യവും നിശ്ചയിക്കുന്നത്. സംവിധായകന്റെ മനസ്സിനിണങ്ങിയ ഒരു തീം/കഥ തിരഞ്ഞെടുക്കുകയും അതിനനുസരിച്ച് തിരക്കഥാ രചനയും ഷൂട്ടിംഗ് സ്ക്രിപ്റ്റും ലൊക്കേഷനും എല്ലാം നിശ്ചയിക്കുന്നു. സംവിധായകനാണ് എല്ലാം തീരുമാനിക്കുന്നത്.

- **അഭിനയം/നടൻ/നടി**

കഥാപാത്രങ്ങളായി ഒരു വ്യക്തി മാറുമ്പോൾ മികച്ച അഭിനേതാവായിത്തീരുന്നു. കഥാപാത്രത്തിന്റെ വൈകാരിക ഭാവം, ക്യാമറ വ്യത്യസ്ത കോണിലൂടെ പകർത്തിയെടുക്കുന്നു. നാടകത്തിലേതുപോലെ സിനിമാ നടൻ അഭിനയിക്കേണ്ടതില്ല. ക്യാമറ സൂക്ഷ്മഭാവങ്ങൾ പകർത്തിയെടുത്തുകൊള്ളും.

- നിങ്ങൾ കണ്ട മികച്ച സിനിമകൾ/അഭിനയ മുഹൂർത്തം ചർച്ച ചെയ്യുക.
- സിനിമാഭാഗങ്ങൾ കണ്ട് അഭിനയത്തിന്റെ സവിശേഷതകൾ പങ്കുവയ്ക്കുക.

ഉദാ: മികച്ച അഭിനയത്തിന് അവാർഡുകൾ ലഭിച്ച സിനിമകൾ (ഭരതം, പൊന്തൻമാട, കളിയാട്ടം, പെരുമഴക്കാലം തുടങ്ങിയവ)

- **ഷൂട്ടിംഗ്**

ഷൂട്ടിംഗ് സ്ക്രിപ്റ്റിനനുസരിച്ച് ഷോട്ടുകൾ ക്രമീകരിക്കണം. ലൊക്കേഷൻ തിരഞ്ഞെടുത്തു കഴിഞ്ഞാൽ കഥയ്ക്കനുസരിച്ച് ആ സ്ഥലത്തു നടക്കുന്ന എല്ലാ സംഭവങ്ങളും തുടർച്ചയായി ചിത്രീകരിക്കാം. ക്ലോസ് അപ്പ് ഷോട്ടുകൾ, മീഡിയം ഷോട്ടുകൾ, ലോങ്ഷോട്ടുകൾ തുടങ്ങിയ ഷോട്ടുകൾ നേരത്തേ നിശ്ചയിച്ചതനുസരിച്ച് പൂർത്തിയാക്കുന്നു.

- **ഷൂട്ടിംഗ് സ്ക്രിപ്റ്റ്**

**മാതൃക - ഷൂട്ടിംഗ് സ്ക്രിപ്റ്റ്**

**പെരുമഴക്കാലം - ടി.എ. റസാക്ക്**

**സീൻ 39:** അഗ്രഹാരക്ഷേത്രത്തിലേക്കു വരുന്ന ഗംഗയുടെ കാലിൽവീണ് കരയുന്ന റസിയ. തടയുന്ന വീട്ടുകാർ. റിപ്പോർട്ടർമാർ

**സീൻ 40 എ :** ഗംഗയുടെ മുറി. മഴയിലേക്കു നോക്കി റസിയയെ ഓർമിക്കുന്ന ഗംഗ.

| | |
|---|---|
| **സീൻ 40** രാത്രി<br>INT / EXT<br>**അഗ്രഹാരം പടിപ്പുര**<br>മരണത്തിന്റെ മണവുമായി മഴ പെയ്തുകൊണ്ടേയിരുന്നു. മഴയ്ക്കപ്പുറം മരണം കാത്തുകഴിയുന്ന പ്രിയതമനെ റസിയ കണ്ടു. ചുരുണ്ടുകൂടി വേദനയുടെ കറുത്ത രൂപമായി പടിപ്പുരയിൽ അവളിരുന്നു. അൽപ്പം മാറി സിഗരറ്റ് പുകച്ച്, ജോൺ. അയാൾ ജീവിതത്തിലെ ഏറ്റവും വേദനയുള്ള രാത്രിയിൽ ജീവിക്കുകയാണ്. പടിപ്പുരയുടെ മറ്റൊരു മൂലയിൽ അബ്ദുക്ക, ഭാവിയില്ലാത്തവനെപ്പോലെ മുറിവേറ്റിരുന്നു. | |
| **ജോൺ:** | രാത്രി ഒരുപാടായി.... എത്രനേരം നമ്മളിങ്ങനെ ഇരിക്കും? |
| കണ്ണീരോടെ- **അബ്ദുക്ക:** | അറിഞ്ഞൂടാ മോനേ... |
| റസിയ അതേ ഇരിപ്പാണ്. ഇപ്പോൾ അവൾ കരയുന്നുപോലുമില്ല.<br>................ ................ ................<br>................ ................ ................ | |
| മഴ പെയ്തുകൊണ്ടേയിരുന്നു. - CUT TO - | |

മനസ്സിൽ അപ്പപ്പോൾ തോന്നുന്നത് ചിത്രീകരിക്കുകയെന്ന രീതിയിൽ നിന്ന് ചിട്ടയായി എഴുതിയ സ്ക്രിപ്റ്റ് പ്രകാരം സിനിമ നിർമിക്കുകയെന്ന പതിവിലേക്കു മാറിയത് ചിത്രീകരണ സൗകര്യത്തിനുള്ള സെറ്റുകൾ നിലവിൽ വന്നതോടെയാണ്. ഓരോ രംഗം ചിത്രീകരിക്കുമ്പോഴും സെറ്റ് പൊളിച്ചുമാറ്റി പുതിയതിടുന്നത് അപ്രായോഗികമാണ്. ഒരു സെറ്റ് ആവശ്യമുള്ള രംഗങ്ങളെല്ലാം ഒരുമിച്ച് ചിത്രീകരിക്കാൻ വിശദമായ സ്ക്രിപ്റ്റ് വേണ്ടി വരും. തിരക്കഥയുടെ ആവിർഭാവത്തെപ്പറ്റി റഷ്യൻ തിരക്കഥാകൃത്തായ പുഡോവ്കിൻ പറയുന്ന അഭിപ്രായമാണിത്.

അടൂർ തിരക്കഥകൾ പ്രസിദ്ധീകരിക്കുന്നത് സിനിമയുടെ സൃഷ്ടിക്കുശേഷം, സിനിമയുടെ സവിശേഷമായ അവതരണരീതിയെ പിൻതുടർന്നാണ്. ഇത്തരം തിരക്കഥകളുടെ ആസ്വാദനത്തെക്കുറിച്ച് അടൂർ തന്നെ പറയുന്നു: “ഇത് സിനിമയ്ക്ക് വേണ്ടിയുള്ള തിരക്കഥയല്ല, സിനിമയുടെ തിരക്കഥയാണ്. വരമൊഴിയിൽ അവതരിപ്പിക്കുന്ന സിനിമ എന്നു വേണമെങ്കിൽ പറയാം.”

തിരക്കഥ തയാറാക്കി കഴിഞ്ഞാൽ ഓരോ ഷോട്ടും എത്ര വലുപ്പത്തിൽ ഏത് വീക്ഷണകോണിൽ പകർത്തണമെന്ന വിശദാംശങ്ങൾ അടങ്ങിയതാണ് ഷൂട്ടിംഗ് സ്ക്രിപ്റ്റ്.

- **സംഭാഷണം**

കഥാപാത്രങ്ങളുടെ വൈകാരികത ശരിയായ ക്രമത്തിലും അളവിലും കാലദേശ പരിഗണനയിലും അവതരിപ്പിക്കലാണ് സംഭാഷണം.

**മതിലുകൾ**

ഒന്ന് - സമീപദൃശ്യം

പഴയ മാതൃകയിലുള്ള ഒരു പോലീസ് സ്റ്റേഷന്റെ ലോക്കപ്പ് മുറിക്കു മുമ്പിൽ പാറാവു നിൽക്കുന്ന പോലീസുകാരന്റെ നിശ്ചലദൃശ്യത്തിനുമേൽ ശീർഷകങ്ങൾ തെളിഞ്ഞ് മറയുന്നു. അവസാനമെത്തുമ്പോൾ ഭൂതത്തിൽ നിന്ന് ഉണർന്നെന്ന മട്ടിൽ പാറാവുകാരൻ ഭവ്യതയോടെ തോക്കടിച്ച് മുറപ്രകാരമുള്ള സല്യൂട്ട് നടത്തി.

രണ്ട് - മധ്യസമീപദൃശ്യം

പാറാവുകാരനെയും കടന്ന് അങ്ങോട്ടു വന്ന ഇൻസ്പെക്ടർ ലോക്കപ്പിന്റെ ഇരുമ്പഴിക്കു മുന്നിൽ വന്നുനിന്ന് സൗഹൃദപൂർവ്വം അകത്തേക്കന്വേഷിച്ചു, **എന്താ ബഷീർ, സുഖംതന്നെയല്ലേ?**

മൂന്ന് - മധ്യസമീപദൃശ്യം

വെളിച്ചം കുറഞ്ഞ സെല്ലിനുള്ളിൽ നിന്ന് അഴിക്കടുത്തേക്കു നടന്നു നീങ്ങി ബഷീർ കളിമട്ടിൽ പറഞ്ഞു. **ഓ ബഹുസുഖം!"**

അങ്ങ് പിന്നിൽ ചുമരിനോടു ചേർന്ന്, ഉടുപ്പിടാത്ത രണ്ടുമൂന്ന് പുള്ളികൾ ഭവ്യതയോടെ നിന്നിരുന്നു.

ഇൻസ്പെക്ടർ അന്വേഷിച്ചു, **"എഴുത്തെത്രത്തോളമായി?"**

**"ബഷീർ, ഒരുപാട് ഒരുപാടെഴുതാനുണ്ട്. തന്ന കടലാസ്സൊക്കെ തീർന്നു.**

**ഇൻസ്പെക്ടർ, ഒരു രീതിയിൽ ഇതിനുള്ളിൽ കഴിയുന്നതാണ് ഭാഗ്യം..."**

നാല് - മധ്യസമീപദൃശ്യം

ഇരുമ്പഴികൾക്കപ്പുറവും ഇപ്പുറവുമായി അവർ നിന്നു. ഇൻസ്പെക്ടർ തുടർന്നു. **"വെളിയിൽ യുദ്ധം കൊണ്ടുപിടിക്കുന്നു. അരിക്കും തുണിക്കും മണ്ണെണ്ണയ്ക്കുമെല്ലാം തീ വിലയായി. കടലാസ്സാണെങ്കി കിട്ടാനില്ല."**

എന്നിട്ടയാൾ ഒരു ഫലിതത്തിന്റെ മട്ടിൽ ഉപദേശിച്ചു, **''അക്ഷരം കുറച്ച് ചെറുതാക്കി അടുപ്പിച്ചെഴുതിക്കോളൂ."**

കയ്യിൽ ചുരുട്ടിവച്ചിരുന്ന വെള്ളക്കടലാസ് അഴിക്കുള്ളിലൂടെ അകത്തേക്കു നീട്ടിക്കൊണ്ട് ഇൻസ്പെക്ടർ ഓർമ്മിപ്പിച്ചു, **"നിയമവിരുദ്ധമാണ്... എഴുതിയതൊന്നും കയ്യി വെയ്ക്കണ്ട..."**

**പ്രവർത്തനം**

- *മതിലുകളിലെ സംഭാഷണ പ്രത്യേകത ശ്രദ്ധിക്കൂ. ചർച്ച ചെയ്യൂ. മറ്റു തിരക്കഥകൾ കൂടി പരിശോധിച്ച്, സംഭാഷണത്തിന്റെ ഭാഷയുടെ സവിശേഷത (ക്രമം, വൈകാരികത, കാലദേശ പരിഗണന) ചർച്ച ചെയ്യുക.*

- **തിരക്കഥ**

തിരശ്ശീലയെ ലക്ഷ്യമാക്കി രൂപപ്പെടുത്തുന്ന കഥയുടെ വിശദീകരണമാണ് തിരക്കഥ. അത് എഴുതുന്ന രീതിയുടെ അടിസ്ഥാനത്തിൽ രണ്ടായി തിരിക്കാം.

1. ഒറ്റക്കോളം ഫോർമാറ്റ്
2. ഇരട്ടക്കോളം ഫോർമാറ്റ്

നാടകരചനയുടെ ചുവടുപിടിച്ചുകൊണ്ടാണ് ഒറ്റക്കോളം ഫോർമാറ്റ്. ഇതിൽ സീൻ, നമ്പർ, രാത്രി, പകൽ, അകം, പുറം തുടങ്ങി, കഥാപാത്രങ്ങളും സംഭാഷണങ്ങളുംവരെയുള്ള വിവരങ്ങൾ നൽകുന്നു.

എന്നാൽ ഇരട്ടക്കോളത്തിൽ ദൃശ്യവിവരണങ്ങൾ പ്രത്യേകമായി നൽകുന്നു.

- **ദൃശ്യഭാഷ**

ദൃശ്യങ്ങൾ പ്രത്യേക തരത്തിൽ സന്നിവേശിപ്പിക്കുമ്പോഴാണ് അവയ്ക്കു ദൃശ്യഭാഷ രൂപപ്പെടുന്നത് ഇതിനായി ദൃശ്യത്തിനകത്തെ വിവിധ ഘടകങ്ങളെയും പരിസരങ്ങളെയുമൊക്കെ യുക്തിയുക്തമായി ബന്ധിപ്പിക്കുന്നതാണ് കോമ്പോസിഷൻ. ഇങ്ങനെകൂട്ടിച്ചേർക്കുന്ന ദൃശ്യങ്ങൾക്ക് തുടർച്ചയുണ്ടാക്കുന്നതാണ് കണ്ടിന്യൂറ്റി. ഇങ്ങനെയാണ് ദൃശ്യഭാഷ രൂപപ്പെടുന്നത്. ക്യാമറയിൽ ഒരിക്കൽ കണ്ണ് തുറന്ന് അടയുന്നതുവരെയുള്ള ഒരു ഫ്രെയിം ഷോട്ടുകളായും ഷോട്ടുകൾ ചേർന്ന് സീനുകളായും സീനുകൾ ചേർത്ത് സ്വീക്വൻസുകളായും സിനിമ രൂപപ്പെടുന്നു.

- **ചമയം/വേഷവിധാനം**

അഭിനേതാവിനെ കഥാപാത്രമാക്കി മാറ്റുന്നത് ചമയത്തിലൂടെയാണ്. കഥയുടെ സ്വഭാവത്തിനനുസരിച്ച് ഓരോ രംഗത്തിനും അനുയോജ്യമായ വസ്ത്രം നിർദേശിക്കുകയും ഒരുക്കിക്കൊടുക്കലുമാണ് വസ്ത്രാലങ്കാരത്തിൽ ചെയ്യുന്നത്.

- **ശബ്ദ സന്നിവേശം/സംഗീതം**

ശബ്ദം പ്രേക്ഷകന്റെ വൈകാരികതയെയും കാഴ്ചയെയും അവയുടെ വായനയെയും സ്വാധീനിക്കുന്നു. അതുകൊണ്ട് കൃത്യമായ ശബ്ദസന്നിവേശം പ്രധാനമാണ്. പശ്ചാത്തല സംഗീതവും സംഗീതവും (ഗാനങ്ങൾ) എല്ലാം ഫലപ്രദമായി സന്നിവേശിപ്പിക്കേണ്ടതുണ്ട്.

കഥാപാത്രങ്ങളുടെ വൈകാരികതയും ജീവിത മുഹൂർത്തവും പരിഗണിച്ചാണ് സിനിമയിൽ ഗാനങ്ങൾ ചിട്ടപ്പെടുത്തുന്നത്. ഓരോ ഗാനവും സിനിമയ്ക്ക് യോജിച്ചതാകുമ്പോൾ തന്നെ അവ സ്വതന്ത്രമായി നിൽക്കുന്നവ കൂടിയാണ്.

- **മലയാള സിനിമാഗാനത്തിന്റെ ചരിത്രം അന്വേഷിക്കാം.**

## ആദ്യകാല മലയാള സിനിമാഗാനങ്ങൾ

ആദ്യകാലസിനിമ സംഗീതനാടകം പോലെയായിരുന്നു. പാട്ടുകളുടെ ആധിക്യത്തിൽ ഈ സമാനത പ്രകടമായിരുന്നു. മലയാളത്തിലെ ആദ്യശബ്ദ സിനിമയായ ബാലനിൽ 23 പാട്ടുകളുണ്ടായിരുന്നു (1938) പ്രഹ്ലാദനിൽ 24 ഉം ജ്ഞാനാംബിക (1940) യിൽ 14 ഉം. ചില ആദ്യകാല സിനിമകളിൽ മുപ്പതോ നാൽപ്പതോ വരെ പാട്ടുകൾ ഉണ്ടായിരുന്നു. 1950 മുതൽ സിനിമകളിൽ പാട്ടിന്റെ പ്രാധാന്യം കുറഞ്ഞ് കൂടുതൽ സംഭാഷണാധിഷ്ഠിതമായി. ആദ്യകാല നടീനടന്മാരിൽ കൂടുതൽപേരും ത്യാഗരാജഭാഗവതരെപ്പോലെ പാടുന്ന അഭിനേതാക്കൾ ആയിരുന്നു.

മിക്കവാറും ആദ്യകാല മലയാള സിനിമകൾക്ക് മൗലിക സംഗീതം ഇല്ലായിരുന്നു. അവയിലെ പാട്ടുകൾ ഹിന്ദി, തമിഴ്, തെലുങ്ക്, കന്നട സിനിമകളിലെ പാട്ടുകളുടെ അനുകരണമായിരുന്നു. ബാലനിലെ 'ജാതകദോഷത്താലോ' എന്ന പാട്ട് (നായികയായ എം.കെ. കമലം പാടിയത്) അക്ഷരാർഥത്തിൽ 'തേയിലത്തോട്ടത്തിലെ' എന്ന തമിഴ് സിനിമയിലെ നാടൻപാട്ടാണ്.

മലയാളനാടകരംഗത്തെ അതികായനായ സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞു ഭാഗവതർ 'ജ്ഞാനാംബിക'യിൽ നടനായും ഗായകനായും തന്റെ പങ്ക് നിർവഹിച്ചു. അദ്ദേഹത്തിന്റെ 'കഥയിത് കേൾക്കാം സഹജരേ' എന്ന പാട്ടിന്റെ പ്രചോദനം സ്ട്രീറ്റ് സിംഗർ (1938) എന്ന സിനിമയിൽ പ്രശ്സത ഗായകൻ കെ.എൽ.സൈഗാളും കനൻദേവിയും ചേർന്ന് പാടിയ ഹിന്ദിയിലുള്ള 'ഗും ഗുരുവാ ബാജേ' എന്ന പാട്ടായിരുന്നു. 1950ൽ പുറത്തുവന്ന നല്ലതങ്ക, സ്ത്രീ, ശശിധരൻ എന്നീ സിനിമകളിലെ മിക്ക ഗാനങ്ങളും ഹിന്ദി ഈണങ്ങളുടെ അനുകരണങ്ങളായിരുന്നു. വഴിത്തിരിവെന്നും ആദ്യത്തെ സൂപ്പർ ഹിറ്റെന്നും വിശേഷിപ്പിക്കപ്പെട്ട ജീവിതനൗക അങ്ങേയറ്റം സംഗീത നാടക ശൈലിയിലായിരുന്നു. ഈ ചിത്രത്തിൽ മെഹബൂബ് പാടിയ 'അകലെ ആരും കൈവിടും' എന്ന പാട്ട് ദുലാരി (1949) എന്ന സിനിമയിൽ മുഹമ്മദ് റാഫി പാടിയ 'സുഹാനി രാത് ധിൽ ചൂകി' എന്ന ഗാനത്തിന്റെ അനുകരണമായിരുന്നു. 1951ൽ പുറത്തിറങ്ങിയ 'നവലോകം' എന്ന സനിമയിൽ  പി. ലീല പാടിയ ' ഗായികാ ഗായകാ' എന്ന പാട്ട് മഹൽ (1949) എന്ന ഹിന്ദി സിനിമയിലെ സൂപ്പർഹിറ്റ് ഗാനമായ 'ആയേഗാ ആയേഗാ ആനേവാല' എന്ന ഗാനത്തിന്റെ ഈണത്തിലായിരുന്നു.

## ചലച്ചിത്രവും ഗാനങ്ങളും

സിനിമയിൽ ഗാനം ആവശ്യമുണ്ടോ എന്ന ചോദ്യത്തിന് സിനിമയുടെ ചരിത്രത്തോളംതന്നെ പഴക്കമുണ്ട്. കഥാപാത്രം അതുവരെ സംസാരിച്ചുകൊണ്ടിരുന്ന ശബ്ദത്തിൽനിന്നു വ്യത്യസ്തമായ മറ്റൊരു ശബ്ദത്തിൽ പാട്ടുയരുന്നതിന്റെ തമാശ ഇന്ത്യൻ സിനിമാനിരൂപകനായ ചിദാനന്ദദാസ് ഗുപ്ത ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പല സിനിമകളിലും ആഖ്യാനയുക്തിക്ക് നിരക്കുന്നതല്ല അവയിലെ ഗാനങ്ങൾ. കഥയുടെ ഒഴുക്കിനെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. (Talking about Films) എന്നാലും ഇന്ത്യൻ സിനിമ അതിന്റെ ഉദ്ഭവകാലം മുതൽക്ക് ഗാനങ്ങളെ കൂടെ കൂട്ടി. ഹിന്ദിയിലെ ആദ്യത്തെ ശബ്ദചിത്രമായ ആലം ആര (1931) മുതൽ പുറത്തിറങ്ങിയ എല്ലാ ചിത്രങ്ങളിലും പാട്ടുകളുണ്ടായിരുന്നു. മലയാളത്തിലെ ആദ്യത്തെ സംസാരിക്കുന്ന ചലച്ചിത്രമായ ബാലനിലും (1938) 23 പാട്ടുകളുണ്ട്. പാഴ്സി-മറാത്ത സംഗീതനാടകങ്ങൾ സ്വാധീനിച്ചതുപോലെ തമിഴ് സംഗീതനാടക പാരമ്പര്യത്തിലാണ് മലയാള

സിനിമയുടെ പിറവി. കെ.കെ. അരൂർ, എം.കെ. കമലം, മാസ്റ്റർ മദനഗോപാലൻ, സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞുഭാഗവതർ, സീതാലക്ഷ്മി തുടങ്ങിയ ഗായകരായിരുന്നു മലയാളത്തിലെ ആദ്യ നടീനടന്മാരും. മലയാള സിനിമയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ഗാനങ്ങളുമായി പുറത്തിറങ്ങിയ ചിത്രം ദേവസുന്ദരി (1957) യാണ്. തിക്കുറിശ്ശി എഴുതിയ 25 പാട്ടുകൾ ആ ചിത്രത്തിലുണ്ട്.

1948 ൽ നിലവിൽ വന്ന കേരള ടാക്കീസിന്റെ ബാനറിൽ പുറത്തിറങ്ങിയ 'നിർമ്മല'യാണ് മലയാളത്തിൽ പിന്നണിഗാനരീതിയെ പരിചയപ്പെടുത്തിയത്. അതുവരെ സിനിമകളിൽ അഭിനേതാക്കൾ ക്യാമറയ്ക്കു മുന്നിൽനിന്ന് അഭിനയിക്കുകയും പാടുകയും ചെയ്യുകയായിരുന്നു പതിവ്. പിന്നണിഗാനസംവിധാനം നിലവിൽ വന്നതോടെയാണ് ചലച്ചിത്രഗാനശാഖ സമ്പന്നമായി തീർന്നത്.

കഥ പറയൽ രീതിയുടെ ഒഴിവാക്കാനാവാത്ത ഭാഗമായി ഗാനങ്ങൾ ചലച്ചിത്രങ്ങളിൽ ഇപ്പോഴും തുടരുന്നുവെങ്കിലും ഗാനങ്ങൾ ഒഴിവാക്കിയ ചലച്ചിത്രങ്ങളെക്കുറിച്ചു കൂടി അറിഞ്ഞിരിക്കേണ്ടതുണ്ട്. ബി.ആർ. ചോപ്രയുടെ കാനൂൻ (1960) ഗാനങ്ങളില്ലാത്ത സിനിമയായിരുന്നു. സംഗീതത്തെ ആഖ്യാനത്തിനു കാര്യമായി ഉപയോഗിച്ചുവെങ്കിലും സത്യജിത്റായ് ഗാനരംഗങ്ങൾ തന്റെ സിനിമകളിൽനിന്ന് ഒഴിവാക്കിയിരുന്നു. എ.ബി.രാജിന്റെ 'നീതി'യാണ് ഗാനങ്ങളില്ലാതെ പുറത്തിറങ്ങിയ ആദ്യ മലയാളചിത്രം. – ഹയർ സെക്കന്ററി ടീച്ചർടെക്സ്റ്റ് – മലയാളം

- **ചിത്രസംയോജനം**

തിരക്കഥയുടെ അടിസ്ഥാനത്തിൽ വ്യത്യസ്ത സമയങ്ങളിലും സ്ഥലങ്ങളിലും വച്ച് ചിത്രീകരിച്ച ഷോട്ടുകളെയും ശബ്ദങ്ങളുടെ ക്രമാനുഗതമായി തുടർച്ച പാലിച്ചു കൊണ്ട് കഥയുടെ ആദ്യം മുതൽ അവസാനം വരെ ചിത്രങ്ങളെ സംയോജിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് ചിത്ര സംയോജനം. ചിത്ര സംയോജനത്തിൽ മൊണ്ടാഷ് (Montage) കോൺട്രാസ്റ്റ് (Contrast) സൈമൾട്ടാനിറ്റി (Simultanity) പാരലലിസം (Parallalism) സിംബോളിസം (Symbolism) തുടങ്ങിയ സങ്കേതങ്ങൾ ഉപയോഗിച്ചു വരുന്നുണ്ട്.

- **മലയാള സിനിമ**

1928 ൽ സി. ഡാനിയേൽ നിർമ്മിക്കുകയും സംവിധാനം ചെയ്യുകയും ചെയ്ത 'വിഗതകുമാരനാ'ണ് മലയാളത്തിലെ ആദ്യ സിനിമ. അഞ്ചു വർഷത്തിനുശേഷമാണ് മലയാളത്തിലെ രണ്ടാമത്തെ ചിത്രമായ 'മാർത്താണ്ഡവർമ്മ പുറത്തിറങ്ങുന്നത്. ഇതിന്റെ സംവിധാനം വൈ.വി. റാവുവാണ് നിർവ്വഹിച്ചത്. തുടർന്ന് 1938 ൽ പുറത്തിറങ്ങിയ 'ബാലൻ' ആദ്യത്തെ ശബ്ദചിത്രമായി മലയാള സിനിമാലോകത്തിന് ലഭിച്ചു. ഇതിന്റെ തിരക്കഥയും ഗാനങ്ങളും രചിച്ച മുതുകുളം രാഘവൻ പിള്ള ആദ്യത്തെ തിരക്കഥാകൃത്തും ഗാനരചയിതാവുമായി. ബാലൻ സംവിധാനം ചെയ്തത് എസ്. നൊട്ടാണിയാണ്. രണ്ടാമത്തെ ശബ്ദചിത്രം ജ്ഞാനാംബിക പുറത്തിറങ്ങുന്നത് 1940 ൽ ആണ്. 1947 ൽ ഉദയാസ്റ്റുഡിയോ ആരംഭിച്ചതോടുകൂടിയാണ് മലയാള സിനിമ വ്യാപകമായി തിയേറ്ററുകളിൽ വന്നു തുടങ്ങുന്നത്. 1954 ൽ ഇറങ്ങിയ നീലക്കുയിൽ, ന്യൂസ് പേപ്പർ ബോയ് തുടങ്ങിയ സിനിമകൾ വന്നതോടെ കേരളീയമായ സിനിമ സങ്കൽപ്പം ശക്തിപ്പെട്ടു തുടങ്ങി. മലയാള നോവൽ സാഹിത്യവും കഥാസാഹിത്യവും സിനിമയ്ക്ക് വിഷയമായതോടുകൂടി മലയാളത്തിൽ മികച്ച സിനിമകൾ ഉണ്ടായിത്തുടങ്ങി. ഓടയിൽ നിന്ന്, ഇരുട്ടിന്റെ ആത്മാവ് (1966) അശ്വമേധം, തുലാഭാരം, യക്ഷി, കടൽപ്പാലം (1969) തുടങ്ങിയ ചിത്രങ്ങൾ ഇതിനുദാഹരണമാണ്. 1966 ൽ ഇറങ്ങിയ 'ചെമ്മീൻ' മലയാള സിനിമാ ചരിത്രത്തിൽ ഒരു നാഴിക കല്ലായി. ചലച്ചിത്ര ഭാഷയ്ക്ക് നവീനമായ ഉൾക്കരുത്തും ശക്തിയും ഉണ്ടാവുന്നത്

1970 ഓടുകൂടിയാണ്. പി.എൻ. മേനോൻ സംവിധാനവും എം.ടി. തിരക്കഥാ രചനയും നിർവ്വഹിച്ച ഓളവും തീരവും അടൂരിന്റെ 'സ്വയംവരം' (1972) കൊടിയേറ്റം (1977) എം.ടി. യുടെ 'നിർമ്മാല്യം' (1973) അരവിന്ദന്റെ 'ഉത്തരായനം' (1974) കാഞ്ചന സീത (1971) തമ്പ് (1978) കുമ്മാട്ടി (1979) എസ്തപ്പാൻ (1979) തുടങ്ങിയ ചിത്രങ്ങൾ മലയാള സിനിമയെ ലോക നിലവാരത്തിലേക്ക് ഉയർത്തി.

- **ഹ്രസ്വസിനിമകൾ**

  ജീവിതാനുഭവങ്ങളെ ശക്തമായി ചെറിയ സമയത്തിനുള്ളിൽ ആവിഷ്കരിക്കുന്നവയാണ് ഹ്രസ്വ സിനിമകൾ. ഒരു മിനുട്ടു മുതൽ 30 മിനുട്ടുവരെയുള്ള സിനിമകളെ പൊതുവെ ഹ്രസ്വ സിനിമകളുടെ ഗണത്തിൽപ്പെടുത്താം.

- ഹ്രസ്വസിനിമാ പ്രദർശനം/സിനിമാ പ്രദർശനം

  ഹ്രസ്വസിനിമകളുടെ ശക്തിയും സൗന്ദര്യവും തിരിച്ചറിയുന്നതിന് ഹ്രസ്വ സിനിമാ പ്രദർശനം സംഘടിപ്പിക്കാം.

- ഹ്രസ്വ സിനിമകളെ അടുത്തറിയുന്നതിന് താഴെ കൊടുത്ത ഭാഗം വായിച്ച് ചർച്ച ചെയ്യുക.
- സവിശേഷതകൾ
- ദൃശ്യഭാഷ
- സംഗീതം, പശ്ചാത്തലസംഗീതം

**ഹ്രസ്വസിനിമകൾ**

സിനിമയുടെ ജനനം തന്നെ ഹ്രസ്വസിനിമകളായാണ്. ലൂമിയർ സഹോദരന്മാർ പകർത്തിയ ആദ്യത്തെ ചലച്ചിത്രക്കാഴ്ചകൾ മിനുട്ടുകളുടെ ദൈർഘ്യം മാത്രമുള്ള ജീവിതങ്ങളായിരുന്നു. ലൂമിയർ ചിത്രങ്ങളിൽ തന്നെ ഫീച്ചർ സിനിമകളുടെയും ഡോക്യുമെന്ററി ചിത്രങ്ങളുടെയും ആദ്യ മാതൃകകൾ കാണാം. ഫാക്ടറി വിട്ടുവരുന്ന തൊഴിലാളികളും സ്റ്റേഷനിലെത്തുന്ന തീവണ്ടിയും കാഴ്ചകളുടെ യഥാതഥ രേഖപ്പെടുത്തലുകളാണെങ്കിൽ 'പൂന്തോട്ടക്കാരൻ' കഥ പറച്ചിലിന്റെ സ്വഭാവം പ്രകടിപ്പിക്കുന്നു.

ഹ്രസ്വചിത്രങ്ങളിലൂടെയാണ് ലോകസിനിമയിലെ പ്രഖ്യാതപ്രതിഭകൾ പലരും രംഗത്തെത്തിയത്. അഭിനേതാക്കളായോ സംവിധായകരായോ സാങ്കേതിക പ്രവർത്തകരായോ. ഏറ്റവും വലിയ ഉദാഹരണം ചാർളിചാപ്ലിൻ തന്നെ. ചാപ്ലിൻ സിനിമാലോകത്തേക്ക് പ്രവേശിക്കുന്നത് 24-ാം വയസ്സിലാണ്. 'ദ കിഡ്, ആട്ടോ റേസസ് അറ്റ് വെനിസ്' എന്ന ഹ്രസ്വചിത്രത്തിലൂടെ പിൽക്കാലത്ത് പ്രസിദ്ധമായ ഊരുതെണ്ടി (Tramp) യുടെ വേഷം ചാപ്ലിൻ ആദ്യമണിയുന്നതും ഈ ചിത്രത്തിലാണ്.

ചാപ്ലിൻ, ലോറൽ ഹാർഡിമാർ എന്നിവരൊക്കെ ഹ്രസ്വസിനിമയുടെ വക്താക്കളായിരുന്ന കാലത്ത് ഹ്രസ്വസിനിമകൾക്ക് ദീർഘ ഫീച്ചർ ചിത്രങ്ങളെപ്പോലെത്തന്നെ വാണിജ്യമൂല്യമുണ്ടായിരുന്നു. യൂറോപ്യൻ തീയേറ്ററുകളിൽ ഇവ ആഹ്ലാദപൂർവം സ്വീകരിക്കപ്പെട്ടു. ചാപ്ലിനും ലോറൽ ഹാർഡിമാരും പിൽക്കാലത്ത് ദീർഘസിനിമകളുടെ വഴികൾ കണ്ടെത്തിയതോടെ ഹ്രസ്വസിനിമകളുടെ പ്രതാപം മങ്ങിത്തുടങ്ങി.

നിർമ്മാണക്കമ്പനികളും സ്റ്റുഡിയോകളും പുതിയ സാങ്കേതിക പരീക്ഷണങ്ങൾ നടത്തുന്നത് ചെറുചിത്രങ്ങളിലൂടെയാണ്. ആനിമേഷൻ, സൗണ്ട് ടെക്നോളജി തുടങ്ങിയ മേഖലകളിലെ വിപ്ലവകരങ്ങളായ തുടക്കങ്ങൾ എങ്ങനെ സ്വീകരിക്കപ്പെടും എന്നറിയുന്നത് ഹ്രസ്വചിത്ര പരീക്ഷണങ്ങളിലൂടെയാണ്.

സാങ്കേതികരംഗത്തെ നിത്യേനയെന്നോണമുള്ള വളർച്ച ഹ്രസ്വചിത്രങ്ങൾക്ക് പുതിയ സാധ്യതകൾ തുറന്നിടുന്നു. ഒരു ചെറുസിനിമയെടുക്കുകയെന്നത് ഇന്നത്തെ കാലത്ത് വലിയ സംഭവമല്ലാതായിരിക്കുന്നു. നിങ്ങൾക്ക് നിങ്ങളുടെ ഗ്രാമത്തിലിരുന്നുകൊണ്ട് ഒരു ഹ്രസ്വസിനിമ നിർമ്മിച്ചെടുക്കാവുന്നതേയുള്ളു. ആ ചിത്രം ലോകസമക്ഷം അവതരിപ്പിക്കാനുള്ള വിനിമയ ശൃംഖലയും കയ്യെത്താവുന്നത്ര അരികിലുണ്ട്. കാലം ഹ്രസ്വചിത്രങ്ങളുടെ വളർച്ചയ്ക്ക് അനുകൂലമാണ്. സിനിമ പഠിച്ചുവരുന്നവർ ഇപ്പോഴും അവരുടെ വരവറിയിക്കുന്നത് മിക്കപ്പോഴും ചെറിയ സിനിമകളിലൂടെയാണ്. ചെറിയ കാലം കൊണ്ട് ചെറിയ മുതൽമുടക്കുപയോഗിച്ച് തങ്ങളുടെ പ്രതിഭാമാനം വെളിപ്പെടുത്താൻ മിനുട്ടുകൾ ദൈർഘ്യമുള്ള ഒരു ചിത്രം കൊണ്ട് നവാഗതർക്ക് സാധിക്കുന്നു.

ലോകത്തിന് തിരക്കേറുകയാണ്. ഒരു മുഴുനീള ചിത്രം കാണാനുള്ള ക്ഷമ പുതുലോകത്തിന് കൈമോശപ്പെട്ടുകൊണ്ടിരിക്കുന്നു. അപ്പോഴും അർത്ഥവത്തായ കാഴ്ചകൾ അപ്രസക്തമാവുന്നുമില്ല. എങ്കിൽ പുതിയ കാലത്തെ നേരിടാനുള്ള ക്ഷമത ചെറുസിനിമകൾക്ക് തന്നെയാണ്.

ഹ്രസ്വചിത്രങ്ങളെ ഒരു വിഭാഗമായി കാണുമ്പോൾ അവയ്ക്ക് പൊതുവായ ചില സ്വഭാവങ്ങളുണ്ടെന്ന് കരുതുക സ്വാഭാവികം. ചെറുസിനിമകളുടെ പൊതുസ്വഭാവങ്ങൾ നിർവചിക്കാനുള്ള ശ്രമങ്ങൾ പാളിപ്പോവുകയാണ് ചെയ്യുന്നത്. ദൈർഘ്യത്തെക്കുറിച്ച് പോലും ഒരു പൊതുധാരണ ഇതുവരെ രൂപപ്പെട്ടിട്ടില്ല. 'ഹ്രസ്വസിനിമകളെന്നാൽ ദൈർഘ്യം കുറഞ്ഞ സിനിമ' എന്ന അപര്യാപ്തമായ ഒരു നിർവചനം ഇപ്പോഴും നിലനിൽക്കുന്നു. അമേരിക്കയിലെ അക്കാദമി ഒഫ് മോഷൻ പിക്ചർ ആർട്സ് ആന്റ് സയൻസസ് ഹ്രസ്വചിത്രങ്ങളെ 40 മിനുട്ടിൽ താഴെ ദൈർഘ്യമുള്ള ചിത്രങ്ങളെന്ന് നിർവചിച്ചിരിക്കുന്നു. ബ്രിട്ടീഷ് അക്കാദമി ഓഫ് ഫിലിം 30 മിനുട്ടിൽ താഴെ മാത്രമാണ് ഹ്രസ്വചിത്രങ്ങൾക്ക് നിശ്ചയിച്ച ദൈർഘ്യം.

നിർവചനങ്ങളും പൊതുസ്വഭാവ നിർദേശങ്ങളും പരാജയപ്പെടുമ്പോഴും ഹ്രസ്വസിനിമകൾ അവയുടേതായ സവിശേഷമണ്ഡലം സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. വൈവിധ്യമാണ് ഒരു സവിശേഷ വിഭാഗമെന്ന നിലയിൽ ഹ്രസ്വസിനിമയെ കൂടുതൽ പ്രസക്തമാക്കുന്നത്. സ്റ്റേഷനിലെത്തുന്ന തീവണ്ടിയുടെ നേർക്കാഴ്ചയിൽ തുടങ്ങി സാധ്യതകളുടെ നൂറായിരം വഴികൾ കണ്ടെത്താനുള്ള ശ്രമങ്ങൾ ചെറുചട്ടക്കൂട്ടിൽ നടന്നുകൊണ്ടിരിക്കുന്നു.

*(ഹയർ സെക്കന്ററി ടീച്ചർടെക്സ്റ്റ് - മലയാളം)*

**ഷോട്ട് ഫിലിം പ്രദർശനത്തിനായി തിരഞ്ഞെടുക്കാവുന്ന സിനിമകൾ (യൂ ട്യൂബിൽ ലഭ്യമാണ്).**

- Camera
- Meals ready
- Fireflies
- Red balloon
- My shoes
- The other pair
- Charlie Chaplin's short films
- ഇമ്മിണി ബല്യരൊരാൾ
- മഞ്ഞാന
- മാതള നാരങ്ങ
- ഒരു മനുഷ്യൻ
- കേൾക്കുന്നുണ്ടോ?
-
-

ഫീച്ചർ ഫിലിമിനായി തിരഞ്ഞെടുക്കാവുന്ന സിനിമകൾ

- Children of heaven
- Colour of paradise

- Fly away home
- Little red flowers
- An incident at owl creek bridge
- Hachico
- Home alone
- The white balloon
- ഒറ്റാൽ
- 101 ചോദ്യങ്ങൾ

**പ്രവർത്തനം**

*സിനിമാ പ്രദർശനത്തിനുശേഷം ഒരു ഹ്രസ്വ ചിത്രം എങ്ങനെ നിർമ്മിക്കാം എന്ന ഭാഗം ചർച്ച ചെയ്ത് മൊബൈലിൽ ലഘു സിനിമകൾ നിർമ്മിച്ച് അവ തരിപ്പിക്കാം.*

# നമുക്കും ഒരു ഹ്രസ്വചിത്രം നിർമിക്കാം

## ഒന്ന്

ആദ്യം ഒരു വിഷയം കണ്ടെത്തുക. നന്നായി പഠിക്കുക. തുടർന്ന് വ്യക്തികളുമായുള്ള സംഭാഷണം, വിവരശേഖരണം, നേരിട്ടുള്ള പത്രവാർത്ത, പുസ്തകങ്ങൾ എന്നിവയിലൂടെ വിഷയത്തിൽ ആഴത്തിൽ ധാരണ നേടണം. വിഷയപഠനം ആഴത്തിൽ നടക്കുമ്പോൾ തന്നെ എപ്രകാരം കഥപറയണം. ഏതെല്ലാം കഥാപാത്രങ്ങൾ എവിടെയെല്ലാം കടന്നുവരണം എന്നൊക്കെ ധാരണകൾ ഉണ്ടാകും. എന്നാൽ ഇവയിലൊക്കെ മാറ്റം വരാം. അങ്ങനെ വിഷയപരിണാമത്തിലൂടെ വിഷയം കൈകളിൽ ഒതുക്കുകയും തുടർന്ന് തിരക്കഥ രചനയിലേക്ക് കടക്കുകയും ചെയ്യണം.

## രണ്ട്

തിരക്കഥയുടെ ഘട്ടത്തിൽ കഥപറയുന്ന രീതി, ശേഖരിച്ച വിവരങ്ങളിൽ ഏതൊക്കെ ഉപയോഗിക്കണം. ഒഴിവാക്കണം. കഥ എവിടെ നിന്ന് തുടങ്ങണം. അവസാനിപ്പിക്കണം. എന്നതൊക്കെ ചിന്തിച്ച് ഉറപ്പിച്ചശേഷം എഴുതി തുടങ്ങണം. എഴുതുമ്പോൾ തീരുമാനിച്ചതിൽ നിന്ന് പുറത്ത് പോകേണ്ടിവരും. അത് സാധാരണമാണ്. ആ പ്രശ്നം തുടർന്ന് എഴുത്തിലും ചിന്തയിലും പരിഹരിക്കപ്പെടും.

കഥ എഴുതുന്നപോലെയല്ല തിരക്കഥ എഴുതേണ്ടത്. ദൃശ്യങ്ങൾ കാണുന്നതുപോലെയാണ്. ഇതിനെ വിഷ്വൽ സ്റ്റോറി എന്നു പറയും. ഒരു ഉദാഹരണം പരിശോധിക്കാം.

**സീൻ – 1**

ടൈറ്റിൽസ് അവസാനിക്കുമ്പോൾ നാം മണലൂർ എന്നെഴുതിയ ഗ്രാമത്തിന്റെ ബോർഡ് കാണുന്നു. അതിന്റെ ചുവട്ടിൽ കുത്തിയിരിക്കുന്ന മുഷിഞ്ഞ വസ്ത്രം ധരിച്ച ഒരു മധ്യവയസ്ക്കൻ

അയാളുടെ കാഴ്ചപ്പാടിൽ ഗ്രാമത്തിന്റെ ദൂരദൃശ്യങ്ങൾ. നാം വീണ്ടും ബോർഡിന്റെ ചുവട്ടിലെ മധ്യവയസ്ക്കനെ കാണുന്നു.

അയാളുടെ ദൂരേക്കുള്ള നോട്ടം

പശ്ചാത്തല ശബ്ദം : ഒരാൾ ഇവിടെ ഈ ബോർഡിനു താഴെ കാവൽക്കാരനായി ഇരിക്കുന്നു. അയാൾക്ക് ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്.

മധ്യവയസ്ക്കന്റെ മുഖം

അയാൾ സംസാരിക്കുന്നു. അഞ്ചുവർഷം മുമ്പ് ഞാൻ ഇവിടേക്കു വരുമ്പോൾ ഈ പുഴയും വൃക്ഷങ്ങളും ചെടികളും ഇവിടുത്തെ വായുവും മനുഷ്യരും മറ്റു ജീവജാലങ്ങളും വളരെ സന്തുഷ്ടമായിരുന്നു.

വീണ്ടും പുഴയുടെ, മരങ്ങളുടെ, ചെടികളുടെ. ദൃശ്യങ്ങൾ

(തിരക്കഥ തുടരുന്നു)

## മൂന്ന്

തിരക്കഥ പൂർത്തിയായാൽ ചിത്രീകരണത്തിലേക്ക് കടക്കാം. ഒന്നോ രണ്ടോ പേർ ചേർന്ന് തീർക്കാവുന്ന ജോലിയല്ല സിനിമാ നിർമാണം. അതുകൊണ്ട് തന്നെ നിർമാണത്തിലെ വിവിധ ഘട്ടങ്ങളിൽ സഹായിക്കുന്നതിനും ക്രിയാത്മകമായി പ്രവർത്തിക്കുന്നതിനും അംഗങ്ങളെ ചുമ

തലാവിഭജനം നടത്തി ജോലികൾ ഏൽപ്പിക്കണം. ക്യാമറ, വസ്ത്രാലങ്കാരം മേക്കപ്പ്, സംവിധാന സഹായം, ഗതാഗതം, ഭക്ഷണം, സാമ്പത്തിക മേൽനോട്ടം തുടങ്ങി എല്ലാ മേഖലയിലും അംഗങ്ങളെ യഥോചിതം വിന്യസിക്കണം. ഇപ്രകാരം ചെയ്താൽ നിർമാണ പ്രക്രിയയുടെ വശങ്ങൾ കൃത്യമായി മനസ്സിലാക്കാനും അനായാസം ചെയ്തു തീർക്കാനും സാധിക്കും. തുടർന്ന് തിരക്കഥ, ക്യാമറ, ശബ്ദ ലേഖന സംവിധാനങ്ങൾ, കഥയിൽ ആവശ്യമുള്ള മറ്റ് സാമഗ്രികൾ എന്നിവയെല്ലാം സമയ ബന്ധിതമായി ഏകോപിപ്പിച്ച് ചിത്രീകരണം നടത്തേണ്ടുന്ന സ്ഥലത്തു ചെന്ന് ചിത്രീകരണം പൂർത്തിയാക്കാം. കഥ ആവശ്യപ്പെടുന്ന പശ്ചാത്തലം വരുന്ന സ്ഥലങ്ങൾ, സാഹചര്യങ്ങൾ എന്നിവ പ്രവർത്തകർ മുൻകൂട്ടി കണ്ടെത്തിയിരിക്കണം.

തിരക്കഥയുടെ വളർച്ചയ്ക്ക് അനുസരിച്ച് ചിത്രീകരണം നടത്തുക സാധ്യമല്ല. സാമഗ്രികളുടെയും ആളുകളുടെയും ലഭ്യത അനുസരിച്ച് ചിത്രീകരണം ആസൂത്രണം ചെയ്യണം. കാരണം ഒത്തിരി സാഹചര്യങ്ങളുടെയും ആളുകളുടേയും സേവനം. ചിത്രീകരണം നടക്കുന്ന ദിവസം ഒരു സ്ഥലത്ത് ലഭ്യമാക്കേണ്ടിവരുന്നതിനാൽ ദിവസങ്ങൾ കുറക്കുന്നതാണ് അഭികാമ്യം. നിർമാണത്തിന്റെ ചെലവ് ഇതുവഴി കുറയ്ക്കാൻ സാധിക്കും. പരമാവധി പ്രാദേശികമായും വ്യക്തിഗതമായും സംഘടിപ്പിക്കാൻ കഴിയുന്ന ഘടകങ്ങളെ നിർമാണത്തിൽ പ്രയോജനപ്പെടുത്തണം. സ്വന്തം വസ്ത്രവും വീട്ടിലെ ഭക്ഷണവും യാത്രയ്ക്ക് കെ.എസ്. ആർ.ടി.സി. ബസും എല്ലാം ഇതിന് ഉദാഹരണമാണ്. ചിത്രീകരണം ആരംഭിച്ചു കഴിഞ്ഞാൽ സംവിധായകനാണ് ടീമിന്റെ നായകൻ. അയാളുകട ക്രിയാത്മകമായ എല്ലാ അഭിപ്രായങ്ങളും യൂണിറ്റ് അംഗങ്ങൾ പാലിക്കണം. ദൃശ്യങ്ങളുടെ മികവിനുവേണ്ടിയുള്ള ആവർത്തന ചിത്രീകരണം ക്യാമറയുടെ സ്ഥാനം. സംഭാഷണങ്ങളുടെ അവതരണം. പശ്ചാത്തല സൗകര്യം. ഷൂട്ടിങ്ങ് സമയക്രമം ഇവയെല്ലാം സംവിധായകന് തീരുമാനിക്കാം.

അഞ്ച് മിനിറ്റ് സിനിമയാണ് നമ്മൾ ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നതെങ്കിൽ ആ സമയത്തിലധികം ചിത്രീകരണം നടക്കണം. എന്നാലെ എഡിറ്റിങ്ങ് കഴിയുമ്പോൾ നമുക്ക് ആവശ്യമുള്ള രൂപത്തിൽ ദൃശ്യങ്ങളെ ഒരുക്കാൻ കഴിയൂ. ഇപ്രകാരം ചിത്രീകരിച്ച ദൃശ്യങ്ങളെ റഷസ് എന്ന് പറയുന്നു. അത് എഡിറ്റർ വെട്ടിയൊതുക്കി റഫ് കട്ട് ഉണ്ടാക്കുന്നു.

## നാല്

ചിത്രീകരണത്തിൽ ക്യാമറ പ്രധാന പങ്കുവഹിക്കുന്ന ഒന്നാണ്. എന്നാൽ ക്യാമറ അത്ര അലഭ്യമായ ഒരു സംഗതി അല്ല ഇന്ന്. മൊബൈൽ ക്യാമറകൾ പോലും മികച്ച ഗുണനിലവാരം തരുന്നവയാണ്. മാത്രമല്ല എൻട്രി ലെവൽ ഡി.എസ്.എൽ.ആർ. ക്യാമറകൾ ചിത്രീകരണത്തിന് അനായാസം ലഭ്യമാക്കാൻ ഇന്നത്തെ സാഹചര്യത്തിൽ കഴിയും. ഒപ്പം ക്യാമറ സ്റ്റാന്റ് ആയി ഉപയോഗിക്കുന്ന ട്രൈപ്പോഡ്. മോണോപ്പോഡ് സെൽഫി സ്റ്റിക്ക് ഇവയെല്ലാം പങ്കാളികളുടേയോ കൂട്ടുകാരുടേയോ നമുക്ക് പ്രയോജനപ്പെടുത്താം. നിർമാണ ചെലവ് പകുതിയിലും താഴെ അതുവഴി കുറയ്ക്കാം. ഇനി പങ്കാളികൾക്ക് ആർക്കും ക്യാമറ പ്രവർത്തിപ്പിക്കാൻ അറിയില്ലെങ്കിൽ പോലും ഒരിക്കലും നിർമാണം ഉപേക്ഷിക്കരുത്. കാരണം നാട്ടിലെ വിവാഹചടങ്ങുകൾ ചിത്രീകരിക്കുന്ന സ്റ്റുഡിയോക്കാർ നമ്മളെ സഹായിക്കും. അതു നമ്മുടെ ഉദ്ദേശ്യശുദ്ധി മനസ്സിലാക്കി കുറഞ്ഞ വേതനത്തിലും വാടകയിലും തരും.

ചിത്രീകരണത്തിനൊപ്പം ശ്രദ്ധിക്കേണ്ട ഒന്നാണ് ശബ്ദലേഖനം. നിസ്സാര വിലയിലും വാടകയിലും ലഭ്യമാക്കുന്ന കോളർ മൈക്കുകൾ ഉപയോഗിച്ചാൽ ദൃശ്യങ്ങളോടൊപ്പം ശബ്ദങ്ങളും ശേഖരിച്ചെടുക്കാം. ഗുണനിലവാരം അൽപ്പം കുറയുമെങ്കിലും നമ്മുടെ വലിയ ലക്ഷ്യവും ആഗ്രഹവും അതിനെ സാധൂകരിക്കും.

## അഞ്ച്

തിരക്കഥയിലൂടെ നമ്മുടെ കൈയിലെത്തുന്നത് സീനുകളിലൂടെ വികസിക്കുന്ന ഒരു കഥയാണ്. ഈ തിരക്കഥ ഉപയോഗിച്ച് അനായാസം ചിത്രീകരണം നടത്താൻ സാധ്യമല്ല. അതുകൊണ്ടുതന്നെ തിരക്കഥയെ നമ്മൾ ഷൂട്ടിങ്ങ് സ്ക്രിപ്റ്റാക്കി മാറ്റണം. ഒരു ഉദാഹരണം നോക്കാം.

സീൻ - 1

പകൽ/രാത്രി

(പകൽ ഔട്ട്ഡോർ)

ടൈറ്റിൽസ്

ഷോട്ട് 1 ക്ലോസ് ഷോട്ട് (CS)

മണലൂർ എന്ന ബോർഡിന്റെ സമീപദൃശ്യം

2 ലോങ്ങ് ഷോട്ട് (LS)

മുഷിഞ്ഞ വസ്ത്രം ധരിച്ച മധ്യവയസ്കൻ ഇരിക്കുന്നു.

3 മീഡിയം ഷോട്ട് (MS)

മധ്യവയസ്കന്റെ മുഖം

4 ലോങ്ങ് ഷോട്ട് (LS)

ഗ്രാമത്തിന്റെ വിദൂര ദൃശ്യം. പുഴയടക്കം.

4. a - മീഡിയം ഷോട്ട് (LS)

ഒഴുകുന്ന പുഴ

5 ക്ലോസ് ഷോട്ട് (CS)

പൂക്കൾ

6 മീഡിയം ഷോട്ട് (MS)

ഇലച്ചാർത്തുകൾ

കമന്ററി : ഇത് മണലൂർ ഗ്രാമം

7 MS, LS, CS - മനോഹര ഗ്രാമ ദൃശ്യങ്ങൾ
Cut to

8 MS

ബോർഡിന്റെ ചുവട്ടിലെ മദ്ധ്യവയസ്കൻ. അയാൾ സംസാരിക്കുന്നു.

ശബ്ദം : അഞ്ച് വർഷം മുമ്പ് ഞാനിവിടേക്കു വരുമ്പോൾ ഈ പുഴയും വൃക്ഷങ്ങളും ചെടികളും ഇവിടുത്തെ വായുവും മനുഷ്യരും മറ്റു ജീവജാലങ്ങളും വളരെ സന്തുഷ്ടരായിരുന്നു. (ഈ രീതിയിൽ സ്ക്രിപ്റ്റ് പൂർത്തിയാക്കുക)

ഇത്തരം ഷൂട്ടിങ്ങ് സ്ക്രിപ്റ്റ് അനുസരിച്ച് ചിത്രീകരണം പൂർത്തിയാക്കണം. ഇതുവരെ പറഞ്ഞ കാര്യങ്ങൾ ഒറ്റ നോട്ടത്തിൽ ആവർത്തിച്ചാൽ ഇപ്രകാരം പറയാം. ഒരു വിഷയം തീരുമാനിക്കുന്നു. അത് പഠിക്കുന്നു. ശേഖരിച്ച വിവരങ്ങൾക്ക് വച്ച് സ്ക്രിപ്റ്റ് തയാറാക്കുന്നു. ക്യാമറ സംഘ

ടിപ്പിക്കുന്നു. ശബ്ദലേഖനത്തിന് കോളർ മൈക്ക് ഏർപ്പാടാക്കുന്നു. ക്യാമറാമാനും മറ്റു പ്രവർത്ത കരുമായി ഷൂട്ടിങ്ങ് സ്ഥലത്തേക്ക് പോകുന്നു. മുൻകൂട്ടി തയാറാക്കിയ പ്ലാനനുസരിച്ച് ഓരോ സ്ഥലത്ത് തിരക്കഥാഭാഗം ഷൂട്ട് ചെയ്യുന്നു. ചിലതൊക്കെ സ്വാഭാവികമായി കിട്ടും. എന്നാൽ ചിലത് നാം നിർബന്ധമായും ഉണ്ടാക്കേണ്ടിവരും. അത് കൃത്രിമമാണെന്ന് നിങ്ങൾക്ക് തോന്നാം. എന്നാൽ ഷൂട്ട് ചെയ്തശേഷം മോണിട്ടറിൽ കാണുമ്പോൾ അത് സ്വാഭാവികമായിരിക്കും. ഒരാൾ ചിരിക്കുന്നത് വേണ്ടതെങ്കിൽ അയാളെ പല രീതിയിൽ ചിരിപ്പിച്ച് അനുയോജ്യമായത് എഡി റ്റിങ്ങ് സമയത്ത് ചേർക്കാം. ഇതാണ് രീതി.

## ആറ്

സ്ക്രിപ്റ്റ് അനുസരിച്ച് ആവശ്യമുള്ളതെല്ലാം ചിത്രീകരിച്ചു കഴിഞ്ഞു. സാധാരണ ഒരു മെമ്മറി കാർഡിൽ സൂക്ഷിക്കാവുന്നതേ കാണൂ. നമ്മുടെ അധ്വാനവും സ്വപ്നവും ഇനിയാണ് ആ സ്വ പ്നങ്ങൾക്ക് ചിറകുമുളയ്ക്കേണ്ടത്. അത് നടക്കുന്നത് എഡിറ്ററുടെ ടേബിളിലാണ്. സിനിമാ സ്വപ്നങ്ങളിലേക്ക് ചിറകടിച്ചുയരുന്ന നമുക്ക് നാട്ടിലെ പരിചിതനായ സ്റ്റുഡിയോക്കാരനെത്തന്നെ സമീപിക്കാം. നമ്മുടെ ചിത്രം എഡിറ്റ് ചെയ്യാൻ എഡിറ്റർ മണിക്കൂർ കണക്കിനാണ് സ്റ്റുഡിയോ വാടകയും കൂലിയും വാങ്ങുന്നത്. എന്നാൽ നമ്മുടെ സുഹൃത്ത് അവിടെയും നമ്മളെ സഹാ യിക്കും എന്ന് തന്നെ കരുതാം.

ഒന്നോ രണ്ടോ മണിക്കൂറുകൊണ്ടുതന്നെ ചിത്രത്തിന്റെ ആദ്യ രൂപം നമുക്ക് പൂർവ്വാപരബന്ധ ത്തോടെ കാണാനാകും. ഇനി വേണ്ടിവരുന്നത് കഥാപാത്രങ്ങളുടെയും പശ്ചാത്തലങ്ങളുടെയും ശബ്ദമാണ്. നമ്മുടെ അഭിനേതാക്കളെ തന്നെ ശബ്ദലേഖനത്തിനായി ആശ്രയിക്കാം. ആദ്യ മായി ക്യാമറയെ അഭിമുഖീകരിച്ചവർ തന്നെ ആദ്യമായി റിക്കോർഡിങ്ങ് കൺസോളിലൂടെ കയറട്ടെ. റിക്കോർഡിങ്ങും എഡിറ്റിങ്ങും കുറഞ്ഞ ചിലവിൽ പ്രാദേശികമായി ചെയ്യാവുന്നതാ ണ്.

തുടർന്ന് ആലേഖനം ചെയ്ത ശബ്ദം ചിത്രത്തിന്റെ ടൈറ്റിൽസ്, പ്രത്യേക ശബ്ദങ്ങൾ, ദൃശ്യ ക്രമീകരണങ്ങൾ, ഇഫക്റ്റുകൾ എന്നിവ ചേർത്ത് എഡിറ്റർ ചിത്രത്തിന്റെ അവസാന പകർപ്പ് നമുക്ക് തരും.

നമ്മുടെ സിനിമ ഇവിടെ പൂർത്തിയാവുന്നു കുന്നോളം മോഹവും തീവ്രമായ ആവേശവും ചേർത്തിണക്കിയ നമ്മുടെ സിനിമാസ്വപ്നമാണ് ഇവിടെ പൂവണിഞ്ഞിരിക്കുന്നത്.

ഇതിന്റെ അടിസ്ഥാനത്തിൽ ക്യാമറ ഉപയോഗിച്ചോ മൊബൈൽ ഉപയോഗിച്ചോ നമുക്ക് 5/10 മിനുട്ടിൽ ഒരു സിനിമ നിർമ്മിക്കാം.

കടപ്പാട്: (യു.പി. മലയാളം പരിശീലനത്തിൽ ഉപയോഗിച്ചത്)

**പ്രവർത്തനങ്ങൾ**

- *കഥയും തിരക്കഥയും തമ്മിലുള്ള ബന്ധം തിരിച്ചറിഞ്ഞ് തിരക്കഥാ രചന യിൽ ഏർപ്പെടുക. (ഉദാ: തകഴിയുടെ വെള്ളപ്പൊക്കത്തിൽ എന്ന കഥയുടെ തിരക്കഥ തയാറാക്കൽ)*
- *തിരക്കഥാ രചനാ ശില്പശാലകൾ സംഘടിപ്പിക്കുക.*
- *സിനിമാ ഗാനങ്ങളുടെ വരികളും അവയുടെ രംഗചിത്രീകരണവും താരതമ്യം ചെയ്യുക. സിനിമാഗാന രചനയുടെ സവിശേഷതകൾ കണ്ടെത്തുക.*
- *വയലാർ, ശ്രീകുമാരൻതമ്പി, ഒ.എൻ.വി ഗിരീഷ് പുത്തഞ്ചേരി, പി. ഭാസ്ക രൻ തുടങ്ങിയവരുടെ വരികൾ പരിശോധിച്ച് കാവ്യഭംഗി കണ്ടെത്തുക.*

## സഹായക ഗ്രന്ഥങ്ങൾ


- ചിത്രശാല - വിജയകൃഷ്ണൻ, ചലച്ചിത്രഭാഷ പുറം 201 - 205 (ചിന്ത പബ്ലിക്കേഷൻ)
- തിരക്കഥ സിനിമയുടെ ബ്ലൂ പ്രിന്റ് - അരവിന്ദൻ വല്ലച്ചിറ, തിരക്കഥ രചനയും സിദ്ധാന്തവും - പുറം - 107 (എൻ.ബി.എസ്)
- സിനിമ ഇന്ന് ഇന്നലെ - പ്രൊ. വി. സുന്ദരേശൻ മലയാള സിനിമ ഒറ്റ നോട്ടത്തിൽ പുറം 40 - 45 (പ്രഭാത് ബുക്സ്)
- സിനിമ കണക്കും കവിതയും - ശ്രീകുമാരൻ തമ്പി, ശബ്ദത്തിന്റെ വരവ് പുറം - 62 (എൻ. ബി.എസ്)
- നമുക്കും സിനിമ എടുക്കാം - പി.കെ.ഭരതൻ. (ഗ്രീൻ ബുക്സ്)
- സിനിമയും മലയാളിയുടെ ജീവിതവും - ജി.പി. രാമചന്ദ്രൻ ചലച്ചിത്രഗാന സംസ്കാരം പുറം - 41 (എൻ.ബി.എസ്)
- ഒരു സിനിമ എങ്ങനെ ഉണ്ടാകുന്നു - കെ.കെ. ചന്ദ്രൻ സിനിമയും ടെലിവിഷനും പുറം - 85 (ചിന്ത പബ്ലിക്കേഷൻ)
- ചലച്ചിത്രത്തിന്റെ പൊരുൾ - വിജയകൃഷ്ണൻ തിരക്കഥയും സംവിധായകനും പുറം - 15 (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)
- കയ്യൊപ്പുകൾ - ഇ.എം. അഷ്റഫ് - മലയാള സിനിമയുടെ ചരിത്രം - (കൈരളി ബുക്സ്)


ഏതാനും പുസ്തകങ്ങൾ വായിച്ച് സെമിനാർ/ചർച്ച നടത്തുന്നതിനുള്ള വിവരങ്ങൾ ശേഖരിക്കാം.

### അനുബന്ധം 1

### നിർമ്മാല്യം

അക്കരെക്കാവിലെ ചെറിയൊരമ്പലത്തിൽ ഒരു ചെറിയ പൂജ നടക്കുകയാണ്. പശ്ചാത്തലത്തിലെ ശബ്ദങ്ങളിൽ നിന്ന് ഇത് വ്യക്തമാണ്.

ഇരുണ്ട ശ്രീകോവിലിൽ ഒരു കൈ വിളക്ക് തെളിയുന്നു.

കാളീവിഗ്രഹം. ഇപ്പോൾ നമുക്ക് കാണാം.

കൂടുതൽ വെളിച്ചം.

ഇന്നലെ ചാർത്തിയ മാലകൾ പൂജാരി എടുത്തു മാറ്റുന്നു.

താഴെയുള്ള കരിങ്കല്ലിൽ വാടിയ മാലകൾ.

നിർമ്മാല്യം....

വിഗ്രഹം വെള്ളം തളിച്ച് കഴുകുന്നു.

പുതിയ മാലകൾ ചാർത്തുന്നു. ദുർഗ്ഗാസ്തവം ഇപ്പോൾ വ്യക്തമായി കേൾക്കാം.

തലയോടുകൾ കൊരുത്ത മാല ധരിച്ച ദേവി.

ദാരികന്റെ ചോര വാരുന്ന ശിരസ്സ്

സൃഷ്ടിക്കാനും സംഹരിക്കാനും കഴിവുള്ള ശൂലം.

സുന്ദരിയായ ദുർഗ്ഗ. പ്രതികാരമൂർത്തിയായ ദുർഗ്ഗ.

കാളിയുടെ വിവിധ രൂപങ്ങൾ

എട്ടുപത്താളുകൾ മാത്രം പൂജയ്ക്ക്

**സീൻ – 1**

രാത്രി

ചിലമ്പിന്റെയും അരമണിയുടെയും ഒച്ച.

'ഹിയ്യേ' എന്ന അലർച്ച.

വെളിച്ചപ്പാട്.

വെളിച്ചപ്പാടിന്റെ പ്രകടനത്തിന്റെ അസാനഘട്ടമാണ്.

അയാളുടെ സവിശേഷശൈലിയിലുള്ള  കല്പന.

'തട്ടകം വിട്ടുപോവുമ്പോൾ മുമ്പിലും പിമ്പിലും നടന്ന് കാത്തുരക്ഷിക്കാൻ അമ്മയുണ്ടെന്നു കരുതിക്കോളും മക്കളേ!'

ഹൂ..... ഹൂ...

നല്ലച്ഛന്റെ പാദത്താണേ.... ഹൂ.... ഹൂ...

കല്പന കേൾക്കാൻ കാത്തുനില്ക്കുന്ന ഭക്തജനങ്ങൾ.

കൂട്ടത്തിൽ... വൃദ്ധനായ വാരിയർ കഥകളിക്കാരൻ, അന്ന് പൂജ നടത്തുന്ന ആൾ....

പശ്ചാത്തലത്തിലെവിടെയോ അവ്യക്തമായി വെളിച്ചപ്പാടിന്റെ മകൾ. വാൾ തലയിൽ വച്ച് ചിലമ്പ് കൊണ്ട് മേടാൻ തുടങ്ങുമ്പോൾ വെളിച്ചപ്പാടിനെ പരികർമ്മി പിടിക്കുന്നു. "ഹിയ്യേ... എന്ന  വിളിയോടെ കലിയടങ്ങുന്നു.

പരികർമ്മി വാൾ ഏറ്റുവാങ്ങുന്നു.

വെളിച്ചപ്പാട് ശ്രീകോവിലിന്റെ മുന്നിൽ നമസ്കരിക്കുന്നതുപോലെ വീഴുന്നു.

**സീൻ – 2**

അമ്മയുടെ ശ്രീകോവിലിന്റെ വാതിൽ. മദ്ധ്യവയസ്കനായ അസംതൃപ്തമായ മുഖഭാവമുള്ള പൂജാരി നമ്പൂതിരി ശ്രീകോവിലിന്റെ വാതിൽ ആവശ്യത്തിലേറെ ഒച്ചയിലടയ്ക്കുന്നു. തൂക്കു വിളക്കുമായി താഴെയിറങ്ങുന്നു. മറ്റേ കൈയിൽ കിണ്ടിയിൽ വെള്ളം. അയാൾ നമസ്കാരമണ്ഡപം കടന്ന് കിണ്ടിയും വിളക്കും താഴെവച്ച് നില്കെ, അന്നു പൂജ നടത്തിച്ച ആൾ (കാഴ്ചയ്ക്ക് ഒരു പുതുപണക്കാരൻ) അടുത്തു വരുന്നു.

അയാൾ : ഒക്കെ നന്നായി, കല്പനേം നന്നായി

നമ്പൂതിരി : (അസംതൃപ്തിയോടെ) ഉം....

അയാൾ : വെളക്കുമ്മാലയ്ക്ക് എന്താന്നാ പറഞ്ഞത്?

നമ്പൂതിരി : വഴിപാടിന് ഇരുപത്തൊന്ന് പിന്നേക്കെ ഓരോരുത്തരുടെ സൗകര്യം.

അയാൾ മടിയിൽ നിന്ന് അഞ്ചും ഒറ്റയും ഉറുപ്പികകൾ എണ്ണി കണക്കാക്കുന്നു. ഇരുപത്തൊന്നിലെത്തി നിർത്തിയത് നമ്പൂതിരി ശ്രദ്ധിക്കുന്നു. നമ്പൂതിരിയുടെ മുഖത്ത് പ്രകടമായ അസംതൃപ്തി.

അയാൾ : (കാശു നീട്ടി ദാ, ഓവുപാലം കരാറ് കിട്ട്യാൽ കഴിക്കാംന്ന് നേർന്നതാ ബില്ല് പാസ്സായി.

നമ്പൂതിരി അത് ശ്രദ്ധിക്കാതെ കാശും വാങ്ങി വലത്തോട്ട്, വാരിയരും വെളിച്ചപ്പാടും നില്ക്കുന്നിടത്തേക്ക് പതുക്കെ നീങ്ങുന്നു.

**സീൻ – 3**

ചാരിവച്ച വാൾ, അതിനരികെ ചിലമ്പും അരമണിയും വെളിച്ചപ്പാട് കൽതൂണ് ചാരിയിരുന്ന് പട്ടുകൊണ്ട് വീശുകയാണ്.

ഇലക്കുമ്പിളിൽ നിന്ന് മഞ്ഞൾപ്പൊടിയെടുത്ത് തലയിൽ ഇടുകയാണ് പിന്നിൽ മുട്ടുകുത്തിയിരിക്കുന്ന മകൾ.

അമ്പലകത്തിനകത്ത് വെളിച്ചം കുറവാണ്. വാരിയരുടെ കൈവിളക്കുമാത്രമാണ് അവർ ഇരിക്കുന്ന സ്ഥലത്ത്. അതുകൊണ്ട് അവ്യക്തമായിട്ടാണ് മങ്ങിയ ഇരുട്ടിൽ മകളെ കാണുന്നത്.

നമ്പൂതിരി വിളക്കും കിണ്ടിയുമായി അവർ ഇരിക്കുന്നിടത്തു വന്ന് വിളക്ക് മുകളിൽ വച്ചു.

നമ്പൂതിരി മടിയിൽ നിന്ന് വെറ്റിലയും അടയ്ക്കയും എടുത്ത് മുറുക്കാൻ ആരംഭിക്കുകയാണ്. വാരിയർ കുറേക്കൂടി അടുത്തേക്കു വന്ന്.....

"മുറുക്കാൻ ഉണ്ടെങ്കിൽ ഇവിടീം ആവാം"

നമ്പൂതിരി : (വിരസതയോടെ) അടയ്ക്കല്യ

നമ്പൂതിരി മുറുക്കുന്നതിനിടയിൽ ആരോടെന്നില്ലാതെ

"മാരാര് പോയോ"

വാരിയർ : പോയിട്ടുണ്ടാവില്ല ചെണ്ട ഇവ്ട്ണ്ടല്ലോ.

ചെറുപ്പക്കാരൻ മാരാർ മറുവശത്തു നിന്നും വന്നു. കഴുത്തിൽ എവിടുന്നോ കിട്ടിയ ഒരു കീർത്തിമുദ്ര കോർത്ത ചങ്ങല. അയാൾ ചെണ്ടയെടുത്ത് ചുമലിലിട്ടു.

നമ്പൂതിരി മടിയിൽ നിന്ന് കാശെടുത്ത് എണ്ണി തിട്ടപ്പെടുത്തി അഞ്ചു റുപ്പികയെടുത്ത് നീട്ടുന്നു.

മാരാർ : (സംഖ്യ കണ്ട്) എന്താത്?

നമ്പൂതിരി മാരാരുടെ മുഖം കാണാതിരിക്കാൻ ശ്രദ്ധിക്കുന്നു.

"അട്യേന്തരം തന്നേള്ളൂ. കരാറുകാരനാന്നൊന്നും പറഞ്ഞോണ്ട് കാര്യല്ല. ഇരുപത്തൊന്നു റൂപ്യതന്നെ"

മാരാരുടെ മുഖത്തെ അരിശം പ്രകടമായിരുന്നു.

"അവിടെ വച്ചാ മതി അഞ്ചുറുപ്യയ്ക്കു കൊട്ടാൻ വല്ല പാണമ്മാരേം വിളിക്ക്യാ ഭേദം"

നമ്പൂതിരി : (വിഷമിച്ച്) വഴിപാട് മാത്രാവുമ്പോ ഞാനെന്താ ചെയ്യാ? എത്രയാൾക്കിത് പങ്കിടണം.

മാരാർ : അവിടെ വച്ചാ മതി. എന്നെ ടാക്സിക്കാറ് വിളിച്ചിട്ടാ ഉത്സവങ്ങൾക്ക് കൊണ്ടോണ്. അറിയ്യോ?

അയാൾ പ്രതിഷേധത്തോടെ പോകുന്നു. നമ്പൂതിരി അസ്വസ്ഥനായി അതു നോക്കി നില്ക്കുന്നു.

**സീൻ - 4**

തലയിൽ മഞ്ഞൾപ്പൊടിയമർത്തി താഴെയിറങ്ങിയ വെളിച്ചപ്പാട് നമ്പൂതിരിയുടെ അടുത്തുവന്ന്,

വെളിച്ചപ്പാട് : കിണ്ടീല് വെള്ളം ണ്ടോ തിരുമേനീ?

നമ്പൂതിരി മുറുക്കാൻ ചവച്ചുകൊണ്ട് മാരാർ പോയ വഴിയേ നോക്കി നില്ക്കെ, 'ഉണ്ട് എടുത്തോളൂ' എന്ന അർത്ഥത്തിൽ ആഗ്യം കാണിക്കുന്നു. വെളിച്ചപ്പാട് വെള്ളം കുടിക്കുന്നു.

നമ്പൂതിരി വീണ്ടും മടിയിൽ നിന്ന് കാശെണ്ണി കണക്കാക്കി വെളിച്ചപ്പാടിന് രണ്ടു റുപ്പിക നീട്ടുന്നു.

നമ്പൂതിരി : വഴിപാടിന് തുള്ള്യാൽ പണ്ട് കാലുറുപ്പ്യാണ്. ഉള്ളതോണ്ട് ഞാൻ പങ്കുവയ്ക്കാ. അഞ്ചുറുപ്യ പോരാന്ന് പറഞ്ഞ് എറങ്ങിപ്പോയ ആളെക്കണ്ടില്ല്യേ?

വെളിച്ചപ്പാട് : (കാശു വാങ്ങി) കണ്ടു

നമ്പൂതിരി : അപ്പോ ഒക്കെ ഒരുതരം വഴിപാട് മതി. തുള്ളാനും തലവെട്ടിപ്പൊളിക്കാനും നോക്കണ്ടാന്ന് ഞാൻ പറയാറില്ലേ?

വെളിച്ചപ്പാട് നിസ്സഹായനായി കേട്ടിരിക്കുന്നു. എതിർവശത്തെ തിരികൾ തെളിച്ചുകൊണ്ട് വാരിയർ വരുന്നു. 50 –55 വയസ്സ് – മറ്റൊരു ദൈന്യം പേറുന്ന കഥാപാത്രം

നമ്പൂതിരി : ദാ വന്നോളൂ, (രണ്ടുറുപ്പിക കൊടുക്കുന്നു)

വെളിച്ചപ്പാട് വേദനയോടെ മന്ദഹസിക്കുന്നു -

'ഹും നടയ്ക്കല് വന്ന് പള്ളിവാളെടുത്ത് - ആമുഖത്ത് നോക്യാ പിന്നൊക്കെ മറക്കും.'

നമ്പൂതിരിയുടെ മുഖത്ത് 'ഓ പിന്നെ' എന്ന പുച്ഛഭാവം.

വെളിച്ചപ്പാട് : (നെടുവീർപ്പിട്ട് നടക്കാനാരംഭിക്കുന്നു.) പോട്ടേ, ഇന്ന്യെന്നാണ് ഒരു വഴിപാട് വര്ണ്. (മകളോട്) വെളക്കില്ലേടീ....

പശ്ചാത്തലത്തിൽ മങ്ങിയ വെളിച്ചത്തിൽ നില്ക്കുന്ന അമ്മിണി. 'റാന്തലില് എണ്ണണ്ടായിരുന്നില്യ'

വാരിയർ : വരൂ, ഞാൻ ചൂട്ട് തരാം വഴ്യത്ര സുഖള്ളതല്ല.

നമ്പൂതിരി വീണ്ടും അസംതൃപ്തമായ ഭാവത്തോടെ മുറക്കാൻ ചവച്ച് നില്ക്കുന്നു. അവർ പോകാനാരംഭിച്ചത് കണ്ട് -

"വാരരേ!"

അവർ നില്ക്കുന്നു.

നമ്പൂതിരി ആലോചിച്ച് –

'ഉഷപൂജ കഴിഞ്ഞ് ഞാനൊന്ന് പോവ്വാണ്.'

വാരിയർ : എപ്പളാ മടക്കം?

നമ്പൂതിരി : മടങ്ങിണില്യ, പൂജയ്ക്ക് വേറെ ആളെ നോക്കിക്കോളൂ...

വാരിയർ : (വിഷമിച്ച്) ഈ നടേല് നിന്ന് കളി പറയരുത്.

നമ്പൂതിരി : കളിയല്ല. കാര്യം. ഒരു നിവേദ്യല്ല. പായസല്യ. ഓരോരുത്തരുടെ ദുർമുഖം കാണേം വേണം. വല്ല കൈക്കോട്ട് കിളയ്ക്കാനോ തേവാനോ പോയാൽ ഇതിലും ലഭ്യംണ്ട്.

വാരിയർ : പൂജ മുടങ്ങാണ്ടെ ഇതുവരെ പോയി –

നമ്പൂതിരി : (നടന്നുകൊണ്ട്) വല്യമ്പൂരിക്ക് വേണെങ്കിൽ വല്ലോരേം അയച്ചോട്ടെ. വെറ്റില വാങ്ങാൻ ഒര്ണ കിട്ടാത്ത ദിവസോണ്ട് ഹേ – (അവരുടെ അടുത്തെത്തിനിന്ന്) ഊരാളന് അമ്പലം വേണ്ടങ്കിപ്പിന്നെ നമ്മക്കാ?

വാരിയർ : (വിഷമിച്ച്) ഈ നടേല് നിന്ന് കളി പറയരുത്.

നമ്പൂതിരി ആദ്യം പടികടന്ന് പോകുന്നു. വാരിയരും വെളിച്ചപ്പാടും പിന്നിൽ, നിഴൽപോലെ അമ്മിണിയും.

**സീൻ – 5**

അമ്പലത്തിനു പുറത്ത്

വാരിയർ കൽവിളക്കിൽനിന്ന് ഒരു തിരിയെടുക്കുന്നു. തിരിയിൽ ഒരരിപ്പച്ചൂട്ട് കത്തിപ്പിടിക്കുന്നു.

**സീൻ – 6**

വലിയ വീടാണെങ്കിലും സാമ്പത്തിക പരാധീനതകൊണ്ട് ക്ഷയിച്ചതാണ് വാരിയം. കോലായിൽ 50–55 വയസ്സ് പ്രായം വരുന്ന വാരസ്യാരുണ്ട്.

വെളിച്ചപ്പാടിന്റെ കൈയിലാണ് ചൂട്ട്. പിന്നിൽ മകൾ അമ്മിണി. മുന്നിൽ വാരിയർ

വാരസ്യാർ : എന്താ മിറ്റത്ത് തന്നെ നിക്ക്ണ്? ങ്ട് കേറിനിന്നോളൂ അമ്മിണീ.

വെളിച്ചപ്പാടാണ് അതിനു മറുപടി പറയുന്നത്.

'നേരായി പോട്ടെ'

കത്തിപ്പടർന്ന ചൂട്ട് ഒന്നു വീശിയശേഷം വെളിച്ചപ്പാട്.

തമ്പ്രാന്റെ അടുത്ത് വാരര് പറയ്വല്ലേ നല്ലത്?

വാരിയർ : പറയാൻ എനിക്കു തീരെ മടീണ്ടായിട്ടല്ല. തീരെ നടന്നൂടാ വെളിച്ചപ്പാടേ. നാലടി വെയ്ക്കുമ്പള് കെതയ്ക്കും വല്യമ്പ്രാൻ ആരേലും അയയ്ക്കാണ്ടിരിക്കില്ല.

വാരസ്യാർ : അച്ഛനെങ്ങനുണ്ട് വെളിച്ചപ്പാടേ?

വെളിച്ചപ്പാട് : അങ്ങെന്നെ....

വാരസ്യാർ : നടപ്പ് ദീനം കഴിഞ്ഞ് നടന്ന ഗുരുതിക്കാ വല്യേ വെളിച്ചപ്പാട് അവസാനം വെളിച്ചപ്പെട്ടത്. എന്തൊരു ശൗര്യാരുന്നു. എനിക്കിപ്പഴും നല്ലോർമ്മയുണ്ട്.

വാരിയർ : വെളിച്ചപ്പാട് നടന്നോളൂ.. നമ്മടെയൊക്കെ കാലം കഴീന്നവരെ പൂജ മുട്ടാണ്ട് കഴീണമെന്നേ നിക്കുള്ളൂ.

വെളിച്ചപ്പാട് : ഹമ്മേ ഭഗവതീ!... വാ, അമ്മിണീ...

അമ്മിണിയും വെളിച്ചപ്പാടും ഇരുട്ടിലേക്ക് പുറത്തേക്ക്

**സീൻ – 7**

ഇരുട്ടുമൂടിയ ഇടവഴിയിലൂടെ മുന്നിൽ അച്ഛനും പിന്നിൽ മകളുമായി ചൂട്ടും മിന്നിച്ചു നടന്നു പോകുന്നു.

**സീൻ – 8**

യാത്രയ്ക്കിടയിൽ...

വെളിച്ചപ്പാട് : എഴജാതികള്ള സ്ഥലമാണ്. സൂക്ഷിച്ച് നടന്നോ – പിന്നെയും നടക്കുന്നു.

വെളിച്ചപ്പാട് : വെളക്കുമ്മാലെള്ളതാ, നേരം വൈകുംന്നറിയില്ലേ? അപ്പൂനെ അയച്ചാൽ മതിയായിരുന്നില്ലേ?

അമ്മിണി : ഏട്ടനെ കണ്ടില്ല. അപ്പോ അമ്മ എന്നോട് പോരാൻ പറഞ്ഞു. ചൂട്ടിന്റെ വെളിച്ചത്തിൽ വെളിച്ചപ്പാടിന്റെ മുഖത്ത് ചിന്ത നിഴലിക്കുന്നു.

വെളിച്ചപ്പാട് : (ആരോടെന്നില്ലാതെ) രാവിലെ പോയാൽ രാത്രിയാവുന്നതുവരെ എവിട്യാ ഈ ചെക്കൻ ചുറ്റിത്തിരീണ്?

തുടർച്ച

വെളിച്ചപ്പാടും മകളും ആൽത്തറയുടെ സമീപമെത്തുന്നു. ആൽത്തറയിൽ അചേതനമെന്ന് തോന്നുന്ന എന്തോ വസ്തു കിടപ്പുണ്ട്. അതിനു പെട്ടെന്ന് ജീവൻ വെച്ചതുപോലെ എഴുന്നേറ്റിരിക്കുന്നു. വികൃതമായ, പക്ഷേ ദൈന്യം കലർന്ന ഒരു ചിരി.

അമ്മിണി നടുങ്ങുന്നു.

വെളിച്ചപ്പാട് : പേടിക്കണ്ട അതാ പ്രാന്തൻ ഗോപാലാ

കടന്നുപോകുന്ന ചൂട്ടിന്റെ വെളിച്ചത്തിൽ ഗോപാലന്റെ മുഖം.

ഭ്രാന്തൻ : ഒരു ബീഡി തര്വോ?

വെളിച്ചപ്പാട് : ഇല്ലല്ലോ ഗോപാലൻ

## നാടകപാരമ്പര്യത്തിന്റെ കൈവഴികൾ

മലയാള നാടക ചരിത്രത്തിന്റെ അടിവേരുകൾ തേടിപ്പോകുമ്പോൾ വ്യത്യസ്ത തരത്തിൽ വികസിച്ചിട്ടുള്ള വിപുലമായ പാരമ്പര്യത്തിന്റെ കൈവഴികൾ നമുക്ക് കാണാൻ കഴിയും. കേരളീയ നാടോടി ദൃശ്യകലാ പാരമ്പര്യത്തിന്റെ ഭാഗമായിട്ടുള്ള നാടോടി നാടകങ്ങളും വെള്ളരി നാടകങ്ങളും തമിഴ് നൃത്തസംഗീതത്തിന്റെ തുടർച്ചയായിട്ടുള്ള മലയാള സംഗീത നാടകങ്ങളും സംസ്കൃത നാടകങ്ങളുടെ പരിഭാഷകളിലൂടെ രൂപപ്പെട്ട സംസ്കൃത നാടക പാരമ്പര്യവും ഇഴ ചേർന്നു വികസിച്ചു വന്ന നാടകരൂപം പിന്നീട് ആധുനിക സാമൂഹ്യ നാടകങ്ങളുടെ തലത്തിലേക്ക് സ്വതന്ത്ര നാടക പ്രസ്ഥാനമായി വികസിച്ചു വന്നു.

## നാടോടി നാടകങ്ങൾ

നാടൻ നൃത്തങ്ങളുടെ തുടർച്ചയായോ സമാന്തരമായോ വികസിച്ചുവന്നവയാണ് നാടോടി നാടകങ്ങൾ. ആചാരങ്ങളുടെയോ ആഘോഷങ്ങളുടെയോ അനുഷ്ഠാനങ്ങളുടെയോ ഭാഗമായി അവതരിപ്പിക്കുന്ന ഇത്തരം കലാരൂപങ്ങൾ നാടകമെന്ന പേരിൽ അവതരിപ്പിക്കപ്പെട്ടവയല്ലെങ്കിലും അവയിലെ നാടകാംശങ്ങൾ പരിഗണിച്ചാണ് അവയെ നാടോടി നാടകങ്ങൾ എന്നു പറയുന്നത്. തെയ്യം, തിറ, മുടിയേറ്റ്, തീയാട്ട് അയ്യപ്പൻ കൂത്ത്, ചീമ്മാനക്കളി, കാളിയൂട്ട് തുടങ്ങിയ നാടോടിക്കലാരൂപങ്ങൾ നാടകീയാംശങ്ങൾ കലർന്നവയാണ്.

'നാടോടി നാടകങ്ങളെ അനുഷ്ഠാന നാടകങ്ങൾ, അനുഷ്ഠാന ആഭാസങ്ങൾ സാങ്കേതികാഭാസങ്ങൾ, അനുഷ്ഠാനേതരങ്ങൾ എന്നിങ്ങനെയാണ് ഡോ. എസ്.കെ. നായർ വിഭജിച്ചിട്ടുള്ളത്. ദേവതാപ്രീണനാർത്ഥമുള്ള മുടിയേറ്റ് തീയാട്ട്, അയ്യപ്പൻ കൂത്ത്, തിറയാട്ടം, എന്നിവ അനുഷ്ഠാനപരങ്ങളും അനുഷ്ഠാനമെന്നു തോന്നുന്ന ചടങ്ങുകളോടുകൂടിയ യാത്രകളി, ഏഴാമത്തുകളി എന്നിവ അനുഷ്ഠാനാഭാസങ്ങളും സാങ്കേതിക നൃത്തനാടകങ്ങളെ അനുകരിച്ചിട്ടുള്ള ചവിട്ടു നാടകം, മീനാക്ഷികല്യാണം, കംസനാടകം എന്നിവ സാങ്കേതികാഭാസങ്ങളും വിനോദപരങ്ങളായ പുറാട്ടുനാടകം, കാക്കാരിശ്ശിനാടകം' എന്നിവ അനുഷ്ഠാനേതരങ്ങളുമായാണ് എസ്.കെ. നായർ ഉദാഹരിക്കുന്നത്. കുറേക്കൂടി വിപുലമായ കാഴ്ചപ്പാടിൽ പരിശോധിക്കുമ്പോൾ നാടോടി നാടക

### യക്ഷഗാനം



യക്ഷഗാനം

കേരളത്തിന്റെ വടക്കേ അറ്റത്തുള്ള കാസർകോടു ജില്ലയിലും കർണാടക സംസ്ഥാനത്തിന്റെ തെക്കൻ ജില്ലകളിലും അവതരിപ്പിച്ചുവന്ന പ്രാചീന നൃത്ത സംഗീത നാടകകലാരൂപമാണ് യക്ഷഗാനം അഥവാ യക്ഷഗാനബയലാട്ടം. കൊയ്തു കഴിഞ്ഞ വയലുകളിൽ തീവെട്ടിവെളിച്ചത്തിൽ ശബളാഭമായ വേഷമണിഞ്ഞ് രാമായണാദി പുരാണകഥകൾ നൃത്തസംഗീതനാടകമായി അവതരിപ്പിക്കുകയാണ് ഇവിടെ. സംഗീതനാടകങ്ങളിലെന്നപോലെ ഭാഗവതർമാർക്ക് ഇതിൽ പ്രധാന പങ്കുണ്ട്. കഥയെക്കുറിച്ചും കഥ നടക്കുന്ന സ്ഥലത്തെക്കുറിച്ചും മറ്റും വിവരിക്കുന്നത് അവരാണ്. ഗണപതിപൂജ, ഭാഗവതരുടെ വിവരണം, കോമാളി വേഷങ്ങൾ ഇറങ്ങുന്ന കോടങ്കി, വാദ്യക്കാരുടെ വൈദഗ്ധ്യം അറിയിക്കുന്ന പീഠിക എന്നിവ കഴിഞ്ഞാൽ വിവിധ വേഷങ്ങൾ ചുവടുകൾ വെച്ചു നൃത്തമാടി രംഗപ്രവേശം ചെയ്യുന്നു. മനോധർമംപോലെ കഥാപാത്രങ്ങൾ വാക്ചാതുര്യം പ്രദർശിപ്പിക്കും. അധർമത്തിനെതിരേ ധർമം നടത്തുന്ന സമരം ചിത്രീകരിക്കുന്ന പുരാണകഥയാണ് ഏറെയും തിരഞ്ഞെടുക്കുക. കാസർകോടു ജില്ലക്കാരനായ പാർഥി സുബ്ബകവിയാണ് ഇതിന്റെ പോഷണത്തിലും പരിഷ്കരണത്തിലും ആദ്യം ശ്രദ്ധവെച്ചത്. സ്വന്തം രീതിയിലുള്ള മുദ്രകൾ നിർദേശിച്ചും വാചികം കുറച്ചും നാടകീയത കൂട്ടിയും സ്ത്രീകഥാപാത്രങ്ങൾക്കും അഭിനയയോഗ്യത നൽകിയും യക്ഷഗാനബയലാട്ടത്തെ ഡോ. ശിവരാമകാരന്ത് ജനകീയമാക്കുകയും ലോകപ്രശസ്തിയിലേക്കുയർത്തുകയും ചെയ്തു.

*(ഡോ. എഴുമറ്റൂർരാജരാജവർമ്മ - മലയാളസംസ്കാരം)*

ങ്ങളെ അനുഷ്ഠാന നാടകങ്ങൾ എന്നും അനുഷ്ഠാനേതര നാടകങ്ങൾ എന്നും തരം തിരിക്കാം.

ഇത്തരം നാടോടി നാടകങ്ങൾ കാവുകളിലോ, ക്ഷേത്രങ്ങളിലോ മറ്റു സ്ഥലങ്ങളിലോ ആണ് അവതരിപ്പിക്കുന്നതെങ്കിലും രംഗവേദി എപ്പോഴും തുറന്ന സ്ഥലങ്ങൾ തന്നെയായിരിക്കും. ഇവിടെ നർത്തകരും പ്രേക്ഷകരും ഒന്നായിത്തീരുന്നു.

ദേവതാരാധനയുടെ ഭാഗമായിട്ടാണ് അനുഷ്ഠാന നാടകങ്ങൾ സൃഷ്ടിക്കപ്പെടുന്നത്. തെയ്യം, മുടിയേറ്റ്, പടയണി, പൂതനും തറയും, കാളിയൂട്ട് നിണബലി തുടങ്ങിയവ അനുഷ്ഠാന ദൃശ്യകലാരൂപങ്ങളിൽ പ്രധാനപ്പെട്ടവയാണ്. വിനോദത്തിനും ആക്ഷേപഹാസ്യത്തിനും നേരം പോക്കിനും വേണ്ടിയുള്ള അനുഷ്ഠാനേതര നാടകങ്ങളാണ് പൊറാട്ടുനാടകം, കാക്കാരശ്ശി നാടകം തുടങ്ങിയവ. ഇവയ്ക്കെല്ലാം പൊതുവെ തമിഴ് പാരമ്പര്യമാണ് കണ്ടുവരുന്നത്.

**പൊറാട്ടുകളി**

പാലക്കാട് ജില്ലയിൽ പ്രചാരത്തിലുള്ള ഗ്രാമീണ നാടകമാണ് പൊറാട്ടുനാടകം. പൊറാട്ടുകളി എന്നും പറയും. പാണന്മാരാണ് പൊറാട്ടുനാടകം അവതരിപ്പിക്കുന്നത്. ഹാസ്യം നിറഞ്ഞ സംഭാഷണം, ചടുലമായ നൃത്തം, രസകരമായ പാട്ടുകൾ എന്നിവ പൊറാട്ടിൽ കാണാം. വിദൂഷകൻ, കുറവൻ, കുറത്തി, ചെറുമൻ, ചെറുമി, മണ്ണാത്തി, ദാസി, ചൊക്ലിയൻ ഇവരൊക്കെയാണ് പൊറാട്ടിലെ കഥാപാത്രങ്ങൾ. സ്ത്രീ കഥാപാത്രങ്ങളെ പുരുഷന്മാർ തന്നെയാണ് അവതരിപ്പിക്കുന്നത്. പാലക്കാട് ജില്ലയിലാണ് പൊറാട്ടിന് പ്രചാരം. തൃശ്ശൂർ ജില്ലയുടെ ചില ഭാഗങ്ങളിലും പൊറാട്ടുകളി അവതരിപ്പിക്കാറുണ്ട്.

അമ്പലപ്പറമ്പിലോ, കൊയ്ത്തു കഴിഞ്ഞ പാടത്തോ, മൈതാനത്തോ തയാറാക്കിയ പന്തലിലാണ് പൊറാട്ടുനാടകം അരങ്ങേറുന്നത്. ചതുരാകൃതിയിലുള്ള പന്തലിനോട് ചേർത്ത് കലാകാരന്മാർക്ക് ഒരുങ്ങാനുള്ള അണിയറ പണിയും. കളി നടക്കുന്നതിന് മുന്നോടിയായി കേളികൊട്ട് ഉണ്ടാകും. ചെണ്ടയും ഇലത്താളവുമാണ് കേളികൊട്ടിനുപയോഗിക്കുന്ന വാദ്യങ്ങൾ. ഒരു ചോദ്യക്കാരൻ, ദാസി, കുറവൻ, കുറത്തി, പൂക്കാരി, വണ്ണാത്തി, വണ്ണാൻ, തൊട്ടിയൻ, തൊട്ടിച്ചി, ചെറുമി തുടങ്ങിയ പൊറാട്ട് വേഷങ്ങൾ രംഗത്ത് വരാറുണ്ട്. വിദൂഷകന്റെ റോളാണ് ചോദ്യക്കാരന്റേത്.

ചോദ്യക്കാരൻ പൊറാട്ടുനാടകത്തിലെ സ്ഥിരം കഥാപാത്രമാണ്. നാടകവും കാണികളും തമ്മിലുള്ള സുദൃഢമായ ബന്ധം ഉറപ്പുവരുത്തുന്നത് ചോദ്യക്കാരനിലൂടെയാണ്. പൊറാട്ടുകളെ പരിചയപ്പെടുത്തുന്നതു മുതൽ ഫലിത പ്രയോഗങ്ങളും അശ്ലീലച്ചുവയുള്ള പരമാർശങ്ങളുമായി നാടകം നിറഞ്ഞു നിൽക്കുന്ന ചോദ്യക്കാരൻ നാട്ടരങ്ങിലെ സൂത്രധാരനാണെന്നു പറയാം.

*(ബാലകൃഷ്ണൻ കൊയ്യാൽ - നമ്മുടെ നാടൻ കലകൾ)*

**ചവിട്ടുനാടകം**

കേരളത്തിൽ പിറവിയെടുത്ത ഒരു ദൃശ്യകലാപ്രസ്ഥാനമാണ് ചവിട്ടുനാടകം. 18-ാം നൂറ്റാണ്ടിലാണ് ഇതിന്റെ ആവിർഭാവം. ക്രിസ്ത്യാനികളുടെ കലയായിട്ടാണ് ഇത് അറിയപ്പെടുന്നത്. പ്രചണ്ഡമായ താളമേളങ്ങൾക്കൊപ്പം അഭിനേതാക്കൾ ആഞ്ഞുചവിട്ടി അവതരിപ്പിക്കുന്നതിനാൽ ആകണം ചവിട്ടുനാടകം എന്നു പേരുവന്നത്. കളിയാശാൻ അണ്ണാവി എന്നറിയപ്പെടുന്നു. നല്ല മെയ്‌വഴക്കവും താളബോധവും അഭിനയശേഷിയും ഇതിനാവശ്യമാണ്. വായ്ത്താരികളായ കവിത്തത്തിന് അനുസൃതമായി നടന്മാർ ചുവടുകൾ വെക്കുന്നു. ഒരു വായ്ത്താരി ഇങ്ങനെ.

കിർതിതാം തൊങ്കത്തരികിട
തൊകതൊക തരികിട
തിണ്ടനാം തകതിത്തത്തൈ



ഫ്രാൻസിലെ ഷാർലിമേൻ ചക്രവർത്തിയുടെ വീര പരാക്രമങ്ങൾ വിവരിക്കുന്ന കാറൽമാൻ ചരിതമാണ് ചവിട്ടുനാടകത്തിലെ ഏറ്റവും പ്രസിദ്ധമായ ഇതിവൃത്തം. മലയാംതമിഴിൽ എഴുതപ്പെട്ടിട്ടുള്ള ഈ രചനകൾ അജ്ഞാതകർത്തൃകമാണ്. ജനോവനാടകം, ഇസ്താക്കി നാടകം, ജ്ഞാനസുന്ദരി, ജോസഫ് നാടകം തുടങ്ങിയവ ചവിട്ടുനാടകമായി അവതരിപ്പിക്കാറുണ്ട്. സെബിനാറാഫി എഴുതിയ ചവിട്ടുനാടകം ഒരു പഠനം (1964) എന്ന ഗ്രന്ഥത്തിൽ ചവിട്ടുനാടകത്തിന്റെ ഉത്പത്തിവികാസപരിണാമങ്ങൾക്കൊപ്പം ഇതിന് കൂടിയാട്ടം, കൂത്ത്, കഥകളി, ഓപ്പറ തുടങ്ങിയ കലകളോടുള്ള അടുപ്പവും പ്രതിപാദിക്കുന്നു.

*(ഡോ. എഴുമറ്റൂർ രാജരാജവർമ്മ-മലയാളസംസ്കാരം)*

**കാക്കാരശ്ശിനാടകം**

തെക്കൻകേരളത്തിൽ, വിശേഷിച്ച് പഴയ തിരുവിതാംകൂർ പ്രദേശങ്ങളിൽ പ്രചരിച്ചിട്ടുള്ള ഒരു നാടോടിനാടകം. ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ ഗ്രാമപ്രദേശങ്ങളിലാണ് ഇത് അവതരിപ്പിച്ചിരുന്നത്. ക്ഷേത്രോത്സവങ്ങളിൽ വിനോദപരിപാടിയായി അവതരിപ്പിച്ചിരുന്ന ഈ നാടോടി നാടകത്തിന് ഏതാണ്ട് മുന്നൂറുകൊല്ലത്തെ പഴക്കമേയുള്ളൂ. കാക്കാലച്ചിനാടകം, കാക്കാലനാടകം, കാക്കാചരിതം, കാക്കാരുനാടകം എന്നീ പേരുകളിലും ഇത് അറിയപ്പെടുന്നു.

കാക്കാലവേഷം കെട്ടിയവതരിപ്പിക്കുന്ന നാടകമാണ് കാക്കാരശ്ശിനാടകം. കാക്കാലൻ കേരളത്തിലെ ഒരു ജാതിയുടെ പേരാണ്. ശിവപുരാണവുമായി ബന്ധപ്പെട്ട ഒരൈതിഹ്യം കാക്കാരശ്ശിനാടകത്തിനുണ്ട്. ഭൂമിയിൽ ജനജീവിതം തിന്മയിൽ മുങ്ങിയിരിക്കുകയാണെന്നും അതിനു പരിഹാരമുണ്ടാക്കണമെന്നും നാരദൻ കൈലാസത്തിലെത്തി ശിവനോടഭ്യർഥിക്കുന്നു. അതുപ്രകാരം ശിവൻ കാക്കാലനായും (കുറവൻ) പാർവതിയും ഗംഗയും കാക്കാലത്തി (കുറത്തി) മാരായും ഭൂമിയിലെത്തുന്നു. കാക്കാലൻ അലഞ്ഞുതിരിഞ്ഞു നടക്കുന്നതിനിടെ കാക്കാലത്തിമാരെ കണ്ടെത്തി ഇരുവരെയും പരിണയിക്കുന്നു. ഇവർ മൂവരും ചേർന്ന് സമൂഹത്തിലെ തിന്മകൾക്കെതിരെ പരിഹാസരൂപത്തിൽ വിമർശനങ്ങൾ നടത്തി ജനങ്ങളെ നേർവഴിക്ക് കൊണ്ടുവരുന്നു.

മകരം, കുംഭം, മീനം മാസങ്ങളിലാണ് കാക്കാരശ്ശിനാടകം അവതരിപ്പിച്ചുവരുന്നത്. അവതരണം നടക്കുന്നത് രാത്രിയിലാണ്. തറനിരപ്പിൽനിന്ന് ഒരൽപ്പം ഉയർത്തിക്കെട്ടിയ രംഗവേദിയിലാണ് നാടകം അരങ്ങേറുന്നത്. സംഗീതം, നൃത്തം, സംഭാഷണം എന്നിവ ചേർന്ന വിനോദനാടകരൂപമാണിത്. ഫലിതവും പരിഹാസവുമാണ് മുഖമുദ്ര.

കറുത്ത തുണികൊണ്ടുള്ള ഉടുത്തുകെട്ടാണ് കാക്കാലന്റെ വേഷത്തിലുള്ളത്. തലയിൽ കള്ളിത്തുണികൊണ്ട് വട്ടക്കെട്ടും കെട്ടും. ഒട്ടിച്ചുവച്ച കറുത്ത മീശയുമുണ്ടാകും. മുഖത്ത് കറുത്തചായം തേച്ച്, അതിൽ വെള്ളപുള്ളികൾ കൊണ്ട് ചില ചിത്രപ്പണികൾ ചെയ്യും. ശരീരത്തിലാകെ കുറിവരയ്ക്കും. കഴുത്തിൽ മാല ധരിക്കുന്നു. തോളിൽ വടിയും അതിൽ ഭാണ്ഡവുമുണ്ടാകും. മുറുക്കിയുടുത്ത ചേല, മൂക്കുത്തി, ചിലങ്ക എന്നിവയാണ് കാക്കാത്തിയുടെ വേഷം. മുടി ഒരുവശത്തേക്ക് ചായ്ച്ചുകെട്ടി മുല്ലപ്പൂ ചൂടും. മൃദംഗം, ഗഞ്ചിറ, ഹാർമോണിയം, ഇലത്താളം എന്നിവയാണ് പ്രധാന വാദ്യോപകരണങ്ങൾ.

## വെള്ളരി നാടകങ്ങൾ

അനുഷ്ഠാനേതര സ്വരൂപത്തിൽ അവതരിപ്പിക്കപ്പെട്ടവയാണ് വെള്ളരി നാടകങ്ങൾ. വെള്ളരി ക്കണ്ടങ്ങളാണ് രംഗവേദിയായി രൂപപ്പെടുന്നത്. കൊയ്ത്തു കഴിഞ്ഞ് ഒഴിഞ്ഞ പാടത്ത് വെള്ളരി നട്ടു അതു കായ്ക്കാൻ തുടങ്ങുമ്പോൾ, കുറുക്കനെ ഓടിക്കാൻ രാത്രി കാലങ്ങളിൽ കാവൽ കിടക്കുന്ന കൃഷിക്കാരാണ് ഇതിലെ പങ്കാളികൾ. അന്നു പ്രചാരത്തിലിരുന്ന സംഗീത നാടക ങ്ങളുടെ മാതൃകയിൽ എഴുതപ്പെട്ട മലയാള നാടകങ്ങളാണ് ഇവർ കളിക്കുന്നത്. ഉത്തര കേരള ത്തിൽ ഏറെ പ്രശസ്തി നേടിയ മാണിക്യ വല്ലിയുടെ 'നർച്ചെലമ്പും' ഹുബ്ബി വീരണ്ണയുടെ 'സദാരാമ'യും ഇത്തരം വെള്ളരി നാടകങ്ങൾക്ക് മാതൃകകളായിരിക്കും. അനുഭവ സമ്പന്ന രായ ആശാന്മാരുടെ ശിക്ഷണത്തിൽ പരിശീലനം നേടിയ വെള്ളരി കാവൽക്കാർ പാടിയും ആടിയും അഭിനയിച്ചും കിട്ടിയ കൃതിക്ക് പൊടിപ്പും തൊങ്ങലും വച്ച് ഒരു പ്രത്യേക രംഗാവത രണമൊരുക്കി. സൂത്രധാരനും വിദൂഷകനുമൊക്കെയായി സദസ്സിനെ രസിപ്പിക്കുവാൻ ഔചിത്യ ദീക്ഷയൊന്നും കൂടാതെ തന്നെ കഥാപാത്രങ്ങളും വന്നു പോയ്ക്കൊണ്ടിരിക്കും. വെള്ളരിപ്പാ ടത്തെ രംഗാവതരണത്തിനു ലഭിച്ച ആ പേര് കാലാന്തരത്തിൽ ചില മോശപ്പെട്ട നാടകങ്ങളെ സൂചിപ്പിക്കുവാനും ഉപയോഗിക്കുന്നു എന്നത് രസകരമായ വസ്തുതയാണ്. ഡോ. വയലാ വാസുദേവൻ പിള്ളയുടെ ഈ വിശദീകരണം വെള്ളരി നാടകങ്ങളുടെ ചരിത്രപരമായ പ്രാധാ ന്യമാണ് എടുത്തു കാട്ടുന്നത്.

## നാടോടി – ക്ലാസിക് വിഭജനം

"രംഗകലകളെ നാടോടി ക്ലാസിക് എന്നിങ്ങനെ വിഭജിക്കുന്നതിൽ അഭിനയം, അഭിനേതാവ്, രംഗവേദി, പ്രേക്ഷകൻ തുടങ്ങിയ ഘടകങ്ങളെല്ലാം പങ്കുവഹിക്കുന്നു. നാടോടി കലകൾ തല മുറകളിൽ നിന്ന് തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുമ്പോൾ ക്ലാസിക് കലകൾക്ക് ശാസ്ത്രീ യമായ അഭ്യസനം ആവശ്യമാണ്. നാടൻ കലകളിൽ നടന് കലാകാരൻ എന്ന സ്വത്വമല്ല, ജാതി സമുദായ സ്വത്വമാണുള്ളത്. നാടോടികലകൾക്ക് എഴുതപ്പെട്ട ആട്ടപ്രകാരങ്ങളില്ല, അവ സ്ഥല കാല സന്ദർഭങ്ങൾക്കനുസരിച്ച് വ്യത്യസ്തമായിരിക്കും. നാടോടിക്കലകൾക്ക് കേന്ദ്രപാഠമില്ല പാഠഭേദങ്ങളേയുള്ളൂ. ലാളിത്യവും ജൈവികതയുമാണ് മുഖമുദ്ര. സങ്കേതബദ്ധമാണ് ക്ലാസി ക്കൽ കല. നാടൻ കലകൾ ഘടനയുള്ളവയായിരിക്കുമ്പോൾ സുഘടിത സംഘടനയാണ് ക്ലാസിക് കലകൾക്കുള്ളത്. നാടൻ കലകളുടെ ആവിഷ്കർത്താക്കൾ വ്യക്തികളല്ല, സമൂഹമാ ണ്. അവതാരകരും സദസ്യരും തമ്മിലുള്ള അകൽച്ച നാടോടിക്കലകളിലില്ല. പ്രേക്ഷക പങ്കാ ളിത്തമാണ് നാടോടിക്കലകളുടെ മുഖ്യസവിശേഷത. നാടോടിക്കലകളിൽ രംഗവേദി അനു ഷ്ഠാനത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കും."

ഇത്തരം വിഭജനം പൊതുസ്വഭാവത്തെ മുൻനിർത്തിയാണെങ്കിലും എല്ലാ കലകൾക്കും ഇത് ബാധകമാകുമെന്ന് പറയാൻ കഴിയില്ല. കൂത്ത്, കൂടിയാട്ടം, കൃഷ്ണനാട്ടം, രാമനാട്ടം, തുള്ളൽ തുടങ്ങിയ ക്ലാസിക് കലാരൂപങ്ങളിൽ നാടോടിക്കലകളിലെ പല അംശങ്ങളും കാണാൻ കഴി യും.

## സംസ്കൃത നാടകപാരമ്പര്യം

ഇന്ത്യയിലെ എല്ലാ ഭാഷകളിലും നാടക സാഹിത്യമുണ്ടാകുന്നത് സംസ്കൃത നാടകത്തിന്റെ തർജ്ജമയോ അനുകരണമോ ആയിട്ടാണ്. 1882 ൽ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ അഭിജ്ഞാന ശാകുന്തളം പ്രസിദ്ധീകരിക്കുന്നതോടുകൂടിയാണ്. മലയാളത്തിൽ ലക്ഷണമൊത്ത നാടക സാഹിത്യത്തിന്റെ പിറവിയെന്നു പറയാം. എന്നാൽ 1866 ൽ ഷേക്സ്പിയറിന്റെ 'കോമഡി ഓഫ് ഏറേഴ്സിന്റെ' വിവർത്തനമായി പ്രസിദ്ധീകരിക്കപ്പെട്ട കല്ലൂർ ഉമ്മൻ ഫിലിപ്പോസിന്റെ 'ആൾമാറാട്ടം' എന്ന നാടകമാണ് മലയാളത്തിലെ ആദ്യനാടകമായി പരിഗണിക്കുന്നത്.

ശാകുന്തളത്തെ തുടർന്ന് രചിക്കപ്പെട്ട ചാത്തുക്കുട്ടി മന്നാടിയാരുടെ 'ജാനകീപരിണയം,' ഉത്തര 'രാമചരിതം' കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ 'മലതീമാധവം' 'കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ' ആശ്ചര്യ ചൂഡാമണി തുടങ്ങിയവ പരിഭാഷാകൃതികളിൽ പ്രധാനപ്പെട്ടവയാണ്. പിന്നീട് സാമൂഹിക പരി ഷ്കരണോന്മുഖമായ ആദ്യത്തെ സ്വതന്ത്രനാടകമായി കൊച്ചീപ്പൻ തരകന്റെ മറിയാമ്മ നാട കവും അവതരിപ്പിക്കപ്പെട്ടു.

## സംഗീതനാടകങ്ങൾ

1892 ഓടുകൂടിയാണ് തമിഴ് നാടകസംഘങ്ങൾ കേരളത്തിൽ, പ്രത്യേകിച്ച് തിരുവിതാംകൂറിൽ എത്തിച്ചേരുന്നത്. സ്വാതി തിരുനാൾ മഹാരാജാവിന്റെ സംഗീത താൽപര്യം ഈ നാടകങ്ങ ളുടെ വലിയ സ്വീകാര്യതയ്ക്ക് കാരണമായി. തമിഴ് സംഗീത നാടകങ്ങളായി അവതരിപ്പിച്ച കോവിലൻ ചരിത്രം, നല്ല തങ്കാൾ ചരിത്രം, ഗുലാബക്കാവലി, അല്ലി അർജ്ജുന, 'പാർസില താംഗി' തുടങ്ങിയവ മലയാള നാടകവേദിയുടെ ഭാഗമാക്കുകയും ഇതിന്റെ ചുവടുപിടിച്ചുകൊണ്ട് മലയാള സംഗീതനാടകങ്ങൾ ഉണ്ടാവുകയും ചെയ്തു. മലയാളത്തിലെ ആദ്യ സംഗീതനാടക മായ ടി.സി. അച്ചുതമേനോന്റെ 'സംഗീത നൈഷധം' (1892), കേരളവർമ്മ വലിയ കോയിത്ത മ്പുരാന്റെ 'അഭിജ്ഞാനശാകുന്തളം' ചാത്തുക്കുട്ടി മന്നാടിയാരുടെ ഉത്തരരാമചരിതം, കെ.സി. കേശവപ്പിള്ളയുടെ 'സദാരാമ' എന്നീ മലയാള സംഗീത നാടക ചരിത്രത്തിൽ പുതിയൊരു അദ്ധ്യായം തന്നെ കുറിച്ചു. സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞു ഭാഗവതർ, ഓച്ചിറ വേലുക്കുട്ടി, സ്വാമി ബ്രഹ്മവ്രതൻ തുടങ്ങിയ പ്രതിഭകളുടെ വരവും സംഗീതനാടക പ്രസ്ഥാനത്തിന് ശക്തി പകർന്നു.

സംഗീത നാടകത്തെ തുടർന്ന് സി.വി. യുടെ പ്രഹസനങ്ങൾ വിദേശ നാടകങ്ങളുടെ പരിഭാഷ കൾ ഇ.വി. യുടെ പ്രഹസനങ്ങൾ, ചരിത്ര നാടകങ്ങൾ, പുരാണനാടകങ്ങൾ തുടങ്ങിയ നാടക ങ്ങളുടെ വരവോടു കൂടി മലയാള നാടക പ്രസ്ഥാനം കൂടുതൽ ശക്തി പ്രാപിച്ചു തുടങ്ങി.

1920 ൽ വി.ടി. യുടെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകത്തിന്റെ വരവ് സാമൂ ഹ്യപരമായ ഇടപെടലിനുള്ള ശക്തമായ ഉപാധികൂടിയായിത്തീർന്നു. തുടർന്ന് സാമുദായിക സാമൂഹ്യപരിഷ്കരണം ലക്ഷ്യമാക്കിക്കൊണ്ട് പ്രേംജിയുടെ ഋതുമതി, എം. ആർബിയുടെ 'മറ ക്കുടയ്ക്കുള്ളിലെ മഹാനരകം' തുടങ്ങിയ നാടകങ്ങളും രചിക്കപ്പെട്ടു. കെ. ദാമോദരൻ, എൻ. കൃഷ്ണപിള്ള, സി.ജെ. തോമസ്, ഇടശ്ശേരി, എം. ഗോവിന്ദൻ, തോപ്പിൽഭാസി, ചെറുകാട്, സി.എൻ. ശ്രീകണ്ഠൻ നായർ, ജി. ശങ്കരപ്പിള്ള, കാവാലം, കെ.ടി. മുഹമ്മദ് തുടങ്ങിയ മഹാര ഥന്മാരുടെ നാടകങ്ങൾകൂടി മലയാള നാടക സാഹിത്യ ചരിത്രത്തിന് ലഭിച്ചപ്പോൾ അവ ഭാഷയ്ക്ക് ലഭിച്ച അമൂല്യ നിധികളായി മാറി.

### കുട്ടികളുടെ നാടകം

കുട്ടികളുടെ സദസ്സിനുവേണ്ടി ഒരുക്കുന്നതാണ് കുട്ടികളുടെ നാടകം. ബാലമനസ്സിനെ തിരിച്ചറിയാൻ കഴിയുന്ന മുതിർന്നവരും ഇതിൽ ഉൾക്കൊള്ളുന്നു. നാടകകൃത്തും നടനും സംവിധായകനും ഈ സദസ്സിനുവേണ്ട അഭിനയമുഹൂർത്തങ്ങളാണ് സൃഷ്ടി ക്കേണ്ടത്. കുട്ടികൾ മാത്രം അഭിനേതാക്കളായാലും കുട്ടികളുടെ നാടകം പിറക്കില്ല. കഥാപാത്രങ്ങൾ കുട്ടികൾ തന്നെ ആവണമെന്നുമില്ല. ലാളിത്യം, വക്രതയില്ലാത്ത നാടകഘടന, സ്ഥൂലമായ ക്രിയകൾ ഉൾച്ചേർക്കൽ, സംഭാഷണത്തെക്കാൾ ആംഗി കങ്ങൾക്കുള്ള പ്രാധാന്യം, നാടകമുഹൂർത്തങ്ങളും സംഭാഷണങ്ങളും ആവർത്തി ക്കൽ എന്നിവ പൊതുവെ കുട്ടികളുടെ നാടകത്തിന്റെ പ്രത്യേകതകളായി വിലയിരു ത്താം.

കുട്ടികളുടെ ഭാവനാലോകത്തേക്ക് അവരെ സംക്രമിപ്പിക്കാൻ കഴിയുന്നവയാവണം കുട്ടികളുടെ നാടകങ്ങൾ. ഭാവിയിൽ ജീവിതത്തിന്റെ സമസ്തഭാവങ്ങളെയും അതിന്റെ എല്ലാ ശക്തിയോടും കൂടി ഉൾക്കൊള്ളാനുള്ള പ്രാപ്തിക്കായുള്ള തയാറെടുപ്പാണ് ഇതിലൂടെ സാധ്യമാവുന്നത്. കളിരീതികളിലൂടെ മുന്നോട്ടുപോവുന്ന കുട്ടികളുടെ നാടകങ്ങളിൽ ആകസ്മികമായി ഉണ്ടാവുന്ന സംഘർഷങ്ങൾ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള പ്രാപ്തി കുട്ടികൾക്കു നൽകുന്നു. കുട്ടികൾക്ക് മനസ്സിലാവുന്നതായിരിക്കണം നാടകത്തിന്റെ കഥാതന്തു. അവരുടെ ചിന്തകളുടെയും സ്വപ്നങ്ങളുടെയും പശ്ചാത്തലത്തിൽ വേണം നാടകകഥയുണ്ടാവാൻ. ശുഭപ്രതീക്ഷയാണ് കുട്ടികളെ വളരാൻ പ്രേരിപ്പിക്കുന്നത് എന്നതിനാൽ ഭാവനാവിലാസം, വിജ്ഞാനം, സ്നേഹം, സഹാനുഭൂതി, ധർമ്മബോധം, വിശ്വാസം, സത്യസന്ധത, പുരോഗമനചിന്ത എന്നീ ഗുണങ്ങൾ കുട്ടികളിൽ വളർത്താനുതകുന്ന ആശയങ്ങളാണ് അഭികാമ്യം. തങ്ങൾകൂടി കഥാപാത്രങ്ങളാവുന്ന നാടകങ്ങളാവുമ്പോൾ അവർക്കത് ഏറെ ആസ്വാദ്യമാവും. കാൽപ്പനികഭാവനകളാവും അവർക്കേറെയിഷ്ടം. ലഘുവായ വാദ്യോപകരണങ്ങളും ലളിതമായ സംഗീതവും അവരുടെ നാടകങ്ങൾക്കിണങ്ങും. ഫലിതവും നുറുങ്ങുകഥകളും കൂടി ഉൾപ്പെടുന്നത് നല്ലതാണ്. *(ടീച്ചർടെക്സ്റ്റ് ആറാം ക്ലാസ് മലയാളം)*

## കുട്ടികളുടെ നാടകവേദിയിലേക്ക്

കുട്ടികളുടെ സർവ്വതോന്മുഖമായ കലാത്മക വികാസം ലക്ഷ്യം വെച്ചുകൊണ്ടാണ് കുട്ടികളുടെ നാടകവേദി പ്രവർത്തിക്കേണ്ടത്. കുട്ടികളുടെ നാടകചരിത്രം പരിശോധിക്കുമ്പോൾ ധാരാളം നാടകങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിലും രംഗാവിഷ്കാരത്തിൽ ഇനിയും വളരേണ്ടതുണ്ട്. 1924 ൽ കട്ടമത്ത് കുന്നിയൂർ കുഞ്ഞികൃഷ്ണക്കുറുപ്പ് രചിച്ച 'ബാലഗോപാലൻ' ആദ്യ ബാലനാടകകമായി അവതരിപ്പിക്കപ്പെട്ടതോടെയാണ് ബാലനാടകത്തിന് തുടക്കമിടുന്നത്. പിന്നീട് 'ടാഗോറിന്റെ' കാബൂളിവാല പോലുള്ള പരിഭാഷ നാടകങ്ങളും സ്വതന്ത്രനാടകങ്ങളും ഒറ്റപ്പെട്ട നാടകങ്ങളായി ഉണ്ടായെങ്കിലും കുട്ടികളുടെ നാടകവേദിയെന്ന സ്വപ്നം യാഥാർഥ്യമാക്കിയത് ജി. ശങ്കരപ്പിള്ളയാണ്. കൊച്ചുനാരായണപ്പിള്ളയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന രംഗപ്രഭാതും തൃശ്ശൂർ ചേറുരിൽ വർഗീസ് മാഷിന്റെ നേതൃത്വത്തിൽ നടക്കുന്ന 'രംഗചേതനയും കുട്ടികളുടെ നാടകവേദിശക്തിപ്പെടുത്തുന്നതിൽ വേറിട്ട വഴികളിൽ സഞ്ചരിച്ചവരാണ്. കാസർഗോഡ് ഗോപികുറ്റിക്കോൽ നേതൃത്വം നൽകുന്ന സൺഡേ തിയേറ്റർ, കണ്ണൂരിലെ പടവ് ക്രിയേറ്റീവ് തിയേറ്റർ, വില്യാപ്പള്ളിയിലെ മനോജ് നാരായണന്റെ കുട്ടികളുടെ വീട്, കെ.എസ്. വാസുദേവൻ നേതൃത്വം നൽകുന്ന കോഴിക്കോട്ടെ സ്കൂൾ തിയേറ്റർ, കൊച്ചിയിലെ ചിൽഡ്രൻസ് തിയേറ്റർ, തിരുവനന്തപുരത്തെ സുഹൃദ് നാടകവേദി എന്നിവയും കുട്ടികളുടെ നാടകവേദി വളർത്തുന്നതിൽ നിരന്തരം ഇടപെട്ടുകൊണ്ടിരിക്കുന്നു. തൃശ്ശൂർ സ്കൂൾ ഓഫ് ഡ്രാമയിൽ നിന്നും കുട്ടികളുടെ നാടകം ഐച്ഛിക വിഷയമായി പഠിച്ചിറങ്ങുന്ന കലാകാരന്മാരുടെ നേതൃത്വത്തിൽ നടക്കുന്ന ക്യാമ്പുകളും സ്കൂൾ നാടകങ്ങളും കുട്ടികളുടെ നാടക വേദിക്ക് പുതിയൊരുണർവ്വും പ്രതീക്ഷയും നൽകുന്നുണ്ട്.

- **ബാലനാടകങ്ങൾ - പ്രത്യേകതകളും സാധ്യതകളും**
- ബാലഹൃദയങ്ങളിൽ സഹജമായി പ്രവർത്തിക്കുന്നതും അവർക്ക് സ്വാഭാവികമായി അറിയാനും ആസ്വദിക്കാൻ കഴിയുന്നതുമായ രസങ്ങൾ വേണം.
- വാത്സല്യവും സ്നേഹവും അനുഭവിക്കാൻ കഴിയുന്ന കഥകളോ, ഇതിവൃത്തമോ ഉണ്ടായിരിക്കണം. ശൃംഗാരം ഒഴികെയുള്ള രൗദ്രം, വീരം, കരുണം, ഹാസ്യം, അത്ഭുതം, ഭയാനകം, ബീഭത്സം എന്നീ രസങ്ങൾ കുട്ടികൾക്ക് ആസ്വദിക്കാൻ കഴിയും.

- മൃഗകഥകൾ, യക്ഷിക്കഥകൾ, നീതികഥകൾ, പുരാണേതിഹാസങ്ങൾ, കുട്ടികളുടെ ജീവിതകഥകൾ തുടങ്ങിയവയെല്ലാം കുട്ടികൾക്ക് രസകരമായി ആസ്വദിക്കാൻ കഴിയും.
- ഭാവനയും ജിജ്ഞാസയും ഏത് പ്രായത്തിലുള്ള കുട്ടികളെയും സ്വാധീനിക്കുന്നവയാണ്.
- നാടകീയ മുഹൂർത്തങ്ങളും സംഭാഷണത്തിന്റെ സ്വാഭാവികമായ ആവിഷ്കാരവും പ്രധാനമാണ്.
- വൈകാരികതയും ക്രിയാംശവും ഫലപ്രദമായി പ്രയോജനപ്പെടുത്തണം.
- ആകർഷകമായ രംഗവേദിയും സംഗീതവും പ്രത്യേകം ഒരുക്കണം.
- നാടക രചനയുടെ സ്വഭാവമനുസരിച്ച് കുട്ടികളോ മുതിർന്നവരോ കഥാപാത്രങ്ങളാവാം.

### സർഗാത്മക നാടകകലയ്ക്ക് വിദ്യാഭ്യാസത്തിലുള്ള സ്ഥാനം

വിദ്യാർഥികളുടെ സമഗ്രമായ വളർച്ചയാണ് വിദ്യാഭ്യാസം ലക്ഷ്യം വയ്ക്കുന്നത്. ഈ കാഴ്ചപ്പാടിൽനിന്നുകൊണ്ട് വേണം വിദ്യാഭ്യാസത്തിൽ നാടകകലയ്ക്കുള്ള സ്ഥാനത്തെ നോക്കിക്കാണേണ്ടത്. രണ്ടു തരത്തിലാണ് നാടകകലയ്ക്ക് സ്കൂൾ പാഠ്യപദ്ധതിയിൽ സ്ഥാനം.

1. പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രത്യേക കലാരൂപം.

2. നാടകകലയിലൂടെ വിദ്യാർഥികളുടെ ഭാവന വളർത്തുകയും വിദ്യാഭ്യാസത്തിനും അതുവഴി സമഗ്രവികാസത്തിനും ഉതകുന്ന വിധത്തിൽ അതിനെ ഉപയോഗപ്പെടുത്തുകയും ചെയ്യുക.

യാന്ത്രികമായ സാധ്യതകൾ മാത്രമാണ് ഒന്നാമത്തെ ആശയം മുന്നോട്ടുവയ്ക്കുന്നത്. വർഷത്തിൽ ഒന്നോ രണ്ടോ നാടകങ്ങൾ മാത്രം നിർമ്മിക്കുകയും രചന, സംവിധാനം, അവതരണം എന്നിവയിൽ വിദ്യാർഥികൾക്ക് പ്രാതിനിധ്യം നൽകുകയും ചെയ്യുകയാണിവിടെ നടക്കുക. ഭാവനാവളർച്ചയ്ക്കോ ജൈവികമായ വ്യക്തിത്വവികാസത്തിനോ ഇവിടെ പ്രാധാന്യം ലഭിക്കുന്നില്ല.

എന്നാൽ സർഗാത്മക നാടകപഠനരീതിയിലാവട്ടെ, കാര്യങ്ങൾ കുറേക്കൂടി വ്യക്തവും ഉയർന്ന തലത്തിലുള്ളതുമാവുന്നു. രണ്ട് പ്രധാന ഘടകങ്ങൾ ചേർന്നതാണ് സർഗാത്മകനാടകകല, ചിഹ്നവൽക്കരണവും വ്യക്തിവൽക്കരണവും. യഥാർഥലോകത്തിലെ ഭൗതികവസ്തുക്കൾ, സ്ഥലങ്ങൾ, സംഭവങ്ങൾ, സംഭാഷണങ്ങൾ എന്നിവയെ സാങ്കൽപ്പികലോകത്തിൽ പുനരവതരിപ്പിക്കുന്നതാണ് വ്യക്തിവൽക്കരണം. നാടകത്തിൽ അഭിനയിക്കുന്നവരുടെ മാത്രമല്ല, നാടകം കാണുന്ന നൂറുകണക്കിന് മറ്റുള്ളവരുടെയും വികാസപരിണാമങ്ങളിൽ രണ്ടിനും സവിശേഷസ്ഥാനമുണ്ട്.

സർഗാത്മക നാടകവേദിക്ക് രണ്ടു തലങ്ങളുണ്ട്. പ്രക്രിയാപാഠവും അവതരണപാഠവുമാണ് അവ. ഒരു മരത്തിനു ചുറ്റുമായോ തുറസ്സായ സ്ഥലങ്ങളിലോ നിരവധി പേർ ചേർന്ന് ഔപചാരികതയിൽ നിന്നെല്ലാമകന്ന് നാടകചർച്ചയോ അവതരണമോ നടത്തുന്നതാണ് പ്രക്രിയാപഠനം. തെരുവുനാടകങ്ങൾ ഇത്തരം അവതരണങ്ങൾക്ക് ഉദാഹരണമാണ്. ഓഡിറ്റോറിയങ്ങളിലോ രംഗവേദികളിലോ നാടകത്തിന്റെ ചിട്ടവട്ടങ്ങൾ പാലിച്ചുകൊണ്ട് നടത്തപ്പെടുന്ന അവതരണരീതിയാണ് അവതരണപാഠം. കൃത്യമായ സ്ക്രിപ്റ്റ്, നിരവധി റിഹേഴ്സലുകൾ, കൃത്യമായ സംവിധാനം എന്നിവയെല്ലാം ഇവിടെ ആവശ്യമാണ്. കഥാസാഹചര്യങ്ങളിൽ സ്വതന്ത്രമായി വിഹരിക്കാൻ വിദ്യാർഥികളെ പ്രാപ്തരാക്കുക എന്നതാണ് സർഗാത്മക നാടകവേദിയുടെ പ്രധാന ലക്ഷ്യം.

സർഗാത്മകനാടകവേദി കുട്ടികളുടെ വ്യക്തിത്വവികാസത്തിൽ സുപ്രധാന സംഭാവന നൽകുന്നു. മാനസികമായ ഉത്തേജനങ്ങൾ നൽകുക വഴി വിദ്യാർഥികളിൽ താളബോധവും സൗന്ദര്യബോധവും സൃഷ്ടിക്കാൻ ഇതിനു കഴിയും. ഉദാഹരണത്തിന്, കൈയടിക്കുകയെന്നത് ഒരു സാധാരണ പ്രവൃത്തിയാണ്. എന്നാൽ വ്യത്യസ്ത തരത്തിൽ കൈയടിക്കാൻ വിദ്യാർഥികളെ പ്രേരിപ്പിക്കുമ്പോൾ അവരിൽ സൗന്ദര്യബോധം ജനിക്കുന്നു. പരിഷ്കൃതസമൂഹത്തിന്റെ നിലനിൽപ്പിനാവശ്യമായ മൂല്യബോധവും സ്വഭാവരൂപീകരണവും ഈ സൗന്ദര്യബോധത്തിന്റെ സൃഷ്ടികളാണ്. സൗന്ദര്യബോധം സൃഷ്ടിക്കാനുതകുന്നതിനാലാണ് കലാപഠനം പ്രാധാന്യമർഹിക്കുന്നത്.

വ്യത്യസ്ത കലാരൂപങ്ങൾ കണ്ടും കേട്ടും വളരുന്ന കുട്ടിയിൽ അനുഗുണമായ താൽപ്പര്യമേഖലകൾ വളരുകയും അവന്റെ അന്തശ്ചോദനകൾ ഉത്തേജിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ ഇതിന് ചില അടിസ്ഥാനശേഷികൾ വളർത്തിയെടുക്കേണ്ടതുണ്ട്. ഏകാഗ്രത, ശ്രദ്ധ, ആശയവിനിമയശേഷി, സാമൂഹികബോധം, വികാരനിയന്ത്രണം, നേതൃപാടവം, തീരുമാനങ്ങളെടുക്കാനുള്ള കഴിവ് എന്നിവ അവയിൽ ചിലതാണ്. സർഗാത്മകനാടകവേദികളിലെ ക്രിയാത്മക പങ്കാളിത്തത്തിലൂടെ വളർത്തിയെടുക്കാവുന്നവയാണ് ഇവ. നാടകം യഥാർഥജീവിതത്തിന്റെ പകർപ്പുകളാണ്. സങ്കൽപ്പലോകങ്ങളിൽ അഭിരമിക്കാനിഷ്ടപ്പെടുന്ന കുട്ടികൾക്ക് യഥാർഥജീവിതത്തെ സങ്കൽപ്പലോകത്തിൽ പുനഃപ്രതിഷ്ഠിച്ചുകൊടുക്കുകയാണ് നാടകം ചെയ്യുന്നത്. അതിനാൽ തന്നെ ജീവിതസമസ്യകളെ നേരിടാൻ ഈ അറിവുകൾ കുട്ടികളെ പ്രാപ്തരാക്കും.

മൂന്നു തരത്തിൽ നാടകകലയെ പഠനപ്രക്രിയയിലേക്ക് സ്വാംശകരിക്കാം. സർഗാത്മക നാടകാവിഷ്കാരം, കുട്ടികളുടെ നാടകം, അറിവു പകർന്നു നൽകാനുള്ള ഉപാധി എന്നിങ്ങനെയാണ് അവ. അറിവു പകർന്നു നൽകാനുള്ള ഉപാധിയായി നാടകകലയെ കാണുമ്പോൾ അധ്യാപകന്റെ ലക്ഷ്യം, താൽപ്പര്യം, കഴിവ് എന്നിവയാവും അതിനെ സ്വാധീനിക്കുക. കുട്ടികളുടെ നാടകവേദിക്കാകട്ടെ, പരിശീലനം നേടിയ ഒരാളുടെ സഹായം അനിവാര്യവുമാവുന്നു. എന്നാൽ സർഗാത്മക നാടകാവിഷ്കാരങ്ങൾക്ക് ഈ പരിമിതികളില്ല.

*-പ്രൊഫ. എസ്. രാമാനുജം*

*(എസ്.സി.ഇ.ആർ.ടി. കേരളയുടെ വൈഖരി - എന്ന പ്രസിദ്ധീകരണത്തിൽ നിന്ന്)*

**തിയേറ്റർ വിദ്യാഭ്യാസത്തിൽ**

മറ്റുള്ളവരുമായി ബന്ധപ്പെടുത്തി അവനവനെത്തന്നെ പരിശോധിക്കുന്നതിനും കൂടുതൽ മനസ്സിലാക്കുന്നതിനും മനുഷ്യരോടു മാത്രമല്ല. പ്രകൃതിയോടും ഭൗതിക, സാമൂഹിക ലോകത്തോടും വിമർശനാത്മകമായി തന്മയീഭവിക്കുന്നതിനും തിയേറ്ററിനോളം ശക്തമായ മറ്റൊരു മാധ്യമമില്ല. പാഠങ്ങൾ നാടകവൽക്കരിക്കുകയെന്നത് തിയേറ്ററിന്റെ ചെറിയൊരു ഭാഗമേ ആവുന്നുള്ളൂ. റോൾ പ്ലേ, തിയേറ്റർ പരിശീലനങ്ങൾ, ശാരീരിക ശബ്ദ നിയന്ത്രണങ്ങളും ചലനങ്ങളും കൂട്ടുചേർന്നും തനിയെയുമുള്ള അഭിനയങ്ങൾ എന്നിവയുടെ കൂടുതൽ അർഥവത്തായ അനുഭവങ്ങൾ തരുന്നു. അത്തരം അനുഭവങ്ങൾ അധ്യാപകർക്ക് സ്വന്തം വികാസത്തിന് ആവശ്യമാണ്. കുട്ടികൾക്ക് പകർന്നു നൽകാനും ആവശ്യമാണ്.

*-എൻ.സി.എഫ്. 2005*

## എ. എന്താണ് സർഗാത്മക നാടകം?

സർഗാത്മകനാടകം, കഥാനാടകീകരണം, നാടകനിർമ്മിതി എന്നിവയൊക്കെ അനൗപചാരിക നാടകത്തിനു പറയുന്ന പേരുകളാണ് ഭാവനാസമ്പന്നനായ ഒരു നേതാവിന്റെ മാർഗദർശനത്തിൽ തൽക്ഷണ സംഭാഷണാഭിനയങ്ങളിലൂടെ വികസിപ്പിച്ചെടുക്കുന്ന നാടകമാണത്. അതിന്റെ അടിസ്ഥാന സങ്കേതങ്ങൾ കുട്ടികൾക്ക് പ്രത്യേകിച്ചും ഗുണകരമായിരിക്കുമ്പോൾത്തന്നെ ഔപചാരികതകൾ ഏറെയുള്ള മുതിർന്നവരുടെ നാടകത്തിനും പ്രയോജനകരമാണ്.

കുട്ടികളുടെ സ്വാഭാവികവും ആശയപ്രകടനപരവും നാടകീയവുമായ കളികളിൽ നിന്നാണ് അനൗപചാരിക നാടകങ്ങൾ വികസിക്കുന്നത്. കുട്ടികൾക്ക് അത് ഒരു സ്വയം വിശ്വസിപ്പിക്കലാണ്. അഥവാ ഒരനുഭവത്തിന്റെ ആസ്വാദ്യകരമായ ആവിഷ്ക്കരണം. അതിലെല്ലാവരും ഭാഗഭാക്കാവുന്നു. അവരപ്പോൾ ഒരൊറ്റവ്യക്തിയോ യന്ത്രമോ മൃഗമോ ആയി സ്വയം സങ്കൽപ്പിക്കുന്നു. ഇത്തരം കളി എവിടെയും തുടങ്ങാം. എവിടെയും അവസാനിപ്പിക്കാം. അതിന് ഒരു കഥാവസ്തുവില്ല. എന്നാലും കുട്ടികൾ സ്വയം മറ്റു കഥാപാത്രങ്ങളായി സങ്കൽപ്പിക്കുമ്പോൾ ശക്തമായ പാത്രാവിഷ്ക്കരണം സാധിക്കാറുണ്ട്.

## ബി. സർഗാത്മകനാടകവും ഔപചാരിക നാടകവും

മുതിർന്നവരുടെ നാടകവേദിയിൽ കാണുന്ന ഔപചാരിക നാടകത്തിൽ നിന്നും തികച്ചും വ്യത്യസ്തമാണ് നാടകീയ കളികളെ അടിസ്ഥാനമാക്കി വികസിപ്പിക്കുന്ന നാടകം. മിക്കവാറും ഔപചാരിക നാടകത്തിന്റെ സമ്പ്രദായത്തിലാവും കുട്ടികൾ പരിശീലിപ്പിക്കപ്പെടുക. അവർ മുതിർന്നവരെ നന്നായി അനുകരിക്കുകയും ചെയ്തേക്കാം. പക്ഷേ മുതിർന്നവർ സംവിധാനം ചെയ്യുന്ന ഇത്തരം നാടകങ്ങളിൽ നിന്നും കുട്ടികൾക്ക് സ്വന്തം ആശയങ്ങൾ സ്വന്തമായ രീതിയിൽ വികസിപ്പിക്കാനുള്ള അവസരമോ അനുഭവജ്ഞാനമോ ഏറെയൊന്നും ലഭിക്കുന്നില്ല. പലപ്പോഴും അവർ വേദിയിൽ കാഴ്ച വസ്തുക്കളാവാറുണ്ട്. മുതിർന്നവരുടെ നാടകവും ബാലനാടകവും തമ്മിലുള്ള അടിസ്ഥാന വ്യത്യാസങ്ങൾ താഴെ സൂചിപ്പിക്കുന്നു.

| സർഗാത്മക നാടകം | ഔപചാരിക നാടകം |
|---|---|
| 1. പ്രത്യേകം വേദിയില്ല. ലഭ്യമായത്ര സ്ഥലം സ്വതന്ത്രമായി ഉപയോഗിക്കുന്നു. കാരണം കുട്ടികൾ സ്വാഭാവികമായി കളിക്കുന്നത് ഈ രീതിയിലാണ്. | 1. അഭിനയം ഒരു വേദിയിൽ നടക്കുന്നു. |
| 2. അഭിനയവും സംഭാഷണവും തൽക്ഷണം നിർമ്മിക്കുന്നു. | 2. വരികൾ ഉരുവിട്ടു പഠിക്കുന്നു. അവ പലപ്പോഴും കുട്ടികൾക്ക് ഉൾക്കൊള്ളാനാവുന്നവയല്ല. |
| 3. കുട്ടികളുടെ ആശയങ്ങൾ പുറത്തുകൊണ്ടുവരുന്നതിനു അവയെ ഉചിത പരിശീലനങ്ങളിലൂടെ നാടകരൂപത്തിലാക്കുന്നതിനും ഒരു നേതാവ് അവരോടൊപ്പം പ്രവർത്തിച്ച് മാർഗനിർദ്ദേശം ചെയ്യുന്നതാണ് സർഗാത്മകനാടകം. | 3. കുട്ടികളുടേതിൽ നിന്ന് വ്യത്യസ്തമായ രീതിയിൽ മുതിർന്നവരുടെ ആശയങ്ങൾക്കനുസരിച്ച് ഒരു സംവിധായകൻ പ്രത്യേക നിർദ്ദേശങ്ങൾ നൽകുന്നു. |
| 4. വേഷാലങ്കാരങ്ങളും വസ്തുക്കളും അപ്രധാനമാണ്. കാരണം യഥാർത്ഥ പാത്രചിത്രീകരണം സാധിക്കുന്നത് ശരീര ചലനങ്ങളിൽ കൂടിയും അംഗവിക്ഷേപങ്ങളിൽ കൂടിയും തൽക്ഷണ സംഭാഷണങ്ങളിൽ കൂടിയുമാണ്. കുറച്ചു തുണിക്കഷ്ണങ്ങളോ ഏതാനും സാധനങ്ങളോ ചിലപ്പോൾ ഉപയോഗിച്ചെന്നുവരാം. എന്നാൽ അവയെ അധികം ആശ്രയിക്കാറില്ല. | 4. സമ്പൂർണ വേഷവിധാനവും ഒട്ടേറെ വസ്തുക്കളും സാധാരണ ഔപചാരിക നാടകത്തിന്റെ ഭാഗങ്ങളാണ്. അവ യഥാർഥ ആവിഷ്കാരത്തിന് സഹായകമെന്നതിലേറെ തടസ്സമായിത്തീരുകയാണ് പതിവ്. |
| 5. പശ്ചാത്തലം ഉപകരണങ്ങളുടെ ക്രമീകരണത്തിലൂടെ സൂചിപ്പിക്കുന്നു. ഉദാഹരണത്തിന് ഒരു മേശയെ പർവ്വതമായോ വൃക്ഷമായോ ഉപയോഗപ്പെടുത്തുന്നു. സീനറി, വളരെ കുറച്ചേ ഉപയോഗിക്കുന്നുള്ളൂ. | 5. മിക്ക ഔപചാരിക നാടകങ്ങൾക്കും ഏറെക്കുറെ പൂർണ്ണമായ സജ്ജീകരണങ്ങൾ ഒരു ആധുനിക വേദിയിൽ (പ്രൊസീനിയം സ്റ്റേജ്) ഉണ്ടായിരിക്കും. |

| സർഗാത്മക നാടകം | ഔപചാരിക നാടകം |
|---|---|
| 6. അഭിനേതാക്കളും കാണികളും തമ്മിൽ വ്യത്യാസമില്ല. കുട്ടികൾ കളിയിൽ മുഴുകുമ്പോൾ കാണികളിൽ അവർക്ക് താത്പര്യമില്ല. സർഗാത്മക നാടകത്തിൽ, സംഘാംഗങ്ങളിൽ ചിലർ അഭിനയിക്കുന്നു. അടുത്ത കളിയിൽ അവരുടെ ഭാഗം നേരെ മറിച്ചാകുന്നു. കൂടാതെ നാടകം കണ്ടുകൊണ്ടിരിക്കുമ്പോൾ തന്നെ (ശബ്ദപശാത്തലം (സൗണ്ട് ഇഫക്ട്) ഉണ്ടാക്കിക്കൊണ്ട് അഭിനയത്തിലും പങ്കാളികളാകുന്നു. | 6. ഔപചാരിക നാടകത്തിൽ അഭിനേതാക്കളും കാണികളും വേർതിരിക്കപ്പെട്ടിരിക്കും. അഭിനേതാക്കൾ കാണികൾക്കു വേണ്ടിയാണ് പ്രകടിപ്പിക്കുന്നത്. |
| 7. സർഗാത്മക നാടകത്തിന്റെ ലക്ഷ്യം കുട്ടികൾക്ക് വിലപ്പെട്ട സർഗാത്മക പരിചയം നൽകുക എന്നതാണ്. നിർദ്ദേശങ്ങൾ നൽകുന്നതിനായി കളി ഇടയ്ക്കിടെ തടസ്സപ്പെടുത്താതെ, ഓരോ കളിയും കഴിയുന്നത്ര സമ്പൂർണ്ണമാക്കണം. ഓരോ കളി കഴിയുമ്പോഴും ചർച്ചയുണ്ടാകണം. കുട്ടികളും നേതാവും കളിമെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ വയ്ക്കണം. | 7. സദസ്യർക്കുവേണ്ടിയുള്ള ഒരു പ്രകടനമാണ് ഔപചാരിക നാടകത്തിന്റെ ലക്ഷ്യം. പൂർണ്ണമായ ഫലം കിട്ടത്തക്കവണ്ണം കഴിയുന്നത്ര റിഹേഴ്സൽ നടത്തുന്നു. റിഹേഴ്സൽ നടക്കുമ്പോൾ സംവിധായകൻ നിരവധി നിർദ്ദേശങ്ങൾ നൽകുന്നു. |

കുട്ടികൾ തിർച്ചയായും നാടകം അവതരിപ്പിക്കാൻ ഇഷ്ടപ്പെടും അവർക്ക് നൽകിയ ഒരു നാടകം ഒന്നിച്ചു കളിച്ച് അതിൽ കുഴപ്പമില്ലെന്നു തോന്നുമ്പോൾ മറ്റുഗ്രൂപ്പിലെ കുട്ടികൾക്കു വേണ്ടിയോ, ഒഴിവുള്ളപ്പോൾ ഏതാനും രക്ഷിതാക്കൾക്കു വേണ്ടിയോ അത് എന്തുകൊണ്ടു കളിച്ചു കൂടാ? ക്ലാസ്മുറിയിൽ ചെയ്തതുപോലെ തന്നെയുള്ള സ്വതന്ത്രചലനവും അഭിനയവും സാധ്യമാകത്തക്ക വിധം വേണമെങ്കിൽ കളി അൽപം കൂടി വിശാലമായ ഒരു സ്ഥലത്തേക്കു മാറ്റാം. എന്നാൽ ഒരു സ്റ്റേജിലാവാൻ പാടില്ല. താരുണ്യത്തിലെത്തുമ്പോഴേക്കും സർഗാത്മക നാടക പരിചയം നേടിയിട്ടുള്ള കുട്ടികൾ ലിഖിതസംഭാഷണ രൂപത്തിലുള്ള ഔപചാരിക നാടകം അഭിനയിക്കുന്നതിനും കാണികൾക്കുവേണ്ടി ഒരു സ്റ്റേജിൽ അവതരിപ്പിക്കുന്നതിനും സജ്ജരായിരിക്കും അപ്പോഴേക്കും അവർക്ക് കൂടുതൽ ആത്മവിശ്വാസവും കഥാപാത്രങ്ങളെയും സംഭാഷണങ്ങളെയും പറ്റി കൂടുതൽ ധാരണയും മെച്ചപ്പെട്ട മെയ്വഴക്കവും കൈവന്നിരിക്കും അതിനാൽ ഔപചാരിക നാടകത്തിനുള്ള ഏറ്റവും നല്ല തയാറെടുപ്പാണ് സർഗാത്മകനാടകം അതിൽ പരിശീലനം നേടിയവർ തങ്ങൾ സർഗാത്മക നാടകഭിനയത്തിലൂടെ വളർത്തിയെടുത്ത ഭാവനാപരമായ ഗുണനിലവാരം ഔപചാരിക നാടകത്തിലേക്കും പകരുന്നതാണ്.

*സർഗാത്മക നാടകവും പാവകളിയും വിദ്യാഭ്യാസത്തിൽ (മെഹർ ആർ. കോൺട്രാക്ടർ)*

തിയേറ്റർ ഗെയിമിലൂടെയും തിയേറ്ററിലേക്ക് നയിക്കുന്ന പ്രവർത്തനങ്ങളിലൂടെയും സർഗാത്മക നാടകീയാനുഭവങ്ങൾ നേരിട്ടു ലഭിക്കുമ്പോഴാണ് അത് ആസ്വാദ്യകരമാവുന്നത്.

**പ്രവർത്തനങ്ങൾ**

*നാടക സാഹിത്യചരിത്രത്തെക്കുറിച്ചും വിവിധ കാലഘട്ടങ്ങളിലെ നാടകങ്ങളുടെ സവിശേഷതകൾ തിരിച്ചറിയുന്നതിനുംനാടകപാരമ്പര്യത്തിന്റെ കൈവഴികളും വിവിധ കാലഘട്ടത്തിലെ നാടകങ്ങളും എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുക.*

**ഉപവിഷയങ്ങൾ**

- നാടോടി നാടകങ്ങൾ
- സംസ്കൃത നാടകങ്ങളും പരിഭാഷാനാടകങ്ങളും
- സംഗീത നാടകങ്ങൾ
- കുട്ടികളുടെ നാടകവും സർഗാത്മക നാടകവും
- ആധുനിക നാടകങ്ങൾ
- നാടക ശില്പശാലകൾ സംഘടിപ്പിച്ച് ലഘു നാടകങ്ങൾ അവതരിപ്പിക്കുക.
- നാടക രചനയുടെയും അവതരണത്തിന്റെയും വ്യത്യസ്ത സങ്കേതങ്ങൾ പരിചയപ്പെടുക.

## കഥകളി

കേരളത്തിന്റെ പാരമ്പര്യ കലാരൂപമായ കൂത്ത്, കൂടിയാട്ടം കൃഷ്ണനാട്ടം, രാമനാട്ടം, പടയണി, മുടിയേറ്റ്, തെയ്യം, തിറ തുടങ്ങിയവയുടെ വിവിധ ഘടകങ്ങളും ഭാരതീയ ക്ലാസിക് കലാരൂപമായ കഥക്, മണിപ്പൂരി, ഭരതനാട്യം തുടങ്ങിയവയുടെ ഘടകങ്ങളും സമഞ്ജസമായി ചേർന്ന് രൂപപ്പെടുത്തിയിട്ടുള്ള കേരളത്തിന്റെ തനതു കലാരൂപമാണ് കഥകളി.

കളിക്കാനുള്ള കഥയാണ് കഥകളിയെന്നും ആടാനുള്ള കഥയാണ് ആട്ടക്കഥയെന്നും പദാർഥമനുസരിച്ച് ഇതിനെ വിശദീകരിക്കാം. കഥകളിയെന്ന ദൃശ്യകലാ രൂപത്തിന് വേണ്ടിയുള്ള ആട്ടക്കഥകൾ സാഹിത്യപരമായി സമ്പന്നമായതോടെ അത് ആട്ടക്കഥാപ്രസ്ഥാനമായി വികസിച്ചു.

## കൃഷ്ണനാട്ടത്തിൽ നിന്നും കഥകളിയിലേക്ക്

കൂത്തും കൂടിയാട്ടവും ക്ഷേത്രങ്ങളിൽ അവതരിപ്പിക്കുമ്പോൾ കൂടുതൽ ലളിതവും ഹൃദ്യവുമാക്കിത്തീർക്കുന്നതിനുവേണ്ടി ചാക്യാന്മാർ ജയദേവരുടെ ഗീതഗോവിന്ദവും ഉപയോഗിച്ചു തുടങ്ങി, ഇതിന്റെ പരിഷ്കരിച്ച രൂപമായിട്ടാണ് കൃഷ്ണനാട്ടം രചിക്കപ്പെടുന്നത്. 1655 ൽ ഭാഗവതം ദശമസ്കന്ദത്തെ ഉപജീവിച്ചുകൊണ്ട് കോഴിക്കോട് മാനവേദൻ രാജാവ് അഷ്ടപദിയാട്ടത്തെ പരിഷ്കരിച്ച് എട്ടു ദിവസം കൊണ്ട് കഥ അഭിനയിച്ചു തീർക്കുന്ന വിധത്തിൽ കൃഷ്ണനാട്ടത്തിന് രൂപം നൽകി. "കൂത്തിലേതുപോലെ കഥാപാത്രം രംഗത്തുവന്ന് സംസാരിക്കേണ്ടതില്ല. എന്നതാണ് കൃഷ്ണനാട്ടത്തിലെ പ്രധാന പരിഷ്കാരം കൈമുദ്രകൾ കാണിക്കുന്ന ഏർപ്പാടുമില്ല. പിന്നിൽ നിന്ന് കേൾക്കുന്ന പാട്ടിനൊത്ത് ആടുകയും താളത്തിനൊത്ത് നൃത്തം ചവിട്ടുകയും ചെയ്യുക, ഇതത്രേ നടന്റെ പ്രവൃത്തി, കൃഷ്ണനാട്ടത്തിന് കൃഷ്ണന് പ്രത്യേക വേഷവും നിശ്ചയിച്ചു"

വടക്ക് കൃഷ്ണനാട്ടം രൂപപ്പെട്ടപ്പോൾ തെക്ക് കൃഷ്ണനാട്ടത്തിന് സമാനമായി കൊട്ടാരക്കര തമ്പുരാൻ രാമനാട്ടത്തിന് രൂപം നൽകി. 1694-ൽ നടന്ന മാമാങ്കമഹോത്സവത്തിൽ കൃഷ്ണനാട്ടവും രാമനാട്ടവും അവതരിപ്പിച്ചതായി മാമാങ്കം കിളിപ്പാട്ടിൽ പറയുന്നതിനാൽ 1653 നും 1694 നും ഇടയിലായിരിക്കാം രാമനാട്ടത്തിന്റെ രചനാകാലമെന്ന് സാഹിത്യചരിത്രകാരന്മാർ കരുതുന്നു. രാമായണകഥയെ ആധാരമാക്കി കൊട്ടാരക്കരത്തമ്പൂരാൻ എട്ടുകഥകൾ രചിച്ചിട്ടുണ്ട്. രാമനാട്ടത്തിൽ പരിഷ്കാരം വരുത്തിയതിന്റെ ഫലമായിട്ടാണ് പിന്നീട് കഥകളി രൂപപ്പെടുന്നത്. ആദ്യത്തെ ആട്ടക്കഥയായി രാമനാട്ടത്തെ പരിഗണിക്കുമ്പോൾ കൊട്ടാരക്കരത്തമ്പൂരാനെയാണ് കഥകളിയുടെ തുടക്കക്കാരനായി കണക്കാക്കേണ്ടത്. എന്നാൽ രാമനാട്ടം സാഹിത്യാദിഗുണങ്ങളോടെ ആട്ടക്കഥകൾ രചിച്ചതുകൊണ്ടും കോട്ടയം തമ്പുരാനെയാണ് കഥകളിയുടെ ഉപ

ജ്ഞാതാവായി പൊതുവെ കണക്കാക്കുന്നത്. ഇദ്ദേഹത്തിന്റെ ബകവധം, കല്യാണസൗഗന്ധികം, കിർമ്മീരവധം, നിവാത കവചകാലകേയവധം എന്നീ ആട്ടക്കഥകൾക്ക് ആട്ടക്കഥാ സാഹിത്യ ത്തിൽ പ്രത്യേക സ്ഥാനം തന്നെയുണ്ട്. എന്നാൽ ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥ വരുന്നതോടെയാണ് കഥകളി ഏറ്റവും ശ്രദ്ധേയമായിത്തീരുന്നത്.

**കഥകളിയെ അടുത്തറിയാം**

നൃത്തം, നൃത്യം, നാട്യം എന്നിവ ഒന്നുചേർന്ന ഒരു കലാവിശേഷമാണ് കഥകളി. കൈയും മെയ്യും കണ്ണും കാലും താളത്തിനൊത്ത് മനോഹരമായി ഇളക്കുന്നതിനാണ് നൃത്ത മെന്നു പറയുന്നത്. നൃത്തത്തിന് പ്രത്യേകിച്ച അർത്ഥമൊന്നുമില്ല. ആഹ്ലാദപ്രകടനമാണ് നൃത്തത്തിന്റെ സ്വഭാവവും ലക്ഷ്യവും.

ഹസ്തമുദ്രകൾകൊണ്ട് ആശയം വെളിവാക്കുന്നതിനാണ് നൃത്യമെന്നു പറയുന്നത്. നൃത്തത്തിൽ നിന്ന് ഒരുപടി ഉയർന്ന അഭിനയമാണിത്. അർത്ഥമില്ലാത്ത അഴകുള്ള വാക്കുകൾ താളത്തിനൊപ്പം പറയുകയോ പാടുകയോ ചെയ്യുന്നപോലെയാണ് നൃത്ത മെങ്കിൽ ആ വാക്കുകൾക്ക് അർത്ഥം കൂടി ചേർത്താൽ നൃത്യമായി. നൃത്തത്തോടു ചേർന്നുള്ള നൃത്യത്തിനാണ് അഴക്. കഥകളിയിൽ നാം കാണുന്നത് ഇങ്ങനെയുള്ള നൃത്യമാണ്.

ഹസ്തമുദ്രകളുടെ ഉത്പത്തിയെപ്പറ്റി പല ഗവേഷകരും പലതരത്തിലാണ് അഭിപ്രായ പ്പെട്ടിരിക്കുന്നത്. പൂജാദികർമ്മങ്ങൾക്ക് ഉപയോഗിക്കുന്ന മുദ്രകളിൽ നിന്നാണ് അഭിന യകല ‘ഹസ്ത’ങ്ങൾ സ്വീകരിച്ചിരിക്കുന്നതെന്ന് ഏതാണ്ട് സർവസമ്മതമായിട്ടുണ്ട്. സാധാ രണ ധാരണയുടെ കവാടബന്ധനം നടത്തി നിഗൂഢവും ദിവ്യകല്പവുമായ ഏതോ ഒര നുഭൂതിയിലേക്ക് ഏതോ ഒരനുഭൂതിയിലേക്ക് പ്രവേശനം നല്കാനാണ് മുദ്രകൾ അവ യുടെ ഉത്പത്തി മുതലിന്നോളം പ്രയോഗക്ഷമമാക്കിയിട്ടുള്ളത്. പ്രാക്തന ജനങ്ങളുടെ ജീവിതചര്യയിൽ പല രഹസ്യവിക്ഷേപവും അനിവാര്യമായി വന്നിട്ടുണ്ട്. അവരുടെ ഇടയ്ക്ക് പ്രചരിച്ചിരുന്ന ഗൂഢസമുദായ സമ്പ്രദായം (Secret Societies) ഇന്നത്തെ സ്കൗട്ട് പ്രസ്ഥാനത്തിലെന്ന പോലെ പല തരത്തിലുള്ള അംഗവിക്ഷേപങ്ങൾ അർത്ഥോപല ക്ഷണങ്ങളായി കൈക്കൊണ്ടിരുന്നു. ഇതു കേവലം സാമുദായികാവശ്യമാണ്. അദൃശ്യ ശക്തികളായ ദേവതാഗണത്തെ അന്തർഗതമറിയിക്കാനും ചിലർ ഏതാദൃശ അംഗ വിക്ഷേപങ്ങൾ പ്രയോഗിച്ചിരുന്നു. ഇത് മതപരമായ ആവശ്യമാണ്. സമുദായികവും മതപരവുമായ ആവശ്യങ്ങളുടെ സങ്കലിതരൂപമാണ് കലാപരമായ ആവശ്യങ്ങളിൽ പ്രതി ബിംബിക്കുന്നത്. ഇങ്ങനെ നോക്കുമ്പോൾ മുദ്രകൾ ഏതാവശ്യത്തിനാണ് ആദ്യമുണ്ടാ യതെന്ന സയുക്തികം പറയാൻ പ്രയാസമില്ല. ജീവിതതാത്പര്യങ്ങൾക്ക് പിൻഗാമിയായി ഇതര ആവശ്യങ്ങൾ വരും. സമുദായം, മതം, കല എന്നിവയിൽ ഏതാണ് ജീവിത ത്തോട് അത്യന്തം ബന്ധിച്ചുനില്ക്കുന്നതെന്നാലോചിച്ചാൽ മുദ്രയുടെ ഉത്പത്തിയെ ക്കുറിച്ച് ഏതാണ്ട് നിർണ്ണായകമായ അഭിപ്രായം പറയാൻ സാധിക്കും. തൽക്കാലം സാമു ദായികജീവിതമാണ് പരിഗണനാർഹമായി തോന്നുന്നത്. അതുകൊണ്ട് മുദ്രകൾ പുരാ തന മനുഷ്യരുടെ, നിഗൂഢസമുദായത്തിന്റെ ജീവിതാവശ്യങ്ങൾക്കുവേണ്ടി ഉണ്ടായെന്നു തീരുമാനിക്കാം. അവിടെ നിന്നും താന്ത്രികാവശ്യത്തിലേക്കും തദനന്തരം കലകളി ലേയ്ക്കും മുദ്രകൾ പകർന്നു.

വാചികഭാഷയുടെ പ്രതീകമായി ആംഗികഭാഷ കലയിലേക്ക് കാലൂന്നിയതോടെ അതിനു നിയതരൂപവും സാങ്കേതികത്വവും കൈവന്നു. ഭരതാദികളുടെ നാട്യശാസ്ത്രങ്ങളിൽ മുദ്രകളെപ്പറ്റിയുള്ള ശാസ്ത്രീയ വിവരണം കാണുന്നത് ഈ സാങ്കേതിക ലബ്ധിയു ണ്ടായി വളരെകഴിഞ്ഞായിരിക്കണം. ഭാഷയുടെ വളർച്ച മുറ്റുമ്പോഴാണല്ലോ വ്യാകരണ ശാസ്ത്രമുണ്ടാകുന്നത്.

കഥകളിമുദ്രകൾക്കാസ്പദം ഭരതന്റെ നാട്യശാസ്ത്രമല്ലെന്നുള്ളതാണ് അത്ഭുതകരമായി തോന്നുന്നത്. ഹസ്തലക്ഷണദീപിക എന്നൊരു ഗ്രന്ഥത്തെയാണ് കഥകളി നടന്മാർ പ്രമാണമാക്കിയത്. ഈ ഗ്രന്ഥത്തിന്റെ കർത്താവാരെന്ന് ഇന്നോളം തീർച്ചയാക്കിയി ട്ടില്ല.

മുദ്ര കാണിക്കുമ്പോൾ കയ്യും കണ്ണും മെയ്യും മനസ്സും യോജിച്ചു പോകണം. എന്നാലേ രസസ്ഫുരണമുണ്ടാകൂ. ചെണ്ട, ശുദ്ധമദ്ദളം, ചേങ്ങില, ഇലത്താളം എന്നീ നാലു വാദ്യങ്ങളാണ് കഥകളിക്കു വേണ്ടത്. ചേങ്ങില പ്രധാന പാട്ടുകാരനും ഇത്താളം ഏറ്റുപാടലുകാരനും പ്രയോഗിക്കുന്നു. ചമ്പട, ചമ്പ, ത്രിപുട, അടന്ത, മുറിയടന്ത എന്നീ താളങ്ങളും അവയുടെ യഥോചിതമായ പ്രസ്താരങ്ങളുമാണ് കഥകളിയിലുള്ളത്.

മുദ്രകൾകൊണ്ട് പദാർത്ഥം അഭിനയിച്ചു കാണുക്കുന്ന നൃത്യത്തിന് നൃത്തം അഴകുണ്ടാക്കുമെങ്കിൽ അതിനു ജീവൻ നല്കുന്നത് നാട്യമാണ്. എന്താണ് നാട്യം? മുഖാവയവങ്ങൾകൊണ്ട് (കണ്ണ്, പുരികം, ചുണ്ട്, കവിൾ, താടി എന്നിവ) ഓരോ രസം അഭിനയിക്കുന്നത് നാട്യാഭിനയത്തിൽപ്പെടുന്നു. നാടകത്തിലെ നടന്മാർ സംഭാഷണം ചെയ്തുകൊണ്ട് രസം സ്ഫുരിപ്പിക്കുന്നതും നാട്യമാണ്. പക്ഷേ, കഥകളിയിൽ സംസാരിക്കാൻ പാടില്ലാത്തതുകൊണ്ട് മുഖത്തു രസം വരുത്തി മുദ്രകൾകൊണ്ട് അർത്ഥം കാണിച്ച് അങ്ങനെ ആശയം വെളിവാക്കുകയാണല്ലോ ചെയ്യുന്നത്. ഓരോ മുദ്ര കാണിക്കുമ്പോഴും ഓരോ രസം മുഖത്തു വരുത്തണമെന്നുണ്ട്. എങ്കിൽ മാത്രമേ ഈ മുദ്രകൾക്ക് 'ഫലിതം' (effect) ഉണ്ടാകൂ. മാനെന്ന മുദ്ര കാണിക്കുമ്പോൾ ശാന്തം, സിംഹത്തിന് രൗദ്രം, ആനയ്ക്ക് വീരം, ലതയ്ക്കും പൂവിനും മറ്റും ശൃഗാരം. ഇങ്ങനെ പോകുന്നു ഓരോ മുദ്രയ്ക്കും അതാതിന്റെ സ്വഭാവമനുസരിച്ചുള്ള രസം. ചുരുക്കത്തിൽ നാട്യത്തിന്റെ ചൈതന്യവും നൃത്തത്തിന്റെ ഭംഗിയും ചേർന്ന നൃത്യാഭിനയമാണ് കഥകളി എന്ന കല. ആഹാര്യം, ആംഗികം, സാത്വികം, വാചികം എന്നീ ചതുർവിധാഭിനയങ്ങളിൽ വാചികമൊഴിച്ച് ശേഷമുള്ള മൂന്നിനും കഥകളിയിൽ സ്ഥാനമുണ്ട്.

കഥകളിയിലെ വേഷങ്ങൾ കഥാപാത്രത്തിന്റെ സ്വഭാവഭേദമനുസരിച്ച് ഓരോന്നും ഓരോ വ്യക്തിയുടെ രൂപത്തിലല്ല. പൊതുവായ ചില മാതൃകകളുടെ മട്ടിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. സത്വം, രജസ്സ്, തമസ്സ്, എന്നീ ഗുണഭേദങ്ങളനുസരിച്ച് കഥകളി വേഷത്തിലും പൊതുവായി പച്ച, കത്തി, കരി എന്ന മൂന്നു വിഭാഗങ്ങൾ സങ്കല്പിച്ചിട്ടുണ്ട്. പക്ഷേ, മിനുക്ക്, താടി, പഴുക്ക എന്നിവയും താടിയിൽത്തന്നെയുള്ള അവാന്തരവിഭാഗങ്ങളും മുൻപ് സൂചിപ്പിച്ച മൂന്നു ഗുണവകുപ്പുകളിൽ യഥോചിതം ഉൾപ്പെടുത്തി പറയേണ്ടതാണ്. ചുരുക്കത്തിൽ ഒരു കഥാപാത്രത്തിന്റെ സ്വഭാവമനുസരിച്ച് അതിനെ പച്ചയോ താടിയോ കരിയോ ആയി സങ്കല്പിക്കാൻ ഒന്നുരണ്ട് കഥകളി കണ്ടിട്ടുള്ളവർക്ക് വിഷമം കാണില്ല.

കഥകളിയിലെ സംഗീതം ഒന്നു പ്രത്യേകമാണ്. കേരളത്തിലെ ക്ഷേത്രങ്ങളിൽ സോപാനത്തിൽ പാടുന്ന അഷ്ടപദി (ഗീതഗോവിന്ദം) യുടെ മാതൃകപിടിച്ചാണ് കേരളീയ സംഗീതം രൂപം കൊണ്ടത്. കഥകളിപ്പാട്ടുകൾ ആ സമ്പ്രദായത്തിന്റെ ഉത്തമമാതൃകകളാണ്. സോപാനസമ്പ്രദായത്തിലാണ് കഥകളിപ്പാട്ടെന്ന് പറയാൻ കാരണമിതാണെന്ന് ഞാനുഹിക്കുന്നു.

ഏതായാലും കഥകളിയിലെ പാട്ട് പാട്ടിനുവേണ്ടി ഉണ്ടായതല്ല, അഭിനയത്തിനുവേണ്ടിയാണ്. തന്മൂലം സംഗീതത്തിന്റെ ക്രമാനുഗതമായ പരിണാമമോ, പരിവർത്തനമോ പരിഷ്കാരമോ കഥകളിപ്പാട്ടിനെ ബാധിച്ചിട്ടില്ല. അഭിനയത്തിനുവേണ്ടിയുണ്ടായിട്ടുള്ള പാട്ടുകളായതുകൊണ്ട് അവ ഭാവപ്രധാനമാണ്; അതുകൊണ്ടുതന്നെ ഹൃദയംഗമവുമാണ്. കർണ്ണാടക സംഗീതത്തിന്റെ സ്വാധീനശക്തി ഇന്നത്തെ കഥകളിപ്പാട്ടുകളിൽ കാണുന്നുണ്ടെങ്കിലും കഥകളിപ്പാട്ട് അതിന്റെ തനിരൂപത്തിൽ ശുദ്ധ കേരളീയ സമ്പ്രദായത്തിൽ പരിരക്ഷിക്കേണ്ടതാണെന്ന് ഈ ലേഖകന് അഭിപ്രായമുണ്ട്.

വൈകുന്നേരം ഏതാണ്ട് സന്ധ്യയ്ക്കുമുമ്പ് കളിയുണ്ടെന്നറിയിക്കാൻ ഒരു മേളം നടത്തുന്നു. അതിന് കേളികൊട്ടെന്നു പറയുന്നു. കേളികൊട്ടിന്റെ (ശുദ്ധമദ്ദളം), തോടയം, പുറപ്പാട്, മേളപ്പദം (മഞ്ജുതര) എന്നിവയാണ് കഥകളിയുടെ ആരംഭത്തിൽ നടത്തുന്ന ചടങ്ങുകൾ. ഓരോന്നും ഒഴിച്ചുകൂടാൻ വയ്യാത്ത ചടങ്ങാണ്. ഓരോന്നിനുമുണ്ട് ഓരോ പ്രാധാന്യം. മേളപ്പദം കഴിഞ്ഞാൽ കഥ തുടങ്ങുകയായി. കഥാപാത്രങ്ങൾ പ്രവേശിക്കുന്നതിനുമുമ്പ് കഥാസന്ദർഭം സൂചിപ്പിക്കുന്ന ശ്ലോകം പാട്ടുകാർ തിരശ്ശീലയ്ക്കു പിന്നിൽ നിന്നു ചൊല്ലുന്നു. കഥാപാത്രങ്ങൾ പരസ്പരം സംഭാഷണം ചെയ്യുന്നതും സ്വാഗതം വെളിപ്പെടുത്തുന്നതും ആംഗ്യഭാഷയിൽക്കൂടിയാണ്. അഭിനയം തുടങ്ങയാൽ ഒന്നു രണ്ടു കാര്യങ്ങൾ പ്രേക്ഷകർ ശ്രദ്ധിക്കേണ്ടതുണ്ട്. ഭാഗവതർ പദം പാടുമ്പോൾ നടന്മാർ അത് അഭിനയിച്ചു കാണിക്കുന്നതിന് ചൊല്ലിയാട്ടമെന്നാണ് പറയുക (കഥകളി അഭ്യസിപ്പിക്കുന്നതിനും ചൊല്ലിയാട്ടമെന്നു പറയാറുണ്ട്. അതല്ല ഇവിടെ വിവക്ഷ). ഒരു ചരണം ചൊല്ലിയാടിക്കഴിഞ്ഞാൽ ഉടനെ നടന്മാർ ഒരു നൃത്തരീതി കൈക്കൊള്ളാറുണ്ട്. കലാശം എന്നാണ് ഇതിനു പറയാറ്. ഓരോ ചരണത്തിനും മാറി മാറി പ്രത്യേകം കലാശമെടുക്കണമെന്നാണ് നിയമം. പാട്ടുകാരുടെ ആയാസത്തിനല്പം ഇളവുണ്ടാക്കുവാനും അഭിനയത്തിന് വൈവചിത്ര്യം വരുത്തുവാനുമാണ് കലാശമെന്ന നൃത്തസമ്പ്രദായം കഥകളിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കലാശം സ്ത്രീവേഷത്തിനും പുരുഷവേഷത്തിനും വേറെ വേറെയാണ്. ലാസ്യതാണ്ഡവഭേദം ഇതിലും ഉണ്ട്. ഇങ്ങനെ ചൊല്ലിയാട്ടം കലാശഭേദങ്ങളോടെ നിർവഹിച്ചുകഴിഞ്ഞാൽ നടൻ മനോധർമ്മമാടുകയായി. ഇതിന് ഇളകിയാട്ടമെന്നും തന്റേടാട്ടമെന്നും പറയാറുണ്ട്. ചൊല്ലിയാട്ടത്തിൽ പറഞ്ഞു വച്ച കാര്യങ്ങൾ ഒന്നുകൂടി വിശദീകരിക്കുവാനും കഥയോടു ബന്ധമുള്ളതും പദത്തിൽ പറഞ്ഞിട്ടില്ലാത്തതുമായ മറ്റു പല കാര്യങ്ങൾ സദസ്യരെ മനസ്സിലാക്കാനുമാണ് മനോധർമ്മമാടുന്നത്. മനോധർമ്മമാടിയാലാണ് ഒരു നടന്റെ കഴിവ് തികച്ചും അറിയുന്നത്. കഥകളിരസികന്മാരെ കഥകളിരംഗത്തു പിടിച്ചിരുത്തുന്നതും ഇതുതന്നെയാണ്.

*ഡോ.എസ്.കെ. നായർ - അരങ്ങും അണിയറയും*

## പ്രവർത്തനങ്ങൾ

- കേരളത്തിന്റെ തനതുകലയായി കഥകളി മാറിയതിന്റെ പശ്ചാത്തലം പരിശോധിക്കുക
- ആധികാരികഗ്രന്ഥങ്ങൾ പരിശോധിച്ച് കൃഷ്ണനാട്ടം, രാമനാട്ടം, കഥകളി എന്നിവയെക്കുറിച്ച് കുറിപ്പ് തയാറാക്കുക.
- എസ്.കെ.നായരുടെ ലേഖനത്തെ മുൻനിർത്തി ചർച്ച ചെയ്ത് സചിത്രകുറിപ്പ് തയാറാക്കുക.

**ചർച്ചാസൂചകങ്ങൾ**

- നൃത്തം, നൃത്യം, നാട്യം
- കഥകളിചടങ്ങുകൾ
- മുദ്രകൾ
- ചതുർവിധാഭിനയം
- കഥകളി വേഷങ്ങൾ

- കഥകളി സംഗീതം
- പ്രധാനപ്പെട്ട ആട്ടക്കഥാ രചയിതാക്കളെയും ആട്ടക്കഥകളെയും കുറിച്ചുള്ള കുറിപ്പ്
- കഥകളി പരിപോഷിപ്പിക്കുന്നതിൽ വള്ളത്തോളിന്റെ സ്വാധീനം സ്കൂൾ പാഠഭാഗവുമായി ബന്ധപ്പെട്ട കഥകളിയുടെ വീഡിയോ പ്രദർശനം കണ്ടതിനുശേഷം ആസ്വാദനക്കുറിപ്പ് തയാറാക്കുക.
- കഥകളികലാകാരന്മാരുമായുള്ള അഭിമുഖം
- കഥകളി ശില്പശാലകൾ സംഘടിപ്പിക്കുക.

**റഫറൻസ്**


1 ആട്ടകഥാസാഹിത്യം – അയ്മനം കൃഷ്ണകൈമൾ

2. കഥകളിരംഗം – കെ.പി.എസ്.മേനോൻ

3. അരങ്ങിനുപിന്നിൽ – കലാമണ്ഡലം കേശവൻ

4. കഥകളിനടനം – ഗുരുഗോപിനാഥ്

5. മഞ്ജുതരം – കലാമണ്ഡലം ഹൈദരലി

6. മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ – എരുമേലി പരമേശ്വരൻപിള്ള

7. സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ – എഡി.ഡോ.കെ.എം.ജോർജ്

8. കലാലോകം – ഡോ. കെ.പി.നാരായണപ്പിഷാരടി


## തുള്ളൽ

18-ാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ (എ.ഡി. 1705) ജനിച്ചതായി കരുതപ്പെടുന്ന കുഞ്ചൻ നമ്പ്യാർ കേരളീയ സമൂഹത്തിന് ആക്ഷേപ ഹാസ്യത്തിന്റെയും നർമ്മത്തിന്റെയും മൂർച്ചയേറിയ വിമർശനത്തിന്റെയുംചേരുവയിൽ തുള്ളൽ കൃതികൾ അവതരിപ്പിച്ചപ്പോൾ ആലസ്യത്തിലാണ്ടുപോയ ഒരു ജനതയെയാണ് അദ്ദേഹം വിളിച്ചുണർത്തിയത്. അദ്ദേഹത്തിന്റെ ഫലിത പരിഹാസത്തിന്റെ വാൾ മുനയേറ്റ് മുറിയാത്തവരായി ആരുമുണ്ടായിരുന്നില്ല.

പറയന്റെയും പുലയന്റെയും കണിയാന്റെയും ജാതിനാമവുമായി ബന്ധപ്പെട്ട് തുള്ളൽ വിഭജനം നടത്തിയപ്പോൾ കീഴ്ജാതി ജീവിതത്തെ സാഹിത്യ ജീവിതം കൊണ്ട് ഉയർത്തിനിർത്തുന്ന സാംസ്കാരികവും ചരിത്രപരവുമായ മഹത്തായ ഒരു ഭൗത്യമായി മാറിയത് പിന്നീടാണ് കേരളജനത തിരിച്ചറിഞ്ഞത്. തന്റെ കൃതികളിലൂടെ മാനവ ജീവിതത്തിന്റെ എക്കാലത്തെയും ജീവിതദർശനവും ജീവിത പാഠവും അദ്ദേഹം വരച്ചുവെച്ചു.

## തുള്ളൽപ്രസ്ഥാനവും വിവിധതരം തുള്ളലുകളും

### തുള്ളൽപ്രസ്ഥാനം

"കുഞ്ചൻ നമ്പ്യാരുടെ തുള്ളൽകഥകളിൽ ആദ്യത്തേത് കല്യാണസൗഗന്ധികം ശീതങ്കൻതുള്ളൽ ആണെന്നാണു പരക്കെയുള്ള വിശ്വാസം. ഇത് ശരിയായിരിക്കാം. എന്നാൽ, നമ്പ്യാരുടെ ആദ്യത്തെ കവിത സൗഗന്ധികമാണെന്നു കരുതാൻ പ്രയാസമാണ്. കവിതാരചന ജന്മസിദ്ധമായിരുന്ന നമ്പ്യാർ നന്നേ ചെറുപ്പത്തിൽതന്നെ കവിതാരചന ആരംഭിച്ചിരിക്കണം.

വിദ്യാഭ്യാസത്തോടൊപ്പം കവികർമ്മത്തിലുള്ള അഭ്യാസവും അദ്ദേഹം തുടർന്നിട്ടുണ്ടാവണം. തുടക്കക്കാരനായ ഒരു കവിതക്കാരന്റെ കൈക്കുറ്റപ്പാടല്ല, കല്യാണസൗഗന്ധികം. വിപുലമായ ഗ്രന്ഥപരിജ്ഞാനവും അസൂയാർഹമായ പദസ്വാധീനവും ഗണ്യമായ ലോകപരിചയവും മികച്ച ഭാഷാപാണ്ഡിത്യവും നേടിക്കഴിഞ്ഞ കൃതഹസ്തനായ ഒരു കവിയെയാണ് ആ കൃതിയിലൂടെ നാം കാണുന്നത്.

അമ്പപ്പുഴ ക്ഷേത്രത്തിൽ കൂത്തിനു മിഴാവു കൊട്ടിക്കൊണ്ടിരിക്കെ ഉറക്കംതൂങ്ങി മിഴാവുകൊട്ടിൽ വീഴ്ചവരുത്തിയതിന് കുഞ്ചൻനമ്പ്യാരെ ചാക്യാർ കഠിനമായി പരിഹസിച്ചുവെന്നും അധിക്ഷിപ്തനായ നമ്പ്യാർ അന്നു രാത്രി കല്യാണസൗഗന്ധികം തുള്ളൽ രചിച്ച് അടുത്ത ദിവസം കൂത്തിന്റെ സമയത്ത് ക്ഷേത്രത്തിന്റെ മറ്റൊരു ഭാഗത്ത് ഓട്ടൻതുള്ളലായി അരങ്ങേറി കൂത്തുകേൾക്കാനാളില്ലാത്ത അവസ്ഥ സൃഷ്ടിച്ചുവെന്നുമുള്ള കഥ പ്രസിദ്ധമാണ്. പക്ഷേ ഇന്ന് ഈ കഥ അതേപടി വിഴുങ്ങാൻ കഴിയുന്നവർ ചുരുങ്ങും. കല്യാണസൗഗന്ധികം തുള്ളൽ ഒരു രാത്രി കൊണ്ട് രചിച്ചതോ തുള്ളൽ എന്ന കലാരൂപം ഏതാനും മണിക്കൂർകൊണ്ടു ചിട്ടപ്പെടുത്തി എടുത്തതോ ആകാൻ തരമില്ല. അതെല്ലാം നേരത്തേ നടന്നിരിക്കണം. താനെഴുതിയ തുള്ളൽക്കഥ അരങ്ങത്ത് അവതരിപ്പിക്കുന്നതിന് ചാക്യാരുടെ പരിഹാസം കുഞ്ചൻനമ്പ്യാർക്ക് ഒരു താല്ക്കാലിക പ്രേരണയായിത്തീർന്നിരിക്കാം. കുട്ടിക്കാലം മുതൽ ചാക്യാർകൂത്തുമായി ബന്ധപ്പെട്ടിരുന്ന നമ്പ്യാരെ പുരാണകഥാകഥനങ്ങൾക്കിടയിൽ ചാക്യാന്മാർ നടത്തുന്ന വിമർശനങ്ങളും പരിഹാസപ്രയോഗങ്ങളും വളരെ ആകർഷിച്ചിരിക്കണം. അതുപോലത്തന്നെ കുട്ടനാട്ടിലും മധ്യതിരുവിതാംകൂർ പ്രദേശങ്ങളിലും പ്രചുരപ്രചാരമുണ്ടായിരുന്ന പടയണിയുമായും കുഞ്ചൻനമ്പ്യാർക്ക് ഗാഢപരിചയം സിദ്ധിച്ചിരുന്നുവെന്നു തീർച്ചയാണ്. രുക്മിണി സ്വയംവരം തുള്ളലിൽ

"പണ്ടൊരു പടയണി കാണ്മാൻ നമ്മേ-
ക്കൊണ്ടു പുറപ്പെട്ടാനീ വിദ്വാൻ
ചെണ്ടക്കാരൻ ചെല്ലുന്നേട-
ത്തുണ്ടാം വാശ്ശതുമൊരു വൈഷമ്യം
അക്കരെയുള്ളൊരു തുള്ളക്കാരൻ
തെക്കേത്തട്ടേൽ വന്നു കരേറി
പറയൻകഥ ചൊൽവാനൊരു ഗണപതി
കുറയെച്ചൊല്ലിത്തുള്ളുന്നേരം
ധൃഷ്ടനൊരുത്തൻ വന്നു വടക്കേ-
ത്തട്ടേൽ കേറിത്തുള്ളൽ തുടങ്ങി"

എന്നിങ്ങനെ നമ്പ്യാർ വിവരിച്ചിട്ടുള്ളതു കാണുക. പടയണിത്തുള്ളലിലും പല വേഷക്കാരായ നടന്മാർ നാട്ടുവർത്തമാനങ്ങളും സംഭവങ്ങളും ഫലിതപരിഹാസങ്ങൾ കലർത്തി അവതരിപ്പിക്കുന്ന പാട്ടുകൾ പാടിത്തുള്ളുന്ന ഏർപ്പാടുണ്ടായിരുന്നു. അശ്ലീലമെന്നുപോലും പറയാവുന്ന 'പേക്കഥ'കളും പാട്ടുകളായി നടന്മാർ പാടിത്തുള്ളിയിരുന്നു. പടയണിത്തുള്ളലിന്റെ ഒരു പരിഷ്കൃതരൂപമാണ് ഓട്ടൻതുള്ളലെന്നു പറഞ്ഞാൽ അതു ഭാഗികമായി സത്യമായിരിക്കും. അതുപോലെത്തന്നെ 'തുള്ളലുകൾ വൃത്തനിയമത്തോടുകൂടി അഭിനയിക്കപ്പെടുന്ന ചാക്യാർകൂത്തുകളാണെന്ന്' അഭിപ്രായവും ഭാഗികമായി സത്യമാണ്. പടയണിത്തുള്ളലിലെയും കൂത്തിലെയും ചില ചില അംശങ്ങൾ ചേരുംപടി ചേർത്താണ് ഓട്ടൻതുള്ളൽ എന്നു പറഞ്ഞാൽ അതു തെറ്റാവുകയില്ല.

## തുള്ളൽ വിഭാഗങ്ങൾ

കേരളത്തിലെ പ്രാചീനവും സമ്പന്നവുമായ ഒരു കലാരൂപം. തുള്ളൽ മൂന്നുവിധമുണ്ട്, ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിങ്ങനെ. വേഷം, നൃത്തരീതി, പാട്ടിലെ വൃത്തങ്ങൾ എന്നിവയെ സംബന്ധിച്ച് മൂന്നുതുള്ളലുകൾക്കുമുള്ള വ്യത്യാസമാണ് ഈ വിഭജനത്തിനടിസ്ഥാനം എന്നു കരുതിപ്പോരുന്നു. എങ്കിലും ഈ സംജ്ഞകളുടെ അർഥത്തെപ്പറ്റി വിഭിന്നമതങ്ങൾ നിലവിലുണ്ട്. ഓട്ടൻ, ഓട്ടാളി എന്ന പദങ്ങൾ ദൂതനെന്ന അർഥത്തിൽ നമ്പ്യാർതന്നെ പ്രയോഗിച്ചിട്ടുണ്ട്. ഓടുന്ന ദൂതനെപ്പോലെ ദ്രുതഗതിയിലായതുകൊണ്ട് തരംഗിണീവൃത്ത പ്രചുരമായ തുള്ളലുകളെല്ലാം ഓട്ടനായെന്ന് ഒരു പക്ഷം. കണിയാൻമാരുടെ മാന്ത്രികകർമ്മമായ കോലംതുള്ളലിലുള്ള ഐശ്വര്യ ഗന്ധർവന്റെ വേഷമാണ് ഓട്ടനെന്നു മറ്റൊരു പക്ഷം. ഓട്ടൻ എന്നത് ഉപാധ്യായൻ എന്ന പദത്തിന്റെ പ്രാകൃതം വഴിക്കുള്ള തത്ഭവരൂപമാണെന്ന് ഇനിയുമൊരു പക്ഷം. ഉവച്ചൻ, ഓച്ചൻ, ഓട്ടൻ എന്നെല്ലാം വ്യപദേശിക്കുന്നത് നട്ടുവനെയാണ്. വാദ്യംകൊട്ടി താളമിടുന്ന നട്ടുവനാണ് നമ്പ്യാർ. ശീതങ്കപദത്തിനുമുണ്ട് വ്യുല്പത്തികളനവധി. കുടവയറും ഭാണ്ഡക്കെട്ടും മറ്റുമുള്ള ഇട്ടിക്കണ്ടപ്പനാണത്രേ ശീതങ്കൻ. ചിലരുടെ ദൃഷ്ടിയിൽ ശീതങ്കനെന്നത് പറയരുടെ ഇടയിലുള്ള ഒരു പേരാണ്. "പ്രതിജ്ഞാ യൗഗന്ധരായണത്തിലെ ഭ്രാന്തന്റെ വേഷത്തിന് ശീതങ്കവേഷത്തിനോടു സാദൃശ്യം കാണുന്നു ചിലർ. ചിലർക്ക് ദേശിംഗനാടൻ, തണുപ്പൻ (ശീതങ്കൻ) ശ്രീതങ്കവോൻ എന്നും മറ്റുമാണ് അർത്ഥം. മാരാർ എന്ന അന്തരാളജനമാവാം ശീതങ്കൻ എന്നും ഒരഭിപ്രായം ഉയർന്നിട്ടുണ്ട്. പറയൻതുള്ളലിനെപ്പറ്റി നമ്പ്യാർ തന്നെ ചില വിവരങ്ങൾ നൽകുന്നുണ്ട്. പറയൻ എന്നതിന് പറയുന്നവൻ എന്നാണ് അദ്ദേഹത്തിന്റെ നിരുക്തി. പറയനും ശീതങ്കനും ഓട്ടനെന്ന നട്ടുവനും നമ്പ്യാരും വാദ്യമടിക്കുന്ന താളജ്ഞൻമാരാണ്. പറയനെന്ന പദത്തിന് പറയടിക്കുന്നവനെന്നർഥമുണ്ട്. ചില പറയൻ കല്യാണം, ശവ സംസ്കാരം, ഗ്രാമോത്സവങ്ങൾ എന്നീ സന്ദർഭങ്ങളിൽ വാദ്യക്കാരായി പ്രവർത്തിച്ചുവരുന്നതായി കാൾഡ്വൽ രേഖപ്പെടുത്തിയിട്ടുണ്ട്. ശാസ്താവ്, കാളി, ശിവൻ മുതലായവരെ പ്രതിഷ്ഠിച്ചിട്ടുള്ള ക്ഷേത്രങ്ങളിൽ മാത്രമേ ആദ്യകാലത്ത് തുള്ളൽ നടത്തിയിരിക്കാൻ ഇടയുള്ളൂ എന്നു ചരിത്രകാരൻന്മാർ ഊഹിക്കുന്നു. പ്രത്യേകിച്ചും പറയൻതുള്ളൽ ക്ഷേത്രത്തിനു പുറത്തായിരിക്കും. പറയനല്ലാത്തവൻ പറയന്റെ വേഷമെടുത്തപ്പോഴേ പറയൻതുള്ളലിന്റെ സ്ഥാനം നൽകിയിട്ടുണ്ടാവുകയുള്ളൂ. തുള്ളൽ ഒരു വിധം നൃത്തമാണ്. അതിൽ തുള്ളുവൻ ഒരു കഥാപാത്രത്തിന്റെ വേഷം കെട്ടുന്നില്ല. നാട്യധർമ്മിയനുസരിച്ച് ഒരാഖ്യാതാവിന്റെ വേഷമാണ് അണിയുക. ആഖ്യാതാവ് നമ്പ്യാരെന്ന ഓട്ടനോ മാരാരെന്ന ശീതങ്കനോ പാക്കനാർ വർഗത്തിൽപ്പെട്ട പറയനോ ആവാം.

## നമ്പ്യാരുടെ പാണ്ഡിത്യം

'ഭാഷയായ് പറവാനുമടിയനു സംസ്കൃതത്തിലുമൊന്നുപോൽ ദോഷഹീനപടത്വമുണ്ട്' എന്ന് കീചകവധം പറയൻതുള്ളലിൽ കുഞ്ചൻനമ്പ്യാർ നിസ്സന്ദേഹം പ്രഖ്യാപിച്ചിരിക്കുന്നു. സംസ്കൃതത്തിൽ കവനം ചെയ്യാനുള്ള കഴിവ് ചില തുള്ളൽക്കവിതകളിൽ അദ്ദേഹം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കാർത്തവീര്യാർജുനവിജയത്തിൽ

> "ചിത്രയോധിയൊടു സംസ്കൃതമായി-
> ട്ടത്രമാത്രരുമൾ ചെയ്തു ദശാസ്യൻ"

എന്നു പറഞ്ഞിട്ട് 'ദശാസ്യന്റെ വാക്കുകൾ ശുദ്ധ സംസ്കൃതത്തിൽതന്നെ നിബന്ധിച്ചിരിക്കുന്നു. വേറെയുമുണ്ട് ഇത്തരം ഭാഗങ്ങൾ. ഇതിഹാസപുരാണങ്ങളും കാവ്യനാടകങ്ങളും കഥാസരിത്സാഗരം, പഞ്ചതന്ത്രം തുടങ്ങിയ കൃതികളും ചമ്പുക്കളും സംസ്കൃതത്തിലെ പല വ്യാകരണഗ്രന്ഥങ്ങളും അദ്ദേഹം പഠിച്ചിരുന്നു. സംഗീതം, വൈദ്യം, ജ്യോതിഷം, മന്ത്രവാദം, തന്ത്രം, വേദാന്തം മുതലായ വിഷയങ്ങളിൽ സാമാന്യജ്ഞാനമെങ്കിലും നമ്പ്യാർ

നേടിയിരുന്നുവെന്നുംതുള്ളൽക്കഥകളിലൂടെവെളിപ്പെടുന്നുണ്ട്. കുവലയാനന്ദം, ഉത്തരരാമ ചരിത്രം, ബാലഭാരതം, ശാകുന്തളം, പഞ്ചതന്ത്രം, മാഘം, നൈഷധം, മുദ്രാരാക്ഷസം തുടങ്ങിയ അനേകം സംസ്കൃത ഗ്രന്ഥങ്ങളിൽ നിന്ന് സന്ദർഭാനുസരണം ആശയങ്ങൾ സ്വീകരിച്ച് തുള്ളൽപ്പാട്ടുകളിൽ സന്നിവേശിപ്പിച്ചനമ്പ്യാരുടെ പാണ്ഡിത്യവും ഗ്രന്ഥപരിചയവും ഒട്ടും താണതരത്തിൽ പെട്ടതായിരുന്നില്ല.

## സാമാന്യജനങ്ങളുടെ കവി

സംസ്കൃതപാണ്ഡ്യത്യവും സംസ്കൃതത്തിൽ കവിത രചിക്കാനുള്ള കഴിവും നേടിയിരുന്ന കുഞ്ചൻനമ്പ്യാർ നാട്ടുഭാഷയിൽ കവിത എഴുതാൻ തുനിഞ്ഞത് എന്തുകൊണ്ടാണ്? സഭാപ്രവേശം തുള്ളലിൽ

“ഭടജനങ്ങടെ നടുവിലുള്ളൊരു പടയണിക്കിഹചേരുവാൻ
വടിവിയന്നൊരു ചാരുകേരളഭാഷതന്നെ ചിത്രം വരൂ” എന്നുണ്ട്.

അതാണ് കാര്യം. സംസ്കൃതത്തിൽ കാവ്യരചന നിർവഹിച്ച് ഒരു ചെറിയ ന്യൂനപക്ഷത്തിന്റെ മാത്രം കൈയടി വാങ്ങിക്കഴിയാൻ നമ്പ്യാർക്ക് താല്പര്യമുണ്ടായിരുന്നില്ല. സാമാന്യജനങ്ങളെ മുന്നിൽ കണ്ടുകൊണ്ട് അവർക്കു വേണ്ടിയായിരിക്കണം താൻ തൂലിക എടുക്കേണ്ടതെന്നു നിശ്ചയിക്കുകയും അക്കാര്യം ഉറക്കെ വിളിച്ചു പറയുകയും ചെയ്ത ആദ്യത്തെ കേരളീയ മഹാകവിയാണ് കുഞ്ചൻ നമ്പ്യാർ. ജന്മസിദ്ധമായ കവിതാവാസനയോടൊപ്പം ജന്മസിദ്ധമായ ഫലിതബോധവും പരിഹാസചാതുരിയും ഉണ്ടായിരുന്ന നമ്പ്യാർക്ക് സാമാന്യജനങ്ങളെ രസിപ്പിക്കുകയും ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന തരത്തിലേ കവിതാരചന സാധ്യമായിരുന്നുള്ളൂ. ഈ മൂന്ന് ലക്ഷ്യങ്ങളും നിറവേറ്റാനുതകുന്ന ഭാഷയും ശൈലിയും കഥകളും ഉപകഥകളും വർണനകളും വിവരങ്ങളും വിമർശനങ്ങളും ഉപദേശങ്ങളും നമ്പ്യാരുടെ തുള്ളൽക്കഥകളിൽ സമൃദ്ധിയായും സമർഥമായും വിനിവേശിപ്പിച്ചിരിക്കുന്നു.

ഓട്ടൻ, ശീതങ്കൻ, പറയൻ എന്നിങ്ങനെ തുള്ളൽക്കഥകളിൽ മൂന്നു വിഭാഗമുള്ളതിനെക്കുറിച്ചു പലരും ദീർഘമായി ഉപന്യസിച്ചിട്ടുണ്ട്. ഓട്ടൻതുള്ളൽ യഥാർഥത്തിൽ ‘ഓട്ടംതുള്ള’ലാണ്. നമ്പ്യാർ തുളളൽകൃതികളിൽ പലേടത്തും ഓട്ടംതുള്ളൽ എന്നുതന്നെയാണ് പ്രയോഗിച്ചിട്ടുള്ളതും. തന്റെ കവിതമുഖേന സാമാന്യജനങ്ങളെ രസിപ്പിക്കുകയും അവരിൽ ധർമ്മാ ധർമ്മവിവേ കമുണർത്തുകയും ചെയ്യണമെന്ന് ആഗ്രഹിച്ച നമ്പ്യാർഇതിവൃത്തങ്ങളായി സ്വീകരിച്ചത് പുരാണകഥകളെത്തന്നെയാണ്. ചാക്യാർക്കൂത്തിനെയാണ് ഇക്കാര്യത്തിൽ അദ്ദേഹം മാതൃകയാക്കിയത്. പക്ഷേ പുരാണകഥകളെ അതേപടി പാട്ടിലാക്കിയാൽ സാധാരണ ക്കാർക്ക് രസിക്കുകയില്ലെന്നു നമ്പ്യാർക്കു തോന്നി. ജനസാമാന്യത്തിന്റെ അഭിരുചികളും രസവാസനകളും നന്നായി അറിഞ്ഞിരുന്നു അദ്ദേഹം.

“കലികാലങ്ങളിലുള്ള മാനുഷർക്കു കഥ കേട്ടാൽ

ഫലിത്മുള്ളതേ നല്ലകൂ പലർക്കുമങ്ങനെതന്നെ” എന്ന് ‘ഹനുമദുദ്ഭവത്തിലും ‘ചിരിക്കുന്ന കഥ കേട്ടാലിരിക്കും ആയതല്ലെങ്കിൽ തിരിക്കും’ എന്ന് കുംഭകർണവധത്തിലും അദ്ദേഹം സാധാരണക്കാരുടെ മനോഭാവം വ്യക്തമാക്കിയിരിക്കുന്നു. ജനങ്ങളെ രസിപ്പിക്കാനുതകുന്ന വർണനകളും വിമർശനങ്ങളും പരിഹാസപ്രയോഗങ്ങളും ഉൾക്കൊള്ളിക്കാൻ പറ്റുന്നവിധം കഥകളിൽ ചെറിയ വ്യതിയാനങ്ങൾ വരുത്താനും ഉപകഥകൾ ഘടിപ്പിക്കാനും പ്രതിപാദനത്തിൽ വൈവിധ്യം വരുത്താനും നമ്പ്യാർ ഉത്സുകനായിരുന്നു. നായാട്ട്, സദ്യ, യുദ്ധം, വിവാഹം എന്നിവയുടെ വർണനകളിലൂടെ പല തരക്കാരായ ആളുകളുടെ നിത്യജീവിതത്തിൽ പ്രകടമാകുന്ന പ്രാകൃതഭാവങ്ങൾ നമ്പ്യാർ വിശദമായി ചിത്രീകരിച്ചിട്ടുണ്ട്.

പ്രതിപാദനത്തിലെ ഏകാതാന ഒഴിവാക്കാൻ, ഇടയ്ക്കിടയ്ക്ക് ഭിന്ന വൃത്തങ്ങൾ ഉപയോഗപ്പെടുത്തി അവിടവിടെ സംഭാഷണരൂപത്തിലാക്കി തുള്ളൽപ്പാട്ട് ചിലേടങ്ങളിൽ ചോദ്യോത്തരരൂപത്തിലും സംഭാഷണങ്ങൾ നിബന്ധിച്ചു. കൂത്തിലെപ്പോലെ സംസ്കൃതശ്ലോകങ്ങൾ ഉദ്ധരിച്ച് അർഥവിശദീകരണം നൽകിയിരിക്കുന്നു ചില തുള്ളൽക്കഥകളിൽ. ഇതിനൊക്കെപ്പുറമേയാണ് അങ്ങിങ്ങ് രാഗതാളസമന്വിതമായ ഗാനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഏതുതരം അഭിരുചിയോടുകൂടി ശ്രോതാവിനും രസിക്കാനുള്ള വക തുള്ളൽപ്പാട്ടുകളിലുണ്ട്. മനുഷ്യർ ഭിന്നരുചികളാണെന്ന ബോധം, ഓരോ തുള്ളൽക്കഥയുടെ രചനയിലും അദ്ദേഹം പുലർത്തിയിരിക്കുന്നു.

**കേരളത്തിലേക്കു പറിച്ചുനട്ട പുരാണകഥകൾ**

കുഞ്ചൻനമ്പ്യാർ ദേവലോകത്തിലും കൈലാസത്തിലും കുണ്ഡിനപുരിയിലുമൊക്കെ കേരളത്തെത്തന്നെ കാണുകയും കാണിച്ചുതരുകയും ചെയ്തു എന്നു ചിലർ പറഞ്ഞിട്ടുണ്ട്. പുരാണകഥാപാത്രങ്ങളെ - ഇന്ദ്രനെയും നളനെയും ഹരിശ് ചന്ദ്രനെന്നയും ശ്രീകൃഷ്ണനയും മൊക്കെ കേരളത്തിൽ താൻ നിത്യവും കണ്ടുമുട്ടുന്ന കേളന്മാരുടെയും കുമ്മിണിമാരുടെയും നായന്മാരുടെയും പട്ടന്മാരുടെയും നടുവിലേക്ക് ഇറക്കിക്കൊണ്ടുവരികയാണ് കുഞ്ചൻനമ്പ്യാർ ചെയ്തത്. അമരപുരിയും അളകാപുരിയും ദ്വാരകയും കുണ്ഡിനവുമൊക്കെ കേരളത്തിലേക്കു പറിച്ചുനടുകയായിരുന്നു അദ്ദേഹം. 'രുക്മിണീ സ്വയംവര'ത്തിൽ ശ്രീകൃഷ്ണൻ തനിയെ കുണ്ഡിനപുരത്തിലേക്കു പോയി എന്നറിഞ്ഞപ്പോൾ സഹായത്തിനു സന്നാഹത്തോടെ പുറപ്പെടാൻ തുനിഞ്ഞ ബലഭദ്രന്റെ ആജ്ഞ ഇങ്ങനെയാണ്.

> "ആയുധപാണികളായിട്ടനവധി
> നായന്മാരുമമാത്യന്മാരും
> കാര്യസ്ഥന്മാരെജമാനന്മ
> രായിരമായിരമാൾക്കധിപന്മാർ
> പട്ടാണികൾ പല കുതിരക്കാരും
> കോട്ടപ്പടിയിൽ കാവൽക്കാരും
> കാട്ടാളന്മാർ മുക്കോപ്പരിഷകൾ
> കോട്ടക്കാരന്മാരും പലവക
> നസ്രാണികളും ജോനകർ പത്തു സ-
> ഹസ്രാധികമിഹ വന്നീടേണം."

ശ്രീകൃഷ്ണന്റെ കാലത്ത് ദ്വാരകയിൽ നായന്മാരും നസ്രാണികളും പട്ടാണികളും മറ്റും ഉണ്ടായിരുന്നോ എന്നു ചോദിക്കരുത്. നമ്പ്യാരുടെ കാലത്ത് ഇവരെല്ലാം കേരളത്തിലുണ്ടായിരുന്നല്ലോ!

യഥാർഥത്തിൽ ഈ സമ്പ്രദായം തുടങ്ങിവെച്ചത് ഭാഷാചമ്പുക്കളുടെ കർത്താക്കളാണ്. പുനം നമ്പൂതിരിമാരുടെ ഭാഷാ രാമായണം ചമ്പുവിൽ സീതാസ്വയംവരംഘട്ടത്തിൽ നമ്പൂതിരിമാരുടെ സംഭാഷണം, മന്ത്രവാദികളുടെ ഭോഷ്ക്, മുറിവൈദ്യന്മാരുടെ തട്ടിപ്പ്, ഭടന്മാരുടെ വാദപ്രതിവാദങ്ങൾ എന്നിവയെല്ലാം വർണിച്ചിരിക്കുന്നു. മഴമംഗലത്തിന്റെ 'ഭാഷാനൈഷധംചമ്പു'വിലും കാണാം ഇത്തരം വർണനകൾ. കുഞ്ചൻമ്പ്യാർ തന്റെ ഫലിതപരിഹാസ ചാതുരികളാൽ ആ രീതിയെ ഒന്നുകൂടി പൊലിപ്പിച്ച് തുള്ളലുകളിൽ പ്രയോഗിക്കുകയാണ് ചെയ്തത്.

തുള്ളൽക്കഥകളിലെ പുരാണകഥാപാത്രങ്ങളുടെ വാക്കുകളിലും പ്രവൃത്തികളിലും കേരളീയത്വം തുടിച്ചുനിൽക്കുന്നതു കാണാം. പാണ്ഡവന്മാർ പാർക്കുന്ന അരക്കില്ലത്തിന് തീക്കൊളുത്താൻ പോയ പുരോചനന്റെ തിരിച്ചുവരവും പ്രതീക്ഷിച്ച്

“പിറ്റേന്നാൾ ദുര്യോധനൻ മറ്റുള്ളനുജന്മാരും
കൊറ്റുകഴിച്ചു പാക്കും വെറ്റിലപോട്ടും കൊണ്ടു
മറ്റുള്ളവരുമായി ചുറ്റുമിരുന്ന്” ഗൂഢമായി കാര്യവിചാരം ചെയ്യുന്ന രംഗം ഹിഡിംബവധം തുള്ളലിൽ കാണാം. ഇങ്ങനെ എത്രയെത്ര രംഗങ്ങൾ!

ഏതെങ്കിലും പുരാണകഥയിൽ നേരിട്ടു ഫലിതപരിഹാസങ്ങൾ തിരുകിക്കയറ്റുന്നതിനു പഴുതില്ലെന്നു കണ്ടാൽ ഒരു ഉപകഥ അവതരിപ്പിക്കുകയായി. കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കഥകളിലെ ഉപകഥകളിൽ ചിലതിന് മറ്റൊരു തരത്തിലും പ്രസക്തി ഇല്ലെന്നുതന്നെ പറയാം. കുംഭകർണവധം പറയൻ തുള്ളലിൽ കുംഭകർണനെക്കൊണ്ടു പറയിക്കുന്ന, “മുല്ലക്കൽ വീട്ടിലെ മൂത്തകുറുപ്പച്ചന്റെ കഥ” ഒരു ദൃഷ്ടാന്തമാണ്. **(കുഞ്ചൻനമ്പ്യാരുടെ തുള്ളൽകൃതികൾ – എം.എസ്. ചന്ദ്രശേഖരവാര്യർ)**

**ഓട്ടൻ, ശീതങ്കൻ, പറയൻ എന്നീ തുള്ളലുകളുടെ വേഷവും ചടങ്ങും പരിചയപ്പെടാം.**

**“ഓട്ടൻതുള്ളൽ :** വളരെ വിസ്തരിച്ചുള്ള വേഷവിധാനമാണിതിന്. മനോഹരമായ വട്ടമുടിയാണ് ശിരസ്സിൽ. അതിനു മുൻപു കറുത്ത ഉറുമാൽകൊണ്ടു കൊണ്ട കെട്ടും. മുഖത്തു പച്ച തേയ്ക്കും. കണ്ണും പുരികവും വാലുനീട്ടി എഴുതണം. കണ്ണു ചുമക്കുന്നതിന് ചുണ്ടപ്പൂവിടും. കടകകങ്കണങ്ങളും നെഞ്ചുപലകയും പ്രത്യേകമുണ്ട്. കച്ചയും കെച്ചയും രണ്ടു കാലിലുമണിയും. ‘അമ്പലപ്പുഴക്കോണകം’ കൊണ്ടുള്ള ഉടയാടയാണ് ധരിക്കുന്നത്.

“ചടങ്ങുകൾ മൂന്നുജാതി തുള്ളലിലും ഏതാണ്ടൊരുപോലെയാണ്. ഒരു ചെറിയ മദ്ദളവും കൈമണിയുമാണ് മേളം. തുള്ളലിന് മറ്റു കേരളീയ നടനകലകൾക്കെന്നപോലെ പ്രത്യേക അരങ്ങു വേണമെന്നില്ല. പായോ പനമ്പോ താഴെ വിരിച്ച് അതിന്മേലാണ് സാധാരണ തുള്ളുക പതിവ്. മേളക്കാർ പിന്നിൽ നില്ക്കുന്നു. നടൻ പാടിക്കൊടുക്കുന്നത് ഏറ്റുപാടേണ്ടത് പിന്നിൽ നിൽക്കുന്ന മേളക്കാരാണ്. നടൻ പാടുകയും ആടുകയും ചെയ്യണം. കഥകളിലെപ്പോലെ വിസ്തരിച്ചു കൈമുദ്ര കാണിക്കുന്ന പതിവ് തുള്ളലിലില്ല. പാട്ടിലെ പ്രധാനപ്പെട്ട ചില പദങ്ങൾ മാത്രമേ ആംഗ്യംകൊണ്ട് അഭിനയിക്കേണ്ടതുള്ളൂ. മേളക്കാർ ഏറ്റുപാടുമ്പോൾ ഏതെങ്കിലും മുദ്ര പിടിച്ചുകൊണ്ട് നടൻ താളത്തിനൊപ്പിച്ചു നൃത്തം ചെയ്യണം.”

**“ശീതങ്കൻതുള്ളൽ:** ഉച്ചതിരിഞ്ഞാണ് ശീതങ്കൻതുള്ളൽ നടത്തുന്നത്. മുഖത്ത് തേപ്പും മിനുക്കും പാടില്ല കണ്ണെഴുതും വെളുത്ത പൊട്ടു തൊട്ടും തലയിൽ കറുത്ത ഉറുമാലാണ് കെട്ടുന്നത്. അതിനു മുമ്പായി വെളുത്ത വസ്ത്രംകൊണ്ടു തലയിൽ ‘കൊണ്ട’കെട്ടും തലമുടി വെച്ചുകെട്ടുന്നതുപോലെ തലയ്ക്കു മുകളിലായി ഒരു വശത്തേക്കു ചെരിച്ച് തുണികൊണ്ട് ഏതാണ്ട് അരയടി ഉയരത്തിൽ കെട്ടുന്നതിനാണ് കൊണ്ട എന്നു പറയുന്നത്. (കഥകളിയിൽ സ്ത്രീവേഷക്കാരും ഇങ്ങനെ കൊണ്ട കെട്ടാറുണ്ട്) കൊണ്ടയ്ക്കുമേൽ കറുത്ത ഉറുമാലും അതിനുപരി കുരുത്തോല മാലയും ആണ് അണിയുന്നത്. മാറിലും കുരുത്തോലകൊണ്ടുള്ള മാല ചാർത്തുന്നു. പാമ്പിന്റെ ആകൃതിയിലാണ് ഈ മാല കൊരുക്കുന്നത്. ചിലമ്പും കെച്ചയും രണ്ടു കാലിലും കെട്ടുന്നു. കടകാദികളും കുരുത്തോലകൊണ്ടാണുണ്ടാക്കുന്നത്.

**“പറയൻതുള്ളൽ** : ഇതിന് സർപ്പപ്പത്തിമുടി പ്രത്യേകമുണ്ട്. ചെമന്ന പട്ടും തൊങ്ങലും ചാർത്തുന്നു. ചിലമ്പ് ഒറ്റക്കാലിൽ മാത്രമേ പാടുള്ളൂ. അതു വലത്തെക്കാലിലായിരിക്കും. കെച്ചമണിയും അതേ കാലിൽ മാത്രമാണ് കെട്ടുന്നത്. കഴുത്തിൽ മാല ചാർത്തും. ചന്ദനം പൂശും മുഖത്തു തേപ്പും മിനുക്കുമില്ല. കണ്ണെഴുതുക മാത്രമേ ചെയ്യൂ. കാലത്താണ് പറയൻതുള്ളൽ നടത്തുന്നത്. ഒറ്റക്കാലിലേ നൃത്തമുള്ളൂ. അതു മിക്കവാറും മുറിയടന്തതാളത്തിലായിരിക്കും.

*എസ്.കെ. നായർ – സംസ്കാരകേദാരം പുറം 145 – 147.*

പ്രവർത്തനങ്ങൾ

- വിവിധതരം തുള്ളലുകളുടെ വീഡിയോ പ്രദർശനത്തിനുശേഷം തുള്ളൽ പ്രസ്ഥാനത്തെക്കുറിച്ച് പൊതുചർച്ച/ക്രോഡീകരണം.
  - കാലഘട്ടം
  - ഉത്ഭവം
  - ചരിത്രപ്രാധാന്യം/സമകാലിക പ്രസക്തി
  - വിവിധതരം തുള്ളലുകൾ
  - ശൈലി
  - ഹാസ്യം
  - തുള്ളൽ താളം
- വിവിധ തുള്ളൽ കൃതികൾ പരിചയപ്പെടാം- കുഞ്ചൻ നമ്പ്യാരുടെതല്ലാത്ത മറ്റു കൃതികളും
- തുള്ളൽ താളത്തിൽ കവിതാ രചനയും ചൊല്ലിഅവതരണവും (യു.പി. ഹൈസ്കൂൾ ക്ലാസിലെ കവിതകൾ)

തുള്ളൽ പ്രസ്ഥാനത്തെക്കുറിച്ചുള്ള സാമാന്യധാരണ നേടുന്നതിന് സഹായക ഗ്രന്ഥങ്ങൾ പരിശോധിച്ച് വായനാക്കുറിപ്പ് തയാറാക്കുക.

## സഹായഗ്രന്ഥങ്ങൾ

- കഞ്ചൻനമ്പ്യാരുടെ തുള്ളൽ കൃതികൾ - സംശോധനം: എം.എസ്. ചന്ദ്രശേഖരവാര്യർ
- കലാലോകം - ഡോ.കെ.പി. നാരായണപ്പിഷാരടി
- സാഹിത്യചരിത്രം പ്രസ്ഥനങ്ങളിലൂടെ - ഡോ.കെ.എം. ജോർജ്ജ്

## മാധ്യമ വിശകലനം

ഓരോ കാലഘട്ടവും പുതിയ മാധ്യമ സംസ്കാരമാണ് മുന്നോട്ട് വെക്കുന്നത്. ആധുനികോത്തരാനന്തര തലമുറ സൈബർ ആധുനികതയുടെതാണ്. ഇന്റർനെറ്റ് ലാപ്ടോപ്, സ്മാർട്ട് ഫോൺ, ഡിജിറ്റൽ ഉപകരണങ്ങൾ തുടങ്ങിയ മാധ്യമങ്ങൾ മുന്നോട്ടുവെക്കുന്ന ഡിജിറ്റൽ സംസ്കാരമാണ് സൈബർ ആധുനികതയ്ക്ക് അടിസ്ഥാനമിടുന്നത്. കലയിലും സാഹിത്യത്തിലും ഇതിന്റെ സ്വാധീനം കാണാൻ കഴിയും. ഇന്റർനെറ്റിലൂടെ ലോകം ആശയങ്ങൾ എത്രവേഗമാണ് കൈമാറുന്നത്. നെറ്റിന്റെ ലോകത്തിലേക്ക് ഓരോ മനുഷ്യനും കടക്കുമ്പോൾ അവർ സിറ്റിസൺ ഷിപ്പിൽ നിന്നും നെറ്റിസൺ ഷിപ്പിലേക്ക് അറിയാതെ പരിവർത്തനം ചെയ്യപ്പെടുകയാണ്. അതുകൊണ്ടുതന്നെ യാഥാർത്ഥ്യത്തെ അതിലംഘിച്ചുകൊണ്ട് നാം വെർച്വൽ ലോകത്തിലൂടെയാണ് സഞ്ചരിക്കുന്നത്. ഇന്റർനെറ്റ് ഉണ്ടാക്കുന്ന അദൃശ്യമായ ലോകത്തെ വെർച്വൽ വേൾഡ് എന്നാണ് ഡേവിഡ് ക്രിസ്റ്റൽ വ്യക്തമാക്കുന്നത്.

അച്ചടി, റേഡിയോ, ടെലിവിഷൻ എന്നിവയിൽ നിന്നും മാറി എല്ലാം സ്മാർട്ട് ഫോൺ എന്ന ഒറ്റ സാങ്കേതിക ഉപകരണത്തിലൂടെ / മാധ്യമത്തിലൂടെ സാധ്യമാക്കുന്നതരത്തിൽ ലോകം അതിവേഗം പുരോഗമിച്ചിരിക്കുന്നു.

## ആഗോളപ്രാദേശീകരണം (Global Localization)

പുതിയ സൈബർ ലോകത്ത് എല്ലാവർക്കും കടന്നുചെല്ലാനുള്ള വാതിലുകൾ തുറന്നു കിടക്കുന്നുണ്ട്. എല്ലാം ഡിജിറ്റൽ ചെയ്ത് ഒരു സെക്കന്റ് കൊണ്ട് നമുക്ക് ലോകത്തെ അറിയിക്കാം. പ്രാദേശികമായ ഏതിനെയും നമുക്ക് ആഗോളവല്ക്കരിക്കാം. കേരളത്തിലെ തെയ്യം, തിറ, ഓണം, വിഷു, ക്രിസ്തുമസ്, നബിദിനാഘോഷങ്ങൾ, ക്രിക്കറ്റ്, ഫുട്ബോൾ എല്ലാം ഒരു നിമിഷംകൊണ്ട് ലോകത്തിന്റെ ശ്രദ്ധയിൽ നമുക്ക് കൊണ്ടുവരാം. ഫേസ്ബുക്കും വാട്സാപ്പും ആശയവിനിമയത്തിന്റെ പുതിയ പാതകളാണ് തുറക്കുന്നത്.

നവമാധ്യമസംസ്കാരത്തിന്റെ ഭാഗമായി ഭാഷയിൽ ധാരാളം മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. മലയാളം ഗൂഗിൾ ഹാന്റ് റൈറ്റിൽ മലയാളം തന്നെ എഴുതാം. ഡിജിറ്റൽ സംസ്കാരവുമായി ബന്ധപ്പെട്ട് എത്രയെത്ര പദങ്ങളാണ് ഭാഷയിൽ കടന്നു വന്നിരിക്കുന്നത്

- മെമ്മറി തീരെയില്ല
- അത് ഡിലീറ്റ് ചെയ്തു
- ബ്ലൂടൂത്തിലൂടെ അയക്കൂ
- തീരെ റെയ്ഞ്ച് ഇല്ല
- 
- 

ഇങ്ങനെ ആശയ പ്രകടനത്തിന് തുറന്നു കിട്ടിയിരിക്കുന്ന സാധ്യതകൾ അപാരമാണ്. മാത്രവുമല്ല എല്ലാം ഗൂഗിളിൽ സെർച്ച് ചെയ്ത് കണ്ടുപിടിക്കുന്ന ശീലത്തിലേക്ക് പുതിയ തലമുറ മാറിക്കൊണ്ടിരിക്കുകയാണ്. 'മാതാപിതാ ഗൂഗിൾ ദൈവം' എന്ന മന്ത്രത്തിനാണ് ഇന്ന് പ്രസക്തി. തിരക്കുപിടിച്ച ലോകത്ത് യാത്രക്കിടയിലും മറ്റും എളുപ്പത്തിൽ സാധ്യമാകുന്നതരത്തിൽ ഇ-വായനയിലേക്ക് അതിവേഗം മലയാളി മാറിക്കൊണ്ടിരിക്കുകയാണ്. ധാരാളം സോഫ്റ്റ് വെയറുകൾ ഈ മേഖലയിൽ വികസിച്ചു വരുന്നുണ്ട്. യൂട്യൂബ്, ടിറ്റർ ഓൺലൈൻ പത്രങ്ങൾ എന്നിവയാണ് തിരക്കുപിടിച്ച ലോകം ഇന്ന് ആവശ്യപ്പെടുന്നത്.

## പരസ്യങ്ങളും കുട്ടികളും

പരസ്യങ്ങൾ എത്രപെട്ടെന്നാണ് കുട്ടികളെ സ്വാധീനിക്കുന്നത്. ടി.വി.യിലും സ്മാർട്ട്ഫോണുകളിലും കാണുന്ന പരസ്യങ്ങളും ഗെയിമുകളും ഗുണമാണോ ദോഷമാണോ കുട്ടികളിൽ ഉണ്ടാക്കുന്നത്? മണിക്കൂറുകളോളം കുട്ടികൾ ഗെയിമുകളിൽ അഭിരമിക്കുമ്പോൾ അതിനുള്ള കാരണങ്ങളാണ് നാം കണ്ടെത്തേണ്ടത്. അവർ ഇഷ്ടപ്പെടുന്ന പരസ്യങ്ങൾ ഏതെല്ലാം? അവർ ഇഷ്ടപ്പെടുന്ന ഗെയിമുകൾ ഏതെല്ലാം? ഏതെല്ലാം ചാനലുകളാണ് അവർ സ്ഥിരമായി കാണുന്നത്. എന്തുകൊണ്ടാണ് അത് ഇഷ്ടപ്പെടുന്നത്? ഇത് കുട്ടികളുടെ അഭിരുചിയെ എങ്ങനെയാണ് സ്വാധീനിക്കുന്നത്? പഠനത്തിന് ഇവ തടസ്സമാകുന്നതെങ്ങനെ? തുടങ്ങിയ ഒട്ടേറെ ചോദ്യങ്ങൾ ഇവ ഉയർത്തുന്നുണ്ട്. മലയാളികൾ ഏറ്റവും ശ്രദ്ധിക്കേണ്ട മേഖലയായി ഗെയിമുകളും പരസ്യങ്ങളും മാറിയിട്ടുണ്ട്.

## പ്രവർത്തനങ്ങൾ

- പ്രൈമറി, അപ്പർപ്രൈമറി കുട്ടികളുമായി അഭിമുഖം നടത്തി പരസ്യങ്ങൾ, ഗെയിമുകൾ എന്നിവയെക്കുറിച്ച് വിവരശേഖരണം നടത്താം.
- പരസ്യതന്ത്രങ്ങൾ വിശകലനം ചെയ്ത് വിശകലനക്കുറിപ്പ് തയാറാക്കാം.
- പഴയതും പുതിയതുമായ (പത്രം, ടി.വി., സ്മാർട്ട്ഫോൺ) മാധ്യമങ്ങളുടെ ഉപയോഗം

എത്രമാത്രം ഉണ്ടെന്ന് കണ്ടെത്തുന്നതിന് സർവേഫോറം തയാറാക്കി സർവെ റിപ്പോർട്ട് തയാറാക്കാം.

- 'ആധുനിക മാധ്യമങ്ങളുടെ ഉപയോഗവും അതിന്റെ ഗുണദോഷങ്ങളും' എന്ന വിഷയത്തെ ക്കുറിച്ച് സംവാദം സംഘടിപ്പിക്കാം.
- സൈബർ ലോകത്തെ ചതിക്കുഴികളെക്കുറിച്ച് റിപ്പോർട്ട് തയാറാക്കാം.
- പരസ്യങ്ങൾ വിശകലനം ചെയ്ത് അവ കുട്ടികളെ എങ്ങനെ സ്വാധാനിക്കുന്നുവെന്ന് കണ്ടെത്തി വിശകലനക്കുറിപ്പ് തയാറാക്കുക.

## സഹായഗ്രന്ഥങ്ങൾ

- സാഹിത്യലോകം - കേരളസാഹിത്യ അക്കാദമി 2014 ആഗസ്റ്റ്, 2016 ഡിസംബർ ലക്കം
- വലയ്ക്കുള്ളിൽ വലയാതെ - എസ്.സി.ഇ.ആർ.ടി. കേരള